# താരാപഥം

കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

# താരാപഥം

ഉപന്യാസസമാഹാരം

ഗ്രന്ഥകർത്താ:


## കെ. ഭാസ്കരൻനായർ



പ്രകാശകന്മാർ:

മാതൃഭൂമി പ്രിൻടിംഗ് ആൻഡ് പബ്ലിഷിംഗ്
കമ്പനി, ലിമിററഡ്, കോഴിക്കോട്.

1962 വില 2ക.



Digitized by Kerala Sahitya Akademi

ഒന്നാം പതിപ്പ് 1960
രണ്ടാം പതിപ്പ് 1961
മൂന്നാം പതിപ്പ് 1962

*All rights reserved*

*Author: Dr. K. Bhaskaran Nair*
*Printed by Kuruu Neelakandhan Nambudiripad*
*at Mathrubhumi Press, Calicut*

*Publishers :*
*The Mathrubhumi Printing & Publishing Co., Ltd, Calicut-1*

*September 1962*

Digitized by Kerala Sahitya Akademi

# പ്രസ്താവന

കഴിഞ്ഞ നാലഞ്ചു കൊല്ലത്തിനിടയ്ക്കു് എഴുതിയ പതിനാറു ഉപന്യാസങ്ങളാണ് ഈ പുസ്തകത്തിൽ ചേർത്തിരിയ്ക്കുന്നതു്. അവ സാഹിത്യം, സംസ്കാരം, ശാസ്ത്രം എന്നീ വിഷയങ്ങളെക്കുറിച്ചുള്ളവയാണ്. ചിലതെല്ലാം മുമ്പു ആഴ്ചപ്പതിപ്പുകളിലും മാസികകളിലും മററും പ്രസിദ്ധീകരിച്ചതാണെങ്കിലും പുസ്തകത്തിൽ ചേർക്കുന്നതിനുവേണ്ടി പുതുക്കി എഴുതിയിട്ടുണ്ടു്. വായനക്കാർക്കു് ഈ ഉപന്യാസങ്ങൾ രസകരങ്ങളായിരിയ്ക്കുമെന്നു പ്രത്യാശിയ്ക്കുന്നു.

തിരുവനന്തപുരം,
നവമ്പർ 1, 1958.

കെ. ഭാസ്കരൻനായർ

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# സമർപ്പണം

**ശ്രീ. എൻ. ഗോപാലപിള്ള അവർകൾക്ക്**

കാൽനൂററാണ്ടു കാലമായി അദ്ദേ
ഹത്തിൽനിന്നു ലഭിച്ചുകൊണ്ടി
രിക്കുന്ന സഹോദര നിർവ്വിശേഷ
മായ വാത്സല്യം സ്മരിച്ചുകൊണ്ട്.

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# വിഷയവിവരം


| | | |
|---|---|---|
| 1 | ശ്രീബുദ്ധജയന്തി | 1 |
| 2 | ധമ്മക്ഷയം | 10 |
| 3 | 'നിളാദേവി, നിത്യം നമസ്തേ!' | 33 |
| 4 | കേരളത്തിലെ വിദ്യാഭ്യാസം | 52 |
| 5 | ആധുനികകവിത | 62 |
| 6 | ഭാഷാപഞ്ചവത്സരി | 72 |
| 7 | മരുന്നും മോക്ഷവും | 83 |
| 8 | കോൺ—ടിക്കി | 96 |
| 9 | മാനുഷികമൂല്യങ്ങൾ | 113 |
| 10 | പാശ്ചാത്യപ്രതിഭ | 122 |
| 11 | കുറവൻ ചുമച്ചപോലെ | 136 |
| 12 | ശാസ്ത്രവും ഭാഷയും | 142 |
| 13 | രക്ഷാമാർഗ്ഗം | 154 |
| 14 | ഉയർന്നതും താണതും | 160 |
| 15 | ജന്തുശരീരത്തിലെ രാസയോഗങ്ങൾ .... | 166 |
| 16 | ന്യൂക്ലിയസ്സ് | 173 |


Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi

# ശ്രീബുദ്ധ ജയന്തി

ശ്രീബുദ്ധൻെറ മഹാപരിനിർവ്വാണം കഴിഞ്ഞു രണ്ടായിരത്തി അഞ്ഞൂറു സംവത്സരം തികയുന്ന സുദിനമാണ് ഇക്കൊല്ലത്തെ വൈശാഖപൌർണ്ണമി (1956 മെയ് 23). ഇതു ലോകത്തിൻെറ നാനാഭാഗങ്ങളിലും ആഘോഷപൂർവ്വം കൊണ്ടാടപ്പെടുകയാണ്.

ഗൗതമബുദ്ധൻെറ ജീവചരിത്രം സുവിദിതമാകയാൽ വിസ്തരിക്കേണ്ട ആവശ്യമില്ല. അതിൽ പല അത്ഭുതങ്ങളും ഉണ്ടായതായി കഥകളുണ്ട്. ഈ കഥകൾ ഒന്നുമില്ലാതെതന്നെ ആ ജീവിതം അത്ഭുതകരവും ആരാദ്ധ്യവുമാണ്. സിദ്ധാർത്ഥൻ ദുഃഖത്തിൻെറ രഹസ്യം അന്വേഷിക്കുവാനായി മഹാഭിനിഷ്ക്രമണം ചെയ്തപ്പോൾ കൊട്ടാരത്തിൻെറ ഇരുമ്പുകതകുകൾ താനെ തുറന്നു എന്നാണ് ഒരു കഥ. താനെ തുറക്കുകയല്ല, ആരോ മനപ്പൂർവ്വം തുറന്നുകൊടുക്കുകയാണ് ഉണ്ടായത് എന്നു വന്നാൽ തന്നെയും ആ നിഷ്ക്രമണം അത്ഭുതകരമായി ശേഷിക്കുമെന്നുള്ളതിനു സംശയമില്ല. അദ്ധ്യാത്മജ്ഞാനം നേടുന്നതിന് അന്നനുഷ്ഠിച്ചുവന്നിരുന്ന ഉപായങ്ങൾ തന്നെയാണ് സിദ്ധാർത്ഥനും സ്വീകരിച്ചത്. ചില മാർഗ്ഗങ്ങൾ ഫലപ്രദങ്ങളല്ലെന്നു തീവ്രയത്നം കലർന്ന പരീക്ഷണങ്ങൾകൊണ്ടു മനസ്സിലാക്കിയശേഷം അദ്ദേഹം ഗയയിൽചെന്നു ബോധിവൃക്ഷച്ചുവട്ടിൽ ധ്യാനനിമഗ്നനായി. ധ്യാനവും പണ്ടുപണ്ടേ അംഗീകൃതമായിട്ടുള്ള ഒരു അദ്ധ്യാത്മമാർഗ്ഗമാണ്. മനുഷ്യാത്മാവിനു തന്നിലേയ്ക്കുതന്നെയുള്ള തൻെറ വഴിതെളിക്കുവാൻ തൻെറ വെളിച്ചമല്ലാതെ മറെറാരു ദീപമില്ല.

Digitized by Kerala Sahitya Akademi

ഈ വെളിച്ചത്തെത്തന്നെയാണ് ഭൂമിയിൽ ജനിച്ചിട്ടുള്ള ജിജ്ഞാസുക്കളിൽവെച്ച് ഏററവും മഹാനായ ഈ രാജകുമാരനും പിൻതുടൎന്നത്. ഇങ്ങനെ ധ്യാനമാൎഗ്ഗത്തിലൂടെ സഞ്ചരിച്ച്, മനുഷ്യരാശിയുടെ ചരിത്രത്തിൽ അവിസ്മരണീയമായ ആ വൈശാഖരാത്രിയുടെ അന്ത്യയാമത്തിൽ, അരയാലിൻെറ ഇലകൾപോലും നിശ്ചലമാകുന്ന ബ്രാഹ്മമുഹൂൎത്തത്തിൽ, അദ്ദേഹം ദുഃഖത്തിൻെറ രഹസ്യവും ജീവിതത്തിൻെറ പരമലക്ഷ്യവും കണ്ടെത്തി, ബുദ്ധനായി.

ശ്രീബുദ്ധൻ കണ്ടെത്തിയതും ചെന്നെത്തിയതുമായ ഈ ലക്ഷ്യം നിൎവ്വാണം എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇത് ഈശ്വരസാക്ഷാൽക്കാരം, ബ്രഹ്മസായൂജ്യം, എന്നൊക്കെപ്പറയുന്ന, വേദാന്തികളുടെ, ജീവിതലക്ഷ്യത്തിൽനിന്നു ഭിന്നമാണെന്നു കരുതുവാൻ ന്യായമില്ല. പക്ഷെ ബുദ്ധൻ ഈശ്വരനെന്നും പരബ്രഹ്മമെന്നും മററുമുള്ള നിൎവ്വചനങ്ങൾ ഉപയോഗിച്ചില്ല. ഇതെല്ലാം അത്യത്ഭുതകരമായ ഒരു അനുഭൂതിയുടെ പേരുകളല്ലാതെ മറെറന്താണ്? വാസ്തവത്തിൽ അനുഭൂതിയുടെ സ്വഭാവത്തിലല്ല, അതിനെ പ്രാപിച്ചതിനു ശേഷമുള്ള സംഭവഗതിയിലാണ് ഗൌതമബുദ്ധൻെറ ജീവിതം ശ്രദ്ധേയമായിരിക്കുന്നത്. നിൎവ്വാണപദവിയിൽ ചെന്നെത്തിയതിനുശേഷം അദ്ദേഹം അതിൻെറ ശാന്തിയിലും സുഖത്തിലും ലയിച്ച് മററു കാര്യങ്ങളിൽ ഉദാസീനനായില്ല. ലോകസംഗ്രഹത്തിനും, സമസൃഷ്ടങ്ങളെ സഹായിക്കുന്നതിനും, നിൎവ്വാണത്തിലേക്കു നയിക്കുന്നതിന്നും വേണ്ടി നാല്പതിൽപരം വൎഷം നീണ്ടുനിന്ന ആയുശ്ശേഷം വിനിയോഗിക്കുകയാണ് അദ്ദേഹം ചെയ്തത്. അനുപമമായ ഈ അനുകമ്പയും കരുണയും ഭൂതദയയും ലോകസംഗ്രഹവ്യഗ്രതയുമാണ് ശ്രീബുദ്ധൻ രണ്ടായിരത്തി അഞ്ഞൂറു വൎഷംമുമ്പ് ആദ്യമായി ഭാരതത്തിനു സംഭാവന ചെയ്തത്. അതിനു മുമ്പുള്ള ഉപ

Digitized by Kerala Sahitya Akademi

നിഷത്തുകളിലും വേദങ്ങളിൽപോലും പരാർത്ഥമായ ഈ പ്രവണതയുടെ സൂചനകരം കണ്ടേക്കാം. പക്ഷെ ബുദ്ധനാണ് അതിനെ മതാനുഷ്ഠാനത്തിൻെറ അതിപ്രധാനഘടകമാക്കിയത്. ബഹുജനസുഖത്തെയും ബഹുജനഹിതത്തെയും മുൻനിർത്തി അദ്ദേഹം ആരംഭിച്ച ലോകസേവനപ്രസ്ഥാനം മനുഷ്യരാശിയിൽ അഞ്ചിലൊരു ഭാഗത്തിനു ശരണ്യമായ്ഭവിച്ചു. വികാരത്തെക്കാരം വിചാരത്തേയാണ് അദ്ദേഹം പ്രധാനമായിക്കരുതിയത്. ദുഃഖതത്ത്വം, ദുഃഖനിരോധം എന്ന രണ്ടേ രണ്ട് ഉപദർശനങ്ങളെ ആസ്പദമാക്കിയുള്ള ഉപദേശങ്ങരം മാത്രമേ അദ്ദേഹം നല്കിയുള്ളു. അന്യാദൃശമായ പരമതസഹിഷ്ണുത പ്രദർശിപ്പിച്ചതോടൊപ്പംതന്നെ ഭാരതീയജീവിതത്തിൽ കടന്നുകൂടിയിരുന്ന മാലിന്യങ്ങളെ നിർമ്മാർജ്ജനം ചെയ്യേണ്ടത് തൻെറ കടമയാണെന്നും അദ്ദേഹം വിശ്വസിച്ചു. ജാതിവ്യത്യാസത്തിൻെറ വൈകൃതങ്ങളെ അദ്ദേഹം നിർദ്ദാക്ഷിണ്യം വിമർശിച്ചു. ''മനസ്സു, വാക്ക്, ശരീരം ഇവകൊണ്ട് പാപം ചെയ്യിട്ടില്ലാത്തവനാണ് ബ്രാഹ്മണൻ'' എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുള്ളതു നോക്കുക. രാമായണകഥയുടെ അവസാനഭാഗത്തു, സീതാദേവിയുടെ ദേഹത്യാഗരംഗത്തിൽവെച്ച്, ആദികവിയായ വാല്മീകി, ശ്രീരാമനോടു പറയുന്ന വാക്കുകളിൽ, തനിയ്ക്കുള്ളതായി അവകാശപ്പെടുന്ന മേന്മയും ഇതുതന്നെയാണ്:

> വാങ്മനഃകായകർമ്മങ്ങളാൽ പാപങ്ങരം
> ഞാൻ മുന്നേമേതുമേ ചെയ്യതില്ലുഴിപ.

വാല്മീകിയുടെ കാലത്തെ ആ നിലയിൽനിന്നു ബ്രഹ്മവിദ്യയ്ക്കുണ്ടായ അധഃപതനത്തിൻെറയും, തദ്വാരാ ഭാരതീയസമുദായത്തിനു തൻെറ ജീവിതകാലമായപ്പോഴേയ്ക്കു് അനുഭവിയ്ക്കേണ്ടിവന്ന ദുഃഖങ്ങളുടെയും നേർക്കാണ് ബുദ്ധൻ

Digitized by Kerala Sahitya Akademi

പ്രസ്തുത നിർവ്വചനത്തിലൂടെ കൈവിരൽ ചൂണ്ടുന്നത്.

''നിങ്ങഠം ജാഗരൂകരായി പ്രയത്നിച്ചു നിർവാണമടയുക'' എന്നും ''നിർവാണം പ്രാപിച്ച നിങ്ങഠം അന്യരെയും നിർവാണത്തിലേയ്ക്കു നയിയ്ക്കണം'' എന്നും ഉള്ള അനുശാസനങ്ങളെ ശിരസാ വഹിച്ചുകൊണ്ടു പ്രചരിച്ചുതുടങ്ങിയ ബുദ്ധമതത്തിൽ പിൽക്കാലത്തു പല പരിവത്തനങ്ങളുമുണ്ടായി. വിചാരപ്രധാനമായിരുന്ന അതിൻെറ അനുഷ്ഠാനപദ്ധതികളിൽ വികാരത്തിൻെറ വേലിയേററവും ഭക്തിയുടെ പാരവശ്യങ്ങളും എല്ലാം കടന്നുകൂടി. എന്നുവരികിലും ഹീനയാനമെന്നും മഹായാനമെന്നും രണ്ടു ശാഖകളായി വേർതിരിഞ്ഞു എന്നതാണ് അതിനുണ്ടായ പ്രധാനപരിവത്തനം. ഇവയിൽ ഹീനയാനം യാഥാസ്ഥിതികമായ ഭിക്ഷുമാർഗ്ഗമാണെന്നു പറയാം. അത് ഏറെക്കുറെ സ്വാത്ഥമാത്രവുമാണ്. അവനവൻെറ നിർവാണപദപ്രാപ്തിയ്ക്കുവേണ്ടിയാണ് അതിൻെറ അനുയായികഠം ശ്രമിയ്ക്കുന്നത്. ലൌകികാനുഭവങ്ങളെല്ലാം ദുഃഖമയവും ക്ഷണികവുമാണ് എന്ന സാക്ഷാൽക്കാരമാണ് ഹീനയാനികളുടെ നിർവാണം. മഹായാനം പിന്നീട് ഉണ്ടായതാണ്. അതു പരമാത്ഥമായ പ്രവണതകഠംകൊണ്ടു നിറഞ്ഞിരിയ്ക്കുന്നു. അതൊരു സമഷ്ടിമാർഗ്ഗമാണ്. ലൌകികാനുഭവങ്ങഠം നിരുപാഖ്യമാണ്, ശൂന്യാത്മകമാണ്, എന്ന സാക്ഷാൽക്കാരത്തെയാണ് അവർ നിർവാണമായിക്കരുതുന്നത്. ഭൂതദയയുടെയും ലോകസംഗ്രഹബുദ്ധിയുടെയും മൂത്തിമൽഭാവങ്ങളായ ബോധിസത്വന്മാക്കു മഹായാനത്തിൽ അത്യധികമായ പ്രാധാന്യം കല്പിച്ചിരിക്കുന്നു. ചന്ദ്രക്കലയ്ക്കും ചന്ദ്രനും തമ്മിലുള്ള ബന്ധമാണ് ബോധിസത്വനും ബുദ്ധനും തമ്മിലുള്ളത്. എത്രയോ കല്പങ്ങളിലെ അനുസ്യൂതയത്നത്തിൻെറ ഫലമായി നിർവ്വാണപദവിയുടെ അരികിലോളം ചെന്നെത്തുന്ന ഈ പുണ്യാത്മാക്കഠം

Digitized by Kerala Sahitya Akademi

(ബോധിസത്ത്വന്മാർ) പരമലക്ഷ്യത്തിലേയ്ക്കുള്ള അടുത്ത ചുവട് മുന്നോട്ടു വെയ്ക്കുവാൻ തുടങ്ങുമ്പോഴം, അന്യരുടെ സഹായാഭ്യർത്ഥനയ്ക്കു വഴിപ്പെട്ടു, സമസ്തസൃഷ്ടസ്നേഹത്താൽ പ്രേരിതരായി ലോകസേവനത്തിനുവേണ്ടി കർമ്മപ്രപഞ്ചത്തിലേയ്ക്കു മടങ്ങിപ്പോരുന്നു. ബോധിസത്ത്വന്മാരെപ്പററിയുള്ള ഈ സങ്കല്പം കരുണയുടെയും സ്നേഹത്തിൻെറയും മഹനീയമാതൃയാകുന്നു. ഇവരുടെ അലോകസാധാരണമായ ത്യാഗത്തെക്കുറിച്ചുള്ള അത്ഭുതകഥകഠം ക്ഷേമേന്ദ്രൻെറ ''ബോധിസത്ത്വാപദാനകല്പലത''യിൽ കാണാവുന്നതാണ്. (വിശ്രുതമായ ഈ സംസ്കൃതഗ്രന്ഥം മഹാകവി വള്ളത്തോഠം മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തിട്ടുണ്ട്.) സാധാരണക്കാർക്ക് ആലോചിയ്ക്കുവാൻകൂടിക്കഴിയാത്ത ത്യാഗങ്ങളും ദാനങ്ങളുമാണ് ബോധിസത്വന്മാരിൽനിന്ന് അന്യജീവികഠം (ഇക്കൂട്ടത്തിൽ മനുഷ്യരും മൃഗങ്ങളും എല്ലാം ഉഠംപ്പെടും) ആവശ്യപ്പെടുന്നത്. ഒരു ഉദാഹരണം പറയാം.

ശ്രീസേനമഹാരാജാവിനോട് അദ്ദേഹത്തിൻെറ പട്ടമഹഷിയെ തനിയ്ക്കൊരു ഗുരുദക്ഷിണ നല്കുന്നതിനുവേണ്ടി തരണമെന്നു ഒരു മുനിശിഷ്യൻ അപേക്ഷിയ്ക്കുന്നു. മറെറാരാഠംക്ക, തൻെറ ശരീരത്തിൻെറ ഒരു ഭാഗം പുലി കടിച്ചു പറിച്ചതുകൊണ്ടു, രാജാവിൻെറ ശരീരത്തിൽ പകുതി കിട്ടണം. മന്ത്രിമാർ വിലക്കിനോക്കി; പക്ഷെ രാജാവ് മടിച്ചില്ല.

''സചിവന്നൊത്തഹിതമേ
മഹാമാത്യ കഥിച്ചു നീ;
എന്നാൽ, യാചകവൈമുഖ്യ—
സന്താപം സഹ്യമല്ലമേ.
'തരികെ'ന്നുരചെയ്വോരി—
'ല്ലില്ലെ'ന്ന പരുഷാക്ഷരം

Digitized by Kerala Sahitya Akademi

പുറപ്പെടുന്നതേവക്കോ
ജീവിയ്ക്കു മൃതരാണവർ.

'ഇതിയ്യാംതരു' മെന്നുള്ളിൽ—
ക്കരുതിച്ചെന്ന യാചകൻ
എവങ്കൽനിന്നു പിൻവാങ്ങു—
മവൻ ജീവിപ്പതെന്തിനോ?''

എന്നാണ് അദ്ദേഹം പറയുന്നത്. ആദ്യത്തെ അത്ഥിക്ക് പട്ടമഹഷിയായ ജയപ്രഭയേയും രണ്ടാമത്തേവന്നു പാതി മെയ്യും അദ്ദേഹം ദാനം ചെയ്യുന്നു. ഇതുരണ്ടും പരീക്ഷണങ്ങളായിരുന്നു. രണ്ടിലും രാജാവു ജയിച്ചതു കണ്ടപ്പോറം, വേഷപ്രച്ഛന്നനായി ശരീരാദ്ധം യാചിയ്ക്കുവാൻ വന്ന ദേവേന്ദ്രർ പറയുകയാണ്:

''അഹോ, മഹാത്മാവിയ്യാംതൻ
ദയാമൃദുലമാം മനം
വജ്രത്തെക്കാറം കഠിനമായ്,
പരാത്ഥം പീഡകൊാറംവതിൽ!

ആഴിയെക്കാറംസ്സഗംഭീരം
മേരുവെക്കാറംസ്സമുന്നതം
സ്വഗ്ഗത്തെക്കാറം വിചിത്രം ഹാ!
മഹാന്മാരുടെ ചേഷ്ടിതം!''

രാജാവിനു പട്ടമഹിഷിയെയും ശരീരാദ്ധത്തെയും വീണ്ടു കിട്ടി. എന്നിട്ട്,

സത്ത്വത്തെയെല്ലാം സംസാരം
കടത്താൻ വ്രതമേന്തിയും
സംബോധിയാലുള്ളമുണർ—
ന്നൻപാർന്നും മേവിനാനവൻ.

Digitized by Kerala Sahitya Akademi

പാരംമൈത്രീകരുണകാംപെറും
സത്ത്വവത്സന്മനസ്സും
വ്യാപന്നാർത്തിപ്രശമഫലമാ—
മാത്മാദാനക്കരുത്തും
ഭൂപങ്കൽക്കണ്ടേലഘുപരിതോഷാ—
ശ്രുതുകിസ്സലജ്ജം
പോയാൻ സ്വാരാട്ടവനുടെ പുകഠം—
ത്തിക്കെഴം വിണ്ണിലേയ്ക്കായ്.

ഇതുവിധമമരാളീസിദ്ധയക്ഷോരഗന്മാർ
സപുളകമഭിനന്ദിയ്ക്കുന്ന മാഹാത്മ്യമോടെ
അവനിയവനുശക്ത്യാ വിണ്ണിനോടൊപ്പമാക്കി—
പ്പുതിയൊരു വിഭവശ്രീപൂണ്ടിതബ്ബോധിസത്ത്വൻ!

പൂർവാവതാരസംവാദേ,
ഭിക്ഷുക്കാംക്കുപദേശമായ്,
ദാനത്തിൻ മേന്മ കാട്ടിക്കൊ—
ണ്ടിതോതി, ഭഗവാൻ ജിനൻ.

(ബോധിസത്ത്വാപദാനകല്പലത
രണ്ടാം പല്ലവം. വള്ളത്തോൾ.)

ഹീനയാനത്തിലും ബോധിസത്ത്വന്മാരുണ്ട്. പക്ഷെ, അവർ മഹായാനത്തിലെപ്പോലെ കരുണാമൂർത്തികളോ ത്യാഗലോലുപരോ അല്ല.

മഹായാനപ്രസ്ഥാനം ഉണ്ടായത് അലക്സാണ്ടറുടെ പൂർവ്വദിക്കിലേയ്ക്കുള്ള പടയോട്ടത്തെത്തുടന്ന് ഗ്രീക്കുകാരും ഭാരതീയരും തമ്മിലുണ്ടായ സമ്പക്ത്തിൻെറ ഫലമായിട്ടാണെന്നു ചില പാശ്ചാത്യചിന്തകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യത്വത്തിൻെറ മൂല്യങ്ങഠം കലന്ന എല്ലാ കാര്യങ്ങളും ഗ്രീസിൽനിന്നാണ് ഉണ്ടായതെന്നു വരുത്തുവാനുള്ള ഒരു ശ്രമമായിട്ടേ ഇതിനെ കരുതാനുള്ളു. ശ്രീ

Digitized by Kerala Sahitya Akademi

ബുദ്ധൻ തൻെറ ജീവിതംകൊണ്ടുതന്നെ ഉദാഹരിച്ച മൂല്യ ങ്ങളെ മഹായാനം ഊന്നിപ്പറഞ്ഞു എന്നതാണ് വാസ്തവം. അദ്ദേഹത്തിൻെറ ഔദ്ധത്യമില്ലായ്മ, മനുഷ്യത്വം, സമസ്ത ഷ്ടിസ്നേഹം, ആതുരശുശ്രൂഷ എന്നിവയ്ക്കു് അതിൽ പരമ മായ പ്രാധാന്യം സിദ്ധിച്ചിരിക്കുന്നു.

ആത്മാവിൻെറ ദിവ്യത്വം എന്ന വേദാന്തസങ്കല്പം ബുദ്ധമതവും അംഗീകരിക്കുന്നുണ്ട്. പക്ഷേ അതോടൊ പ്പംതന്നെ സ്നേഹപൂർണ്ണമായ ഒരു കർമ്മനിരതത്വവും അതിൽ കലന്നിരിക്കുന്നു. ഇക്കാരണത്താൽ ഒരു താവളത്തിൻെറ പ്രതീതിയല്ല ഒരു മാർഗ്ഗത്തിൻെറ പ്രതീതിയാണ് അതു നല്കുന്നത്. മഹായാനത്തിൻെറ കാര്യത്തിൽ ഇതു പ്ര ത്യേകം ശ്രദ്ധാർഹമായ ഒരു സവിശേഷതയാകുന്നു.

ഇന്നു ഹീനയാനബുദ്ധമതം തെക്കുകിഴക്കൻ ഏഷ്യ യിലും മഹായാനം ചൈന ജപ്പാൻ എന്നീ പൂർവ്വ ഏഷ്യൻ രാജ്യങ്ങളിലുമാണ് പ്രചാരത്തിലിരിക്കുന്നത്. സങ്കല്പ ങ്ങളിലും സംപ്രദായങ്ങളിലും രണ്ടും വളരെ സങ്കീർണ്ണമാ യിട്ടുണ്ട്. എങ്കിലും അവ വൻപിച്ച ജനസമൂഹങ്ങൾക്ക് അഭയവും ആശ്വാസവും ഉത്തേജനവും നൽകുന്ന സജീവ മതങ്ങളായിത്തന്നെ നിലനില്ക്കുന്നു.

ഇന്ത്യയിലെ മണ്ണിൽ പിറന്ന ഈ മഹാപുരുഷനെ യും അദ്ദേഹത്തിൻെറ ഉപദേശങ്ങളെയും കുറിച്ചുള്ള അനു സ്മരണം ഏററവും ആവശ്യമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. മനുഷ്യജീവിതത്തിൽ വളരെയധി കം പുരോഗതി ഉണ്ടായിട്ടുള്ളതായി നാം അഭിമാനിക്കുന്നു ണ്ടെങ്കിലും ദുഷ്ടവാസനകളുടെ വിജൃംഭണംമൂലമുള്ള ദുഃഖ ങ്ങളും ദുരിതങ്ങളുമാണ് അനുഭൂതിമണ്ഡലത്തിൽ അതിപ്ര കടമായിക്കാണുന്നത്. ധർമ്മബോധം സാധാരണജനങ്ങ ളുടെ ഇടയ്ക്കുപോലും ക്ഷയിച്ചുപോയിരിക്കുന്നു. സ്വാർത്ഥ

Digitized by Kerala Sahitya Akademi

വും വഞ്ചനയും ജീവിതത്തിൽ മുഴച്ചുനില്ക്കുന്നു. ദീർഘമായ ആദ്ധ്യാത്മികപാരമ്പര്യമുള്ളവരെന്ന് അഭിമാനിയ്ക്കുന്ന ഭാരതീയരിലും ഇതു വേണ്ടുവോളമുണ്ട്. ജനപ്പെരുപ്പംമൂലം ഉപജീവനം നേടുന്നതിനുള്ള പ്രയാസങ്ങൾ വർദ്ധിയ്ക്കുംതോറും ഈ ദോഷങ്ങളും തഴച്ചുവരുമെന്നുള്ളതു തീർച്ചയാണ്. ധാർമ്മികമായ അധഃപതനംമൂലം നമുക്കു നേരിട്ടിരിയ്ക്കുന്ന ഈ മഹാവിപത്തിൽ, കരുണയുടെയും സ്നേഹത്തിൻെറയും ധർമ്മനിഷ്ഠയുടെയും പ്രഭവസ്ഥാനമായ ബുദ്ധഭഗവാൻെറ നാമശ്രവണംപോലും അനുഗ്രഹദായകമാണ്. അദ്ദേഹത്തിൻെറ ഭൗതികദേഹം ഭുവനരംഗത്തുനിന്നു മറഞ്ഞിട്ട് ഇരുപത്തിയഞ്ചു് നൂററാണ്ടുകൾ കഴിഞ്ഞെങ്കിലും അദ്ദേഹം നല്കിയ ഉപദേശത്തിൻെറയും പ്രചരിപ്പിച്ച സന്ദേശത്തിൻെറയും ആവശ്യം ഇനിയും തീൎന്നിട്ടില്ല. ഈ വസ്തുതയാണ് നമുക്കിന്ന് അനുസ്മരിയ്ക്കുവാനുള്ളത്.

(1956 മെയ് മാസം 23-ാംനു- തിരുവനന്തപുരത്തു സംസ്കൃതകോളേജിൽവെച്ചു കൂടിയ കേരളകലാസംസത്തിൻെറ വിശേഷാൽയോഗത്തിൽ ചെയ്ത പ്രസംഗമാണ് ഈ ഉപന്യാസത്തിൻെറ ആസ്പദം.)

Digitized by Kerala Sahitya Akademi

## 2

# ധർമ്മക്ഷയം

''........കടിയന്മാരുടെയും കുലടകളുടെയുംകൂടെ തെമ്മാടികറം തെരുവുകളിൽ ചുററിനടന്നു പാടുകയും കൂക്കിവിളിക്കുകയും വഴിപോക്കരിൽനിന്നു പുകവലിക്കാനും മദ്യപിക്കാനും ഉള്ള വക പിടിച്ചുപറിക്കുകയും ചെയ്യുന്നു. തുണയില്ലാതെ പോകുന്ന ഒരു സ്ത്രീക്കും അവമാനം അനുഭവിക്കാതെ യാത്ര ചെയ്യുവാൻ സാധ്യമല്ല. പാതിരാത്രിയോടടുത്തു പ്രധാനതെരുവുകളിലൂടെ സഞ്ചരിക്കുവാനൊരുങ്ങിയാൽ ഒന്നുരണ്ടു പേരെങ്കിലും അവളെ ബലാൽക്കാരേണ പരിരംഭണം ചെയ്യുമെന്നും അരഡസൻ ആളുകളെങ്കിലും അവളെ പിൻതുടരുമെന്നും ഉള്ളതു തീർച്ചയാണ്.''

അതിദാരുണമായ ദാരിദ്ര്യത്തിലും പലതരം രാഷ്ട്രീയകലാപങ്ങളിലും ആണ്ടുകിടക്കുന്ന ആഫ്രിക്കയിലെയോ ഏഷ്യയിലെയോ ഏതോ വൃത്തികെട്ട പട്ടണത്തെക്കുറിച്ചു ശ്രീ. എസ്. കെ. പൊറെറക്കാട്ടെഴുതിയ യാത്രാവിവരണത്തിൽനിന്നെടുത്ത ഒരു ഭാഗമല്ലിത്. ഇന്ത്യയെക്കുറിച്ചു മിസ് മേയോ പ്രസിദ്ധീകരിച്ച കുപ്രസിദ്ധമായ ഗ്രന്ഥത്തിലെ വാചകങ്ങളുമല്ല. യൂറോപ്പിൻെറ ഉത്തരഭാഗത്തുള്ള സ്വീഡൻ എന്ന പരിഷ്കൃതരാജ്യത്തിൻെറ തലസ്ഥാനമായ സ്റ്റോക്ക്ഹോം നഗരത്തെപ്പററി ''ബർമിങ്ഹാം പോസ്റ്റ്'' എന്ന ബ്രിട്ടീഷ്പത്രം എഴുതിയതും, 1954 ഡിസംബർ 19-ാംനു-യിലെ ''ഇല്ലസ്ട്രേററഡ് വീക്ലി ഓഫ് ഇൻഡ്യ''യിൽ ഉദ്ധരിച്ചിട്ടുള്ളതുമായ ഒരു ലേഖന

Digitized by Kerala Sahitya Akademi

ത്തിൻെറ ഭാഗമാണ്. വെറുപ്പും വേദനയും തോന്നാതെ പ്രസ്തുത ലേഖനം വായിച്ചുതീക്കുവാൻ സാധ്യമല്ല. ഇതേ ത്തുടൻ 1955 മേയ്മാസത്തിൽ ''ടൈം'' എന്ന അമേരിക്കൻ വാരികയിൽ ഈ വിഷയത്തെക്കുറിച്ച് ഒരു വാദപ്രതിവാദംതന്നെ നടക്കുകയുണ്ടായി. തങ്ങളുടെ രാജ്യത്തെപ്പററിയുള്ള പത്രവാത്തകഠം അടിസ്ഥാനരഹിതവും പ്രതിഷേധാഹ്വവുമാണെന്നു സ്വീഡിഷ്പ്രതിനിധികഠം പരാതി പറഞ്ഞപ്പോഠം പ്രസ്തുത വാരിക, പ്രമാണങ്ങളും സ്വീഡനിലെ കോടതി നടപടികളും, ചിലരുടെയെല്ലാം പേരും മേൽവിലാസങ്ങളുംപോലും ഉദ്ധരിച്ചുകൊണ്ട് തങ്ങഠം നേരത്തെ ചെയ്ത പ്രസ്താവന ആവത്തിക്കുകയാണ് ചെയ്തത്. അവരുടെ പതിവിൽനിന്നു വ്യതിചലിച്ചു ലേഖകൻെറ പേരുംകൂടി കൊടുത്താണ് മറുപടി പ്രസിദ്ധീകരിച്ചത്. പ്രസിദ്ധങ്ങളായ ഈ പത്രങ്ങളുടെ ഉത്തരവാദിത്വം ഉള്ളതുകൊണ്ട് മേൽപറഞ്ഞ ലേഖനത്തിലെ പ്രസ്താവനകഠം പരമാർത്ഥമാണെന്നുതന്നെ കരുതാവുന്നതാണ്. സ്വീഡൻ അധമ്മത്തിൻെറ കേളീരംഗമായിരിക്കുന്നു എന്നാണ് ലേഖകൻ സമത്ഥിക്കുന്നത്.

ഇതു ശരിയാണെങ്കിൽ ആധുനിക പരിഷ്കാരത്തെയും സാമ്പത്തികാഭിവൃദ്ധിയെയും കുറിച്ചു പരിതപിക്കാതെ നിവൃത്തിയില്ല. ജാജ്ജ്വല്യമാനമായി, പുരോഗതിയുടെ പര്യായമായി, സമസ്തലോകത്തെയും ഭ്രമിപ്പിച്ചുകൊണ്ടിരിക്കുന്ന പാശ്ചാത്യസംസ്കാരത്തിൻെറ മുന്നണിയിൽ നില്ക്കുന്ന ഒരു രാജ്യമാണ് സ്വീഡൻ. അറുപതുലക്ഷം ജനങ്ങഠം മാത്രമുള്ളതും ശീതമേഖലയിൽ കിടക്കുന്നതുമായ ഒരു ചെറിയ രാജ്യമാണെങ്കിലും, ശാസ്ത്രത്തിലും വ്യവസായത്തിലും സാഹിത്യാദികലകളിലും ഐശ്വര്യത്തിലും അതു മികച്ചുനില്ക്കുന്നു. അവിടത്തെ സവ്വകലാശാലകളും ഗവേഷണസ്ഥാപനങ്ങളും ലോകപ്രസിദ്ധങ്ങളാണ്. ഇംഗ്ലണ്ടിലും

Digitized by Kerala Sahitya Akademi

ജമ്മനിയിലും അമേരിക്കയിലുംനിന്നു ഇന്നും അനവധി യാളുകരം ഉപരിപഠനത്തിനായി അങ്ങോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. തീപ്പെട്ടിയും കടലാസും മാത്രമല്ല, ഉരുക്കും യന്ത്രസാമഗ്രികളും വമ്പിച്ചതോതിൽ ആ രാജ്യക്കാർ ഉൽപാദിപ്പിക്കുന്നുണ്ട്. ഇരുമ്പുണ്ടാക്കുന്നതിനുകൂടി ഉപയോഗിക്കത്തക്കവണ്ണം വിദ്യുച്ഛക്തി അത്ര സുലഭമാണ്. ഭിക്ഷക്കാരെയും മഹാരോഗം ബാധിച്ചവരെയും അവിടെ കാണ്മാനില്ലെന്നു പറയപ്പെടുന്നു. ആരോഗ്യത്തിലും ആയുർദൈർഘ്യത്തിലും ആകാരസൗഷ്ഠവത്തിലും അവിടുത്തെ ജനങ്ങരം അതുല്യരാണ്. അവിടെനിന്ന് ആണ്ടുതോറും നൽകപ്പെടുന്ന നോബൽസമ്മാനങ്ങരം ലോകത്തിലെ ഏററവും വലിയ ബഹുമതിയായിട്ടാണ് കരുതപ്പെടുന്നത്. സാമൂഹ്യക്ഷേമത്തിന്നുവേണ്ടി അവിടെ ചെയ്തിട്ടുള്ള നൂതനവ്യവസ്ഥകരം ഇതരരാജ്യക്കാർക്ക് മാതൃകയായി ചൂണ്ടിക്കാണിക്കപ്പെട്ടുവരുന്നു. SWEDEN MODEL FOR A WORLD എന്നൊരു പുസ്തകംതന്നെ ഉണ്ടായിട്ടുണ്ട്. ലോകത്തിലേയ്ക്ക് ഏററവും ഉയന്ന ജീവിതത്തോത് സ്വീഡനിലാണ് നിലവിലിരിക്കുന്നതെന്നു കേരംക്കുന്നു. രാഷ്ട്രീയമായി ഒരു വൻകിടശക്തിയല്ലെന്നുള്ളതും ഈ രാജ്യത്തിൻെറ ഒരു മേന്മയാണ്. എന്തെന്നാൽ വൻകിടശക്തികരംക്കുണ്ടാകുന്ന വൈഷമ്യങ്ങളൊന്നും അതിനെ അലട്ടുന്നില്ല. യൂറോപ്പിനെ മുഴുവൻ ബാധിച്ച രണ്ടാം ലോകമഹായുദ്ധത്തിൻെറ കെടുതികരം സ്വീഡനെ സ്പർശിച്ചതേയില്ല. അടുത്തകാലത്തു് സമാധാനസമ്മേളനങ്ങളുടെ ആസ്ഥാനം എന്ന നിലയിലും ഈ രാജ്യം പ്രശസ്തിയാർജ്ജിച്ചിട്ടുണ്ട്.

ഈ മേന്മകളൊക്കെ ഉണ്ടായിട്ടും സ്വീഡിഷ് ജനതയുടെ ആത്മാവ് ജീർണ്ണിച്ചുതുടങ്ങിയതായിട്ടാണ് മേൽപറഞ്ഞ ലേഖനത്തിൽനിന്നു തെളിയുന്നത്. സദാചാരവും

Digitized by Kerala Sahitya Akademi

സകലരാജ്യത്തും സാമാന്യജനങ്ങൾ അനാദികാലം മുതല്ക്ക് അനുസരിച്ചുപോരുന്ന ആത്മനിയന്ത്രണങ്ങളും അവിടത്തെ യുവജനങ്ങൾ കൈവെടിഞ്ഞിരിയ്ക്കുകയാണ്. അവിവാഹിതകളായ പെൺകുട്ടികൾ ഗർഭം ധരിയ്ക്കുന്നതും പ്രസവിയ്ക്കുന്നതും സർവ്വസാധാരണമായിത്തീർന്നിരിയ്ക്കുന്നുവത്രെ. ഗർഭച്ഛിദ്രം നടത്തുന്നതിനു ഡോക്ടറന്മാർക്ക് അനുവാദം നൽകിയിട്ടുണ്ട്; ധാരാളമാളുകൾ പ്രസ്തുതസൌകര്യം ഉപയോഗപ്പെടുത്തുന്നുമുണ്ട്. വിവാഹത്തിനു മുമ്പു ജനിയ്ക്കുന്ന കുട്ടികളെ സംരക്ഷിയ്ക്കുവാൻ പൊതുസ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അങ്ങിനെയുള്ള ജനനം ചീത്തയാണെന്നുള്ള വിചാരംതന്നെ നീങ്ങിത്തുടങ്ങിയിരിയ്ക്കുന്നു. അച്ചടക്കമെന്നത് അങ്ങാടിമരുന്നോ പച്ചമരുന്നോ എന്ന് അറിഞ്ഞുകൂടാത്ത മട്ടിലാണ് വിദ്യാർത്ഥിലോകം പെരുമാറുന്നത്. ഇത്രമേൽ ധിക്കാരവും ദുഃസ്വാതന്ത്ര്യവും കാണിക്കുന്ന സ്കൂൾകുട്ടികൾ യൂറോപ്പിലെങ്ങും ഇല്ലെന്നു പറയപ്പെടുന്നു. നഗരങ്ങളിലാണ് ഈ ''വിദ്യാഭ്യാസം'' പരമകാഷ്ഠയിലെത്തിയിരിയ്ക്കുന്നത്. തന്മൂലമുള്ള വിഷമം സഹിയ്ക്കവയ്യാതെ പ്രായമായ അദ്ധ്യാപകന്മാർ ധാരാളമായി നാട്ടിൻപുറങ്ങളിലേയ്ക്കു മാറിക്കൊണ്ടിരിയ്ക്കുന്നു. പലരും മററു തൊഴിലുകൾ സ്വീകരിയ്ക്കുകയും ചെയ്തുവരുന്നു.

ഇതെല്ലാം ഏതോ രാഷ്ട്രീയരോഗത്തിന്റെ ഫലങ്ങളാണെന്നു വിചാരിയ്ക്കരുത്. സ്വീഡനിലെ ജനങ്ങൾ രാഷ്ട്രീയകാര്യങ്ങളിൽ വിമുഖരാണത്രെ. വിപ്ലവത്തിനു വേണ്ടിയുള്ള വെമ്പലോ പുതിയ വ്യവസ്ഥിതികളെ ലക്ഷ്യമാക്കിയുള്ള ആവേശമോ, സാമൂഹ്യപരിവർത്തനത്തിന്നായുള്ള പരക്കം പാച്ചിലോ ഒന്നും അവരിൽ കാണ്മാനില്ല. മതപരമായ കാര്യങ്ങളിലും അവർക്കു താല്പര്യമില്ല. ഇതു പാശ്ചാത്യദേശത്തു പരക്കെ ഉണ്ടായിട്ടുള്ള ഒരു പരിവർത്തനമായതുകൊണ്ട് അതിൽ അതിശയിയ്ക്കാ

Digitized by Kerala Sahitya Akademi

നില്ല. ഏററവും ശ്രദ്ധേയമായിരിയ്ക്കുന്നതു സ്വീഡനിലെ ജനങ്ങളിൽ സവ്വസാധാരണമായിത്തീന്നിരിക്കുന്ന കാമഭ്രാന്താണ്. പുരുഷന്നു സ്ത്രീയെന്നും, സ്ത്രീയ്ക്കു് പുരുഷനെന്നും അല്ലാതെ മറെറാരു ചിന്തയും ഇല്ലെന്നു തോന്നിപ്പോകുന്നു. ഈ വിഷയത്തിൽ സമ്പൂണ്ണമായ സ്വാതന്ത്ര്യവും അവർ അവകാശപ്പെടുന്നു.

അമിതമായ ഐശ്വര്യവും അനുസ്യൂതമായ അഭിവൃദ്ധിയും വ്യക്തികൾക്കെന്നപോലെ രാഷ്ട്രങ്ങൾക്കും എപ്പോഴും ശുദ്ധമായ അനുഗ്രഹമായിരിയ്ക്കുകയില്ലെന്നാണ് ഈ വസ്തുതകൾ തെളിയിയ്ക്കുന്നത്. ആത്മനിയന്ത്രണങ്ങൾ അയഞ്ഞു പോകുവാനും മൃഗീയവാസനകൾ ജൃംഭിയ്ക്കുവാനും ഇങ്ങിനെയുള്ള ചുററുപാടുകൾ സൌകര്യം നല്കുന്നു. ഐശ്വര്യത്തിൻെറ ഉപഭോഗമല്ലാതെ ജനതയുടെ ശ്രദ്ധയെ ആകഷിയ്ക്കുവാൻ മറെറാന്നുമില്ലാതെ വരുമ്പോഴാണ് ഇങ്ങിനെ സംഭവിയ്ക്കുന്നത്. സ്വീഡിഷ്‌രാഷ്ട്രത്തിനു പാകപ്പിഴ പററിയിരിയ്ക്കുന്നത് ഈ സംഗതിയിലാണെന്നു തോന്നുന്നു. മഹായുദ്ധം വരുത്തിക്കൂട്ടിയ ദുരിതാനുഭവങ്ങൾ ഇല്ലായിരുന്നെങ്കിൽ യൂറോപ്പിലെ മിക്ക രാജ്യക്കാരും ഇന്ന് ഈ നിലയിൽ ആകുമായിരുന്നു. ആദ്യകാലത്തു യുദ്ധഭീതിയും, പിന്നെ സാക്ഷാൽയുദ്ധവും, അതിനുശേഷം യുദ്ധത്തിൻെറ സ്മരണയും അവരുടെ അന്തരംഗത്തിൽ ആധിപത്യം വഹിയ്ക്കുകയാൽ ഇങ്ങിനെ ഏകാഗ്രമായ സുഖാസക്തി അവരിൽ വേരുറച്ചില്ല. ഈ അത്ഥത്തിലെങ്കിലും കഴിഞ്ഞ മഹായുദ്ധം യൂറോപ്പിനു് ഒരനുഗ്രഹമായിരുന്നു എന്നു പറയേണ്ടിയിരിയ്ക്കുന്നു. അഭംഗുരമായ അഭിവൃദ്ധിയിൽനിന്നുളവാകുന്ന ആപത്തുകളെ ഒഴിവാക്കുവാൻ അതുപകരിച്ചു. ഇങ്ങിനെ അടിയ്ക്കടിയുണ്ടാകുന്ന ഉദ്വ്വശീശാപങ്ങൾ പാശ്ചാത്യസംസ്കാരത്തിൻെറ നിലനില്പിനു അത്യന്താപേക്ഷിതമാണെന്നാണ് കാണുന്നത്. അവയാണ്

Digitized by Kerala Sahitya Akademi

അതിൻെറ ഉപഭോക്താക്കളായ ജനങ്ങരംക്ക് അച്ചടക്കവും ആത്മനിയന്ത്രണവും കൈവരുത്തുന്നത്. ഇന്നിപ്പോരം ഇളവില്ലാതെ നടന്നുകൊണ്ടിരിയ്ക്കുന്ന ''ശീതസമരം'' അമേരിക്കയ്ക്കും റഷ്യയ്ക്കും തീച്ച്യായും ഇങ്ങിനെ ഒരനുഗ്രഹം പ്രദാനം ചെയ്യുന്നുണ്ട്. ഒന്നിനെയും ആരെയും ഭയപ്പെടാനില്ലാതെ യഥേഷ്ടം പുരോഗമിയ്ക്കുവാനുള്ള സൗകര്യം ലഭിച്ചെങ്കിൽ അവരുടെയും ലോകത്തിൻെറയും കഥ എന്തായിരുന്നു എന്നു നാം ആലോചിയ്ക്കേണ്ടതാണ്. ഭൂമുഖം മുഴവനുംതന്നെ സ്വീഡനിലെ തെരുവീഥികരംപോലെ ആവുകയില്ലായിരുന്നു എന്ന് ആരു കണ്ടു?

അഭിവൃദ്ധിയിലേയ്ക്കുള്ള അഭിഗമനമാഗ്ഗങ്ങരം ഇന്നു പണ്ടത്തേക്കാരം എത്രയോ അധികം എളുപ്പമുള്ളവയായിത്തീന്നിട്ടുണ്ട്. ഇന്നു രണ്ടാമത്തൊരു വ്യവസായവിപ്ലവം സംഭവിച്ചുകൊണ്ടിരിയ്ക്കുകയാണ്. ആദ്യത്തെ വിപ്ലവം ഉണ്ടായിട്ട് ഇന്നേയ്ക്ക് ഒന്നര നൂററാണ്ടോളമാകുന്നു. പാശ്ചാത്യലോകത്തിൻെറ അഭിവൃദ്ധി മുഴവനും അതിൽനിന്നുണ്ടായതാണ്. യന്ത്രസാമഗ്രികളുടെ കണ്ടുപിടുത്തവും പ്രചാരവുമാണ് ഈ ആദ്യവിപ്ലവത്തെ അവതരിപ്പിച്ചത്. മനുഷ്യക്ക് ആവശ്യമുള്ള സാധനങ്ങളുടെ നിമ്മാണരീതിയിൽ വന്ന പരിവത്തനംമൂലം പാശ്ചാത്യലോകത്തിൻെറ മുഖഭാവംതന്നെ മാറിപ്പോയി. കൽക്കരിയും വിദ്യുച്ഛക്തിയും ഖനിയെണ്ണകളും ഇരുമ്പും ഉരുക്കും മററു പലതരം പുതുലോഹങ്ങളും ആണ് അവരെ അഭിവൃദ്ധിയിലേയ്ക്കു നയിച്ചത്. ഭൗതികശാസ്ത്രത്തിൻെറ പുരോഗതി ഈ വിപ്ലവത്തെ അനുനിമിഷമെന്നപോലെ ത്വരിപ്പിയ്ക്കുകയും ചെയ്തു. ഇന്ന് ഈ വികാസം അതിന്നു കാരണക്കാരായവരെപ്പോലും അത്ഭുതപ്പെടുത്തുകയും അമ്പരപ്പിയ്ക്കുകയും ചെയ്യത്തക്ക തോതിലായിരിയ്ക്കുകയാണ്. പത്തുകൊല്ലം മുമ്പുപോലും അസാദ്ധ്യമെന്നു കരുതപ്പെട്ടിരുന്ന വ്യവസാ

Digitized by Kerala Sahitya Akademi

യോൽപാദനരീതികരം ഇന്നു സാധിച്ചുകഴിഞ്ഞിരിക്കുന്നു. ഇലക്ട്രോണിക് ഉപകരണങ്ങളും പുതിയതരം യന്ത്രങ്ങളും നിർമ്മാണസമ്പ്രദായങ്ങളും കണ്ടുപിടിച്ചതോടെ വ്യവസായശാലകളുടെ ഉൽപാദനശക്തി പണ്ടത്തേതിൻെറ നൂറും ആയിരവും മടങ്ങു വദ്ധിച്ചിരിക്കുന്നു. അമേരിക്കയിലെ ഒരു ഫാക്ടറി മണിക്കൂറിൽ 90,000 ഇലക്ട്രിക്ക് ബൾബുകരം നിർമ്മിച്ചുതുടങ്ങിയതായിപ്പറയുന്നു. തൊഴിലാളികളുടെ അദ്ധ്വാനവും വിദഗ്ദ്ധന്മാരുടെ നിരന്തരമായ മേൽനോട്ടവും ഇല്ലാതെ ഏതു സാധനവും എത്ര വലിയ തോതിലും നിർമ്മിക്കുവാൻ കഴിയുന്ന വ്യവസായശാലകരം ആസൂത്രണം ചെയ്യപ്പെട്ടുവരുകയാണ്. ഇപ്പോരംത്തന്നെ ചില സ്ഥാപനങ്ങളിൽ ജോലിക്കാരുടെ എണ്ണം പകുതിയാക്കിയിട്ടുണ്ടെങ്കിലും ഉൽപാദനത്തിന് ഒരു കുറവും ഉണ്ടായിട്ടില്ല. ഈ പരിവത്തനത്തിന് ആട്ടോമേഷൻ (AUTO-MATION) എന്നാണ് പേര്. എത്ര സങ്കീർണ്ണമായ പ്രവൃത്തിയും യന്ത്രങ്ങളെക്കൊണ്ടു തനിയേ ചെയ്യിക്കുന്ന ഉപായമാണിത്. കേടു പററിയ സാധനങ്ങരം ഉപേക്ഷിക്കുകയും നല്ലതുമാത്രം ഉപയോഗിക്കുകയും, യന്ത്രഭാഗങ്ങരംക്കു തേയ്മപറവുമ്പോരം അവയെ പുതുക്കുകയും, മണിക്കണക്കിനു, നിമിഷം തെററാതെ, നിർമ്മാണക്രിയകരം നിയന്ത്രിക്കുകയും, ഉൽപാദനത്തിൻെറ അളവും കണക്കുകളും രേഖപ്പെടുത്തുകയും എല്ലാം ചെയ്യുന്ന യന്ത്രശാലകരം നിലവിൽ വന്നിട്ടുണ്ട്. ഇതിൻെറകൂടെ അറോമിക്ശക്തികൂടി ലഭിക്കുകയാണെങ്കിൽ വ്യവസായങ്ങരംക്കുണ്ടാകാവുന്ന വികാസം ഒന്നോത്തുനോക്കുക. കൽക്കരി, ഖനിയെണ്ണകരം, എന്നിവ കത്തിച്ചും വെള്ളച്ചാട്ടങ്ങളെ മെരുക്കിയും നിർമ്മിക്കുന്ന വിദ്യുച്ഛക്തി ഇപ്പോരംത്തന്നെ ആവശ്യത്തിനു മതിയാകാതെ വന്നിരിക്കുകയാണ്. അതുകൊണ്ടാണ് പരിഷ്കൃതരാജ്യങ്ങരം ആററത്തിനുള്ളിൽനിന്നു ശക്തിയു

Digitized by Kerala Sahitya Akademi

ണ്ടാക്കുവാൻ ഇത്ര വളരെ ഉൽക്കണ്ഠ കാണിയ്ക്കുന്നത്. അതിന്നുവേണ്ടിയുള്ള വമ്പിച്ച പരിപാടികഠം നടപ്പിൽ വന്നാൽ വിദ്യുച്ഛക്തി വെറുതെ കിട്ടുമെന്നു പറയപ്പെടുന്നു. ഇതൊക്കെയാണ് ഇപ്പോഠം സംഭവിച്ചുകൊണ്ടിരിയ്ക്കുന്ന രണ്ടാം വ്യവസായവിപ്ലവത്തിന്റെ ലക്ഷണങ്ങഠം.

ഉല്പാദനം വദ്ധിയ്ക്കുമ്പോഠം ഐശ്വര്യവും വദ്ധിയ്ക്കും. അമിതമായ ഐശ്വര്യം ആപത്തിന്റെ വിളനിലമാവുകയും ചെയ്യും.

പാശ്ചാത്യസംസ്കാരത്തെ ബാധിച്ചിരിയ്ക്കുന്ന ആവത്തനസ്വഭാവമുള്ള ഈ മഹാരോഗത്തിനു യുദ്ധമെന്നുള്ള ഒരു മരുന്നേയുള്ളു. യുദ്ധവും ഒരു മഹാവിപത്തുതന്നെ. എങ്കിലും പാമ്പിൻവിഷവും ചിലപ്പോഠം സിദ്ധൌഷധമാകുന്നതുപോലെ ഇന്നത്തെ വ്യവസായയുഗത്തിൽ മനുഷ്യരാശിയ്ക്ക് അതൊരു അനുഗ്രഹമായിട്ടാണ് കലാശിച്ചിരിയ്ക്കുന്നത്. ഒന്നോ രണ്ടോ തലമുറയെ അതു നരകയാതന അനുഭവിപ്പിയ്ക്കും. ഒരുപക്ഷെ നശിപ്പിച്ചെന്നും വരാം. എന്നുവരികിലും ആ ചിതാഭസ്മത്തിൽനിന്നു ധമ്മബോധവും പ്രയത്നശീലവും ഉള്ള മനുഷ്യവഗ്ഗം, പ്രത്യാശയുടെ പ്രരോഹംപോലെ, ഉയിത്തെഴുന്നേല്ക്കും. നേരെമറിച്ച് അനുസ്യൂതവും ഉത്തരോത്തരവുമായ ഐശ്വര്യാനുഭൂതി ഒരു ജനതയുടെ ആത്മാവിനെത്തന്നെ ജീണ്ണിപ്പിയ്ക്കും. ചികിത്സയില്ലാത്ത രോഗമാണത്. അതിന്റെ ഫലമായി അധമ്മം തേർവാഴ്ച നടത്തുകയും ജീവിതത്തെ ജീവിയ്ക്കത്തക്കതാക്കുന്നതു സമസ്തവും എന്നെന്നേയ്ക്കുമായി നശിയ്ക്കുകയും ചെയ്യും. ഒരു തലമുറയുടേതല്ല, ഒരു വഗ്ഗത്തിന്റെ മുഴുവനും നാശമാണത്. ഗ്രീക്കുകാരും റോമക്കാരും നാമാവശേഷരായത് ഈ വിധത്തിലാണെന്നു ചരിത്രം തെളിയിയ്ക്കുന്നു. അവരും ശോഭനമായ സംസ്കാരത്തെ സൃഷ്ടിയ്ക്കുക

Digitized by Kerala Sahitya Akademi

യും അനേകം നൂററാണ്ടുകാലം പുലത്തുകയും ചെയ്തവരാണ്. അതിന്റെ പ്രകാശം ഭൂതലത്തിൽ ബഹുദൂരം വ്യാപിയ്ക്കുകയും ചെയ്തു. സൂര്യൻ അപ്രത്യക്ഷമായതിന്നുശേഷവും സാന്ധ്യകാന്തികൾ ആകാശത്തിൽ തങ്ങിനില്ക്കുന്നതുപോലെ, ഈ പ്രാചീനസംസ്കാരങ്ങളുടെ അന്തിമരശ്മികൾ നൂററാണ്ടുകളിലൂടെ കടന്നുവന്ന് ജ്ഞാനത്തിന്റെ ചക്രവാളസീമയിൽ ഇന്നും തിളക്കങ്ങൾ കലത്തുന്നുണ്ട്. കാലപ്രവാഹത്തിൽ തിരോഹിതമായെങ്കിലും ഈ സംസ്കാരങ്ങൾ മനുഷ്യരാശിയുടെ ചരിത്രത്തിലെ ചില അദ്ധ്യായങ്ങളെ ഐശ്വര്യപൂണ്ണമാക്കിയവയാണ്. അന്നത്തെ അഭിവൃദ്ധിയുടെ അവശിഷ്ടങ്ങൾ മെഡിററനേനിയൻ തീരഭൂമിയിൽ ഇന്നും ചിതറിക്കിടക്കുന്നു. ആധുനികകാലത്തു പാശ്ചാത്യലോകത്തിന്റെ അഭിവൃദ്ധിയ്ക്കുവേണ്ടി വിദ്യുച്ഛക്തിയും യന്ത്രങ്ങളും നിവ്വഹിയ്ക്കുന്ന ഉൽപാദനധമ്മം ഗ്രീക്കകാരുടെയും റോമാക്കാരുടെയും ഇടയ്ക്ക് അടിമകൾ നിവ്വഹിച്ചു. ഇങ്ങിനെ സിദ്ധിച്ച അമിതമായ ഐശ്വര്യം പ്രസ്തുത ജനസമൂഹങ്ങൾക്ക് അവസാനം ആപത്തായി കലാശിയ്ക്കുകയാണ് ചെയ്തത്. അനിയന്ത്രിതമായ ലൗകികസുഖങ്ങളിലും മൃഗീയഭോഗങ്ങളിലും മുഴകി അവർ നാശമടഞ്ഞു. ചരിത്രവിദ്യാത്ഥികൾക്ക സുപരിചിതമായ സംസ്കാരത്തിന്റെ ഈ വൃദ്ധിക്ഷയങ്ങളും ഐശ്വര്യത്തിന്റെ ദുരന്തഗതിയും ഒരു കണ്ണാടിപ്പാത്രത്തിൽ നടത്തപ്പെട്ടന്ന പരീക്ഷണമെന്നപോലെ നാം കൺമുമ്പിൽ കാണുകയാണ് സ്വീഡനിൽ.

ദുരൂഹമായ ഏതോ രീതിയിൽ, ഒരു പരിധിയ്ക്കപ്പുറം അഭിവൃദ്ധിയും അധഃപതനവും ഫലത്തിൽ അഭിന്നങ്ങളായിത്തീരുന്നു. ദാരിദ്ര്യനിമഗ്നങ്ങളായ പൗരസ്ത്യരാജ്യങ്ങളിലെ സ്ഥിതിയും, ഏററവും ഉയന്ന ജീവിതത്തോതു നിലവിലിരിയ്ക്കുന്ന സ്വീഡന്റെ ഗതിയും ആ

Digitized by Kerala Sahitya Akademi

ലോചിച്ചു നോക്കിയാൽ ഈ വസ്തുത മനസ്സിലാകുന്നതാണ്. മററെങ്ങും പോകേണ്ടതില്ല, ഭാരതത്തിലെ കഥ തന്നെ ആലോചിച്ചാൽ മതി. കൽക്കട്ടാനഗരവും പശ്ചിമബംഗാളം മുഴവൻതന്നെയും, അച്ചടക്കവും ഉത്തരവാദിത്വബോധവും ഇല്ലാത്ത ധിക്കാരികളാലും ആഭാസന്മാരാലും നിബിഡമാണെന്ന് അടുത്ത കാലത്ത് ഒരു ഔദ്യോഗിക പ്രസ്താവനതന്നെ ഉണ്ടായിരുന്നു. ഇവരെ നിയന്ത്രിയ്ക്കുന്നതിനുവേണ്ടിമാത്രം ഒരു പ്രത്യേക പോലീസ് വകുപ്പ് ബംഗാളം ഗവമ്മെണ്ട് ഏപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ മേധാവി, ഈ ദുമ്മാഗ്ഗികരം ചെയ്യുന്ന അക്രമങ്ങളുടെ ഒരു നീണ്ട പട്ടിക പ്രസിദ്ധപ്പെടുത്തുകയും സമുദായ ശരീരത്തിൽ അർബുദംപോലെ പടന്നുപിടിച്ചിരിയ്ക്കുന്ന ഈ അധമ്മവാസന എളുപ്പമൊന്നും മാറുകയില്ലെന്നു വിലപിയ്ക്കുകയും ചെയ്യുതോക്കുന്നു. വിദ്യാത്ഥികളും ബിരുദധാരികളും അദ്ധ്യാപകന്മാർപോലും ഇക്കൂട്ടത്തിൽ ഉരംപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. ജഗത്ത്രയത്തിൽ യാതൊന്നിനോടും ബഹുമാനമില്ലാതെ, ഒന്നിനേയും ഒരുത്തനേയും ഭയപ്പെടാതെ, വിദ്വേഷത്തിലും വിടത്വത്തിലും വ്യാപരിച്ച്, രാത്രിയെന്നോ പകലെന്നോ, പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ലാതെ, മരിയ്ക്കുന്നതാണ് രസമെന്നു തോന്നിയാൽ അതിന്നും തയ്യാററായി, ഈ ദുമ്മൂത്തികരം ആയുസ്സു പോക്കുന്നു. കള്ളന്മാരും ഖലന്മാരും തെമ്മാടികളും ഏതു രാജ്യത്തും എല്ലാക്കാലത്തും ഉണ്ടായിട്ടുണ്ടെങ്കിലും ഇത്തരം ജീവിതവും ഒരു പൗരാവകാശമാണെന്നു പ്രഖ്യാപിയ്ക്കുന്ന രീതിയിലുള്ള, കൂട്ടത്തോടെയുള്ള, പെരുമാററം പുത്തരിയാണെന്നു തോന്നുന്നു. അഭ്യസ്തവിദ്യരിലും ഇതു വദ്ധമാനമായ തോതിൽ കണ്ടുതുടങ്ങിയിരിയ്ക്കുന്നതാണ് ഏററവും ആശങ്കാജനകം. ബംഗാളിൽ മാത്രമെ ഈ

Digitized by Kerala Sahitya Akademi

ദുർവൃത്തികൾ നിലവിലുള്ള എന്നു വിചാരിക്കേണ്ട. ബോംബെയിലും ഡെൽഹിയിലും മദ്രാസ്സിലും എല്ലാം ഉണ്ട്. നമ്മുടെ സംസ്ഥാനത്തും ഇല്ലാതില്ല. താഴെ ഉദ്ധരിക്കുന്ന പത്രറിപ്പോർട്ടു നോക്കുക:—

''സ്ത്രീവേഷം ധരിച്ച പുരുഷന്മാർ ഉത്സവ-ത്തിനു സ്ത്രീകൾക്കിടയിൽ കയറിയിരുന്നു

തിരുവനന്തപുരം, ജനവരി 12

.....................ഈ തസ്കരസംഘം പല സ്ഥല ങ്ങളിലും ഈ വിധം വൃത്തികേടുകൾ കാണിക്കാറു ണ്ടായിരുന്നു എന്നും ഇക്കൂട്ടത്തിൽ ഒരു കോളേജുവി ദ്യാർത്ഥി കൂടെ ഉൾപ്പെടുന്നുണ്ടെന്നും ഇവരിൽനിന്നും പല കേസ്സുകളും തെളിയുമെന്നും പറയപ്പെടുന്നു.''

മലയാളരാജ്യം, ജനുവരി 14. 1955

വേഷം മാറിയാണ് ഈ വൃത്തികേടിനു തുനിഞ്ഞതെന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് അല്പമൊരു ശങ്കയോ ഭയമോ ശേഷിച്ചിട്ടുണ്ടെന്നു തോന്നുന്നു. കാലക്രമേണ ഇതും മാറിയെന്നു വരാവുന്നതാണ്. നിർഭാഗ്യവശാൽ ആ നില കൂടിവന്നു ചേരുകയാണെങ്കിൽ പിന്നത്തെ കഥ ഊഹിച്ചു കൊള്ളുകയാണു ഭേദം!

സമുദായമദ്ധ്യത്തിൽ കാണുന്ന ഈ അധർമ്മങ്ങളുടെയെല്ലാം കാരണം സാമ്പത്തികമാണെന്നു പറയാറുണ്ട്. ഇക്കാലത്തു സകലതും സാമ്പത്തികമാണ്. വ്യാഖ്യാനവും പരിഹാരനിർദ്ദേശവും എളുപ്പത്തിൽ കഴിഞ്ഞു! സമ്പത്തിനെ പഴിപറഞ്ഞു സമാധാനപ്പെടുന്ന ഈ സമ്പ്രദായം കുറെ അധികം നാളായി മനുഷ്യനെ വഴി തെററിച്ചുകൊണ്ടിരിക്കുകയാണ്. ഇതു കേൾക്കുമ്പോൾ ഒരു തീവണ്ടിയാത്രയിൽ എനിക്കുണ്ടായ അനുഭവം ഓർമ്മ

Digitized by Kerala Sahitya Akademi

യിൽ വരുന്നു. ഞങ്ങൾ നാട്ടുകാരായ നാലഞ്ചുപേരും വിദേശീയനായ ഒരു നരവംശശാസ്ത്രജ്ഞനും വണ്ടിയിലു ണ്ടായിരുന്നു. ആന്ധ്രദേശത്തുവെച്ചാണ്. വണ്ടിക്കകത്തും പുറത്തും യാചകന്മാരുടെ തിരക്കുകൊണ്ടു പൊറുതിമുട്ടി. ജനലിൽ തൂങ്ങിയും അഴികൾക്കിടയിലൂടെ ഇഴഞ്ഞുകയ റിയും, തേങ്ങിയും കരഞ്ഞും നെഞ്ചത്തടിച്ചും വ്രണങ്ങൾ തുറന്നു കാണിച്ചും ഈ ടിക്കററില്ലാത്ത യാത്രക്കാർ ഞങ്ങ ളെ ശല്യപ്പെടുത്തി. ഒടുവിൽ ഏതോ ഒരു സ്റ്റേഷനിൽ വെച്ചു റെയിൽവേ അധികാരികളുടെ സഹായത്തോടെ അവരെയെല്ലാം ഇറക്കിവിട്ടു. വണ്ടി വീണ്ടും ഇളകു മ്പോൾ ചാടിക്കയറാതെ കതകും ജനലുമെല്ലാം അടച്ചു കുററിയിട്ടു. നെടുതായൊന്നു നിശ്വസിച്ചുകൊണ്ടു നര വംശശാസ്ത്രജ്ഞൻ ചോദിച്ചു: ''ഈ യാചകവൃത്തിയുടെ കാരണമെന്താണ്?'' ഞങ്ങൾ രണ്ടു മൂന്നു പേർ ഒരുമി ച്ച് ഉത്തരക്ഷണത്തിൽ മറുപടിപറഞ്ഞു: ''സാമ്പത്തി കം! അല്ലാതെന്ത്?'' പുച്ഛവും അനുകമ്പയും സ്ഫുരിക്കുന്ന ഒരു പുഞ്ചിരിയോടെ അദ്ദേഹം ഞങ്ങളെ നോക്കി. ''കഷ്ടം! നിങ്ങൾ വഞ്ചിതരായിരിക്കുന്നു. എവിടെയും കേൾക്കുന്ന ഈയൊരു മുദ്രാവാക്യം നിങ്ങളുടെ ബുദ്ധി യെ അന്ധമാക്കിയിരിക്കുന്നു. ഇതിൻെറ കാരണം സാ മ്പത്തികമല്ല. ഒരു ദശാബ്ദത്തിലധികം ഞാൻ ഈ രാ ജ്യത്തെ ആദിവാസികളുടെയും ഗിരിവർഗ്ഗക്കാരുടെയും ഇടയ്ക്കു ജീവിച്ചവനാണ്. അവരുടെ സുഖത്തിലും ദുഃഖ ത്തിലും ഞാൻ പങ്കുകൊണ്ടിട്ടുണ്ട്. സുഖമെന്നതുപോലെ ദുഃഖവും ഞാൻ ഓർക്കുന്നു. അവരുടെ ദാരിദ്ര്യവും ദുരിത ങ്ങളും നിങ്ങളിൽ പലർക്കും ഊഹിക്കുവാൻകൂടി കഴിയാ ത്തവണ്ണം ഭയാനകമാണ്. അവരെപ്പോലെ കഷ്ടതയനു ഭവിക്കേണ്ടിവരുന്നവർ ഈ ലോകത്തിൽ വേറെയുണ്ടെ ന്നു തോന്നുന്നില്ല. എങ്കിലും ഒരു ആദിവാസി ഒരിക്കലും

Digitized by Kerala Sahitya Akademi

യാചിയ്ക്കുകയില്ല. പരിഷ്കൃതമനുഷ്യനുമായുള്ള സമ്പക്കം ഉണ്ടായില്ലെങ്കിൽ ഇരക്കുക എന്നാൽ എന്തെന്നുപോലും അവൻ അറിയുകയില്ല. ഇല്ല, പട്ടിണി കിടന്നു് തന്നെ മരിച്ചാലും അവൻ യാചിക്കുകയില്ല. അവരോടു താരതമ്യപ്പെടുത്തുമ്പോരം നാം കണ്ട ഇരപ്പാളികരം കുബേരന്മാരാണ്. പിന്നെ എന്തിനിങ്ങിനെ സാമ്പത്തികമെന്നു പറഞ്ഞു നിങ്ങളെത്തന്നെ കബളിപ്പിയ്ക്കുന്നു. ഇതിൻെറ കാരണം സാമ്പത്തികമല്ലാ സാംസ്കാരികമാണ്.''

ഭിക്ഷകൊടുക്കുന്നതു പുണ്യമാണെന്നും പുണ്യമായതുകൊണ്ടു ചോദിച്ചാൽ കിട്ടുമെന്നും ഉള്ള, ശുദ്ധമേ സാംസ്കാരികമായ, സങ്കല്പത്തിൽനിന്നാണ് ഈ ദുരാചാരത്തിൻെറ ഉത്ഭവം. ഇന്നു അത് ഒരു പൗരധമ്മമായിത്തീന്നിട്ടുണ്ടെന്നുതന്നെ പറയാം. യാചിച്ചാൽ കൊടുക്കാതിരിയ്ക്കുന്നതു ശിക്ഷാഹമല്ലെങ്കിലും യാചിയ്ക്കുവാനുള്ള അവകാശത്തെ ഒരു നീതിപീഠവും നിഷേധിയ്ക്കുമെന്നു തോന്നുന്നില്ല.

സകല പ്രശ്നങ്ങരംക്കും സാമ്പത്തികകാരണങ്ങരം ആരോപിച്ചു തുടങ്ങിയാൽ ഇതുപോലെയുള്ള അമളി പററുവാൻ എളുപ്പമുണ്ട്. സദാചാരബോധത്തിനുണ്ടാകുന്ന ശിഥിലീഭാവവും ദുമ്മാഗ്ഗവാസനകളുടെ വിജൃംഭണവും സാമ്പത്തികകാരണങ്ങളാൽ സംഭവിയ്ക്കുന്നതാണെന്ന വാദം അടിസ്ഥാനരഹിതമാകുന്നു. സ്റ്റോക്ക്ഹോമിൽ സമ്പത്തിൻെറ ആധിക്യംകൊണ്ടും കല്ക്കട്ടയിൽ അതിൻെറ കുറവുകൊണ്ടുമാണ് അധമ്മം തഴയ്ക്കുന്നതെന്നു പറയുമ്പോരം നാം അത്ഥശാസ്ത്രത്തെ വളരെയധികം വലിച്ചുനീട്ടുകയാണ് ചെയ്യുന്നത്. അല്പം ആഴത്തിലേയ്ക്കു കടന്നു ചിന്തിച്ചാൽ ഈ പ്രതിഭാസങ്ങളുടെ യഥാത്ഥകാരണം സാംസ്കാരികമല്ലാതെ മററൊന്നുമല്ലെന്നു മനസ്സിലാകും.

Digitized by Kerala Sahitya Akademi

ആഭ്യന്തര സംസ്കാരത്തിൻെറ സന്ധിബന്ധങ്ങൾ ഇളകിപ്പോകുന്നതുകൊണ്ടാണ് ഈ വൈകൃതങ്ങൾ സംഭവിക്കുന്നത്. ഉള്ളിലേയ്ക്കു നോക്കുമ്പോൾ എങ്ങും ഒരു പ്രകാശവുമില്ലാതെ ആകെ ഇടിഞ്ഞുപൊളിഞ്ഞ് താറുമാറായിക്കിടക്കുന്ന കാട്ടുകിണററിലെ കൂരിരുട്ടമാത്രമാണ് ഈ ദുർമ്മാർഗ്ഗികൾ കാണുന്നത്. അകത്തുനിന്ന്, ആത്മാവിൽനിന്ന്, ലഭിയ്ക്കേണ്ട അന്തിമസംതൃപ്തികൾ അവക്കു ലഭ്യമല്ല. പുറമെ നോക്കുമ്പോൾ ക്ഷണികവും ഭംഗുരവും അയഥാർത്ഥവുമായിത്തോന്നുന്ന മനുഷ്യജീവിതത്തിനു വല്ല വിലയും കിട്ടുന്നതു ഉൾക്കാഴ്ചയിൽനിന്നു മാത്രമാണ്. മനുഷ്യരാശിയിൽ ഭൂരിപക്ഷത്തിനും ഇതിനുള്ള കഴിവ് ഇന്ന് അതിമാത്രം ക്ഷയിച്ചിരിയ്ക്കുകയാണ്. മൃഗതൃഷ്ണകൾ പോലെ അടുത്തമാത്രയിൽ മിഥ്യയായിത്തീരുന്ന ഐഹികസുഖങ്ങൾക്കുവേണ്ടി അവർ പരക്കംപാഞ്ഞു നടക്കുന്നു. ലോകചരിത്രത്തിൽ വളരെ, വളരെ കാലം മതവിശ്വാസത്തിലൂടെയാണ് മനുഷ്യവർഗ്ഗം ഈ ഉൾക്കാഴ്ചയും ആഭ്യന്തര സംസ്കാരവും നേടിയിരുന്നത്. ഈ മാർഗ്ഗത്തിൽ ബഹുദൂരം സഞ്ചരിച്ചു മഹാവിജയങ്ങൾ നേടിയ അപൂർവ്വവ്യക്തികളെ ആദർശപുരുഷന്മാരായും മാർഗ്ഗദീപങ്ങളായും അന്നത്തെ ജനങ്ങൾ കരുതിപ്പോന്നു. ഈ മഹാത്മാക്കൾ സൂര്യായുതസമപ്രഭമായ ഒരു ആന്തരചൈതന്യത്തെപ്പററി ആത്മാർത്ഥതയോടും അനുഭവബോധത്തോടുംകൂടി പറഞ്ഞു കേൾപ്പിച്ചപ്പോൾ അതിൻെറ അസ്തിത്വത്തിൽ അവർ വിശ്വസിച്ചു; അതിൻെറ കിരണങ്ങൾ അവരും ദർശിച്ചു. ജീവിതം വിലയുള്ളതാണെന്നും മനുഷ്യനായി ജനിയ്ക്കുന്നതു മഹാഭാഗ്യമാണെന്നും, ജീവിതത്തിൽനിന്നു സാരവത്തുക്കളായ സാഫല്യങ്ങൾ സിദ്ധിയ്ക്കുവാനുണ്ടെന്നും അവക്കു ബോദ്ധ്യമായി. പക്ഷെ പില്ക്കാലത്ത് അനുഭവബോധവും ആത്മാർത്ഥതയും ആദ

Digitized by Kerala Sahitya Akademi

ശ്ശുദ്ധിയും ഇല്ലാത്തവർ ആചാര്യസ്ഥാനം സ്വീകരിച്ച തുകൊണ്ടായിരിയ്ക്കാം, ഈ വിശ്വാസങ്ങരം ക്ഷയിച്ചപോയി. മതവും അതിൻെറ അടിസ്ഥാനമായ അത്ഭുതാനുഭൂതികളും വെറും പൊള്ളയായ ആചാരങ്ങളായി അധഃപതിച്ചു. ഹോമം കഴിച്ചതുകൊണ്ടും പള്ളിയിൽ പോയതുകൊണ്ടും കരിന്തിരി കത്തുന്ന അദ്ധ്യാത്മദീപത്തെ പ്രോജ്ജ്വലിപ്പിയ്ക്കുവാൻ സാദ്ധ്യമല്ലാതായി. ക്രമേണ ഈ ചടങ്ങുകളിലും മനുഷ്യക്കു താല്പര്യം നശിച്ചു. ഈ ഘട്ടത്തിലാണ് ആധുനികശാസ്ത്രത്തിൻെറ ആവിർഭാവം. പ്രതിഭാസങ്ങളുടെ പിന്നിലേയ്ക്കും പ്രപഞ്ചബോധത്തിൻെറ അടിയിലേയ്ക്കും ഒരു നവ്യദശ്നം അതിലൂടെ സാദ്ധ്യമാണെന്നു മനുഷ്യൻ മനസ്സിലാക്കി. മിഥ്യയെ തുളച്ചുകടക്കുന്നതിനും വൈവിദ്ധ്യത്തിനടിയിൽ ഏകഭാവം കണ്ടെത്തുന്നതിനും ഉപകരിയ്ക്കുന്ന യത്നം എപ്പോഴും മനുഷ്യചിത്തത്തെ രസിപ്പിയ്ക്കുന്നതാണ്. ചിരന്തനമായ സംതൃപ്തികരം ലഭിയ്ക്കുമെന്നുള്ള പ്രതീക്ഷ ഈ യത്നത്തിൽ അന്തർലീനമായിരിയ്ക്കുന്നു. വാസ്തവത്തിൽ ഈ പ്രതീക്ഷതന്നെയാണ് അതിൻെറ പ്രചോദനം. കഴിഞ്ഞ രണ്ടു മൂന്നു നൂററാണ്ടുകരംക്കിടയിൽ ശാസ്ത്രം ഇങ്ങിനെയുള്ള ഒരു മഹായത്നമായി വളൎന്നിരിയ്ക്കയാണ്. ഖനിപ്രദേശത്തു വൽകസൗധങ്ങരംപോലെ, അതിനെ ആശ്രയിച്ചു വിപുലങ്ങളും വിശേഷതരങ്ങളുമായ തത്ത്വജ്ഞാനങ്ങളും ഉണ്ടായിട്ടുണ്ട്.

ശാസ്ത്രത്തിൻെറ നേട്ടങ്ങരം ജീവിതത്തിൻെറ ബാഹ്യഭാവങ്ങളെ മുഴുവൻ മാററുവാൻ ഇതിനകം തന്നെ ശക്തമായിട്ടുണ്ടെങ്കിലും, ചിരപ്രതീക്ഷിതമായ ആ ഉരംക്കാഴ്ചയും സംതൃപ്തികളും ആഭ്യന്തരസംസ്കാരവും അതിൽനിന്ന് മനുഷ്യരാശിയ്ക്കു് ഇനിയും ലഭിച്ചിട്ടില്ല. അടിസ്ഥാനതത്ത്വങ്ങളും പ്രപഞ്ചനിയമങ്ങളും കണ്ടെത്തിയിട്ടുള്ളതാ

Digitized by Kerala Sahitya Akademi

യി ശാസ്ത്രജ്ഞന്മാർ അവകാശപ്പെടാറുണ്ട്. പക്ഷെ ഈ ഉപദൎശനങ്ങളും തജ്ജന്യമായ അനുഭൂതികളും അവയുടെ അധികാരികളായ ശാസ്ത്രജ്ഞന്മാരുടെ ജീവിതത്തിൽ പോലും സവിശേഷമായ ധന്യതയൊന്നും കലൎത്തിയതായി നാം കാണുന്നില്ല. അവരുടെ അകത്തുള്ള ലോകം അണയാത്ത പ്രകാശത്താൽ നിറഞ്ഞു കവിയുന്നതായി അവർ പോലും പറയുന്നില്ല. എന്നുതന്നെയല്ല ഏററവും വലിയ ശാസ്ത്രജ്ഞന്മാർ പോലും മദമാത്സര്യാദി മൃഗീയതകൾക്കും ഇടുങ്ങിയ വീക്ഷണഗതിക്കും, ക്ഷുദ്ര പാമരന്മാരെപ്പോലെ തന്നെ, വിധേയരാണെന്നു കഴിഞ്ഞ രണ്ടു മഹായുദ്ധങ്ങൾ തെളിയിക്കുകയും ചെയ്തിരിക്കുന്നു. ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നില്ല.

മതാനുഭൂതികളുടെ സുവൎണ്ണദശയിൽ മാനവസമുദായം മുഴുവനും തന്നെ അത്യത്ഭുതകരവും തേജോമയവുമായ ഒരു സത്താലോകത്തെ അംഗീകരിക്കുകയും ആരാധിക്കുകയും ആയുരന്ത്യംവരെ പിൻതുടരുകയും ചെയ്തിരുന്നു. എത്ര ശതമാനത്തിനു അതിനെ സ്വായത്തമാക്കുവാൻ സാധിച്ചു എന്നുള്ളത് മറെറാരു കാര്യമാണ്. അതിവിടെ ചിന്തിക്കുന്നില്ല. ജിജ്ഞാസയുടെ പ്രാപ്യസ്ഥാനമായി, അന്വേഷണത്തിന്റെ അവസാനത്തെ വിശ്രമവേദിയായി, ജീവിതത്തിന്റെ സാരസൎവ്വസ്വമായി, സഫലീകരണമായി, ഏതോ ഒന്നിനെ മനുഷ്യവൎഗ്ഗം പൊതുവിൽ അന്ന് അംഗീകരിച്ചിരുന്നു എന്ന വസ്തുതയാണ് ചൂണ്ടിക്കാണിക്കുന്നത്. അന്ധവിശ്വാസമെന്നും അജ്ഞതയെന്നും പറഞ്ഞ് ആധുനികലോകം പുച്ഛിക്കുന്ന ഈ മനോഭാവം മറെറാന്നും നേടിയില്ലെങ്കിലും മനുഷ്യത്വത്തെ സംരക്ഷിച്ചു എന്നു സമ്മതിച്ചേ തീരൂ. മൂന്നു നൂററാണ്ടുകാലത്തെ മഹോദ്യമത്തിനുശേഷവും ഇതിനു തുല്യമായ ഒരു മനോഭാവമോ വിശ്വാസമോ മനുഷ്യരിൽ ജനിപ്പിക്കുവാനും വളൎത്തുവാനും ശാസ്ത്രത്തി

Digitized by Kerala Sahitya Akademi

ന സാധിച്ചിട്ടില്ല. അനന്തമായ പുരോഗതി എന്നൊരു മരുജലഭ്രാന്തിയാണ് അത് ഈ ഇരുകാലിമാടുകൾക്ക് നൽകിയിരിക്കുന്നത്. പ്രപഞ്ചം ചുരുക്കം ചില ജാതി പരമാണുക്കളെക്കൊണ്ടാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നതെന്നും, ഈ പരമാണുക്കൾ തന്നെയും അവയുടെ പ്രവർത്തനോപാധികളായ സ്ഥലകാലങ്ങളും എല്ലാം മിഥ്യയാണെന്നും, ഇവ ജനിപ്പിക്കുന്ന ബോധപരമ്പരകളെ നിർവ്വചനം ചെയ്യുന്ന ഗണിതസൂത്രങ്ങൾ മാത്രമാണ് പരമമായ സത്യമെന്നും ശാസ്ത്രജ്ഞന്മാർ പറയുമ്പോൾ ആരും അവരെ അവിശ്വസിക്കുന്നില്ല. പക്ഷെ ശാസ്ത്രലോകത്തിലെ ഭീഷ്മ പിതാമഹനായ ഐൻസ്റ്റൈന്റെ അന്തരംഗത്തിൽ പോലും ഈ ഗണിതസൂത്രങ്ങൾക്ക്—അതായത്, ശാസ്ത്രദ്വാരാ ലഭിക്കാവുന്ന ഏററവും വലിയ ജ്ഞാനത്തിന്—മുമ്പു പറഞ്ഞ ആ സാഫല്യത്തിന്റെയും അന്തിമലക്ഷ്യത്തിന്റെയും സ്ഥാനം ലഭിച്ചിരുന്നു എന്ന്, ആരു വിശ്വസിച്ചാലും, ഞാൻ വിശ്വസിക്കുകയില്ല. അദ്ദേഹത്തെ ബഹുമാനിക്കാത്തതുകൊണ്ടല്ല,—മഹർഷിതുല്യനായിരുന്ന ആ മഹാത്മാവിനെ ആരാണ് ബഹുമാനിക്കാത്തത്—ശാസ്ത്രത്തിലൂടെ കൈവരുന്ന ക്രാന്തദർശനത്തിന്റെ സ്വഭാവം ഭിന്നമാണെന്നുള്ളതുകൊണ്ടാണ്. അതു ബുദ്ധിപരമാണ്, ഭാഗികമാണ്, അന്തിമമെന്നും അപ്പുറമില്ലാത്തതെന്നും ഉള്ള അനുഭൂതി ജനിപ്പിക്കാത്തതാണ്. അതിന്റെ വെളിച്ചം തീക്ഷ്ണമാണെങ്കിലും ജീവിതത്തിന്റെ ഒരു കോണിൽ മാത്രമെ വീഴുന്നുള്ളു. ശാന്തിയാകട്ടെ ശാശ്വതമായ സംതൃപ്തിയാകട്ടെ അതിൽനിന്നു് ലഭിക്കുന്നില്ല. അതു സാധാരണക്കാരിൽനിന്ന് അടിക്കടി അകന്നുപോകുന്നു. അതിന്റെ ചെറിയൊരു പ്രതിഫലനംപോലും അവൻ കാണുന്നില്ല. അവനിലുള്ള അനുകരണവാസനയെ ഉണർത്തുന്ന ജീവിതമാതൃകകൾ അതു നിർമ്മിക്കു

Digitized by Kerala Sahitya Akademi

ന്നില്ല. ''ഒരു കുട്ടമാളുകഠം ഏതോ സങ്കല്പങ്ങളെ ആസ്പ്ദമാക്കി എന്തൊക്കെയോ ചെയ്യുന്നു. അതിൽനിന്ന്, ദൈനംദിന ജീവിതത്തിന് പ്രയോജനകരമായ പലതും ലഭിയ്ക്കുന്നു. കൃഷിയും കച്ചവടവും പോലെ ഇതും ആവശ്യമാണ്. ഫലം നന്നായിരുന്നാൽ ഇതിനുവേണ്ടി ചെയ്യുന്ന ഉദ്യമവും നല്ലതുതന്നെ.'' ഇതാണ് സാധാരണ ജനങ്ങഠംക്ക ശാസ്ത്രത്തിൻെറ നേക്കുള്ള മനോഭാവം. ഇത് ഈയ്യിടെ ഉണ്ടായതാണ്. അതിൽ മോഹഭംഗം നിഴലിയ്ക്കുന്നുണ്ട്. ആധുനികശാസ്ത്രത്തിൻെറ ആരംഭകാലത്തു മനുഷ്യചിത്തം അതിൽ നിക്ഷേപിച്ച അടിസ്ഥാനപരമായ ആശകളൊന്നും സഫലമായിട്ടില്ലെന്നാണ് ഇന്നത്തെ ഈ മനോഭാവം തെളിയിയ്ക്കുന്നത്. തനിയ്ക്ക് ഒരു പുരുഷായുസ്സുകൂടി ലഭിയ്ക്കുകയും, വീണ്ടും ജീവിതം ആരംഭിയ്ക്കുവാൻ അവസരമുണ്ടാവുകയും ചെയ്താൽ താൻ ഒരു ശാസ്ത്രജ്ഞനാവുകയില്ലെന്നും ഒരു ചെരുപ്പുകുത്തിയോ മററോ ആയി കാലം കഴിയ്ക്കുവാനേ ശ്രമിയ്ക്കുകയുള്ളു എന്നും ഐൻസ്റ്റൈൻ തൻെറ ജീവിതസായാഹ്നത്തിൽ ചെയ്ത പ്രസ്താവനയിൽ (അതു മററൊരു സന്ദർഭത്തിൽ ചെയ്തതാണെങ്കിലും) ഇപ്പറഞ്ഞ മോഹഭംഗം നിറഞ്ഞു നില്ക്കുന്നതായി ഞാൻ കരുതുന്നു.

ഇങ്ങിനെ നോക്കിയാൽ ആഭ്യന്തരസംസ്കാരത്തെ അഭ്യുദ്ധരിയ്ക്കുന്നതിനുള്ള ഉപായങ്ങളില്ലാതെ മനുഷ്യവർഗ്ഗം ഇന്ന് വിഷമിയ്ക്കുകയാണെന്നു കാണാം. സകല പ്രതീക്ഷകളും ശാസ്ത്രത്തിൽ സമർപ്പിച്ച പാശ്ചാത്യലോകത്താണ് ഈ വൈഷമ്യം അതിൻെറ തീവ്രഭാവത്തിൽ പ്രത്യക്ഷപ്പെടുന്നത്. മതാനുഭൂതിയുടെ മധുരസ്മരണകഠം മാഞ്ഞുപോവുകയും ശാസ്ത്രത്തിലൂടെ നാമ്പു നീട്ടിയ തത്ത്വജിജ്ഞാസ നിഷ്ഫലമായിക്കലാശിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. പൌരസ്ത്യജനങ്ങഠം ഇതിൽ രണ്ടാമതു പറഞ്ഞ മോഹ

Digitized by Kerala Sahitya Akademi

ഭംഗം ഇനിയും അനുഭവിയ്ക്കാനിരിയ്ക്കുന്നതേയുള്ളൂ. ആദ്യത്തെ അനുഭവം അവക്കും ഉണ്ടായിക്കഴിഞ്ഞു. എങ്കിലും ഇടക്കാലത്തു പാശ്ചാത്യദേശത്തുണ്ടായതുപോലെ അത്ര സാർവ്വത്രികമായിട്ടില്ല. നഗരവാസികളുടെ ഇടയിൽനിന്നു മാത്രമേ ആ പഴയ അനുഭൂതികൾ നിശ്ശേഷം മാഞ്ഞുപോയിട്ടുള്ളൂ. ഗ്രാമങ്ങളിലും നാട്ടിൻപുറങ്ങളിലും ചില സ്മരണകളെങ്കിലും തങ്ങിനില്ക്കുന്നുണ്ട്. സാധുക്കളും സാധാരണജനങ്ങളും അവയെ ബഹുമാനിയ്ക്കുന്നുമുണ്ട്. വൻപിച്ച ജനസമൂഹങ്ങളെ വർഷസഹസ്രങ്ങളായി സംതൃപ്തരാക്കിപ്പോന്ന വർഗ്ഗാനുഭൂതികളായതുകൊണ്ടാണ് അവയ്ക്കിത്ര അടിയുറപ്പുണ്ടായത്. പക്ഷെ ഇതെല്ലാം മായ്ച്ചുകളയുന്നതിനുള്ള അശ്രാന്തയത്നം തുടങ്ങിയിരിയ്ക്കുകയാണ്. പഴയ ചിന്താഗതികൾ വെടിയണമെന്നും, ശാസ്ത്രീയമനോഭാവം കൈവരിയ്ക്കണമെന്നും ഉള്ള ആഹ്വാനം മഞ്ഞനദി മുതൽ നീലനദിവരെ മുഴങ്ങിക്കൊണ്ടിരിയ്ക്കുന്നു. വിളവു വർദ്ധിപ്പിയ്ക്കണമെന്നും വിദ്യുച്ഛക്തി ഉപയോഗിയ്ക്കണമെന്നും രോഗബാധയെ നിവാരണം ചെയ്യണമെന്നും മററുമാണ് ഈ ഉൽബോധനങ്ങളുടെ അർത്ഥമെങ്കിൽ അതേപ്പററി ആർക്കും എതിരഭിപ്രായമില്ല. ഇതെല്ലാം നല്ലതാണ്; വേണ്ടതാണ്. പക്ഷെ ഇതിൽ കൂടുതലായ അർത്ഥം ഈ ആഹ്വാനങ്ങൾക്കുണ്ട്. ഈ പരിപാടികളോടൊപ്പം അവയുടെ തത്വജ്ഞാനവും സ്വീകരിയ്ക്കണമെന്ന് വിവക്ഷയുണ്ട്. ഈശ്വരവിശ്വാസത്തിനു പകരം ഇലക്ട്രോൺ വിശ്വാസം സ്വീകരിയ്ക്കണമെന്നാണ് പരോക്ഷമായെങ്കിലും നിർദ്ദേശിക്കപ്പെടുന്നത്. വികസനപദ്ധതികളുടേയും രാഷ്ട്രസംവിധാനങ്ങളുടേയും പരിവർത്തനങ്ങളുടേയും വിപ്ലവങ്ങളുടേയും എല്ലാം അടിയിൽ ഇങ്ങിനെയൊരു ഉദ്ദേശം പതുങ്ങിയിരുപ്പുണ്ട്. ഇതു കണ്ടിട്ടാണ് ചിന്താശീലമുള്ളവർ പ്രതിഷേധിയ്ക്കുന്നത്. കേ

Digitized by Kerala Sahitya Akademi

വലം മൂന്നു നൂററാണ്ടിനുള്ളിൽ ജന്മഭൂമിയിൽ തന്നെ തിരസ്കൃതമായിരിയ്ക്കുന്ന ഒരു തത്ത്വജ്ഞാനമാണിത്. അതെന്തിന് നമ്മുടെ ജനങ്ങളിൽ അടിച്ചേല്പിയ്ക്കുന്നു? കൂനിന്മേൽ കുരുവെന്നപോലെ രണ്ടാമത്തെ മോഹഭംഗത്തിനു കൂടി വഴിതെളിയിയ്ക്കുന്നതെന്തിന്? ഐഹികമായ അഭിവൃദ്ധി ആവശ്യം തന്നെയെങ്കിലും ആഭ്യന്തരങ്ങളായ അന്തിമസംതൃപ്തികളേയും ചിരപരീക്ഷിതങ്ങളും ആദ്ധ്യാത്മികങ്ങളുമായ അവലംബങ്ങളേയും ഹനിയ്ക്കുന്ന രീതിയിൽ അതു നേടുന്നത് ആപല്ക്കരമാകുന്നു.

കാലം ചെല്ലുംതോറും കൂടിക്കൂടി വരുന്ന, തുടച്ചയായി ഉത്തരോത്തരം വളരുന്ന, ജ്ഞാനത്തെയാണ് ശാസ്ത്രം അന്വേഷിയ്ക്കുന്നത്. അതു നിർമ്മിയ്ക്കുന്ന അനുഭൂതിമണ്ഡലം കാലത്തിന്നധീനമാണ്. ഇന്നലെ, ഇന്ന്, നാളെ എന്നീ ഉപാധികൾക്കനുസരണമായി അതു വ്യത്യാസപ്പെടുന്നു; അല്ലെങ്കിൽ ·വളരുന്നു. ആദ്ധ്യാത്മികമായ അനുഭൂതികളിലൂടെ നാം കണ്ടെത്തുന്ന ലോകം ഇങ്ങിനെയുള്ളതല്ല. അത് കാലത്തിന്നതീതമാണ്. ശാശ്വതവും മാററമില്ലാത്തതുമാണ്. വളരാത്തതാണ്. ഇതു കേൾക്കുമ്പോൾ അതിനു എന്തോ പോരായ്മയുണ്ടെന്നു തോന്നിപ്പോകും. വളരാത്തതെല്ലാം നിശ്ചേതനമാണെന്നും നിഷിദ്ധമാണെന്നും ഉള്ള സാധാരണധാരണയിൽനിന്നാണ് ഈ തോന്നലുണ്ടാകുന്നത്. പക്ഷെ വളരുന്നതെല്ലാം നശിയ്ക്കുന്നതുമാണെന്ന പരമാർത്ഥം മനസ്സിലാക്കിയാൽ ഈ അഭിപ്രായം മാറിപ്പോകും. മഹാനിർവ്വാണസമയത്തു ശ്രീബുദ്ധൻ, പൊട്ടിക്കരയുന്ന ആനന്ദനോടു പറഞ്ഞ വാക്കുകൾ ഓർമ്മിയ്ക്കുക. ''കൂട്ടിച്ചേർത്തുണ്ടാക്കപ്പെട്ട വസ്തുക്കളെല്ലാം നശിയ്ക്കും; നിങ്ങൾ ജാഗരൂകരായി പ്രയത്നിച്ചു നിർവ്വാണമടയുക.'' കാലത്തിനു വെളിയിലുള്ളതും, അക്കാരണത്താൽ നാശമി

Digitized by Kerala Sahitya Akademi

ല്ലാത്തതുമായ അത്ഭുതസത്തയാണ് അദ്ധ്യാത്മജ്ഞാനത്തി ൻെറ ആസ്പദം. അനുനിമിഷം മാറിക്കൊണ്ടിരിയ്ക്കുന്ന ഐഹികജീവിതത്തിന്ന് അത് അനുഭവൈകവേദ്യമായ അടിയുറപ്പു നൽകുന്നു. യാത്രക്കാരിൽനിന്ന് ഓടിമറയു ന്നതായിത്തോന്നുന്ന ചുററുപാടുകരംക്കു പിന്നിൽ വിദൂര മായ പർവതപങ്ക്തിപോലെ, അതു ജീവിതത്തിൻെറ നശ്വരഭാവങ്ങരംക്കു നിശ്ചലമായ പശ്ചാത്തലമായി വ ർത്തിയ്ക്കുന്നു. ഈ അടിയുറപ്പും പശ്ചാത്തലവും മനുഷ്യരാശി യ്ക്കു വിഭവസമൃദ്ധിയേയും അഭിവൃദ്ധിയേയുംകാരം ആവ ശ്യമാണെന്നാണ് ചരിത്രം തെളിയിയ്ക്കുന്നത്. അവയെ പ്പററിയുള്ള ബോധത്തിലും ബഹുമാനത്തിലും നിന്നുമാത്ര മേ നന്മ ജനിയ്ക്കുകയുള്ളു; ധർമ്മം പുലരുകയുള്ളു. ഈ മഹാ ത്സ്യമാണ്, ലോകം മുഴുവൻ നേടുകയും ആത്മാവ് നഷ്ട പ്പെടുകയും ചെയ്യുന്നവനെപ്പററി പറഞ്ഞപ്പോരം ക്രിസ്തുഭഗ വാൻ മനുഷ്യരാശിയെ അനുസ്മരിപ്പിച്ചത്. വിപുലവും ഗംഭീരവുമായ ഒരു ലോകചരിത്രഗ്രന്ഥത്തിൻെറ കർത്താ വായ ആർനരംഡ് ടോയൻബീ എന്ന വിശ്രുതപണ്ഡിത ൻെറ അഭിപ്രായത്തിൽ, ശാസ്ത്രപുരോഗതിയിൽ അധി ഷ്ഠിതമായ പാശ്ചാത്യപരിഷ്കാരം ഇത്രയും കാലം നില നിന്നത് അതിന്നു സ്വായത്തമായ ശക്തികൊണ്ടൊന്നുമല്ല; അതിനെ സൃഷ്ടിച്ച ജനസമുദായത്തിൻെറ അന്തരംഗ ത്തിൽ അലിഞ്ഞുചേൎന്നിട്ടുള്ള ക്രൈസ്തവധർമ്മത്തിൻെറ ചൈതന്യവിശേഷംകൊണ്ടാണ്. ഇവയിൽ ശാസ്ത്രത്തെ മാത്രം സ്വീകരിയ്ക്കുകയും ക്രൈസ്തവധർമ്മത്തെ മനഃപൂർവ്വം പരിത്യജിയ്ക്കുകയും ചെയ്തിരിയ്ക്കുന്ന റഷ്യൻജനതയുടെ ഭാ വി എന്തായിരിയ്ക്കുമെന്നു കണ്ടുതന്നെ അറിയണമെന്നും അദ്ദേഹം പറയുന്നു. കമ്യൂണിസ്ററുകളെപ്പോലെ മനഃപൂ ർവ്വം ചെയ്യുന്നതല്ലെങ്കിലും മററു പാശ്ചാത്യജനങ്ങളും അദ്ധ്യാ ത്മജ്ഞാനത്തെ കൈവെടിഞ്ഞിരിയ്ക്കുന്നതായിട്ടാണ് അ

Digitized by Kerala Sahitya Akademi

നഭവേത്തിൽ കാണുന്നത്. അതിൻെറ സ്ഥാനത്തു ശാസ്ത്ര ത്തെ അവരോധിച്ച് അവർ അനന്തമായ പുരോഗതിയെ ആരാധിച്ചുകൊണ്ടിരിയ്ക്കുന്നു.

''ഒരു പുതിയ പാശ്ചാത്യസംസ്കാരത്തെ സൃഷ്ടിച്ച തോടുകൂടി ക്രിസ്തുമതം അതിൻെറ ജീവിതോദ്ദേശ്യം സാധിച്ചുകഴിഞ്ഞു എന്നാണ് ഇന്നത്തെ പാശ്ചാത്യമനുഷ്യൻ വിചാരിയ്ക്കുന്നത്. പഴയ ക്രൈസ്തവപാരമ്പര്യത്തെ പരിത്യജിച്ചു മതേതരമായ നവീനപാശ്ചാത്യ ജീവിതരീതി സ്വീകരിച്ചതാണ് ലോകഗതിയിലെ ഏററവും വലിയ സംഭവമെന്നും ആയാറം കരുതുന്നു........പക്ഷെ ഇതു നമു ൨൪ മുമ്പു ഗ്രീക്കുകാർ സാധിച്ചു എന്നുതന്നെയല്ല, ഏററവും ഭംഗിയായി സാധിയ്ക്കുകയുംചെയ്ത ഒരു പരിവത്തനത്തിൻെറ ആവത്തനം മാത്രമാണ്............

ശാസ്ത്രം മനുഷ്യഹൃദയത്തിൽനിന്നു ശ്രേഷ്ഠമതങ്ങളെ നിഷ്കാസനം ചെയ്യുവാൻ ശക്തമാവുകയാണെങ്കിൽ അതിനു, നീചമതങ്ങരം, ആ സ്ഥാനം കൈവശപ്പെടുത്തുന്നതു തടയുവാൻ കഴിയാതെവരും............പതിനേഴാം നൂററാണ്ടിൽ ശാസ്ത്രം ഗവേഷണത്തിനുള്ള സ്വാതന്ത്ര്യം മതസഭകളോടു മല്ലടിച്ചു പിടിച്ചെടുത്തു. എന്നിട്ട്, ഇന്നിതാ, ഇരുപതാം നൂററാണ്ടിൽ അതു പ്രസ്തുത സ്വാതന്ത്ര്യത്തെ രാഷ്ട്രത്തിനു് അടിയറവെച്ചിരിയ്ക്കുന്നു.''

(ടോയൻബീ· ചരിത്രത്തിൻെറ ഒരു പഠനം. വാല്യം vii)

പൌരസ്ത്യജനങ്ങരംക്ക്, ഭാരതീയക്കെങ്കിലും ധമ്മനിർമ്മുക്തമായ ഈ ഐശ്വര്യവാഞ്ഛ ഉണ്ടാകാതിരിയ്ക്കുമെങ്കിൽ ഭാഗ്യമായി. മതത്തിൻെറ അധികാരവലയത്തിലേയ്ക്കും അന്ധമായ ആചാരപരിപാടികളിലേയ്ക്കും പ്രാചീനകാലത്തെ മൂഢതകളിലേയ്ക്കും മടങ്ങിപ്പോകണമെന്നുള്ള ആഗ്രഹമാണ് ഇതെന്നു തെററിദ്ധരിയ്ക്കുവാനിടയുണ്ട്.

Digitized by Kerala Sahitya Akademi

അതിനി സാധ്യമല്ലെന്ന് ആക്കാണ് അറിഞ്ഞുകൂടാത്തത്? പക്ഷെ ഇന്നും, എന്നും, സാധ്യമായുള്ള ഒരു സംഗതിയുണ്ട്. അതും ഒരു മടങ്ങിപ്പോക്കുതന്നെയാണ്. പൂർവ്വകാലത്തേയ്ക്കോ അന്യദേശത്തേയ്ക്കോ അല്ല. ഉള്ളിലേയ്ക്ക്, തന്നിലേയ്ക്ക്, കാലദേശാവധികളിൽനിന്നു നിർമുക്തവും നിത്യമുക്തവും പുരുഷാർത്ഥാത്മകവുമായ ബ്രഹ്മതത്ത്വത്തിലേയ്ക്ക്.

Digitized by Kerala Sahitya Akademi

3

# നിളാദേവി, നിത്യം നമസ്തേ!*

മഹാനദികളുടെ കരയ്ക്കാണ് സംസ്കാരകേന്ദ്രങ്ങൾ ആദ്യം ഉണ്ടായതെന്നു ചരിത്രകാരന്മാർ പറയുന്നു. അവരുടെ ദൃഷ്ടിയിൽ ഗതാഗതത്തിനും വ്യാപാരത്തിനും നദികൾ നല്കുന്ന സൗകര്യമാണ് ഇതിൻെറ രഹസ്യം. പക്ഷെ വാണിജ്യത്തിൻെറ അഭിവൃദ്ധിയും തന്മൂലമുണ്ടാകുന്ന സമ്പത്തുമല്ല സാക്ഷാൽ സംസ്കാരം; മനുഷ്യാത്മാവിൻെറ മഹാസിദ്ധികളാണ്. ഇവയെ കൈവരുത്തുന്നതിൽ നദീജലത്തിന് ഉള്ളതായിക്കാണുന്ന അത്ഭുതശക്തിയുടെ രഹസ്യമെന്തെന്ന് ആരറിഞ്ഞു? കവികളുടെ കാര്യത്തിലാണ് ഈ പ്രകൃതിവൈഭവം പ്രസ്പഷ്ടമായിക്കാണുന്നത്. വാല്മീകി 'തമോപഹന്ത്രി'യായ തമസാനദിയുടെയും, വ്യാസൻ 'ബ്രഹ്മനദി'യായ സരസ്വതിയുടെയും പോററുമക്കളായിരുന്നു എന്നു നമ്മുടെ ഇതിഹാസങ്ങൾ ഘോഷിയ്ക്കുന്നു. ഷേക്സ്പിയറുടെ അനശ്വരനാമം ആ

---

* ആ രംഗം സ്വമാച്ഛാദിതമഹഹ ചിരാൽ
കാലമാം ജാലവിദ്യ—
ക്കാരൻതൻ പിഞ്ഞരികോച്ചാലനമുലകിൽ വരു—
ത്തില്ല എന്തെന്തു മാററം?
നേരംപോക്കെത്ര കണ്ടു ഭവതിയിഹ പദം—
തോറും! എന്തൊക്കെ മേലിൽ
സ്വൈരംകാണും! പുരാണപ്രഥിതനദി, നിളാ—
ദേവി, നിത്യം നമസ്തേ!
(സാഹിത്യമഞ്ജരി; ഒന്നാം ഭാഗം)

Digitized by Kerala Sahitya Akademi

വൊൺനദിയുമായി അത്ഭുതകരമായ രീതിയിൽ ബന്ധപ്പെട്ടു നില്ക്കുന്നു. ഈ പാരമ്പര്യത്തിൻെറ പ്രത്യക്ഷദ്രഷ്ടാന്തമായി 'പുരാണപ്രഥിത'യായ ഭാരതപ്പുഴയുടെ തീരത്ത് എഴുപത്തിയൊൻപതു വഷം ജീവിച്ച മഹാകവി വള്ളത്തോളിൻെറ ഏകാഗ്രവും, ഏറക്കുറെ ഏകാന്തവും, ആയ സൗന്ദര്യോപാസനയും സമാപിച്ചു. അദ്ദേഹത്തിൻെറ മൃതദേഹം ആ നദീതീരത്തുതന്നെ സംസ്കരിച്ചത് ഏററവും ഉചിതമായി.

എവർതൻഗതജീവമായ ഗാത്രം
ശിവഗംഗാസഖി! നിങ്കലെത്തി വീഴും
അവരൊക്കെയമർത്ത്യരൂപരായി—
ദ്ദിവമേറും ധ്രുവമംബ! നിൻപ്രസാദാൽ.

എന്ന് എത്രയോ വഷം മുമ്പ് അദ്ദേഹം എഴുതിയതു സ്വന്തം കാര്യത്തിൽതന്നെ അന്വത്ഥമായിത്തീൎന്നു.

കേരള ലക്ഷ്മിയുടെ കാന്തിനദിയിൽ കാവ്യകലയെയും സഹൃദയലോകത്തെയും രണ്ടു തലമുറക്കാലം ആറാടിച്ച അദ്ദേഹത്തിൻെറ ജീവിതം ഏതുവിധത്തിൽ നോക്കിയാലും അനുഗൃഹീതവും അത്ഭുതകരവും ചൈതന്യപൂൎണ്ണവും ആയിരുന്നു എന്നു പറയാതെ തരമില്ല. ഭാരതപ്പുഴയുടെയും തിരൂർ—പൊന്നാനിപ്പുഴയുടെയും ഇടക്കു കിടക്കുന്ന ചേന്നര എന്ന നാട്ടിൻപുറത്താണ് അദ്ദേഹം ജനിച്ചത്. 'മൃതഭാഷയായ' സംസ്കൃതത്തിലും വെറുമൊരു നാട്ടുഭാഷയായ മലയാളത്തിലും പഴയ മട്ടിലുള്ള വിദ്യാഭ്യാസം മാത്രമെ അദ്ദേഹത്തിനു ലഭിച്ചുള്ളു. കേരളത്തിൽ മാത്രമല്ല, ഭാരതത്തിലും, പൗരസ്ത്യലോകത്തു മുഴുവൻതന്നെയും സാംസ്കാരികമായ ഒരു വഴിത്തിരിവുണ്ടായ കാലത്താണ് അദ്ദേഹം ഒരു കവിയായി രംഗപ്രവേശം ചെയ്തത്. പാശ്ചാത്യ ഭാഷകളുടെയും ആധു

Digitized by Kerala Sahitya Akademi

നികവിജ്ഞാനത്തിൻെറയും പെരുവെള്ളത്തള്ളലിൽ സമകാലീനരായ എത്രയോ യുവകവികളെപ്പോലെ അദ്ദേഹവും സാംസ്കാരികമായ പരാജയത്തെയും അപമൃത്യുവിനെയുമാണ് അന്നു അഭിമുഖീകരിച്ചത്. ശ്രേയസ്സിൻെറ കാര്യം പോകട്ടെ. നവീന വിദ്യാഭ്യാസത്തിൻെറ പ്രചാരത്തോടുകൂടി അതിലേയ്ക്കുള്ള മാർഗ്ഗം എന്നെന്നേയ്ക്കുമായി അടയ്ക്കപ്പെട്ടുപോയതുപോലെ അദ്ദേഹത്തിനു തോന്നിയിരിയ്ക്കണം. യശസ്സിൻെറ കാര്യംപോലും പരുങ്ങലിലായിരുന്നു. അതിൽ കാംക്ഷയില്ലാത്ത കവികളില്ലല്ലൊ. ഷെല്ലിയുടെയും ഷില്ലറുടെയും കീററ്സിൻെറയും കിപ്ലിംഗിൻെറയും ആനപ്പുറത്തെഴുന്നള്ളിപ്പിനിടയ്ക്ക് ഒരു നാട്ടുഭാഷാകവിയ്ക്ക് എന്തൊരു യശസ്സാണ് പ്രതീക്ഷിയ്ക്കുവാനുള്ളത്! ഓരോ ദിവസം കഴിയുംതോറും തൻെറ വാങ്മയങ്ങൾ വായിയ്ക്കുവാൻ താല്പര്യവും കഴിവും ഉള്ളവർ കുറഞ്ഞു വരുന്നതായിട്ടാണ് അദ്ദേഹം കണ്ടത്. ഭാരതീയർ ശുഭപ്രതീക്ഷയെ ഒരു സുകുമാരകലയും അദ്ധ്യാത്മസങ്കല്പവുമായി വളർത്തിയവരാണ്. അനേകം ജന്മങ്ങൾക്കുശേഷമെങ്കിലും സൽഗതി വരുമെന്നാണ് അവർ പ്രതീക്ഷിയ്ക്കുന്നത്. ഇങ്ങിനെയുള്ള ജനതയിൽ ഭൂരിപക്ഷത്തിനും പരിപൂർണ്ണമായ പരാജയബോധം അനുഭവിയ്ക്കേണ്ടിവന്ന ഭാഗ്യഹീനമായ സംസ്കാരസന്ധിയിൽ, ഒരു ഭാഷാകവിയായി ജീവിതം തുടരുവാൻ നിശ്ചയിച്ച ഈ പ്രതിഭാശാലിയുടെ ധീരതയ്ക്കു മുമ്പിൽ നമസ്കരിയ്ക്കണം. അത്യഗാധമായ സംസ്കാരപ്രേമത്തിൻെറയും അടിയുറച്ച ആത്മവിശ്വാസത്തിൻെറയും ഫലമാണത്.

മന്നിൽ പുഴകൾ ശൈലങ്ങൾ
ഇവ നിൽപ്പുള്ള നാൾവരെ
രാമായണമുപാഖ്യാനം
പാരാകെ പ്രചരിയ്ക്കുമെ.

Digitized by Kerala Sahitya Akademi

എന്ന പ്രവചനം സാക്ഷാൽ ബ്രഹ്മദേവൻെറ നാവിൽനിന്നുതന്നെ നിർഗ്ഗളിച്ചതാണെന്നും അതു തെററുകയില്ലെന്നും ആത്മാത്ഥമായി വിശ്വസിച്ച ഒരു കവിക്കുമാത്രമേ, ഇരുപതാം നൂററാണ്ടിൻെറ ആരംഭകാലത്തു തൻെറ ഇരുപത്തിയാറാമത്തെ വയസ്സിൽ, വാല്മീകിരാമായണം വൃത്താനുവൃത്തം തർജ്ജമ ചെയ്യാനുള്ള ധൈര്യം വരുകയുള്ളു. ഇന്നു ഇംഗ്ലീഷിലുള്ള സർവ്വവിജ്ഞാനകോശങ്ങളും അതിദീഘങ്ങളായ റഷ്യൻനോവലുകളും മററും ഭാരതീയഭാഷകളിൽ തർജ്ജമ ചെയ്തുവരുന്നുണ്ട്. പക്ഷെ ഇത്തരം യത്നങ്ങൾക്ക് ഏററവും പ്രോത്സാഹകമായ ചുററുപാടുകളാണ് ഇന്നു നിലവിലുള്ളത്. യശസ്സിൻെറയും ശ്രേയസ്സിൻെറയും മാർഗ്ഗങ്ങൾ രണ്ടും തുറക്കപ്പെട്ടിരിക്കുകയാണ്.

അൻപതു കൊല്ലം മുൻപു തൃശ്ശൂരിൽവെച്ചു നടന്ന ഭാരതവിലാസസഭയിൽ സന്നിഹിതരായ സാഹിത്യകാരന്മാരുടെ ഒരു ചിത്രം 13–4–1958ലെ 'മാതൃഭൂമി' വള്ളത്തോൾപ്പതിപ്പിൽ ചേത്തിരുന്നു (പുറം 16). അതിൽ, 'തല നിറച്ചു കുടുമയും അകം നിറച്ചു പഴമയും',ആയി കഴിഞ്ഞിരുന്ന കുഞ്ഞിക്കുട്ടൻ തമ്പുരാൻ പോലും കോട്ടും ടൈയ്യും തലപ്പാവും ധരിച്ചാണ് ഇരിക്കുന്നത്. അക്കൂട്ടത്തിൽ ഒരു ഉടുപ്പുപോലും ഇല്ലാതെ, ഒരു ഇരിപ്പിടംപോലും കിട്ടാതെ, അല്പം അലക്ഷ്യഭാവത്തിൽ നില്ക്കുന്ന അച്ചുക്കൂടം നടത്തിപ്പുകാരനായ നാരായണമേനോനാണ് സ്വപ്രയത്നംകൊണ്ടു പില്ക്കാലത്തു കേരളത്തിലും ഭാരതത്തിലും അന്യരാജ്യങ്ങളിൽപോലും പേരുകേട്ട മഹാകവിയും സംസ്കാരനേതാവുമായിത്തീന്നത്. ഒരു മരംവെട്ടുകാരൻെറ മകനായി ജനിച്ച്, മരംവെട്ടുകാരനായിത്തന്നെ ജീവിതം ആരംഭിച്ച എബ്രഹാം ലിങ്കൺ അമേരിക്കൻ പ്രസിഡണ്ടായത് സമസ്തലോകവും വാഴ്ത്തുന്ന ,ഒരു ആദശ്ജീവിതമാണ്. ഇത്തരം ജീവിതോൽക്കർഷകഥകൾ ഇന്നും പാ

Digitized by Kerala Sahitya Akademi

ശ്ചാത്യരാജ്യങ്ങളിൽ ഇല്ലാതില്ല. പക്ഷേ ഇന്ത്യയിൽ, വിശേഷിച്ചും ആധുനികകാലത്ത്, ഇത്തരം കഥകൾ കേൾക്കാറില്ല. കുറച്ചുകാലം മുമ്പുവരെ ജാതിമേന്മകളും, പിന്നെപ്പിന്നെ വിദ്യാഭ്യാസബിരുദങ്ങളും ഉദ്യോഗമഹിമകളും, ജീവിതത്തിൽ വിജയവും ജനങ്ങളുടെ ഇടയ്ക്ക് ബഹുമതിയും നേടുന്നതിന് അത്യന്താപേക്ഷിതമെന്നല്ല അനപേക്ഷണീയവുമായ ഉപാധികളായിരുന്നു.

ഇങ്ങിനെയുള്ള ചുററുപാടുകളിൽ, ശ്രമമേറിയ സാഹിത്യസേവനത്തിൽ ഏർപ്പെടുകയും സാഹിത്യത്തിൻെറയും സേവനത്തിൻെറയും മേന്മകൊണ്ടുമാത്രം വിജയം നേടുകയും തൻെറ തലമുറയിലെ ഏററവും മഹാനായ കേരളീയകവി എന്നല്ല, ഏററവും മഹാനായ കേരളീയൻ എന്നുതന്നെ പറയേണ്ട പദവിയിൽ എത്തിച്ചേരുകയും ചെയ്ത പ്രതിഭാശാലിയാണ് വള്ളത്തോൾ. നാദബ്രഹ്മനുപാസനസ്ഥയായ സരസ്വതി തൃക്കൈവിരലിലെ തങ്കമോതിരംകൊണ്ടു തന്നെയാണ് അദ്ദേഹത്തിൻെറ നാവിൽ അക്ഷരങ്ങൾ എഴുതിയത്. പക്ഷേ ആരെക്കൊണ്ടും കൈകൂപ്പിക്കുന്ന ഈ ദിവ്യാനുഗ്രഹങ്ങളോടൊപ്പം ഗുരുതരമായ ഒരു അവശതയും അദ്ദേഹം അനുഭവിച്ചിരുന്നു എന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്. അദ്ദേഹത്തിൻെറ വിജയവും അതിന്നു വേണ്ടിവന്ന ദൃഢവ്രതമായ അദ്ധ്വാനവും ആരെയാണ് ആശ്ചര്യപ്പെടുത്താത്തത്?

ആററംയുഗമെന്നും ഹൈഡ്രജൻയുഗമെന്നും പറയുന്ന ഈ ഇരുപതാംനൂററാണ്ടിൽ, മലയാളത്തിൽ കവിതയെഴുതിയും 'ഊമയാട്ടം' ഉദ്ധരിച്ചും പ്രശസ്തി നേടുക എന്നത് എന്തു വലിയ ഒരത്ഭുതമാണെന്ന് അല്പം ആലോചിച്ചാൽ മാത്രമേ മനസ്സിലാവുകയുള്ളു. പ്രശസ്തിതന്നെയും പലവിധത്തിലുണ്ട്. ചില ചില ബന്ധങ്ങൾകൊണ്ടും, വേ

Digitized by Kerala Sahitya Akademi

ണ്ടപ്പെട്ടവരെ പ്രീണിപ്പിയ്ക്കുന്നതുകൊണ്ടും, സാഹചര്യങ്ങളുടെ സവിശേഷതകൊണ്ടും ചിലപ്പോ൦ വെറും ഭാഗ്യംകൊണ്ടും, മനുഷ്യർ പ്രശസ്തി നേടാറുണ്ട്. പ്രചാരണവിദ്യ സർവ്വസാധാരണമായിരിയ്ക്കുന്ന ആധുനികകാലത്തു യശസ്സ് ഒരുതരം വ്യാപാരച്ചരക്കായിത്തീന്നിരിയ്ക്കുകയാണ്. രാഷ്ട്രീയനേതാക്കന്മാരുടെയും ഭരണാധികാരികളുടെയും യശസ്സു പലപ്പോഴും കൃത്രിമസൃഷ്ടിയാണ്. പത്രങ്ങളെ പാട്ടിലാക്കിയും സ്വയം പത്രങ്ങ൦ നടത്തിയും പബ്ലിക് റിലേഷൻസ് വകപ്പുകൾ സംഘടിപ്പിച്ചും ഇല്ലാത്ത പ്രശസ്തി ഉണ്ടാക്കുവാൻ സാധിയ്ക്കും. ഇത് എല്ലാ രാജ്യത്തും സ്വീകരിച്ചിട്ടുള്ള നടപടിയാണ്. അഡോ൦ഫ് ഹിററ്ലർ ഒരു അവതാരപുരുഷൻ തന്നെയാണെന്നു ജമ്മൻകാരെക്കൊണ്ടും, ലോകരെക്കൊണ്ടുതന്നെയും പത്തു പതിനഞ്ചു കൊല്ലക്കാലം വിശ്വസിപ്പിയ്ക്കുവാൻ അദ്ദേഹത്തിൻെറ പ്രചാരണവകുപ്പു മേധാവിയായ ഡോക്ടർ ഗോയ്ബെത്സിനു കഴിഞ്ഞു. കവിയശസ്സിൻെറ കഥയും ഇതിൽനിന്നു ഭിന്നമല്ല. ഇന്നത്തെ പ്രസാധകന്മാക്കു മഹാകവികളെ സൃഷ്ടിയ്ക്കുവാനും സംഹരിയ്ക്കുവാനും കഴിവുണ്ടെന്നാണ് പറയപ്പെടുന്നത്. സാഹിത്യത്തിനുള്ള നോബെൽസമ്മാനം ലഭിയ്ക്കുന്നതുപോലും സാഹിത്യകാരൻെറ മഹിമയെയല്ല, പ്രസാധകൻെറ മിടുക്കിനെയാണ് ആശ്രയിച്ചിരിയ്ക്കുന്നതെന്ന് ആക്ഷേപമുണ്ട്. 1957—ലെ സമ്മാനം ലഭിച്ച ആൽബെട്ട് കാമു (ALBERT CAMUS) എന്ന ഫ്രഞ്ചുകാരനെക്കാ൦ നൂറുമടങ്ങു മഹിമയുള്ള സാഹിത്യകാരന്മാർ ഫ്രിൻസിൽതന്നെ ഉണ്ടെന്നും, അദ്ദേഹത്തിനു സമ്മാനം നൽകിയത് അദ്ദേഹത്തിൻെറ കൃതികളുടെ കമ്യൂണിസ്റ്റ് വിരുദ്ധശക്തിയെക്കുറിച്ചു പ്രസാധകന്മാർ നടത്തിയ പ്രചാരണത്തിൻെറ ഫലമായിട്ടാണെന്നും ഫ്രഞ്ചുകാരനായ ഒരു യുവകവി എന്നോടു പറഞ്ഞതോക്കുന്നു.

Digitized by Kerala Sahitya Akademi

ഇമ്മാതിരി ഉപായങ്ങളോ സഹായങ്ങളോ സ്വീകരിച്ചതുകൊണ്ടല്ല വള്ളത്തോളിന് ആരാധ്യമായ സംസ്കാരനേതൃത്വം ലഭിച്ചത്. ''മലയാം പള്ളിക്കൂട''ത്തിൽ പഠിച്ചിരുന്നവർക്കുമാത്രം വായിക്കുവാൻ താല്പര്യം തോന്നിയ ഒരു ഭാഷയിലാണ് അദ്ദേഹം കവിതയെഴുതിയത്. പഴയ ഏഴാംക്ലാസ്സും ഒമ്പതാംക്ലാസ്സും വിദ്വാൻപരീക്ഷയും ജയിച്ച് അദ്ധ്യാപകവൃത്തിയിൽ അരിഷ്ടിച്ചുകഴിഞ്ഞ നാട്ടിൻപുറങ്ങളിലെ സാഹിതീഭക്തന്മാർ, ''ബന്ധനസ്ഥനായ അനിരുദ്ധ''ന്റെ ഒരു പ്രതി വിലയ്ക്കു വാങ്ങുവാൻ നിവൃത്തിയില്ലാത്തതുകൊണ്ട് അതു മുഴുവനും നോട്ടുബുക്കിൽ പകർത്തിയെടുത്തു പഠിക്കുകയും, അമ്പലമുററത്തും ആററുമണൽപ്പുറത്തും ചെന്നിരുന്ന ചുററും കൂടുന്ന ചെറുപ്പക്കാരെ ചൊല്ലിക്കേൾപ്പിച്ച് അതിന്റെ കാവ്യഭംഗികൾ വ്യാഖ്യാനിച്ചുകൊടുക്കുകയും ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഒരു മദ്ധ്യവേനൽ ഒഴിവുകാലത്തു പമ്പാനദിയിലെ വിശാലമായ മണൽപ്പുറത്തുവെച്ച് ഒററക്ഖദർമുണ്ടുകാരനായ ഒരു നാട്ടുഭാഷാദ്ധ്യാപകൻ നടത്തിവന്ന കവിതക്ലാസ്സിൽവെച്ചാണ് വള്ളത്തോൾ എന്നും സാഹിത്യമഞ്ജരി എന്നും ഉള്ള പേരുകൾ ഞാൻ ആദ്യം കേട്ടത്. ആ രംഗം ഞാൻ ഇന്നുമോർക്കുന്നു.

നേരിട്ടങ്ങയെ നോക്കിനിന്നു കുശലം  
പ്രാർത്ഥിച്ചുകൊണ്ടീടുമി—  
ദ്ദാരിദ്ര്യാതുരതൻ മലർന്ന മലർപോ—  
ലുള്ളൊരു പാണിദ്വയം  
പൂരിക്കുന്നതിനെത്രവേണ മമലാകാ—  
ശത്തു രങ്കദ്രവം  
കോരിത്തൂകുമജാത്മജേ! തവ കൃപാ—  
സമ്പത്തു തൻ തുള്ളികൾ.

Digitized by Kerala Sahitya Akademi

എന്ന ശ്ലോകം ചൊല്ലിയപ്പോഠം അദ്ദേഹത്തിൻെറ കണ്ണിൽ വെള്ളം നിറഞ്ഞതും അതിൽ അസ്തമയ സൂര്യൻെറ ചെങ്കതിരുകഠം പ്രതിഫലിച്ചതും ഞങ്ങഠം കണ്ടു. സ്കൂഠം കുട്ടികളായിരുന്ന ഞങ്ങഠംക്ക് വള്ളത്തോഠം കവിതയിൽ ആവേശം ജനിപ്പിക്കുവാൻ ഇമ്മാതിരി അനുഭവങ്ങഠം എന്തു മാത്രം സഹായിച്ചു എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. നാട്ടുഭാഷകഠംക്കും ദേശീയ സാഹിത്യങ്ങഠംക്കും കഴിഞ്ഞ രണ്ടു മൂന്നു തലമുറക്കാലമായി ഭരണനയങ്ങളിലും പാഠപദ്ധതികളിലും അനുഭവിക്കേണ്ടിവന്ന അവഗണനക്കിടയിൽ അവയെ സംരക്ഷിച്ചത് ആരുമറിയാത്ത ഈ സഹൃദയന്മാരാണ്. ഇവരുടെ ഹൃദയത്തിലാണ് വള്ളത്തോഠം വളരെക്കാലം ജീവിച്ചത്. ജന്മിമാരുടേയും ധനവാന്മാരുടേയും വീടുകളിൽ കയറിയിറങ്ങി തൻെറ കൃതികഠം വിററഴിച്ചെങ്കിലും ഈ സാഹിതീഭക്തന്മാരുടെ അഭിനന്ദനത്തിലും ആരാധനയിലും നിന്നാണ് ഒരു കവി എന്ന നിലയിൽ അദ്ദേഹത്തിന് സംതൃപ്തിയും ചാരിതാൎത്ഥ്യവും ലഭിച്ചത്.

ചെറുപ്പകാലത്ത് സംസ്കാരമാൎഗ്ഗത്തിൽ താൻ കണ്ട പ്രതിബന്ധങ്ങളെ മറികടക്കുവാൻ മാത്രമല്ല മാററിക്കളയുവാൻ തന്നെയാണ് വള്ളത്തോഠം യത്നിച്ചത്. അദ്ദേഹത്തെ സ്വാതന്ത്ര്യസമരത്തിൻെറ കവിയെന്നു നാം വൎണ്ണിക്കുന്നതിൻെറ രഹസ്യം ഇതാകുന്നു. പക്ഷെ ഈ നിൎവ്വചനത്തിന് പോരായ്മകളുണ്ടെന്ന് എനിക്കു തോന്നുന്നു. വള്ളത്തോഠം രാഷ്ട്രീയസ്വാതന്ത്ര്യം നേടുന്നതിനുവേണ്ടി സമരഗാനങ്ങളെഴുതിയ ഒരു സാധാരണ കവിയല്ല. രാഷ്ട്രീയമായ അസ്വാതന്ത്ര്യം രോഗഹേതുവായിട്ടല്ല രോഗലക്ഷണമായിട്ടാണ് അദ്ദേഹം കണ്ടത്. രോഗകാരണം കിടക്കുന്നത് രാഷ്ട്രീയമണ്ഡലത്തിലോ സമുദായമദ്ധ്യത്തിലോ അല്ലെന്നും, ഭാരതീയൻെറ വ്യാമോഹകബളിതമായ അ

Digitized by Kerala Sahitya Akademi

ന്തരംഗത്തിലാണെന്നും ക്രാന്തദർശിയായ അദ്ദേഹത്തിന് കാണുവാൻ കഴിഞ്ഞു. വെള്ളക്കാരനെ വിരട്ടിയോടിയ്ക്കുവാനോ, നാട്ടുകാരനെക്കൊണ്ടു നിയമം ലംഘിപ്പിയ്ക്കുവാനോ ഉള്ള ഉത്തേജനമല്ല അദ്ദേഹം നൽകിയത്. എത്രയോ തലമുറകളായി നമ്മുടെ അസ്ഥിയിലും മജ്ജയിലും ചോരയിലും ഞരമ്പിലും ഇഴകിപ്പിടിച്ചുപോയ അടിമത്തത്തെയും അധഃകൃതബോധത്തെയും ഭീരുത്വത്തെയും മാററിക്കളയണമെന്നുള്ള ആഹ്വാനം അദ്ദേഹത്തിൻെറ അമൃതനിഷ്യന്ദികളായ ഗാനങ്ങളിൽ നാം മുഴങ്ങിക്കേട്ടു. കാവ്യലക്ഷ്മിയുടെ കാൽത്തളക്കിലുക്കങ്ങളുംപോലെ അന്തരാത്മാവിൻെറ മണിവേദിയിൽ അടിയ്ക്കടി അനുരണനം ചെയ്ത 'സ്വാതന്ത്ര്യം' എന്ന ശബ്ദത്തിൻെറ ശരിയായ അർത്ഥം എന്താണെന്നു നാം അനുഭവിച്ചറിഞ്ഞു.

ചെങ്കോലു ദൂരത്തിട്ടു
    യോഗദണ്ഡെടുക്കുന്നു;
പൊൻ കിരീടത്തെജ്ജടാ
    ജൂടമായ് മാററീടുന്നു!
സ്വർഗ്ഗവും തൃണപ്രായം;
    നിങ്ങൾക്കു ജഗത്തിങ്കൽ
മുഖ്യമായൊന്നേയുള്ളൂ—
    സ്വാതന്ത്ര്യം, സാക്ഷാൽ മോക്ഷം!

ഏതെല്ലാം രീതിയിലാണ്, എന്തെല്ലാം ഉപായങ്ങളിലൂടെയാണ്, എത്രയെത്ര പ്രാവശ്യമാണ്, അദ്ദേഹം നമ്മുടെ ഉൾക്കാഴ്ചയെ തെളിയിയ്ക്കുകയും, ആത്മാഭിമാനത്തെ തട്ടിയുണർത്തുകയും, സംസ്കാരമഹിമയെ ഉയർത്തിക്കാട്ടുകയും ചെയ്തതെന്നു പറഞ്ഞാൽ തീരുകയില്ല. പ്രകൃതിദൃശ്യങ്ങളിലും പ്രപഞ്ചരഹസ്യങ്ങളിലും, പുരാണ കഥകളിലും ചരിത്രവസ്തുതകളിലും, മധുരഭാവത്തിലും, മാതൃ

Digitized by Kerala Sahitya Akademi

ഭാവത്തിലും, ശൈശവത്തിലും യൗവനത്തിലും വാദ്ധക്യത്തിലും, ശിവനിലും പാർവതിയിലും, രാമനിലും സീതയിലും, കൃഷ്ണനിലും ക്രിസ്തുവിലും ബുദ്ധനിലും അല്ലാവിലും, എല്ലാം അദ്ദേഹത്തിൻെറ കാവ്യകല വ്യാപരിച്ചു. എല്ലാററിലൂടെയും സവിശേഷമായ ഒരു സംസ്കാരത്തിൻെറ സാരസർവസ്വം പകൎന്നുതന്നു. താനൊരു കവിയാണെന്നുള്ള കാര്യം അദ്ദേഹം ഒരിക്കലും വിസ്മരിച്ചില്ല. സ്വാതന്ത്ര്യസമരവും ദേശീയ പ്രസ്ഥാനവും മററും കവിതക്കു വിഷയമായി എന്നല്ലാതെ കവിതയെ ജനിപ്പിക്കുകയല്ല ചെയ്തത്.

നമ്മുടെ രാജ്യത്തു എത്രയോ ചുരുക്കം ആളുകൾക്കു മാത്രമെ ഇങ്ങിനെ ഉത്തുംഗമായ സാംസ്കാരിക യത്നത്തിൽ മാത്രം വ്യാപൃതരായി ജീവിതം നയിക്കുവാൻ സാധിച്ചിട്ടുള്ളു. മനുഷ്യന്നു വിശപ്പും ദാഹവും കുടുംബഭാരങ്ങളും സാമൂഹ്യബന്ധങ്ങളും എല്ലാം ഉള്ളതുകൊണ്ട് കവിതയെഴുത്തും കഥകളി നടത്തിപ്പും എല്ലാം മററു ജോലിയൊന്നും ഇല്ലാത്തപ്പോൾ ചെയ്യാവുന്ന കാര്യങ്ങളായി ശേഷിക്കുന്നതേയുള്ളു. ഖേദകരമായ ഒരു അയഥാൎത്ഥതാബോധം അവയെ എപ്പോഴും അനുഗമിക്കുന്നു. ദൈനന്ദിനജീവിതത്തിൻെറ പ്രയാസങ്ങളും സാമൂഹ്യബന്ധങ്ങളിൽ അന്തർഭൂതമായ മത്സരത്തിൻെറ കാക്ശ്യവും വദ്ധിച്ചുവരുന്ന ആധുനികകാലത്തു ഇമ്മാതിരി യത്നങ്ങൾ വ്യൎത്ഥമാണെന്നും കഥയില്ലായ്മയാണെന്നുംകൂടി തോന്നിത്തുടങ്ങിയിട്ടുണ്ട്. വള്ളത്തോൾ ഇക്കാര്യത്തിൽ ഭാഗ്യവാനായിരുന്നു. കലയും കവിതയും സാംസ്കാരികാനുഭൂതികളുമാണ് അദ്ദേഹത്തിൻെറ ജീവിതത്തിൽ പ്രാഥമ്യമൎഹിച്ചത്. അവയാണ് ഏററവും വലിയ യാഥാൎത്ഥ്യങ്ങളായി അദ്ദേഹത്തിനു തോന്നിയത്. കുബേരനോ സന്യാസിയോ ഒന്നും ആയിരുന്നില്ലെങ്കിലും, അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ ആധിഭൗ

Digitized by Kerala Sahitya Akademi

തിക കാര്യങ്ങദാം അയഥാത്ഥങ്ങളും അപ്രധാനങ്ങളും ആയിത്തീന്നിരുന്നു. ഒരു യഥാത്ഥ ഭാരതീയന്ന്, ഭാരതീയാദശ്ങ്ങളോട് ആത്മാത്ഥമായ ഭക്തിയുള്ള മനുഷ്യന്ന്, ഇതിൽ ചാരിതാത്ഥ്യത്തിനേ വകയുള്ളു. ധ്യാനംകൊണ്ടും സാധനകൊണ്ടും, അനുസ്യൂതമായ യത്നംകൊണ്ടും തൻെറ അനുഭൂതിയ്ക്കു അടിയ്ക്കടി മിഴിവു വദ്ധിപ്പിക്കുന്ന മനുഷ്യചിത്തത്തിന് കൈവരുന്ന മഹാനുഗ്രഹമാണിത്. ആദ്യമാദ്യം ക്ഷണികങ്ങളും ചഞ്ചലങ്ങളും, വല്ലപ്പോഴുമൊരിക്കൽ യാദൃച്ഛികമായ ഭാഗ്യംകൊണ്ടു ലഭിയ്ക്കുന്നവയും ആയ അനുഭൂതികളെ സ്ഥിരനിഷ്ഠയോടെ നിരന്തരം പിൻതുടരുമ്പോദാം അവയ്ക്ക് അത്യത്ഭുതകരമായ ഈ പരിവത്തനം സംഭവിക്കുന്നു, ക്ഷണികതയും ചഞ്ചലത്വവും മാഞ്ഞുപോകുന്നു. അനുഭൂതികദാക്കു സ്ഥിരഭാവം സിദ്ധിക്കുന്നു. അവ എല്ലാ യാഥാത്ഥ്യങ്ങളെക്കാളും യഥാത്ഥമായിത്തീരുന്നു. ഉപാസനയുടെ തീക്ഷ്ണതയും നൈരന്തര്യവും കൊണ്ടു് ദൃഢവ്രതന്മാരും മഹോദ്യമന്മാരുമായ കവികദാക്കു അനുഭൂതിമാഗ്ഗേണ അവധാര്യമാകുന്ന ഈ യാഥാത്ഥ്യം നിർഗ്ഗുണ ബ്രഹ്മത്തെപ്പോലെ രുചിയും രസവും ഇല്ലാത്തതല്ല. അതു മാധുര്യസാന്ദ്രമാണ്; സൗന്ദര്യസാരമാണ്. ഈ അനുഗ്രഹത്തിന്നു വിധേയവും അതിൻെറ വാഹനവുമാകുന്ന കവിചിത്തം പ്രപഞ്ചത്തെ സാധാരണ മനുഷ്യർ കാണുന്നതുപോലെയല്ല കാണുന്നത്.

വള്ളത്തോദാം ഈ നിലയെ പ്രാപിച്ചിരുന്നു എന്നുള്ളത് നിസ്തക്കമാണ്. അദ്ദേഹം മറേറതോ ലോകത്തിലാണ് ജീവിയ്ക്കുന്നതെന്നു നമുക്കു എപ്പോഴും തോന്നിയിരുന്നു. ''ഗദകബളിതമായ കണ്ണുയുഗ്മം'' അതൊരു തോന്നൽ മാത്രമല്ലെന്നും തെളിയിച്ചു. എളുപ്പമൊന്നും ചെന്നെത്തുവാൻ കഴിയാത്ത, ഉത്തുംഗമായ, ആ ഭാവനാലോകത്തിൽനിന്നുകൊണ്ടു് അദ്ദേഹം കണ്ട കാഴ്ചകളുടെ

Digitized by Kerala Sahitya Akademi

ഒരു ചെറിയ അംശം മാത്രമെ അദ്ദേഹത്തിൽനിന്നു നമു ക്കു ലഭിച്ച കൃതികളിൽ പ്രതിഫലിച്ചിട്ടുള്ളൂ. അര നൂററാണ്ടിലധികം അനുസ്യൂതസേവനം അനുഷ്ഠിച്ചിട്ടും, കേരളഭാഷയുടെ കോമളസ്വരങ്ങൾകൊണ്ടുതന്നെ പകന്നു തന്നിട്ടും, വശ്യവചസ്സായ ഈ മഹാകവി ഗുണങ്ങിനെയൊരു പ്രതീതിയാണ് നമ്മുടെ ഉള്ളിൽ അവശേഷിപ്പിക്കുന്ന തെങ്കിൽ, അദ്ദേഹം ജീവിച്ച ഭാവനാലോകത്തിന്റെ ഔ ന്നത്യത്തെയും, അദ്ദേഹത്തിനു സിദ്ധിച്ച അനുഭൂതിയുടെ മഹത്വത്തെയും പററി ചിന്തിക്കുവാൻപോലും ഭയമാകുന്നു.

> മിന്നൽനിൻ പള്ളിവാൾ മേഘംനിൻ പള്ളിത്തേർ,
> ഉന്നതമാമിടി നിൻപടഹം
> ശാശ്വതമാകുമകൃത്രിമശബ്ദങ്ങ—
> ളീശ്വരി,നിൻ ജയകാഹളങ്ങൾ.
>
> ശ്രീമത്താം നേർവഴികാട്ടും പ്രദീപമേ!
> ഹാ! മർത്ത്യജാതിതൻ ദുർമ്മോഹങ്ങൾ!
> മാറാലകൊണ്ടു മറയ്ക്കുംപോലെന്നെന്നും
> മാറാതെനില്പതാം നിൻവെളിച്ചം.

പ്രപഞ്ചകടാഹത്തിൽ നിറഞ്ഞു കവിയുന്ന അത്ഭുതസൗന്ദ ര്യത്തെ അതിന്റെ പൂർണ്ണതയിൽ ഗ്രഹിക്കുവാൻ കാലദേ ശാവരുദ്ധമായ മർത്ത്യചിത്തത്തിനു ശക്തിയില്ല. നമ്മുടെ ഇന്ദ്രിയങ്ങൾക്ക് അതിനെ അനവച്ഛിന്നമായി അഭി മുഖീകരിക്കുന്നതുപോലും അതീവദുഷ്കരമാണ്. നേരേ വന്നു നിപതിച്ചാൽ അതിന്റെ ശബ്ദം മനുഷ്യനെ ബ ധിരനാക്കിയെന്നു വരാം; അതിന്റെ തീക്ഷ്ണപ്രകാ ശം അവനേ അന്ധനാക്കുകയും ചെയ്തേക്കാം. പക്ഷെ അതിന്റെ പൂർണ്ണതയിലുള്ള സാക്ഷാൽക്കാരത്തെ ജീവിത ലക്ഷ്യമായിക്കരുതി,

Digitized by Kerala Sahitya Akademi

സ്വയമഥചെവിപോലെ മററുനാലി-
ന്ദ്രിയവുമിവന്നു വിനഷ്ടമാകിലാട്ടെ;
ഭയശമകരി, ചിത്തമങ്ങയിൽത്താൻ
നിയതമുറയ്ക്കുണ,മെങ്കിൽഞ്ഞാൻ കൃതാർത്ഥൻ.

എന്നു പ്രഖ്യാപിയ്ക്കുവാനും തൻെറ സാധന തുടരുവാനും കഴിയുന്ന ദൃഢവ്രതനും ആത്മശക്തനുമായ ഉപാസകന്ന് അപ്രമേയമായ ആ സൗന്ദര്യത്തിൻെറ സാക്ഷാൽക്കാരം സ്വാധീനമായിത്തീരുന്നു. മഹാകവി വള്ളത്തോളിന് ഇതു സാധിച്ചു എന്നുതന്നെയാണ് എൻെറ വിശ്വാസം.

പുരമഥന പുരന്ധ്രി, പുണ്യലക്ഷ്മീ-
പുരടമണിപ്പുരയായ്,പ്പുരാണമായി,
പരസുഖമയമായ നിൻ സ്വരൂപം
കരളിലിരിപ്പവനല്പലെന്തു പിന്നെ?

മലർശരജയവൈജയന്തി, മഞ്ജി-
ന്മലയുടെ മഞ്ജുളമംഗളക്കുരുന്നേ,
മലയജ മഹനീയമന്ദഹാസാ-
മലവദനേ, ജയ മാമറക്കഴമ്പേ!

എന്ന് അദ്ദേഹത്തിൻെറ അനുഭൂതി അണപൊട്ടിയതുപോലെ തള്ളിമറിഞ്ഞു, കുതിച്ചുപാഞ്ഞു, പ്രവഹിയ്ക്കുന്നതു നോക്കുക. തൻെറ കവനശക്തിയുടെ അത്യുച്ചശൃംഗങ്ങളിൽ നില്ക്കുമ്പോഴ് സൗന്ദര്യലോകത്തിൻെറ അന്തിമസീമകൾവരെ അദ്ദേഹത്തിനു കാണുവാൻ കഴിയുന്നുണ്ടെന്നും അതിൻെറ അപ്പുറത്തുള്ളത്

*യതോ വാചോ നിവർത്തന്തേ
അപ്രാപ്യ മനസാ സഹ

* എവിടെനിന്നു വാക്കുകൾ മനസ്സോടൊപ്പം, ചെന്നെത്താൻ കഴിയാതെ, തിരിച്ചുപോരുന്നു.

Digitized by Kerala Sahitya Akademi

എന്ന് തൈത്തരിയോപനിഷത്തിൽ പറയുന്ന് അനുഭൂതി മണ്ഡലം മാത്രമാണെന്നും നമുക്കു തോന്നിപ്പോകുന്നു.

സൗന്ദര്യത്തിൻെറ ശ്രീകോവിലിലേയ്ക്കുള്ള വള്ളത്തോളിൻെറ തീർത്ഥയാത്ര താളലയശബ്ദരൂപമായ സോപാനപരമ്പരകളിലൂടെയാണ് നടത്തപ്പെട്ടത്. ഛന്ദസ്സിൻെറ ഏററവും നിഗൂഢമായ രഹസ്യങ്ങൾപോലും അദ്ദേഹത്തിനു ഹൃദിസ്ഥമായിരുന്നു. ഭാഷയുടെ മേൽ, മുമ്പൊരിയ്ക്കലും കണ്ടിട്ടില്ലാത്ത മാർദ്ദവവും മസൃണതയും ഉദാരഭാവങ്ങളും ആരോപിയ്ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. നാം നിത്യവും കേട്ടു ശീലിച്ചവയും ഒരു മേന്മയും ഉണ്ടെന്നു തോന്നിയിട്ടില്ലാത്തവയുമായ പദങ്ങൾപോലും അദ്ദേഹം എടുത്തു യഥാസ്ഥാനത്തു പ്രയോഗിയ്ക്കുമ്പോൾ ഇന്ദ്രചാപവർണ്ണങ്ങൾ പ്രസരിപ്പിച്ചുകൊണ്ടു പ്രകാശിയ്ക്കുന്നതു കാണാം. ദ്രാവിഡവൃത്തങ്ങളിൽ മഞ്ജരിയും സംസ്കൃതവൃത്തങ്ങളിൽ സ്രഗ്ദ്ധരയും മറെറാരു മലയാളകവിയുടെ കൈയ്യിലും ഇത്രത്തോളം വഴങ്ങിയിട്ടില്ല. വള്ളത്തോൾക്കവിതയിൽ കിട്ടിയതിൽ കൂടുതലായ അഴകും മിഴിവും അവയ്ക്ക് ലഭിയ്ക്കുക സാധ്യമാണെന്നും തോന്നുന്നില്ല. കന്നട ഭാഷക്കാരനായ ഒരു കവിയെ പരിചയപ്പെടുത്തിയപ്പോൾ, ഏതു വൃത്തത്തിലാണ് സാധാരണ എഴുതാറുള്ളതെന്നാണ് അദ്ദേഹം ആദ്യം ചോദിച്ചത്. അവക്കും സ്രഗ്ദ്ധരയുണ്ടെന്നും, അത് ആ കവിയ്ക്ക് ഏററവും പ്രിയപ്പെട്ട വൃത്തമാണെന്നും അറിഞ്ഞപ്പോൾ വള്ളത്തോളിനു സവിശേഷമായ ഒരു സന്തോഷം ഉണ്ടായതുപോലെ തോന്നി.

ഗ്രീസിലെയും ഇററലിയിലെയും ലോകപ്രസിദ്ധരായ പ്രതിമാശില്പികൾ മാർബിൾക്കല്ലിൽ കാണിച്ച കൈവിരുതിനോടു കിടപിടിയ്ക്കുന്ന കലാവൈഭവമാണ്

Digitized by Kerala Sahitya Akademi

മഹാകവി വള്ളത്തോൾ മലയാളകവിതയിലൂടെ നമുക്ക് അനുഭവവേദ്യമാക്കുന്നത്. ഫിഡിയാസും ബർണിനിയും തങ്ങൾ കൈകാര്യം ചെയ്യുന്നത് വെണ്ണക്കല്ലല്ല വെണ്ണനെയ്യാണെന്നുള്ള പ്രതീതി ജനിപ്പിക്കുന്നു. നേർമ്മയേറിയ സാക്ഷാൽ പട്ടുവസ്ത്രത്തിൽതന്നെയും നിർമ്മിക്കുവാൻ കഴിയാത്ത ചുളുക്കുകളും മടക്കുകളും സംവിധാന ഭംഗികളും കരിങ്കല്ലുപോലെ കഠിനമായ മാർബിളിൽ കൊത്തിയുണ്ടാക്കി, വീനസ്സിന്റെയും ഡേവിഡ്ഡിന്റെയും വിഗ്രഹങ്ങൾക്ക് ഉടയാടകൾ ചാർത്തി അവർ രൂപസൗന്ദര്യത്തിന്റെ മഹനീയ മാതൃകകൾ നിർമ്മിക്കുന്നു. അതുപോലെ വള്ളത്തോൾ, കിളിക്കൊഞ്ചലും, നിളാജലത്തിന്റെ കളകളവും, നക്ഷത്രങ്ങളും നെയ്തലാമ്പലുകളും തമ്മിലുള്ള നർമ്മസല്ലാപങ്ങളും, വിഷുക്കണിയുടെ സുഷമാവിശേഷങ്ങളും, കേരള ഭാഷയിൽ പകർത്തിയെടുത്തു കാവ്യലക്ഷ്മിയെ അണിയിക്കുന്നു. അസുലഭങ്ങളും അതിഗംഭീരങ്ങളുമായ ആശയങ്ങളോ തത്ത്വജ്ഞാനമോ കൊണ്ടല്ല അദ്ദേഹം കവിതയെഴുതിയത്. പദങ്ങൾകൊണ്ടാണ്; ഭാഷകൊണ്ടാണ്; ഹൃദയഭാവങ്ങളെയും പ്രകൃതിഭംഗികളെയും ഭാവനയിൽ തിളങ്ങിയ സൗകുമാര്യങ്ങളെയും പ്രകടിപ്പിക്കുന്ന ഉപാധികൾകൊണ്ടാണ്. എന്തു പറയുന്നു എന്നതിലല്ല, എങ്ങിനെ പറയണം എന്നതിലാണ് അദ്ദേഹം ഏറ്റവുമധികം ശ്രദ്ധിച്ചത്. അദ്ദേഹത്തിന്റെ കൃതികൾ എത്രമേൽ സംഗീതവശഗമാണെന്നും നല്ല ശിക്ഷണം സിദ്ധിച്ചവർ പാടിക്കേൾക്കുമ്പോൾ മാത്രമെ നാം അറിയുകയുള്ളു. രാഗവും താളവും എല്ലാം ഒത്തിരിക്കും. അർത്ഥവും തെളിഞ്ഞുനില്ക്കും.

വള്ളത്തോൾ കവിതയിലെ ഏററവും നല്ല വരികൾ തനിമലയാളത്തിൽ, സർവ്വസാധാരണമായ പദങ്ങൾകൊണ്ടാണ് നിബന്ധിച്ചിട്ടുള്ളത്. പലപ്പോഴും ധാരാളം സം

Digitized by Kerala Sahitya Akademi

സ്തുതപദങ്ങൾ ചേർത്തു ദീർഘസമാസമായി നിർമ്മിച്ച വരികൾക്കിടയിൽ ഇത്തരം ഭാഗങ്ങൾ വിന്യസിച്ച്, ''നാടൻമൊഴിയുടെ അഴകു നോക്കൂ'' എന്ന ഭാവത്തിൽ അദ്ദേഹം വായനക്കാരുടെ നേർക്കു കണ്ണിറുക്കുന്നതുപോലെ തോന്നും. താഴെ ഉദ്ധരിയ്ക്കുന്ന ഭാഗങ്ങൾ നോക്കുക. അടയാളമിട്ട(*) വരികളും ശ്രദ്ധിയ്ക്കുക.

സല്ലോകസ്പൃഹണീയസത്വമയി നിൻ
 തൂമന്ദഹാസാങ്കുരം
തെല്ലോ പാല്ക്കുളിതേച്ചിട്ടുന്ന തെളിയും
 പൂവെണ്ണിലാവിന്നുമേൽ*

.... .... ....

ആ നീലസ്നിഗ്ദ്ധപക്ഷ്മനിബിഡമാ—
മീനീളമേറിയലോചനത്താൽ*

.... .... ....

കൊള്ളാമോ ശ്രേയസ്സിൽസ്സംതൃപ്തിനമ്മൾക്കു;
വെള്ളിനിലാവിൽ കുളിച്ച രാവും*
ചെമ്പൊന്നാമാദിത്യരശ്മിയെയാരാഞ്ഞു
മുൻപോട്ടു പോവതു കാണുന്നില്ലെ?*

.... .... ....

മാരിനീർത്തുള്ളിയ്ക്കു ചിപ്പിയുൾപ്പൂകാതെ
മാൺപെഴും തൂമുത്തായ്ത്തീരുവാനും*
മാന്യരത്നാഢ്യമാം മന്നവൻതൻ തിരു—
മാറിലണവാനുമാവതാണോ?*

.... .... ....

കാഞ്ചനരേഖാങ്കവെൺപട്ടുറയിട്ടു
കാൽ തൂക്കിയിട്ടുമിരുന്നരചൻ,
തെല്ലുഴിഞ്ഞുള്ള കാർക്കുന്തലോ, വാർകുനു*
ചില്ലിയോ ചില്ലൊളിപ്പൂങ്കവിളോ*

Digitized by Kerala Sahitya Akademi

ഏതേതു നോക്കേണമെന്നു മൃഗാക്ഷിതൻ
മെയ്തന്നിൽപ്പായുന്ന കണ്ണിണയെ.*

ഭാവനയുടെ രാജപാതയിലൂടെ, അന്തരാത്മാവിനെപ്പോലും ആനന്ദനൃത്തം ചെയ്യിക്കുന്ന താളമേളങ്ങളൊത്തു മുന്നോട്ടു നീങ്ങുന്ന ഭാഷാസുഷമയുടെ ഈ ഘോഷയാത്രയിൽ മലയാണ്മയുടെ വെന്നിക്കൊടികളാണ് പൊങ്ങിപ്പറക്കുന്നത്. മണിപ്രവാളകവികൾ ''മുത്തും പവിഴവും പോലെ'' എന്നു പറഞ്ഞെങ്കിലും യഥാർത്ഥത്തിൽ പാലും വെള്ളവും എന്നപോലെ കരുതിയാണ് ആര്യദ്രാവിഡഭാഷകളെ കൂട്ടിച്ചേർത്തത്. കാവ്യകലയുടെ മാനസസരസ്സിൽ ചിരകാലം വിഹരിച്ച ഈ രാജഹംസം അവയെ വേർതിരിച്ചെടുക്കുകയും പാല്ക്കടലിന്റെയും ഗംഗാജലത്തിന്റെയും വിശുദ്ധികൾ നമ്മെക്കൊണ്ടു ആസ്വദിപ്പിയ്ക്കുകയും ചെയ്യുന്നു; കാവ്യാനുഭൂതിയുടെ തുംഗമണ്ഡലങ്ങളിൽ ചെന്നെത്തുമ്പോൾപ്പോലും വള്ളത്തോൾ തന്റെ സ്വാതന്ത്ര്യബുദ്ധിയും സംസ്കാരാഭിമാനവും കൈവെടിയുന്നില്ല. അദ്ധ്യാത്മസത്തയുടെ അതിവിശുദ്ധരൂപങ്ങൾ ആവിഷ്കരിയ്ക്കുവാനും, സ്വന്തവും സ്വതന്ത്രവുമായ ആഭ്യന്തരശക്തികളെ ഉത്തേജിപ്പിയ്ക്കുവാനുമാണ് അദ്ദേഹത്തിന്റെ യത്നം.

വല്ലായ്മ ദേവകൾ വരുത്തുവതും സഹിപ്പോ—
ന്നല്ലായിരുന്നു ഹഹ! ഭാരതപൂർവ്വരക്തം.

എന്നു പറഞ്ഞത് അദ്ദേഹത്തിന്റെ കാവ്യകലയ്ക്കും യോജിയ്ക്കുമെന്നു തോന്നുന്നു. അമൃതതുല്യമായ സാക്ഷാൽ ദേവഭാഷയെപ്പോലും ആവശ്യത്തിലധികം ആശ്രയിയ്ക്കുന്നത് അദ്ദേഹത്തിനു സമ്മതമല്ല. തനിയ്ക്കും തന്റെ ഭാഷയ്ക്കും അത്ഭുതകരമായ കഴിവുകളുണ്ടെന്നു തെളിയിയ്ക്കുകയും, അവയെ പരമാവധി പ്രയോഗിച്ച് തന്റെ സാംസ്കാരിക സാ

Digitized by Kerala Sahitya Akademi

ക്ഷാൽക്കാരത്തിനു് ആവിഷ്കരണം നല്കുകയുമാണ് അദ്ദേഹം ചെയ്യുന്നതു്.

ഭാഷ വെറുമൊരു വാഹനമാണെന്നും മറെറന്തിൻേറയോ ചിഹ്നം മാത്രമാണെന്നും പറയാറുണ്ട്. സാധാരണ മനുഷ്യർ ദൈനന്ദിന വ്യവഹാരത്തിൽ ഉപയോഗിക്കുന്ന ഭാഷയുടെ കാര്യത്തിൽപോലും ഈ വാദം അബദ്ധമാണെന്ന് ആധുനിക ഗവേഷണങ്ങരം തെളിയിക്കുന്നു. പ്രപഞ്ചാഭിമുഖമായ ആത്മാവിന് ചുററുപാടുംനിന്നു ലഭിക്കുന്ന പ്രചോദനങ്ങരംക്കു കണക്കില്ല. ഇവയിൽ ചിലതിനെ മാത്രം തിരഞ്ഞെടുക്കുക എന്നതിലാണ് മനുഷ്യൻേറ അനുഭൂതി സ്ഥിതിചെയ്യുന്നതു്. അവൻേറ ചേഷ്ടകളാകട്ടെ ഈ അനുഭൂതികളെ ചില പ്രത്യേക രീതികളിലും മാതൃകകളിലും സംഘടിപ്പിക്കുന്നതിലും സ്ഥിതിചെയ്യുന്നു. തിരഞ്ഞെടുക്കുന്ന രീതിക്കും സംഘടിപ്പിക്കുന്ന സമ്പ്രദായത്തിനും ഭാഷയുടെ ഘടനാവൈചിത്ര്യങ്ങളോടും ഭാഷാശീലങ്ങളോടും ഉററബന്ധമുണ്ടെന്നാണ് ആധുനിക ചിന്തകന്മാർ സമത്ഥിക്കുന്നതു്. നമ്മുടെ ഭാഷാശീലങ്ങളും ഭാഷയുടെതന്നെ സ്വഭാവ വിശേഷങ്ങളും നൽകുന്ന അച്ചിൻേറ ആകൃതിക്ക് അനുസരണമായിട്ടാണ് നമ്മുടെ ആദ്ധ്യാത്മിക പ്രവണതകരം ആവിഷ്കൃതമാകുന്നതു്. നമ്മുടെ കലയും കവിതയും മാത്രമല്ല ഭാവങ്ങളും ഭീതികളും ദുഃഖങ്ങളും ദ്വേഷങ്ങളും എല്ലാം ഇങ്ങിനെ നാം ഉപയോഗിക്കുന്ന ഭാഷയുമായി കെട്ടുപെട്ടുകിടക്കുന്നു. അന്തരാത്മാവിൻേറ അനന്തനീലിമയിൽനിന്ന് ഭാവനയുടെ പൊൻചിറകുകളിൽ, ബോധത്തിൻേറ ദീപപ്രകാശത്തിലേയ്ക്കു അടിയന്തിരസ്വഭാവത്തോടെ പറന്നെത്തുന്ന കവിവാക്കുകരംക്കു സഹൃദയൻേറമേലുള്ള അത്ഭുതകരമായ സ്വാധീനശക്തിയുടെ രഹസ്യം ഇതാകുന്നു. ഈ വസ്തുത പരിപൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് മഹാകവി

Digitized by Kerala Sahitya Akademi

വള്ളത്തോളം ദീർഘവും ദീപ്തിമത്തുമായ തന്റെ സാഹിത്യ സേവനം നിർവഹിച്ചതു്. കേരളീയ ജീവിതത്തിന്റെയും കേരള സംസ്കാരത്തിന്റെയും കേന്ദ്ര സത്തകളെത്തന്നെയാണ് അദ്ദേഹം കൈകാര്യം ചെയ്തതു്. എത്രയോ തലമുറക്കാലം തിരോഹിതമായിക്കിടന്ന അവയുടെ അഴകും അത്ഭുതശക്തികളും അതുല്യമായ രീതിയിൽ അദ്ദേഹം ആവിഷ്കരിച്ചു. ചരിത്രത്തിന്റെ ഗതിയിലുണ്ടായ ഭാഗ്യദോഷത്താൽ കണ്ണിൽ ഇരുട്ടു കയറിയ പൗരസ്ത്യലോകം സാംസ്കാരികമായ സ്ഥലജലഭ്രാന്തിയിൽ കഴിഞ്ഞിരുന്ന കാലത്താണ് അദ്ദേഹത്തെ ''നദീവതംസപ്പൊന്നായ'' നിളാദേവി കേരളത്തിനു കാഴ്ചവെച്ചതു്. ആധുനികജീവിതമാകുന്ന മഹാഭാരതയുദ്ധത്തിൽ അദ്ദേഹം ഗംഗാപുത്രനായ ഭീഷ്മരെപ്പോലെ വളരുകയും സർവാരാധ്യമായ പദവിയെ പ്രാപിച്ച് സംസ്കാരമണ്ഡലത്തിലെ അദ്വിതീയാചാര്യനായിത്തീരുകയും ചെയ്തു. ഉഗ്രവ്രതങ്ങളും ദുഷ്കരകർമ്മങ്ങളും അനുഷ്ഠിക്കുന്നതിൽ അദ്ദേഹത്തിനു ഒരു പ്രത്യേക വാസന ഉണ്ടായിരുന്നതുപോലെ തോന്നുന്നു. അധികാരനില (ശൂദ്രത്വം) കരുതാതെ രാമായണം തർജ്ജമ ചെയ്തതുകൊണ്ടാവാം ബാധിര്യം സംഭവിച്ചത് എന്നു പണ്ടാരോ പറഞ്ഞതിന്റെ വാശി തീർക്കുവാൻ വേണ്ടിക്കൂടിയല്ലേ അദ്ദേഹം ഈ അധികാരിതയുടെയെല്ലാം ആദിമൂലമായ സാക്ഷാൽ ഋഗ്വേദം തർജ്ജമ ചെയ്യാൻ തീർച്ചപ്പെടുത്തിയതെന്ന് സംശയിച്ചുപോകുന്നു. എഴുപതു കഴിഞ്ഞ പ്രായത്തിൽ അദ്ദേഹം ചെയ്ത മഹോദ്യമത്തിന്റെ ഫലമായി ഭാരതീയ ഭാഷകളിൽ ആദ്യമായി മലയാളത്തിനാണ് ഈ നേട്ടത്തിനുള്ള ഭാഗ്യം ലഭിച്ചതു്. കേരളഭാഷയും കേരളീയരും മഹാകവി വള്ളത്തോളിനോട് എന്തുമാത്രം കടപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ എന്റെ സാഷ്ടാംഗപ്രണാമം.

Digitized by Kerala Sahitya Akademi

4

# കേരളത്തിലെ വിദ്യാഭ്യാസം

**അ**ല്പമൊരു ആശങ്കയോടു കൂടിയാണ് ഞാൻ കേരള സംസ്ഥാനത്തെ സ്വാഗതം ചെയ്യുന്നതു്. ഇങ്ങനെ ഭാഷയുടെ അടിസ്ഥാനത്തിലുള്ള ഒരു സംസ്ഥാനം ഉണ്ടാകണമെന്ന് ആഗ്രഹിക്കാതിരുന്നതുകൊണ്ടോ, ഉണ്ടാകുന്നത് ആപത്താണെന്നു കരുതിയിട്ടോ അല്ല. തെക്കൻ തിരുവിതാംകൂർ വേർപെട്ടു പോകുന്നതും തിരുവിതാംകൂർ എന്ന പേരുപോലും മാഞ്ഞുപോകുന്നതും ഓർത്തിട്ടുമല്ല. ഈശ്വരാനുഗ്രഹത്താൽ ചെറുപ്പം മുതല്ക്കേ മാതൃഭാഷയെ സ്നേഹിക്കുവാൻ ശീലിച്ച എനിക്കു കേരളം എന്നത് ആരാധ്യമായ ഒരു സങ്കല്പവും ഭാവനയിലൂടെ അനുഭവിച്ചറിയാവുന്ന ഒരു പരമാർത്ഥവുമായിരുന്നു. ഈ പ്രതീക്ഷകളും സ്വപ്നങ്ങളും ഇന്നിതാ ഭാവനയുടെ ലോകത്തിൽനിന്നു രാഷ്ട്രീയമായ യാഥാർത്ഥ്യമായി രൂപം മാറിയിരിക്കുന്നു. എങ്കിലും, ചരിത്രപരമായി അത്യധികം പ്രാധാന്യമർഹിക്കുന്ന ഈ സുവർണ്ണസന്ദർഭത്തിൽ, പ്രജാപ്രഭുത്വത്തിന്റെ പുളകമണിഞ്ഞ ഭാരതഭൂമിയിൽ, കേരളജനതയുടെ പ്രതിനിധികൾക്കുമാത്രം ഈ മംഗളകർമ്മത്തിൽ പങ്കെടുക്കുവാൻ ഭാഗ്യമുണ്ടായില്ല. ഒരായിരം വർഷത്തിനിടയ്ക്ക്, ഒരു പക്ഷെ ഒരിക്കൽമാത്രം, ഒരു ജനതയ്ക്കു ലഭിക്കുന്ന ഭാഗധേയപരിപാകമാണിതു്. പക്ഷെ ആ ശുഭമുഹൂർത്തത്തിലാണ് നമ്മുടെ ഇടയ്ക്കു് ഭേദബുദ്ധിയും അനൈകമത്യവും പരമകാഷ്ഠയെ പ്രാപിച്ചത്! ജനപ്രതിനിധികൾക്കു മാത്രമല്ല, അവ

Digitized by Kerala Sahitya Akademi

രെ തിരഞ്ഞെടുത്തവർക്കും ഇതോർക്കുമ്പോൾ ലജ്ജിയ്ക്കാതെ നിവൃത്തിയില്ല. ഭാരതത്തിൽ ഉറച്ച കേന്ദ്രഭരണം ഇല്ലായിരുന്നെങ്കിൽ ഇന്നു കേരളത്തിലെ കഥ എന്താകുമായിരുന്നു എന്ന് ആലോചിയ്ക്കുമ്പോൾ ഞെട്ടിപ്പോകുന്നു. വിദ്യാസമ്പന്നരും സ്വരാജ്യസ്നേഹികളും എന്ന് അഭിമാനിയ്ക്കുന്ന നമുക്ക് സംസ്കാരത്തിൻെറയും ചരിത്രത്തിൻെറയും വെല്ലുവിളിയെ സ്വീകരിയ്ക്കുവാൻ കഴിയാതെ വന്നതിൻെറ കാരണമെന്താണ്? മററൊന്നുമല്ല. സാമൂഹ്യജീവിതത്തിലെ ചാരിത്രഹാനി തന്നെ. നമുക്ക് ഇഹപരങ്ങളിൽ പാവനമായും ആരാധ്യമായും യാതൊന്നും ഇല്ലെന്നായിരിയ്ക്കുന്നു. ഏതു വിഗ്രഹത്തെയും ഭഞ്ജിയ്ക്കുവാൻ നമുക്കു കൂസലില്ല. പണ്ടുകാലത്ത് പരലോകത്തിലുള്ള ചിലതിനെയെങ്കിലും നാം ബഹുമാനിച്ചിരുന്നു. ആരും കണ്ടിട്ടും കേട്ടിട്ടും ഇല്ലാത്ത ഈശ്വരനിലെങ്കിലും നമ്മുടെ ജനങ്ങൾക്ക് വിശ്വാസമുണ്ടായിരുന്നു. ഭൌതികവാദത്തിൻെറ യുഗമായ ഇന്ന് അതു നിശ്ശേഷം മാഞ്ഞുപോയതിൽ അത്ഭുതപ്പെടാനില്ല. അത് അങ്ങിനെ പോകേണ്ടതാണെന്നും, പോയതു നന്നായി എന്നും പലർക്കും അഭിപ്രായമുണ്ട്. പോകട്ടെ. എന്നാൽ, കൺമുൻപിൽ കാണുന്ന വസ്തുക്കളിലുള്ള വിശ്വാസംപോലും നശിച്ചതാണ് ഏററവും നിർഭാഗ്യകരമായിരിയ്ക്കുന്നത്. ഈ നാട്ടിൽ എങ്ങോട്ടു തിരിഞ്ഞാലും കാണുന്ന വസ്തു ഒന്നേയുള്ളു—മനുഷ്യൻ. ആർക്കും എവിടെയും കാണുകയും കേൾക്കുകയും ചെയ്യാവുന്ന ഈ വസ്തുവിനെപ്പോലും വിശ്വസിയ്ക്കാതെ വന്നിരിയ്ക്കുന്നത് ഒരു മഹാശാപമല്ലാതെ മറെറന്താണ്? രാഷ്ട്രീയകാര്യങ്ങളിലും സാമ്പത്തികസംരംഭങ്ങളിലും സമുദായമദ്ധ്യത്തിലും എന്നു വേണ്ട ഏതു മണ്ഡലത്തിലും മനുഷ്യനെ മനുഷ്യൻ വിശ്വസിയ്ക്കാത്തതിൻെറ ലക്ഷണങ്ങളെ കാണാനുള്ളു. മാനുഷികമൂല്യങ്ങൾക്കു മാഹാത്മ്യം സിദ്ധിച്ചിട്ടുള്ള

Digitized by Kerala Sahitya Akademi

കാലത്താണ് നാം ജീവിയ്ക്കുന്നതെന്ന് പറയപ്പെടുന്നു. പക്ഷെ വിശ്വസിയ്ക്കാവുന്ന ഒരു മൂല്യവുമില്ലാത്ത വസ്തുവായിട്ടാണ് നമ്മുടെ ദൃഷ്ടിയിൽ ഈ രാജ്യത്തെ മനുഷ്യൻ അധഃപതിച്ചിരിയ്ക്കുന്നത്.

നാം വിദ്യാസമ്പന്നരും വിജിഗീഷുക്കളുമാണെന്ന് വീരവാദം മുഴക്കുന്നത് വെറുതെയല്ലേ? ഭാരതത്തിലെന്നല്ല ലോകത്തിലാകമാനംതന്നെയും, വിദ്യാഭ്യാസവിഷയത്തിൽ മുൻപന്തിയിൽ നില്ക്കുന്ന ഭൂഭാഗങ്ങളാണ് കേരളത്തിലുള്ളത്. എങ്കിലും മുൻപന്തിക്കാരായ ഈ നാം എവിടെയാണ് ചെന്നുനില്ക്കുന്നതെന്നു നോക്കുക. ആധുനികകാലത്ത് അഭ്യസിപ്പിയ്ക്കപ്പെടുന്ന വിദ്യ നിർഗ്ഗുണമാണെന്നും, അത് നന്മയുടെ ഫലം ചെയ്യണമെന്നില്ലെന്നും, ചെയ്യാതിരിയ്ക്കുവാനാണ് എളുപ്പമെന്നും, കേരളം വിളിച്ചു പറയുന്നില്ലേ? തിരുവിതാംകൂർ—കൊച്ചിയിലെങ്കിലും, പ്രാഥമിക ദശയിലെങ്കിലും, വിദ്യാഭ്യാസം സൗജന്യവും ഏറെക്കുറെ സാർവ്വത്രികവും ആയിട്ടുണ്ട്. മൂവായിരത്തിലധികം പ്രൈമറി സ്കൂളുകളും 650 ഹൈസ്കൂളുകളും അൻപതിൽപ്പരം കോളേജുകളും ഉള്ള ഒരു ഭൂഭാഗമാണിത്. ഹൈസ്കൂളിൽനിന്നു ജയിയ്ക്കുന്നതിൽ പകുതിയോളം കുട്ടികൾ ഇവിടെ സർവ്വകലാശാലാവിദ്യാഭ്യാസത്തിനു പോകുന്നു. അമേരിയ്ക്കയിൽപ്പോലും 30 ശതമാനമേ പോകുന്നുള്ളു. ഇംഗ്ലണ്ടിൽ 7 ശതമാനം മാത്രം. എന്നിട്ടും ചരിത്രത്തിൻെറ പെരുവഴിയിൽ നാം അനാഥരായിട്ടാണ് തീർന്നിരിയ്ക്കുന്നത്. ഇല്ല, നമ്മുടെ വിദ്യാഭ്യാസം സഫലമായിട്ടില്ല. സമൂഹത്തോടു പൊരുത്തപ്പെട്ടു ജീവിയ്ക്കുവാൻ അതു നമ്മെ ശക്തരാക്കിയിട്ടില്ല. ഉപജീവനത്തിനുള്ള ഉപായമെന്നല്ലാതെ അതിന് മറെറാരു ധർമ്മവും ഉള്ളതായി നാം കാണുന്നില്ല; അംഗീകരിയ്ക്കുന്നുമില്ല. ഇതാണ് നമുക്കു പററിയിരിയ്ക്കുന്ന ആപത്ത്.

Digitized by Kerala Sahitya Akademi

ഒരു ജനസമുദായത്തിൻെറ മാനസികലോകം മുഴുവനും ഉപജീവനത്തെ മാത്രം ലക്ഷ്യമാക്കി രൂപവൽക്കൃതമായിരിക്കുന്നു.

ഇന്നു കാണുന്നതുപോലെയുള്ള വിദ്യാഭ്യാസം നമ്മുടെ നാട്ടിൽ ആരംഭിച്ചിട്ട് നൂറു കൊല്ലത്തിലധികം ആയിട്ടില്ല. അതിനു വലിയ പ്രചാരം കിട്ടിയത് കഴിഞ്ഞ ഒരു തലമുറയ്ക്കുള്ളിലാണ്. ഇത്ര ചുരുങ്ങിയ കാലത്തിനിടയ്ക്ക് കേരളീയജനതയുടെ മനോഭാവത്തെ അതെങ്ങിനെ ഉടച്ചു വാർത്തിരിക്കുന്നു എന്നു നോക്കുക. ഒരു നൂറുകൊല്ലം കൂടി കഴിയുമ്പോഴ് നമ്മുടെ സ്ഥിതി എന്തായിരിക്കുമെന്നും ആലോചിക്കണം. ഇന്ന് ഈ രാജ്യത്തു വിദ്യാഭ്യാസത്തിന് രണ്ടു ലക്ഷ്യങ്ങളേ ഉള്ള എന്നായിരിക്കുന്നു, ഒന്നുകിൽ ഒരു എഞ്ചിനീയറാകുക; അല്ലെങ്കിൽ ഒരു ഡോക്ടറാകുക. വേണ്ടിടത്തോളം സൌകര്യം ലഭിച്ചെങ്കിൽ ഇൻടർമിഡിയററു ജയിക്കുന്ന ഒരൊററ വിദ്യാർത്ഥിയും മറെറാന്നിനും പോവുകയില്ലായിരുന്നു. പ്രവേശനം ലഭിക്കാത്തതുകൊണ്ടും പണമില്ലാത്തതുകൊണ്ടും മാത്രമാണ് മററു വിഷയങ്ങൾ പഠിക്കാൻ പോകുന്നത്. ഇന്ത്യൻ സർവ്വകലാശാലകൾ ഇരുപതു കൊല്ലത്തിൽ ഒരിക്കലെങ്കിലും ഗെലീലിയോയുടെ ചെറിയ മാതൃകയിലുള്ള ഒരു വ്യക്തിയെ വീതം ജനിപ്പിച്ചാൽ അവയുടെ യത്നം സഫലമായതായി കണക്കാക്കണമെന്ന് രാധാകൃഷ്ണൻ കമ്മീഷൻെറ റിപ്പോർട്ടിൽ ഒരിടത്തു പറഞ്ഞിട്ടുള്ളതോർക്കുന്നു. ഇന്നത്തെ പോക്കു കാണുമ്പോൾ ഇരുപതല്ല, രണ്ടായിരം കൊല്ലം കഴിഞ്ഞാലും, ഈ രാജ്യത്ത് സാങ്കേതികവിദഗ്ദ്ധന്മാരല്ലാതെ ശുദ്ധമായ ജ്ഞാനത്തിൻെറ ഉപാസകനും ഉപജ്ഞാതാവുമായ ഒരു ചിന്തകൻ ഉണ്ടാകുമെന്നു തോന്നുന്നില്ല. വിദ്യാഭ്യാസം അത്രമേൽ പ്രയോജനത്തെ മുൻനിർത്തിയുള്ള പരിശീലനമായിത്തീർന്നി

Digitized by Kerala Sahitya Akademi

രിക്കുന്നു. ഇന്നു സർവ്വസാധാരണമായിത്തീർന്നിരിക്കുന്ന പഞ്ചവത്സരമനോഭാവത്തോടുകൂടിയല്ല ഞാൻ ഈ പ്രശ്നത്തെ നോക്കുന്നത്: ''നിങ്ങൾ ഒരു കൊല്ലത്തേയ്ക്കാണ് പദ്ധതി ഉണ്ടാക്കുന്നതെങ്കിൽ ധാന്യം വളർത്തുക. നൂറു കൊല്ലത്തേയ്ക്കാണെങ്കിൽ വൃക്ഷങ്ങൾ വളർത്തുക. ആയിരം കൊല്ലത്തേയ്ക്കാണെങ്കിൽ മനുഷ്യരെ വളർത്തുക.'' എന്നു ചൈനാക്കാരുടെ ഇടയ്ക്കൊരു പഴഞ്ചൊല്ലുണ്ട്. മനുഷ്യനെ വളർത്തുന്നതാണ് വിദ്യാഭ്യാസം. ഏതുതരം മനുഷ്യരെയാണ് നമ്മുടെ പദ്ധതികൾ വളർത്തുവാനുദ്ദേശിക്കുന്നത്? ഇന്നു പ്രിയംകരമായിത്തീർന്നിട്ടുള്ള വിദ്യാഭ്യാസമൂല്യങ്ങൾ നോക്കുമ്പോൾ, കൊല്ലന്മാരും ആശാരിമാരും വൈദ്യന്മാരും മാത്രമുള്ളതോ, അത്തു പററിയില്ലെങ്കിൽ, അവർക്കു മാത്രം മേന്മയും നേതൃത്വവും ലഭിക്കുന്നതോ, ആയ ഒരു സമുദായമാണ് നമ്മുടെ നാട്ടിൽ ഉണ്ടാകുവാൻ പോകുന്നതെന്നു പറയാതെ തരമില്ല. പലരും വിചാരിക്കുന്നതിനെക്കാൾ വേഗത്തിൽ ഈ ലക്ഷ്യം കൈവരുമെന്നും തോന്നിപ്പോകുന്നു. ഈ വിദഗ്ദ്ധന്മാർ സാമൂഹ്യജീവിതത്തിൻെറ അവശ്യഘടകങ്ങളാണ്; സംശയമില്ല. പക്ഷേ അച്ഛൻ പണിഞ്ഞ പുരയായാലും ആശാരി അതിന്നു കററം പറയുമെന്നാണ് പഴമൊഴി. അപ്പോൾ, ആലയവും അണക്കെട്ടും പണിയുന്ന ആശാരിയും, ശരീരത്തിൻെറ പണിക്കുറ തീർക്കുന്ന ആശാരിയായ വൈദ്യനും മാത്രമുള്ള ജനസമുദായം എത്രത്തോളം ഇണക്കവും വണക്കവും പൊരുത്തവും കലർന്നതായിരിക്കുമെന്ന് ഊഹിക്കാവുന്നതാണ്.

വിദ്യ ധനമായി അധഃപതിക്കുന്നതുപോലെ മറെറാരു മഹാശാപമില്ല. ''ജ്ഞാനം ശക്തിയാണെ''ന്ന സിദ്ധാന്തം ഈ ദുരന്തനാടകത്തിൻെറ നാന്ദിയാകുന്നു. ഇത് അനുക്തസിദ്ധമായ ഒരു മഹാസത്യമായി നാം അംഗീകരിച്ചിരിക്കുകയാണ്. അത് എത്രയും വേഗം പ്രയോഗ

Digitized by Kerala Sahitya Akademi

ത്തിൽ വരുത്തുവാൻ വെമ്പുകയുമാണ്. ഇതാണ് ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ അടിസ്ഥാനപ്രമാണം. വിദ്യകൊണ്ട് ഇതല്ലാതെ മററന്തെങ്കിലും പ്രയോജനമുണ്ടെന്നു നമ്മുടെ ജനങ്ങൾക്കു തോന്നാതായിരിക്കുന്നു. ''അവൻ നാലക്ഷരം പഠിച്ചു നന്നായി വന്നാൽ നമുക്കും നല്ലതുതന്നെ'' എന്നാണ് മാതാപിതാക്കളും ബന്ധുമിത്രാദികളും പറയുന്നത്. നന്നായിവരുക എന്നതിന്നു ധനികനാവുക എന്ന അത്ഥം മാത്രമേ എല്ലാവരും വിവക്ഷിക്കുന്നുള്ളു. ധനവും ക്ഷേമവും ഐശ്വര്യവും എത്രമേൽ ആവശ്യമാണെങ്കിലും ഒരു ജനതയ്ക്കു മുഴുവനും ലഭിക്കുന്ന വിദ്യാഭ്യാസത്തിൻെറ അത്ഥവും ലക്ഷ്യവും ഈ മട്ടിലാകുന്നതു ശ്രേയസ്കരമാണോ എന്നു നാം ആലോചിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കേരളീയജനതയ്ക്കു വന്നുകൂടിയിട്ടുള്ള വൈഷമ്യങ്ങൾ എല്ലാംതന്നെ വിദ്യാഭ്യാസവിഷയത്തിലുള്ള ഈ വികലവീക്ഷണത്തിൻെറ ഫലമാണെന്നു എനിക്കു തോന്നുന്നു. ''അവൻ നാലക്ഷരം പഠിച്ചു കണ്ണു തെളിയട്ടെ'' എന്നു പറയുവാൻ നാം മറന്നുപോയിരിക്കുന്നു. അറിവിന്നു് അങ്ങിനെ ഒരു ലക്ഷ്യമുണ്ടെന്നുപോലും നാം അറിയാതായിരിക്കുന്നു. എങ്കിലും അതല്ലേ വിദ്യാഭ്യാസത്തിൻെറ പുരാതനവും സനാതനവുമായ ലക്ഷ്യം? ജ്ഞാനം സുഖമാണ്, മോക്ഷമാണ്, എന്ന ആദശ്ശത്തെ വിസ്മൃതിയിൽനിന്നു വീണ്ടെടുക്കുവാനുള്ള യത്നമാണ് വിദ്യാഭ്യാസവിഷയത്തിൽ ആദ്യമായി ഉണ്ടാകേണ്ടത്. ഇതു കേട്ടാൽ വിവരമുള്ളവർ ചിരിക്കും എന്ന നിലപോലും വന്നിട്ടുണ്ട്. എങ്കിലും കേരളീയൻെറ സൽബുദ്ധി നശിച്ചിട്ടില്ലെന്നും വിദ്യാഭ്യാസത്തെക്കുറിച്ചുള്ള മനോഭാവത്തിൽ ഈ ആദശ്ശത്തെ മുൻനിത്തിയുള്ള ഒരു പരിവത്തനം കൈവരുത്തുവാൻ ഇനിയും കഴിഞ്ഞേക്കും എന്നും ഞാൻ വിശ്വസിക്കുന്നു. അവിദ്യയാണ് ഏററവും വലിയ ദുഃഖമെ

Digitized by Kerala Sahitya Akademi

ന്നും ജ്ഞാനം മുക്തിസാധനയാണെന്നും, സത്യത്തിൻെറ സാക്ഷാൽക്കാരമാണ് ജീവിതത്തിൻെറ പരമമായ ലക്ഷ്യമെന്നും പ്രഖ്യാപിച്ച ഒരു സംസ്കാരത്തിൻെറ പിൻതുടച്ച്ക്കാരാണ് നാം. ആ പാരമ്പര്യത്തിൻെറ അവശിഷ്ടബീജങ്ങളെങ്കിലും നമ്മുടെ അന്തരംഗത്തിൽ കാണാതിരിക്കുമോ?

ഏറിയ കാലമായി നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രയാസങ്ങളും ദുരിതങ്ങളും അർത്ഥശാസ്ത്രപരങ്ങളാണെന്നും സമ്പത്തുണ്ടായാൽ സർവ്വവും ശരിയാകുമെന്നും ആണ് സാധാരണ ധാരണ. ഇതു സർവ്വാബദ്ധമാണെന്നുള്ളതിൽ എനിക്കു സംശയമേയില്ല. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം, കഴിഞ്ഞ നാലഞ്ചു കൊല്ലത്തിനുള്ളിൽ വിശേഷിച്ചും, നമ്മുടെ ദേശീയസമ്പത്തു സാരമായി വർദ്ധിച്ചിട്ടുണ്ടെന്നു ശത്രുക്കൾപോലും സമ്മതിക്കുന്നു. വിദ്യാഭ്യാസത്തിലും വ്യവസായത്തിലും, രാഷ്ട്രനിർമ്മാണത്തിൽ പൊതുവേയും, നമുക്കുണ്ടായ പുരോഗതി പ്രശംസാവഹമാണ്. എങ്കിലും മനുഷ്യനും മനുഷ്യനും തമ്മിലുള്ള പെരുമാററം, കൂടുതൽ ദോഷപൂർണ്ണവും ഓരോ മനുഷ്യൻെറയും ജീവിതം കൂടുതൽ ദുഃഖമയവും ആയിട്ടുണ്ടെന്ന്, ആരും പറയാതെതന്നെ, നാം അറിയുന്നുണ്ട്. വിദ്യാമൃതം ഭുജിച്ചതിൻെറ സുഖാനുഭൂതികളല്ല, സമുദായശരീരത്തിൽ അവിദ്യാവിഷം വ്യാപിച്ചതിൻെറ ലക്ഷണങ്ങളാണ് കാണുന്നത്. മററു സംസ്ഥാനങ്ങളിലെ കഥ എന്തായാലും, കേരളത്തെ അഭിമുഖീകരിക്കുന്ന ഏററവും വലിയ പ്രശ്നം ഇതാണെന്നു ഞാൻ കരുതുന്നു. ഭേദബുദ്ധിയും ശിഥിലവാസനകളുമാണ് നമ്മുടെ ഇടയ്ക്കു വളൻവരുന്നത്. അർത്ഥശാസ്ത്രത്തിൻെറ അഭിഷേകക്രിയകളും സാങ്കേതികവിദ്യാഭ്യാസത്തിൻെറ പുച്ചമരുന്നുകളുംകൊണ്ട് ഇതെല്ലാം മാറിപ്പോകുമെന്നു കരുതുന്നതു വ്യാമോഹമാണ്. ത്രിദോഷങ്ങളെക്കാററം ആഭ്യന്തരവും

Digitized by Kerala Sahitya Akademi

സൂക്ഷ്മതരവുമായി വല്ലതുമുണ്ടെങ്കിൽ അതിൽനിന്നുതന്നെ ഉളവാകുന്ന രോഗമാണിത്. തീക്ഷ്ണവും രൂക്ഷവും തിര്യക്കുകളെപ്പോലും ലജ്ജിപ്പിക്കുന്നതുമായ അവിദ്യയാണ് അതിൻെറ മൂലകാരണം. അന്തരംഗസംസ്കാരം, സാക്ഷാൽ വിദ്യാഭ്യാസം, മാത്രമേ അതിനൊരു സിദ്ധൌഷധമുള്ളു. നമ്മുടെ ചിത്തസത്വത്തെ ഗ്രസിച്ചിരിക്കുന്ന മോഹാന്ധകാരത്തെ ദൂരീകരിക്കാതെ വ്യക്തികളെന്ന നിലയിലും സമഷ്ടി എന്ന നിലയിലും നമുക്കു മേൽഗതിയില്ല.

ഇന്ത്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ രണ്ടു തലമുറക്കാലമെങ്കിലും മുമ്പോട്ടു കടന്നാണ് കേരളീയരായ നാം നില്ക്കുന്നത്. മററു സംസ്ഥാനങ്ങളിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഇന്നും ഏറെക്കുറെ ശിലായുഗജീവിതത്തിൽ കഴിയുകയാണ്. നമുക്കുണ്ടായ ദുഃഖങ്ങൾ അവർ അനുഭവിക്കാനിരിക്കുന്നതേയുള്ളു. ആധുനികവിദ്യാഭ്യാസത്തിൻെറ വൈദ്യുതപ്രഭകൾ കാണുവാൻ അവക്ക് ഇനിയും ഭാഗ്യമുണ്ടായിട്ടില്ലെന്നുള്ളതു വാസ്തവംതന്നെ. പക്ഷേ വിദ്യ ധനമായി അധഃപതിക്കുന്നതുകൊണ്ടുള്ള ദോഷങ്ങളും അവർ അനുഭവിക്കുന്നില്ല. നമ്മുടെ നാട്ടിൽ ഇതുമൂലമുണ്ടാകുന്ന കെടുതികൾ ആലോചിക്കുമ്പോൾ, അവയുടെ നടുവിൽത്തന്നെ നില്ക്കേണ്ടി വരുമ്പോൾ, ''അജ്ഞസുഖം ആരാധ്യം'' എന്നുപോലും കൊതിച്ചുപോകും. അതു പക്ഷേ നിഷേധരൂപത്തിലുള്ള പ്രതികരണമാണ്. പുരുഷോചിതവുമല്ല. അതുകൊണ്ട് അജ്ഞതയിലേക്കു പിൻതിരിയുവാനല്ല ധീരമായ പരിവത്തനങ്ങൾ വരുത്തി നേർവഴിയെ മുന്നോട്ടുപോകുവാനാണു് നാം ശ്രമിക്കേണ്ടത്. ഈ ധീരത നമ്മുടെ പാരമ്പര്യത്തിൽ ഇല്ലാത്തതല്ല.

ടുങ്ങി നീണ്ടുകിടക്കുന്ന നമ്മുടെ ചെറിയ സംസ്ഥാ

Digitized by Kerala Sahitya Akademi

നം ഭാരതീയ ജീവിതത്തിൻെറ പരീക്ഷണക്കളരിയാണ്. ഏതെല്ലാം തരത്തിലുള്ള രാസപ്രയോഗങ്ങളാണ് ഇവിടെ നടന്നിട്ടുള്ളത്? മററാരുടെയും പ്രേരണകൊണ്ടല്ല, നമ്മുടെ ഇഷ്ടംകൊണ്ടുതന്നെയാണ്, എത്രയോ നൂററാണ്ടുകളായി നാം നമ്മുടെ സാമൂഹ്യചേതനയെ അതികക്ശമായ ഈ അഗ്നിപരീക്ഷകറംക്ക വിധേയമാക്കിക്കൊണ്ടിരിയ്ക്കുന്നത്. അഭിമാനകരമായ ആത്മവീര്യവും സാഹസബുദ്ധിയും ഇതിൽ അന്തർഭവിച്ചിട്ടുണ്ട്. ആരെയും അന്ധാളിപ്പിയ്ക്കുന്ന ത്യാഗസന്നദ്ധതയും. ഒരു പക്ഷേ ഇതുതന്നെയല്ലെ കേരള സംസ്കാരത്തിൻെറ സവിശേഷസ്വഭാവം? അകന്നിരുന്നു ഹോമം കഴിയ്ക്കുവാനല്ല, ഒരു ഹോമദ്രവ്യമായി സ്വയം രൂപാന്തരപ്പെട്ട്, അഗ്നികുണ്ഡത്തിലൂടെ കടന്നുവരുവാനല്ലേ നാം ഇഷ്ടപ്പെടുന്നത്? ആവേശം പൂണ്ട് ''ആഴിയിൽ ചാടുക''യും തുള്ളിയുറഞ്ഞു തീക്കനൽക്കട്ടകറം കോരിക്കളിയ്ക്കുകയും ചവുട്ടിക്കെടുത്തുകയും, തീക്ഷ്ണവും, നോക്കി നില്ക്കുന്നവക്ക ഭയാനകവുമായ രീതിയിൽ, ശാന്തിനേടി ആത്മസന്തപ്പ്ണം സാധിയ്ക്കുകയും ചെയ്യുന്നത് നമുക്ക് പണ്ടേയുള്ള പതിവല്ലേ? മന്ദഗതിയും ക്രമപ്രവൃദ്ധവും അനുസ്യൂതവുമായ സ്വച്ഛന്ദസംതൃപ്തികറം നമ്മുടെ സ്വഭാവത്തിന് അനുയോജ്യമല്ലെന്നു വരുമോ? ഈ ചോദ്യങ്ങറംക്ക സമാധാനം കണ്ടെത്തുവാനുള്ള സൌകര്യമാണ് കേരളസംസ്ഥാനത്തിൻെറ സംസ്ഥാപനത്തോടുകൂടി നമുക്ക ലഭിച്ചിരിയ്ക്കുന്നത്. വിദ്യാഭ്യാസവിഷയത്തിൽ നമുക്ക നേരിട്ടിരിയ്ക്കുന്നത് സാംസ്കാരികമായ മാഗ്ഗഭ്രംശമല്ലെന്നും, സാമൂഹ്യജീവിതത്തിൽ നാം അനുഭവിയ്ക്കുന്ന പ്രയാസങ്ങറം നിലനില്ക്കുകയില്ലെന്നും, ഒരു ജനത എന്ന നിലയിൽ നമ്മുടെ സ്വഭാവത്തിൽ അന്തർലീനമായ പരീക്ഷണോത്സുകതയുടെ ഫലങ്ങറം മാത്രമാണ് ഇതെല്ലാമെന്നും കേ

Digitized by Kerala Sahitya Akademi

രളസംസ്ഥാനം തെളിയിയ്ക്കുവാൻ ഇടയാകട്ടെ എന്ന് എൻെറ ഹൃദയം പ്രാർത്ഥിയ്ക്കുന്നു. ഓരോ കേരളീയനും ഈ മംഗളദിനത്തിൽ ഇങ്ങനെ പ്രാർത്ഥിയ്ക്കുമെന്നാണ് എൻെറ വിശ്വാസം. നാം ഈ മണ്ണിൽ പിറന്നവരും പിറന്ന മണ്ണിനെ സ്നേഹിയ്ക്കുന്നവരുമാണ്. എവിടെയെല്ലാം പോയാലും എന്തൊക്കെ നേടിയാലും, അവസാനം ഈ മണ്ണിൽതന്നെ ലയിക്കണമെന്നാണ് നമ്മുടെ അഭിലാഷം. മഴവെള്ളം മാത്രമല്ല അതിനെ ആർദ്രമാക്കുന്നതു്. അഭിമാനം രക്ഷിയ്ക്കുവാനും പൊതുനന്മയെ ലക്ഷ്യമാക്കിയും പൊരുതി മരിച്ച പുരുഷകേസരികളുടെ അമ്മമാർ കരിങ്കുവളപ്പൂവുപോലെയുള്ള കണ്ണുകളിൽനിന്നു തുടച്ചെറിഞ്ഞ ബാഷ്പജലത്താലും അതു സംസിക്തമായിരിയ്ക്കുന്നു. നമ്മുടെ യാതനയും വേദനകളുംകൊണ്ടു, ചെറുതെങ്കിലും ചിരമനോഹരമായ ഈ പുണ്യഭൂമി, ഭാസുരചരിതയായ ഭാരതവർഷത്തിനുതന്നെയും മാർഗ്ഗദീപമായി പരിണമിയ്ക്കുമെങ്കിൽ അതിലുപരിയായ ഒരു ചാരിതാർത്ഥ്യം മററെന്തുള്ളു. ഏതിരുട്ടിലും 'വെണ്മപൂശി' നെൽവയലുകളുടെ അരികു ചേർന്നു വരിവരിയായി വളർന്നു നില്ക്കുന്ന കമുകുകരാംപോലെ കേരളമാതാവിൻെറ യശഃസ്തംഭങ്ങരാം ഉയരുമാറാകട്ടെ. കേരദ്രുമങ്ങരാം കുട പിടിയ്ക്കുകയും ആററുവക്കരാം വെൺചാമരം വീശുകയും ചെയ്യുന്ന അമ്മയ്ക്കു് ആയിരമായിരം പ്രണാമങ്ങരാം.

Digitized by Kerala Sahitya Akademi

5

# ആധുനിക കവിത

**പാ**ശ്ചാത്യർ നാലര നൂററാണ്ടുകാലം ഭൂമുഖത്തു നടത്തിയ രാഷ്ട്രീയാധികാരത്തിൻെറ ഫലമായി ഇന്നു മനുഷ്യവർഗ്ഗം മുഴുവനുംതന്നെ യൂറോപ്യൻ സംസ്കാരത്തിൻെറ വെൺകൊററക്കുടയുടെ നിഴലിലാണ് ജീവിയ്ക്കുന്നത്. രാഷ്ട്രീയസ്വാതന്ത്ര്യവും, ഒരുപക്ഷേ സാമ്പത്തികസ്വാതന്ത്ര്യവും, ചിലരെല്ലാം നേടിയിട്ടുണ്ട്; എങ്കിലും പാശ്ചാത്യസംസ്കാരത്തിൻെറ സർവ്വാധിപത്യം ഇന്നും അഭംഗുരമായിത്തന്നെ നില്ക്കുന്നു. രാഷ്ട്രീയ—സാമ്പത്തികമണ്ഡലങ്ങളിൽനിന്നും ബഹുദൂരം അകന്നുകിടക്കുന്ന കവിതയുടെ ഗന്ധർവ്വലോകത്തിലും ഈ വൈദേശികാധിപത്യം കാണാവുന്നതാണ്. ആധുനികകവിതയെപ്പററി ചിന്തിയ്ക്കുമ്പോഠം നാം ഈ വസ്തുത ഓർമ്മിയ്ക്കേണ്ടിയിരിയ്ക്കുന്നു.

പാശ്ചാത്യകവിതയുടെ ചരിത്രം പരിശോധിച്ചാൽ അതിൻെറ പുരോഗതി സ്ഥൂലത്തിൽനിന്നു സൂക്ഷ്മത്തിലേയ്ക്കും ബാഹ്യത്തിൽനിന്നു ആഭ്യന്തരത്തിലേയ്ക്കുമാണെന്നു കാണാം. ബാഹ്യപ്രകൃതിയുടെ സൗന്ദര്യങ്ങളും, ജീവചൈതന്യത്തിൻെറ ബഹിസ്സ്ഫുരണങ്ങളും, ബഹിർഗ്ഗതങ്ങളായ ഹൃദയഭാവങ്ങളുമാണ് അതിനെ എത്രയോ നൂററാണ്ടുകളായി—സഹസ്രാബ്ദങ്ങളായി എന്നുതന്നെ പറയാം—ആകർഷിച്ചിരുന്നത്. (കവിത എന്ന പദംകൊണ്ടു വിവക്ഷിയ്ക്കുന്ന കലാരൂപത്തിൻെറ കാര്യമാണ് പറയുന്നത്; കാവ്യങ്ങളുടെയോ പദ്യസാഹിത്യത്തിൻെറയോ അല്ല,)

Digitized by Kerala Sahitya Akademi

ഇതിനൊരു വ്യത്യാസം വന്നത് 19–ാം നൂററാണ്ടിൻെറ അവസാനത്തോടുകൂടിയാണ്. ഇന്ദ്രിയഗോചരമായ പ്രപഞ്ചത്തെ മുഴുവനും ഭൗതികശാസ്ത്രം കരസ്ഥമാക്കി. വിവരിച്ചും വ്യാഖ്യാനിച്ചും അപഗ്രഥിച്ചും അന്യഥാകരിച്ചും അതിൻെറ സുന്ദരഭാവങ്ങളെയെല്ലാം അതു ഛിന്നഭിന്നമാക്കി. അഖണ്ഡവും അത്ഭുതകരവുമായ അനുഭൂതികളെ ഇല്ലാതാക്കി. സൂര്യനും ചന്ദ്രനും ഉദയവും അസ്തമയവും മഴവില്ലും പനിനീർപ്പൂവും സ്ത്രീയും പുരുഷനും എല്ലാം പൂർണ്ണമായി അപഗ്രഥിക്കപ്പെട്ടു; വ്യാഖ്യാനിക്കപ്പെട്ടു.

ഇതൊക്കെ സംഭവിച്ചിട്ടും കവിതയിൽനിന്നു ലഭിക്കുന്ന ആനന്ദവും, അതു ജനിപ്പിക്കുന്ന ജിജ്ഞാസയും അവശേഷിക്കുന്നതായി ചില കവികൾക്കെങ്കിലും തോന്നുകയുണ്ടായി. കാവ്യാനുഭൂതി വെറും മരുജലഭ്രാന്തിയാണെന്നു വിശ്വസിക്കുവാൻ അവർക്കു കഴിഞ്ഞില്ല. എങ്കിലും ബാഹ്യപ്രകൃതിയിൽ കവിതയുടെ ഉറവിടങ്ങൾ ഉണങ്ങിപ്പോവുന്നതായിട്ടാണ് അവർക്ക് അനുഭവപ്പെട്ടത്. ഈ മോഹഭംഗം ദുസ്സഹമായിരുന്നു. അതിൽനിന്നു രക്ഷനേടുവാൻവേണ്ടിയാണ്, കവിതയുടെ രഹസ്യമെന്തെന്ന് അന്വേഷിച്ചുകൊണ്ട് അവർ വാക്കുകളുടെ പിന്നിലേക്കും ബോധത്തിൻെറ ഉള്ളറകളിലേക്കും അനുഭൂതിയുടെ ആഴങ്ങളിലേക്കും തിരിഞ്ഞത്.

അവർ അന്നുവരെ അവഗണിച്ചിരുന്ന ഒരു ലോകമാണത്. ഏകദേശം ഇക്കാലത്തുതന്നെ, ഫ്രോയ്ഡിനെപ്പോലെയുള്ള മനശ്ശാസ്ത്രനിരീക്ഷകന്മാർ മനുഷ്യൻെറ ആഭ്യന്തരലോകത്തെ ഹീനവും നീചവും നികൃഷ്ടവുമായ ഒരു തമോഗർത്തമായി ചിത്രീകരിക്കുകയുണ്ടായി. (ആദാമിൻെറ പതനത്തിൽ പ്രകീർത്തിതമായ ആദ്യപാപത്തിൻെറ കരിനിഴലായിരിക്കുമോ ഇമ്മാതിരി നിരീക്ഷണങ്ങളുടെ

Digitized by Kerala Sahitya Akademi

ആസ്പദം?) എങ്കിലും ചേതനയുടെ ഉള്ളിലുള്ളതു മുഴുവനും ഇരുട്ടാണെന്നു സമ്മതിയ്ക്കുവാൻ അനുഗൃഹീതരും ജിജ്ഞാസുക്കളായ ഈ കവികരം തയ്യാറായില്ല. മനശ്ശാസ്ത്രസിദ്ധാന്തങ്ങരം എന്തു പറഞ്ഞാലും അനുഭൂതിയുടെ സാക്ഷിപത്രം അവിശ്വസിയ്ക്കുവാൻ സാദ്ധ്യമല്ലല്ലോ. ഇക്കാരണങ്ങളാലാണ് പാശ്ചാത്യകവിത അന്തർമുഖമായത്. യൂറോപ്യൻസംസ്കാരം യഥാർത്ഥത്തിൽ തന്നിലേയ്ക്കും പിന്നിലേയ്ക്കും കണ്ണുതിരിച്ചത് ഈ കാലഘട്ടത്തിലാണ്.

എത്തുംപിടിയുമില്ലാത്ത ഈ ആഭ്യന്തരലോകത്തിൽ സൗന്ദര്യാനുഭൂതിയുടെ ശരിയായ ഉറവിടങ്ങളിൽ, അസ്തിത്വത്തിൻെറ അണിയറയിൽ, വാഗ്ദേവതയുടെ കാൽത്തളക്കിലുക്കങ്ങളിൽനിന്നുമാത്രം വഴിയറിഞ്ഞു പതുക്കെപ്പതുക്കെ ചുവടുകരംവെച്ച്, ആത്മജ്ഞാനത്തിലേയ്ക്കും അനശ്വരമായ ആനന്ദത്തിലേയ്ക്കും നീങ്ങിക്കൊണ്ടിരിയ്ക്കുന്ന ഒരു മഹായത്നമാണ് ഇന്നത്തെ പാശ്ചാത്യകവിത. സുപരിചിതങ്ങളായ മാർഗ്ഗദീപങ്ങളും ലക്ഷ്യനിർദ്ദേശങ്ങളും ഒന്നും അവിടെ കാണാനില്ല. സാധാരണരൂപങ്ങളും ഭാവങ്ങളും എല്ലാവരും അറിയുന്ന സ്തോഭങ്ങരംപോലും മാഞ്ഞുപോയിരിയ്ക്കുന്നു. പാശ്ചാത്യ സംസ്കാരത്തിൻെറ നിത്യഭാസുരങ്ങളായ സ്മാരകങ്ങരംപോലും പിൻതള്ളപ്പെട്ടിരിയ്ക്കുന്നു.

Where is the wisdom we have lost in knowledge?
Where is the knowledge we have lost in information?
The cycles of Heaven in Twenty centuries
Bring us farther from God and nearer to the dust.

(T. S. Eliot)

നമ്മുടെ കവിതയും ഈ നിലയിലാണ് ഇന്ന് എത്തിച്ചേർന്നിരിയ്ക്കുന്നത്. പാശ്ചാത്യസംസ്കാരവുമായി വലിയ വേഴ്ചയൊന്നുമില്ലാത്ത കവികളും, അതിനെ വെ

Digitized by Kerala Sahitya Akademi

റുക്കുന്ന കവികരംപോലും; ഇപ്പറഞ്ഞതുപോലെയുള്ള അന്വേഷണത്തിനും അദ്ധ്യാനത്തിനും പ്രേരിതരായിത്തീന്നിരിയ്ക്കുന്നു. പൂവ്വരീതികരം ഉപേക്ഷിച്ചു, കാവ്യാനുഭൂതിയുടെ ഉള്ളറകളിൽത്തന്നെ ഉൽഖനനം നടത്തുവാൻ അവർ ഉദ്യമിച്ചുതുടങ്ങിയിരിയ്ക്കുന്നു. ആധുനികമനുഷ്യൻ—അറിഞ്ഞാലും ഇല്ലെങ്കിലും—പാശ്ചാത്യസംസ്കാരത്തിൻെറ കടലൊഴുക്കുകളിൽ മുങ്ങിക്കിടക്കുകയാണെന്നുള്ളതാണ് ഇതിൻെറ കാരണം. ഈ രാജ്യത്തെ സഹൃദയസമുദായത്തിൻെറ ലോകവീക്ഷണം—മനോഭാവം, ജീവിതപ്രതികരണങ്ങരം—പാശ്ചാത്യരുടേതിൽനിന്നു വളരെയൊന്നും ഭിന്നമല്ലെന്നു വന്നിരിയ്ക്കുന്നു. ബാഹ്യലോകത്തിൻെറ അത്ഭുതപരിവേഷം അവരുടെ ദൃഷ്ടിയിൽനിന്നും മറഞ്ഞുകഴിഞ്ഞു.

കവികരം സാമൂഹ്യചേതനയുടെ സ്ഥാനപതികളാണ്, ബുദ്ധിയിലല്ലാതെ, അനുഭൂതിയിൽ ചുററുമുള്ള സമുദായത്തിൽനിന്ന് അകന്നുനില്ക്കുവാൻ അവക്കു സാധ്യമല്ല. അവരാണ് സമുദായത്തെ ബാധിച്ചിരിയ്ക്കുന്ന മോഹഭംഗങ്ങരം ഏററവും തീക്ഷ്ണമായ രീതിയിൽ അനുഭവിയ്ക്കുന്നതു്. നമ്മുടെ ജനങ്ങരംക്കും ബാഹ്യലോകം ജഡമാത്രമായിത്തീന്നിരിയ്ക്കുന്നു എന്നുകണ്ട് അവരും ഉള്ളിലെ ലോകത്തിൽ സൗന്ദര്യത്തിൻെറ ഉറവിടങ്ങരം തേടുകയാണ്; അനുഭൂതിയുടെ അടിത്തട്ടുകളിൽ അന്വേഷണം നടത്തുകയാണ്. ഇന്നു നമ്മുടെ ഭാഷയിലും പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിയ്ക്കുന്ന പുതിയ മാതൃകയിലുള്ള കവിതകരം ഇതിൻെറ ഫലമാകുന്നു. അവയിൽ ടി. എസ്സ്. എലിയട്ടിൻെറയും, ഡബ്ല്യൂ. എച്ച്. ആഡൻെറയും, വലേറിയുടെയും, വെർഹീരൻെറയും കലാരീതികരം കാണുന്നതു സ്വാഭാവികമാണ്. ഇത് അനുകരണംകൊണ്ടുണ്ടാകുന്നതല്ല. സമസ്വഭാവമായ ചുററുപാടുകളിൽ കവികളുടെ പ്രതിഭ

Digitized by Kerala Sahitya Akademi

ഏറെക്കുറെ സമസ്വഭാവമായ പ്രതികരണങ്ങരം ഉളവാകുന്നു എന്നേയുള്ളു.

അന്തകരണമാണെന്നു സംശയിയ്ക്കുവാൻപോലും നിവൃത്തിയില്ലാത്ത ഒരു ഉദാഹരണം പറയാം. എന്നെ വളരെ അധികം ആകർഷിച്ചിട്ടുള്ള ഒരു കവി ആയതുകൊണ്ടുകൂടി പറയുകയാണ്; പി. കുഞ്ഞിരാമൻനായരുടെ കവിത. അതിൽ ആശയവും ഭാവനയും കാട്ടുകയറുകയാണെന്നു ഒററ നോട്ടത്തിൽ തോന്നിയേയ്ക്കാം. പറയാനുള്ളതു നേരേ പറഞ്ഞു, യുക്തിയുക്തമായി കാര്യവിചാരം ചെയ്യു ലക്ഷണമൊത്ത കവിതയെഴുതാൻ കുഞ്ഞിരാമൻനായക്കു കഴിവില്ലെന്ന് ആരു പറഞ്ഞാലും ഞാൻ സമ്മതിയ്ക്കുകയില്ല. അത്തരം കവിത, സാക്ഷാൽ രാമായണകഥയെ ആസ്പദമാക്കിത്തന്നെ, അദ്ദേഹം എഴുതിയിട്ടുള്ളതു ഞാൻ വായിച്ചിട്ടുണ്ട്. അങ്ങിനെയുള്ള കവിതാരചനകൊണ്ട് തൻെറ ഉദ്ദേശം സാധിയ്ക്കുന്നില്ലെന്നും ചാരിതാർത്ഥ്യം ലഭിയ്ക്കുന്നില്ലെന്നും കണ്ടിട്ടുതന്നെ ആയിരിയ്ക്കണം അന്യാസാധാരണമായ വാസനാശക്തിയും അഭ്യാസബലവുമുള്ള ഈ കേരളീയകവി വായനക്കാരനെ വിഷമിപ്പിയ്ക്കുന്ന കവിത എഴുതിത്തുടങ്ങിയതു്. അദ്ദേഹം എലിയട്ടിൻെറയും മററും കൃതികരം വായിച്ചിട്ടില്ലെന്നുള്ളതു തീച്ച്യാണ്. എങ്കിലും ആധുനികപാശ്ചാത്യകവിതയിൽ കാണുന്ന വിദ്യകരം പലതും അദ്ദേഹം പ്രയോഗിക്കുന്നുണ്ട്. കേരളീയസഹൃദയന്മാരുടെ ഹൃദയവിപഞ്ചികയിൽ അടിസ്ഥാനതന്ത്രികളായിത്തീന്നിട്ടുള്ള വാങ്മയങ്ങളിൽ കൈവിരലുകരം പായിച്ചു സ്മരണയുടെയും സംസ്കാരത്തിൻെറയും മുഴക്കം ജനിപ്പിയ്ക്കുക, ബാല്യംമുതല്ക്കേ കണ്ടിട്ടുള്ള അത്ഭുതദൃശ്യങ്ങരം വ്യഞ്ജിപ്പിയ്ക്കുക, ഉല്ലേഖങ്ങളിൽ ചാടിക്കളിയ്ക്കുക, ഉൽപ്രേക്ഷകളെ വളച്ചൊടിയ്ക്കുക, യുക്തിയെ നട്ടംതിരിച്ചു കാര്യകാരണബന്ധത്തെ ഭഞ്ജിയ്ക്കുക, അലങ്കാരശാസ്ത്രത്തി

Digitized by Kerala Sahitya Akademi

ൻെറ അനുശാസനങ്ങളെ തൃണവൽഗണിയ്ക്കുക, ഭാവനയെ വളയമില്ലാതെ ചാടിയ്ക്കുക എന്നിങ്ങനെയുള്ള അടവുകൾ എല്ലാം കാണാം. ഈ വിപ്ലവങ്ങളൊക്കെ നടത്തിയിട്ടും അത്യഗാധമായ കാവ്യാനുഭൂതി ഈ കവിതകളിൽ നിറഞ്ഞുനില്ക്കുന്നു. അരൂപങ്ങളും അവ്യക്തങ്ങളും, അതേസമയംതന്നെ അത്ഭുതകരങ്ങളും അന്യാദൃശങ്ങളുമായ തിളക്കങ്ങൾ, പകതിപെയ്ത മേഘങ്ങളിൽ കൊള്ളിമീൻപോലെ, അവയിൽ തുള്ളിക്കളിയ്ക്കുന്നു. വെളിച്ചം കാണുമ്പോൾ അവയുടെ കേളീരംഗം അടുത്തു മുമ്പിൽത്തന്നെ ആണെന്നു തോന്നും. പക്ഷേ ശ്രദ്ധയോടെ പരിശോധിയ്ക്കുമ്പോൾ നാം കബളിതരായെന്നുബോദ്ധ്യമാകും. അടുത്തു കാണുന്ന മേഘങ്ങൾക്ക്, അപ്പുറം, അനുഭൂതിയുടെ ആഴങ്ങളിൽ, അസ്തിത്വത്തിൻെറ അണിയറയിലാണ് ആ തിളക്കങ്ങൾ കളിയ്ക്കുന്നതു്. കവിയും അവയുടെകൂടെ കളിയ്ക്കുകയാണ്; അവയെക്കൊണ്ടു സുന്ദരശില്പങ്ങൾ നിർമ്മിയ്ക്കുവാൻ ശ്രമിയ്ക്കുകയാണ്.

> മണൽത്തരിയ്ക്കും ബ്രഹ്മാണ്ഡമണ്ഡലത്തിനുമൊന്നു
> പോൽ
> വിലയം വിട്ടു ചൈതന്യകല കോരിവിളമ്പുവോൾ;
> ചമ്പകാശോകപുന്നാഗസൗഗന്ധികസുമങ്ങളാൽ
> സൗരഭം വീശുമാനീലപ്പുരിവാർകുഴൽ ചിക്കുവോൾ;

ലളിതാസഹസ്രനാമം വായിച്ചിട്ടുള്ള വായനക്കാരൻെറ ഹൃദയത്തിൽ ഈ വരികൾ എന്തെന്ത് അനുഭൂതികളാണ് ജനിപ്പിയ്ക്കുന്നതെന്നു പറഞ്ഞറയിയ്ക്കുവാൻ പ്രയാസമാണ്. ('ചമ്പകാശോകപുന്നാഗസൗഗന്ധികലസൽകചാ' എന്നു ലളിതാസഹസ്രനാമം.) ഇതു മോഷണമല്ലേ എന്നു ചോദിയ്ക്കുന്നവരുണ്ട്. അതേ, മോഷണംതന്നെ! പറകൊട്ടി, കാഹളം വിളിച്ചു, സമസ്തലോകത്ത

Digitized by Kerala Sahitya Akademi

യും അറിയിച്ചുകൊണ്ടു, സ്വന്തം സംസ്കാരത്തിന്റെ തുറന്നു കിടക്കുന്ന ഭണ്ഡാഗാരത്തിൽനിന്നു ആ വിലപ്പെട്ട രത്നത്തെ കവന്നെടുത്ത് അദ്ദേഹം വായനക്കാക്ക് സമ്മാനിയ്ക്കുകയാണ്. ആരും കാണാതെ, ആരും അറിയുകയില്ലെന്നു കരുതി പകപ്പവകാശത്തിൽ പൂഴ്ത്തിവയ്ക്കുകയല്ല. കഴിവുള്ളവക്കെല്ലാം കടന്നെടുക്കാവുന്ന സംസ്കാരസമ്പത്തുകൾ ഈ രാജ്യത്തു കണക്കില്ലാതെ കിടപ്പുണ്ട്.

യത്രാജ്ജിതങ്ങൾ കിടപ്പൂ ശതകോടി—
രത്നനിക്ഷേപമെന്നാശ്രമസീമയിൽ,

ഇരുചെവി അറിയാത, ദുരാഗ്രഹത്തോടെ, തൊട്ടുപോയാൽ കൈ വെന്തുപോകും, കുലവും നശിച്ചെന്നുവരാം, അതുമാത്രമേ സൂക്ഷിയ്ക്കാനുള്ളൂ.

നാലു ശ്ലോകങ്ങൾകൂടി ഉദ്ധരിച്ചുകൊള്ളട്ടെ. അവ നല്കുന്ന അനുഭൂതികൾ വിശദമായി വർണ്ണിച്ചു കേൾപ്പിയ്ക്കുവാൻ സാധ്യമല്ല. സാധിയ്ക്കുമായിരുന്നുവെങ്കിൽ കവിത എഴുതേണ്ട ആവശ്യമില്ലല്ലോ.

പൂനിലാവൊളിയാം കാട്ടുപൂഞ്ചോലച്ചാർത്തിനപ്പുറം
തിങ്ങിനില്ക്കും മഹാരണ്യഗോപുരങ്ങൾക്കമപ്പുറം.
പൊൻതാഴികക്കുടം ചൂടിനില്ക്കുന്നു ദേവപൂജതൻ
വാദ്യഘോഷം മുഴങ്ങുന്ന വെളിച്ചത്തിന്റെയമ്പലം

*  *  *

പട്ടാംബരം പാറുമദ്രിമണിപീഠത്തിലൊക്കെയും
വൃന്ദാരകാർച്ചിതസുമം കുന്നുകൂടിക്കിടക്കവേ,
അഹർമ്മുഖോത്സവോൽഫുല്ലപുണ്ഡരീകദളങ്ങളിൽ
ചിലമ്പിൻകാന്തിയാൽ സ്വർണ്ണപരാഗങ്ങൾ
പരത്തിയും;

*  *  *

സ്മിതം തൂകിത്തിളങ്ങുന്നു സച്ചിദാനന്ദരൂപിണി.

Digitized by Kerala Sahitya Akademi

മിഴിവേറിയഭാവന, വിശദത്വം തികഞ്ഞ ചിത്രങ്ങഠം, അടുക്കിവച്ച ആശയങ്ങഠം, ലക്ഷണമൊത്ത അലങ്കാരങ്ങഠം, പുരോഗമനപരമായ ചിന്താഗതി, തുടങ്ങിയ ഗുണങ്ങളാണ് കവിതയിൽ കാണേണ്ടത് എന്നു വാദിക്കുന്നവരിൽപോലും ഈ വരികഠം അവാച്യമായ കാവ്യാനുഭൂതി ജനിപ്പിക്കുമെന്ന് എനിക്കു തോന്നുന്നു. അക്കാര്യം അംഗീകരിക്കുന്നതും സമ്മതിക്കുന്നതും ഘനക്ഷയമാണെന്ന വിചാരമാണ് ആധുനികകവിതക്ക് ആപല്ക്കരമായിത്തീന്നിരിക്കുന്നത്. ഏതായാലും അത്ര നല്ലുന്ന അനുഭൂതികളും ഉഠംക്കാഴ്ചകളും ഇന്നത്തെ ജനസമുദായങ്ങഠംക്ക് അപേക്ഷണീയങ്ങളെന്നല്ല അനുപേക്ഷണീയങ്ങളുമാണെന്നു ഞാൻ കരുതുന്നു. അന്യഥാ മാധുര്യമററ്, ഒരിക്കലും വിട്ടുമാറാത്ത ശൂന്യതാബോധത്താൽ വിവശമായ ആധുനികജീവിതത്തിൽ അവക്കുമാത്രമേ ധന്യത കലത്തുവാൻ കഴിവുള്ളു. മാനവചരിത്രത്തിലെ ഈ പ്രതിസന്ധിഘട്ടത്തിൽ സംസാരത്തിലൂടെമാത്രം കൈവരുന്ന ആദ്ധ്യാത്മികമായ ധന്യതാനുഭൂതി അത്യദ്ധ്വാനംചെയ്തുപോലും സമാജ്ജിക്കേണ്ട പുരുഷാത്ഥമായിത്തീന്നിരിക്കുകയാണ്.

കേരളീയരായ നമുക്കു കവിതയെക്കുറിച്ചുള്ള ഈ പരിഗണനകളിൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കാനുണ്ട്. നാം പാശ്ചാത്യസംസ്കാരത്തിൻെറ നിഴലിൽ ജീവിക്കേണ്ടിവന്നിരിക്കുന്നെങ്കിലും ഭാരതീയസംസ്കാരത്തിൻെറ സന്താനങ്ങളാണെന്ന വസ്തുത കവിയും സഹൃദയനും ഒന്നുപോലെ ഓക്കേണ്ടിയിരിക്കുന്നു. ആഭ്യന്തരലോകം ഹീനമായ ഇരുട്ടാണെന്നു ഭാരതീയർ ഒരു കാലത്തും കരുതിയിട്ടില്ല. പാശ്ചാത്യമനശ്ശാസ്ത്രജ്ഞന്മാർ എന്തെല്ലാം സിദ്ധാന്തങ്ങഠം പുറപ്പെടുവിച്ചാലും, എന്തെല്ലാം കണ്ടുപിടിച്ചാലും, ജീവചൈതന്യം സച്ചിദാനന്ദസ്വരൂപമാണെന്നാണ് നമ്മുടെ ആചാര്യന്മാർ അനുഭവത്തെ സാക്ഷിനി

Digitized by Kerala Sahitya Akademi

ത്തി സമത്ഥിച്ചിട്ടുള്ളത്. ഉപനിഷൽകാലങ്ങളിൽ അനുഭൂതിയുടെ അക്ഷയപാത്രത്തിൽനിന്നു നിത്യനൂതനമായ കവിതാമൃതം കോരിച്ചൊരിഞ്ഞ് ആ മഹാത്മാക്കൾ അനന്തരപരമ്പരകളെ അനുഗ്രഹിച്ചു. അത്യത്ഭുതകരവും തേജോമയവുമായ ഒരു ആഭ്യന്തരലോകമാണ് അവർ കാണിച്ചുതന്നത്. അതിനുശേഷം ഒന്നോ രണ്ടോ ആയിരം കൊല്ലത്തെ മാർഗ്ഗഭ്രംശം നമ്മുടെ സംസ്കാരത്തിൽ സംഭവിച്ചിട്ടുണ്ട്. അനുഭൂതിയെക്കാൾ ആചാരത്തെയും, സത്യത്തെക്കാൾ സിദ്ധാന്തത്തെയും, ആത്മജ്ഞാനത്തെക്കാൾ ആഢ്യത്വത്തെയും ആണ് നാം വിലമതിച്ചതും പിൻതുടന്നതും. പാണ്ഡിത്യപ്രകടനങ്ങളുടെയും പരോപജീവിതത്തിൻെറയും പരപ്പേറിയ ഈ മരുഭൂമിയിൽ, ഇലയില്ലാത്ത മുൾച്ചെടികൾപോലെ, ഭാഷ്യങ്ങളും ടിപ്പണികളും അനുകരണങ്ങളുംമാത്രം അങ്ങിങ്ങു വളന്നുനില്ക്കുന്നു. അതിനിടക്ക്, ശങ്കരനെയും കാളിദാസനെയുംപോലെ ഒററതിരിഞ്ഞ ഒന്നുരണ്ടു ശാദ്വലങ്ങൾമാത്രമേ നാം കാണുന്നുള്ളു.

ഭാരതീയസംസ്കാരം ഇങ്ങനെ ആയിരത്താണ്ടുകാലം വീര്യംനശിച്ച് വരണ്ടുപോയെങ്കിലും ആ പഴയ ഉൾക്കാഴ്ചകളുടെ സ്മരണ നമ്മുടെ ജനങ്ങളിൽനിന്നു തീരെ മാഞ്ഞിട്ടില്ല. ആ സ്മരണയെ ഉണത്തി, അനുഭൂതിയിൽ സാക്ഷാൽക്കരിച്ചു സഹൃദയലോകത്തെ വെളിച്ചത്തിൻെറനേക്കു നയിക്കേണ്ടു കടമയാണ് നമ്മുടെ കവികൾക്കുള്ളത്. സംസ്കാരത്തിൻെറ സുവർണ്ണവാഹനമായ കവിതയെ, ആധുനികജീവിതത്തിൻെറ പരാധീനതകൾ മനസ്സിലാക്കി, ഇന്നത്തെ ആവശ്യങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ വളത്തി അവർ കൈവരുത്തേണ്ടു നവോത്ഥാനം ഇതാകുന്നു. ടി. എസ്സ്. എലിയട്ടിനെപ്പോലെയുള്ള പാശ്ചാത്യകവികൾ ആഭ്യന്തരലോകത്തിലേയ്ക്കുള്ള അഭിഗമനത്തിൽ, മനുഷ്യരാശിയെ മുഴുവനും ഉൾക്കൊള്ളുന്ന സൗന്ദര്യാനുഭൂതി

Digitized by Kerala Sahitya Akademi

കളും ശാശ്വതമൂല്യങ്ങളും തേടുന്നതിനിടയ്ക്ക്, ഹോമറു ടെയും മിൽട്ടൻെറയും സന്നിധിയിലെന്നപോലെ ബൃഹ ദാരണ്യകോപനിഷത്തിൻെറ സമീപത്തിലും ചെന്നെത്തു ന്നതായിക്കാണുന്നു. പക്ഷേ ഉപനിഷൽസംസ്കാരത്തി ൻെറ ഉൾക്കാഴ്ചകളെ സാക്ഷാൽക്കരിയ്ക്കുവാൻ അവർക്കു സാ ധിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിയ്ക്കുന്നു. നമ്മുടെ കവി കൾക്കു ഇങ്ങിനെയൊരു പ്രയാസം ഉണ്ടാകേണ്ടതില്ല. ചരിത്രം അവരെ അസൂയാവഹമായ രീതിയിൽ അനുഗ്ര ഹിച്ചിരിയ്ക്കുകയാണ്. ഭാരതീയസംസ്കാരത്തിൻെറ അനു ഭൂതികൾ അവർക്കു ജന്മസിദ്ധമാണെന്നു പറയേണ്ടതില്ല. അതിനുംപുറമേ, ഭൂമിയിലുണ്ടായ അതിപ്രധാനമായ മററു ചില മഹാസംസ്കാരങ്ങളുടെ ശാഖാനദികൾ പ്രാചീന കാലംമുതല്ക്കുതന്നെ നമ്മുടെ മണ്ണിൽ ഒഴുകിയിട്ടുണ്ട്. ബു ദ്ധമതത്തെ ഭാരതീയപാരമ്പര്യത്തിൽനിന്നു ഭിന്നമായി കരുതേണ്ടതില്ലെങ്കിലും, ക്രിസ്തുമതത്തിൻെറയും ഇസ്ലാം മതത്തിൻെറയും കഥ അതല്ല. അവയുടെ ഉൾക്കാഴ്ചകളും ഇന്നത്തെ ഭാരതീയകവികൾക്ക് അഭിഗമ്യങ്ങളാണ്. പോരെങ്കിൽ ആധുനികകാലത്തു പാശ്ചാത്യരാജ്യത്തു ണ്ടായ ശാസ്ത്രീയവും രാഷ്ട്രീയവുമായ ദർശനങ്ങളും ഈ രാജ്യത്തു പ്രചരിച്ചിട്ടുണ്ട്.

വിഭിന്നങ്ങളും അത്യത്ഭുതകരങ്ങളുമായ ഈ അനുഭൂതി മണ്ഡലങ്ങളിൽ വേരിറക്കുവാൻ കഴിയുന്ന കവിപ്രതിഭ യിൽ എന്തെന്തു പുഷ്പങ്ങൾ വിരിയുകയില്ല! ''സംസാരാ യാസഹാരികളായ'' തേൻകനികൾ എത്രകാലം വിളയു കയില്ല! മനുഷ്യവർഗ്ഗത്തെ മുഴുവനും അഭൂതപൂർവ്വമായ രീ തിയിൽ സേവിയ്ക്കുവാൻ കഴിയുന്ന കനകാവസരമാണ് നമ്മുടെ കവികൾക്കു കൈവന്നിരിയ്ക്കുന്നത്. അതിനെ പരമാവധി പ്രയോജനപ്പെടുത്തുവാൻ അവർക്കു സംഗതി യാകട്ടെ.

Digitized by Kerala Sahitya Akademi

# 6

# ഭാഷാപഞ്ചവത്സരി

(1954—ൽ സർദാർ കെ. എം. പണിക്കരുടെ ഷഷ്ടിപൂർത്തി പ്രമാണിച്ച് എഴുതിയതു്)

**പ**ഞ്ചവത്സരപദ്ധതി എന്ന വാക്ക്, എന്തു കാരണത്താലോ, എനിയ്ക്കു ഇഷ്ടമായിട്ടില്ല. ഗീർവ്വാണമായിപ്പോയതുകൊണ്ടല്ല. സാക്ഷാൽ ഗൈർവാണിയെക്കാരം മനോഹരമായ ഭാഷ വേറെ ഏതിരിയ്ക്കുന്നു? വടമൊഴിയെ വെറുക്കുന്ന തമിഴരുടെ ''അസ്സവരിടത്തിട്ടം'' വെറും വൃത്തികേടായിട്ടാണ് തോന്നുന്നത്, വിവക്ഷിതത്തിൻെറ പ്രാധാന്യവും അതിൽ കേന്ദ്രീകൃതമായിരിക്കുന്ന പ്രതീക്ഷകളുടെ വൈപുല്യവും ആലോചിക്കുമ്പോരം ഈ പദങ്ങളെല്ലാം തീരെ അപര്യാപ്തങ്ങളായിട്ടാണ് അനുഭവപ്പെടുന്നത്. വാസ്തവത്തിൽ പേരിടുന്നതിൻെറയും ഭാഷാസൗകുമാര്യത്തിൻെറയും പ്രാധാന്യം ഭാരതീയരായ നാം ഇന്നു തീരെ വിസ്മരിച്ചിരിക്കുകയാണ്. അമേരിക്കൻ പ്രസിഡണ്ടിൻെറ പ്രസംഗങ്ങരം പ്രാമാണികന്മാരായ ചില സാഹിത്യകാരന്മാരുടെ പരിശോധനയ്ക്കു ശേഷമേ മററുള്ളവർ കേരംക്കാറുള്ളു എന്ന് എവിടെയോ വായിച്ചതോർക്കുന്നു. വാക്കുകളുടെ വശീകരണശക്തിയും മനുഷ്യ ചിത്തത്തിൽ അവ വരുത്തുന്ന അത്യഗാധമായ മാററങ്ങളും, രാഷ്ട്രത്തിൻെറ ഭാഗധേയങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നവർ അറിഞ്ഞിരിക്കേണ്ടതു അത്യാവശ്യമാണ്. അന്ധവിശ്വാസങ്ങളിലും അതിപുരാതനമായ

Digitized by Kerala Sahitya Akademi

ആചാരങ്ങളിലും ആണ്ടുകിടക്കുന്ന ഭാരതീയ ജനസാമാന്യത്തെ ശ്രേയസ്സിലേയ്ക്കും സംതൃപ്തിയിലേയ്ക്കും നയിക്കുവാനുള്ള നിർമ്മാണപരിപാടികൾ നമ്മുടെ ഗവൺമെണ്ട് സംവിധാനംചെയ്തുകൊണ്ടിരിക്കുന്ന കാലമാണിത്. മന്ത്രിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും കൂലിക്കെടുത്ത വിദഗ്ദ്ധന്മാരുടെയും ശ്രമംകൊണ്ടു മാത്രം ഈ പദ്ധതികളൊന്നും സഫലമാകുവാൻ പോകുന്നില്ല. ജനസഞ്ചയത്തിൻെറ പ്രതീക്ഷകളെ ഉണർത്തുകയും, അവരെ ഈ പദ്ധതികളിൽ ആവേശം കൊള്ളിക്കുകയും ചെയ്താൽ മാത്രമെ വിജയം സിദ്ധിക്കുകയുള്ളു. ഇതിനു ആദ്യം ചെയ്യേണ്ടതു ഈ പദ്ധതികൾക്കു ആകർഷകമായ ഒരു പേരു കൊടുക്കുകയാണ്. ചെറിയ പേരായിരിക്കണം. കാവ്യഭംഗി തുളുമ്പുന്നതായിരിക്കണം. കേട്ടാൽ ഹൃദയം കുളിക്കണം. പ്രതീക്ഷകൾ ചിറകു വിതിർത്തണം. ഉരുവിട്ടുപോലും സുഖിക്കത്തക്കതായിരിക്കണം. അതിനു പകരം ''ദാമോദർവാലീ പദ്ധതി'' എന്നും ''കമ്മ്യൂണിററി പ്രോജക്ട്'' എന്നും ''നഷണൽ എക്സ്റ്ററൻഷൻ സർവ്വീസ്'' എന്നും മററുമുള്ള ആസുരമായ പേരുകളിൽ പുതിയ ആശയങ്ങളും പരിപാടികളും പ്രചരിപ്പിക്കുവാൻ ശ്രമിച്ചാൽ അവ ആപ്പീസു പദ്ധതികളായും ഉദ്യോഗസ്ഥ സംരംഭങ്ങളായും ശേഷിക്കുകയേ ഉള്ളു.

ഇതു് കാര്യമാത്ര പ്രസക്തമായ കാലമാണെന്നും സർക്കാരിനു കവിതയില്ലെന്നും നൂതനമായ ആശയങ്ങൾക്കു നൂതനമായ പേരുകൾ വേണമെന്നും പുരോഗമനപരമായ വീക്ഷണഗതി സ്വീകരിക്കണമെന്നും മററുമുള്ള സമാധാനങ്ങളും ഉപദേശങ്ങളും ഈ അഭിപ്രായങ്ങൾക്കു എതിരായി പറഞ്ഞേക്കാം. സാഹിത്യംപോലും ഇമ്മാതിരി സമാധാനങ്ങൾക്കും ഉപദേശങ്ങൾക്കും വിധേയമായി വെറും പത്രപ്രവർത്തനമോ വാചകവ്യാപാരമോ ആയി അധഃ

Digitized by Kerala Sahitya Akademi

പതിച്ചിരിക്കുന്ന കാലമാണിതു്. കാവ്യഭംഗിയെന്നും ശബ്ദസുഖമെന്നും പറയുന്നവർ അധിക്ഷിപ്തരാവുകയേ ഉള്ളൂ. എങ്കിലും ഒരു കാര്യം അഭിജ്ഞന്മാരെന്നഭിമാനിച്ച് ഈ പുതിയ അഭിപ്രായങ്ങൾ ഘോഷിക്കുന്ന നാമെല്ലാവരും ഓർമ്മിക്കണം. ഇതു ജനാധിപത്യത്തിൻെറ കാലമാണ്. അഭിജ്ഞനും അനഭിജ്ഞനും ഓരോ വോട്ടേയുള്ളു. ഭാരതത്തിൽ അനഭിജ്ഞന്മാർ ഭൂരിപക്ഷവുമാണ്. ത്രിവേണി എന്ന ഒരൊററപ്പദം ഈ അനഭിജ്ഞന്മാരിൽ നാല്പതുലക്ഷം പേരെയാണ് 1954—ൽ അലഹബാദിലേയ്ക്കു് ആകർഷിച്ചതു്. അന്ധവിശ്വാസമെന്നോ ദുരാചാരമെന്നോ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളുക. പക്ഷെ ഇതു വാസ്തവത്തിൽ നടന്നതാണ്. ഈ പരമാർത്ഥത്തെ വിസ്മരിക്കുന്നതും വിഗണിക്കുന്നതും ആപൽക്കരമാണ്. വെറുക്കുന്നത് വിനാശകരവും. ഈ മഹാ ഭൂരിപക്ഷത്തിൻെറ ഭാവനയെ ഉദ്ദീപിപ്പിക്കാത്ത, അവരുടെ ആത്മാവിനെ പുളകം കൊള്ളിക്കാത്ത, യാതൊന്നും ഈ രാജ്യത്തു പ്രചരിക്കുവാനോ വിജയിക്കുവാനോ പോകുന്നില്ല. അവരുടെ തലയ്ക്കുമീതേക്കൂടി പരന്ത്രീസ് പ്രസംഗിച്ചു രാഷ്ട്രത്തെ ഗുണപ്പെടുത്താമെന്നു വിചാരിക്കുന്നതു വെറും വ്യാമോഹമാണ്. ഇന്നു് ക്ഷേമതല്പരരാഷ്ട്രത്തിനും സാമ്പത്തിക പുരോഗതിയ്ക്കും വേണ്ടി, സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ചുകൊണ്ടുള്ള ആഹ്വാനങ്ങൾ നാടുനീളെ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഈ കണക്കുകളും സാങ്കേതികപദങ്ങളും അക്ഷരാഭ്യാസംപോലുമില്ലാത്ത ഭാരതീയ ജനസാമാന്യത്തിനു മനസ്സിലാകുന്നുവോ എന്നൊന്നും ആരും ആലോചിക്കുന്നില്ല. പ്രസംഗങ്ങളെല്ലാം ക്ഷമിച്ചിരുന്നു കേട്ടശേഷം, തങ്ങൾക്കുമാത്രം വശമുള്ള അർത്ഥഗർഭമായ ഒരു പുഞ്ചിരിയോടെ, ഗ്രാമീണ ജനങ്ങൾ അവരുടെ കഷ്ടപ്പാടിലേയ്ക്കും ചിരപരിചിതമായ സങ്കല്പങ്ങളിലേയ്ക്കും തിരി

Digitized by Kerala Sahitya Akademi

ച്ചുപോകുന്നു. നേരെമറിച്ച്, ഗാന്ധിജിയുടെ നാവിൽ നിന്ന് രാമരാജ്യം എന്ന ഒരൊററ വാക്കു കേട്ടപ്പോഠം അവരുടെ ഭാവന ഉണരുകയും മുരടിച്ചുപോയ ആകാംക്ഷ കഠം നാമ്പുനീട്ടുകയും ചെയ്യുകയുണ്ടായി. കോരിത്തരിക്കു ന്ന ചേതനയോടുകൂടിയാണ് അവർ അദ്ദേഹത്തിൻെറ സന്നിധിയിൽ നിന്നു പിരിഞ്ഞുപോയത്. ജീവൻ ത്യജിച്ചുപോലും അദ്ദേഹത്തിൻെറ നിർദ്ദേശങ്ങഠം അനുസ രിക്കുവാൻ അവർ സന്നദ്ധരായി. ഒരു പത്തുനൂററാണ്ടി നിടയ്ക്കു് തങ്ങഠംക്കു മനസ്സിലാകുന്ന ഭാഷ അവർ വീണ്ടും കേട്ടതു അദ്ദേഹത്തിൽനിന്നാണ്. മനസ്സിലാവുന്നതു മാ ത്രമല്ല അത് ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്ന ഭാഷയായിരുന്നു. അദ്ദേഹത്തിൻെറ വാക്കുകഠം അവരു ടെ ബോധത്തിൻെറ ഉള്ളറകളിൽ പ്രതിധ്വനിച്ചു. ആ മഹാപുരുഷൻെറ ചിതാഭസ്മം ത്രിവേണിയിൽ ലയിച്ചു ആറുവഷം തികഞ്ഞ ഇന്നുപോലും അവയുടെ അനുരണനം മാഞ്ഞിട്ടില്ല.

അഭിജ്ഞന്മാരുടെ കാര്യംമാത്രം പരിഗണിച്ചാലും ഇന്നത്തെ ഈ പോക്ക് ശരിയല്ല. അഭിജ്ഞോത്തമനാ യിരുന്ന രവീന്ദ്രനാഥടാഗൂർ തൻെറ സാവ്വലൌകികമായ ആശയങ്ങളുടേയും, സവ്വോൽകൃഷ്ടമായ സേവനപദ്ധതിക ളുടെയും ചിഹ്നമായി സംവിധാനംചെയ്ത സ്ഥാപനത്തിനു വിശ്വഭാരതി എന്നാണ് നാമകരണംചെയ്തത്. ''ഇൻറർ നാഷനൽ യൂനിവേഴ്സിററി'' എന്നോ മററോ പേരിടു വാൻ അദ്ദേഹത്തിനു കഴിവില്ലായിരുന്നു എന്ന് ആരും പറയുകയില്ല. ഒരു പക്ഷെ അന്നത്തെ ഗവമ്മെണ്ടി നെയും പരിഷ്കാരഭ്രമക്കാരെയും അങ്ങിനെയൊരു പേര് കൂടുതൽ പ്രീണിപ്പിക്കുമായിരുന്നു. ബാഹ്യലോകത്തി ൻെറ ശ്രദ്ധയെയും താൽപര്യത്തെയും ആകഷിക്കുന്ന തിന് അതു സഹായിക്കുമായിരുന്നു. എങ്കിലും അദ്ദേഹം

Digitized by Kerala Sahitya Akademi

വിശ്വഭാരതി എന്നും ശാന്തിനികേതനം എന്നും ഉള്ള അതിമനോഹരങ്ങളായ ഭാരതീയ നാമങ്ങളാണ് സ്വീകരിച്ചത്. ഈ പേരുകളുടെ വശീകരണശക്തിക്ക് വിധേയരാകാത്തവരായി വിദ്യാഭ്യാസം സിദ്ധിച്ച ഭാരതീയരിൽ ആരും കാണുമെന്നുതോന്നുന്നില്ല. ആ പേരുകളുടെ ഔചിത്യവും സൗകമാര്യവും കൊണ്ടുമാത്രം ഗുരുദേവൻെറ സങ്കല്പം ഭാരതീയ ഹൃദയങ്ങളിൽ വേരുറച്ചു എന്നു പറയേണ്ടിയിരിയ്ക്കുന്നു. അത്ഭുതാവഹങ്ങളായ ഈ രാഷ്ട്രനിർമ്മാണസങ്കല്പങ്ങളോടാണ് നാം ഇന്നത്തെ പദ്ധതികളേയും പ്രോജക്ററുകളേയും സർവ്വീസുകളേയും താരതമ്യപ്പെടുത്തേണ്ടത്. പരിഷ്കാരഭ്രമക്കാരും വിദേശസംസ്കാരങ്ങളെമാത്രം മാനിയ്ക്കുന്നവരുമായ ഒരു അല്പപക്ഷത്തെ പ്രോത്സാഹിപ്പിയ്ക്കുകയും മറെറങ്ങും നോക്കുവാനില്ലാത്ത ബഹുഭൂരിപക്ഷത്തെ അടിയ്ക്കടി അകററിനിർത്തുകയും ചെയ്യുന്ന ഒരു സാംസ്കാരിക പ്രവണതയുടെ ചിഹ്നങ്ങളാണവ. ഞാൻ ഈ പരിപാടികളുടെ സാധുതയേയോ കാമ്യതയേയോ ചോദ്യം ചെയ്യുകയല്ല. അവയെ പ്രചരിപ്പിയ്ക്കുന്ന രീതിയിലുള്ള അടിസ്ഥാനപരമായ വൈകല്യങ്ങൾ ചൂണ്ടിക്കാണിയ്ക്കുകയാണ്. നമ്മുടെ മാതൃഭൂമി എവിടെനിന്നും എന്തും സ്വീകരിയ്ക്കുവാൻ എന്നും സന്നദ്ധയായിരുന്നു. വിശാലമായ ഈ ലോകം മാത്രമല്ല, പതിന്നാലു ലോകങ്ങളാണ് അവർ കണ്ടിരുന്നത്. സപ്തസമുദ്രങ്ങളുടെ സമ്പർക്കവും, അഷ്ടദിക്കുകളുടെ ആഭിമുഖ്യവും അവർക്കു പ്രിയംകരമായിരുന്നു. ഹൂണനെയും മ്ലേച്ഛനെയും ചീനനെയും അവർ മക്കളായി സ്വീകരിച്ചിട്ടുണ്ട്. പക്ഷെ ഒരു കാലത്തും അവർ സ്വന്തം വ്യക്തിത്വം വിസ്മരിച്ചിട്ടില്ല. എല്ലാം തന്നിൽ ലയിപ്പിക്കുകയല്ലാതെ താൻ ഒന്നിലും ലയിച്ചുപോയിട്ടില്ല. ചരിത്രത്തിൻെറ സ്ഫുടപാകശാലയിൽ നടന്നിട്ടുള്ള അത്യത്ഭുതകരമായ ചില

Digitized by Kerala Sahitya Akademi

പരിവത്തനങ്ങളുടെ പരികമ്മണിയാണവരം. സംസ്കാരം! ആ പദത്തിൻെറ അത്ഥവ്യാപ്തിയും നിഷ്പത്തിയും ആലോചിച്ചു നോക്കുക. നമ്മുടെ പൂവ്വചരിത്രത്തിലെ നിയാമകതത്ത്വം അതിൽ അടങ്ങിയിരിക്കുന്നു. ഭാവിയെ ശോഭനമാക്കുവാനുള്ള സൂചനകളും അതിൽനിന്നുതന്നെയാണ് നാം ഗ്രഹിക്കേണ്ടത്. ഇതെല്ലാം പാടേ വിഗണിച്ചുകൊണ്ടാണ് ദേവഭാഷയുടെ ജനയിത്രിയായ ഭാരതാംബയുടെ മുഖത്തേക്കു്, അന്യദേശങ്ങളിൽനിന്നു കടം വാങ്ങിയ സങ്കല്പങ്ങളെ പദ്ധതികളെന്നും പ്രോജക്ട്കളെന്നും ഉള്ള പേരുകളിൽ നാം വലിച്ചെറിയുന്നത്.

ഭാരതീയസംസ്കാരത്തിൻെറ രാജപാതയിൽനിന്നു വ്യതിചലിക്കാതെ, ആയിരമായിരം സംവത്സരങ്ങളായി നമ്മുടെ കണ്ണുകരംക്കു പ്രകാശം നല്കിയ മാഗ്ഗദീപങ്ങളിൽ ദത്തദൃഷ്ടികളായി മുന്നോട്ടുപോയില്ലെങ്കിൽ നമുക്കു ആപത്താണ്. അസുലഭമായ ഒരു അവസരമാണ് നമുക്കു ലഭിച്ചിരിക്കുന്നത്. രാഷ്ട്രനിമ്മാണത്തിനുള്ള അശ്രാന്തയത്നം ഇന്ന് ഓരോ ഭാരതീയൻെറയും ആദ്യകത്തവ്യമായിത്തീന്നിരിക്കുന്നു. അനുകരണപ്രധാനമായ ഒരു മനോഭാവത്തിൽ, അവകാശപ്രഖ്യാപനങ്ങരം മാറെറാലിക്കൊള്ളുന്ന ഒരു അന്തരീക്ഷത്തിൽ, കത്തവ്യനിവ്വഹണത്തിന്നും ധമ്മാചരണത്തിന്നും അത്യന്താപേക്ഷിതമായ ഹൃദ്പ്രദ്യോതനം ഉണ്ടാവുകയില്ല. നമ്മുടെ സംസ്കാരത്തിൻെറ സ്മരണകളെ ഉണത്തുകയും ധമ്മബോധത്തെ ഉത്തേജിപ്പിക്കുകയും ചെയ്യുന്ന വാക്കുകരം ഉച്ചരിക്കുവാൻ നമ്മുടെ കവികരം മനഃപൂവ്വം ശ്രമിക്കേണ്ടിയിരിക്കുന്നു. ആംഗലഭാഷയിലുള്ള ഇന്നത്തെ അഭിനിവേശം തപസ്സുചെയ്തെങ്കിലും വജ്ജിക്കേണ്ടിയിരിക്കുന്നു. രാഷ്ട്രത്തിൻെറ ഭാവിയേയും ഭാഗധേയത്തേയും രൂപവൽക്കരിക്കുന്ന അടിസ്ഥാനസങ്കല്പങ്ങരംക്കു നമ്മുടെ ഭാഷയിൽ, നമുക്കു യോജിച്ച രീതിയിൽ, നമ്മുടെ

Digitized by Kerala Sahitya Akademi

ജനസാമാന്യത്തിനു മനസ്സിലാകുന്ന രീതിയിൽ, മനോഹരമായ ആഖ്യാനം നൽകേണ്ടിയിരിയ്ക്കുന്നു. ഇതു ചെയ്യുവാൻ ചുമതലപ്പെട്ട ഒരു സ്ഥാപനവും അധികാരസ്ഥാനവും ഇന്നു നിലവിലില്ലെന്നുള്ളതാണ് ഏററവും നിർഭാഗ്യകരം. നാട്ടുഭാഷാപത്രങ്ങളുടെ ഉപപത്രാധിപന്മാരാണ് ഇന്നു, രാഷ്ട്രരാമാനം, അച്ചുനിരത്തുകാർ അക്ഷമരായി കാത്തുനില്ക്കുന്നതിനിടയ്ക്ക്, ഈ ആഖ്യാനകർമ്മം നിർവ്വഹിച്ചുകൊണ്ടിരിയ്ക്കുന്നത്. ''സാമൂഹ്യവികസനപദ്ധതി''യും ''അയ്യവരിടത്തിട്ട''വും എല്ലാം അവരുടെ കൈക്കുററപ്പാടുകളാണ്. അവരെ കുററം പറയുകയോ പുച്ഛിയ്ക്കുകയോ അല്ല. വാസ്തവത്തിൽ അവരാണ് നമ്മുടെ ജനസാമാന്യത്തിന്, അപര്യാപ്തമായ രീതിയിലെങ്കിലും, രാഷ്ട്രകാര്യങ്ങൾ പറഞ്ഞുകൊടുത്തുകൊണ്ടിരിയ്ക്കുന്നത്. നാൽകവലകളിലും ആൽത്തറകളിലും മുറുക്കാൻ കടകളിലും കൂടിയിരുന്ന ഗ്രാമീണജനങ്ങൾ ഈ പത്രാധിപന്മാരുടെ വാക്കുകളിലൂടെയാണ്, പണ്ടു സ്വാതന്ത്ര്യസമരത്തെപ്പററിയും, അടുത്തകാലത്തു രാഷ്ട്രനിർമ്മാണത്തെപ്പററിയും അറിഞ്ഞത്. അവരോട് ഭാരതീയർ വളരെ അധികം കടപ്പെട്ടിരിയ്ക്കുന്നു. നമ്മുടെ അധികാരസ്ഥാനങ്ങൾ ഈ വഴിയ്ക്ക് ആദ്യമായിച്ചെയ്ത ഒരു സേവനം ACADEMY എന്ന ആശയത്തിനു ഭാരതീയഭാഷകളിൽ വാക്കില്ലെന്നു പറഞ്ഞു ''ലളിതകലാ അക്കാദമി'' എന്നൊരു പേരുണ്ടാക്കിയതാണ്. ''സാഹിത്യ അക്കാദമി''യും പുറകെവരുന്നുണ്ടെന്നു കേൾക്കുന്നു! ജനകീയമന്ത്രിമാരുടെയല്ലെങ്കിലും, ഒരു രാജസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ കാവ്യസൃഷ്ടി ചെയ്ത കാളിദാസന്റെ ആത്മാവ് ഇതു കേൾക്കുമ്പോൾ എന്തെന്തു വേദനകൾ അനുഭവിയ്ക്കുകയില്ല? നമ്മുടെ അധികാരസ്ഥാനങ്ങൾ അഭിമാനബോധത്തോടും ഭാവനാശക്തിയോടുംകൂടി ഇക്കാര്യത്തിൽ പ്രവർത്തിയ്ക്കേണ്ടിയിരി

Digitized by Kerala Sahitya Akademi

യ്യുന്നു; ഇന്നു നാട്ടുഭാഷാപത്രങ്ങൾ ചെയ്തുകൊണ്ടിരിയ്ക്കുന്ന അതിവിപുലമായ സേവനത്തിൻെറ പ്രാധാന്യം മനസ്സിലാക്കുകയും അതിൻെറ ചുമതല, ദേശീയബോധത്തിൻെറ ആവേശത്തോടുകൂടി, ഏറെറടുക്കുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിയ്ക്കുന്നു. ഇംഗ്ലീഷുപത്രങ്ങളെയും വിദേശീയശ്രോതാക്കളേയും ശ്രദ്ധിയ്ക്കുന്നതുപോലെ എങ്കിലും നാട്ടുഭാഷാപ്രസിദ്ധീകരണങ്ങളെയും, നല്ലതായാലും ചീത്തയായാലും ഇതിൻെറയെല്ലാം ഫലം അനുഭവിയ്ക്കേണ്ട ഇന്നാട്ടിലെ ജനസാമാന്യത്തെയും, ശ്രദ്ധിയ്ക്കണമെന്നാണ് പറയുന്നത്. ഇന്നത്തെ മട്ടു കണ്ടാൽ രണ്ടാമതു പറഞ്ഞ കൂട്ടരുടെ കാര്യത്തിൽ ആക്കും ഒരു താല്പര്യവും ഇല്ലന്നേ തോന്നുകയുള്ളു. ഇടുങ്ങിയ മനസ്ഥിതിക്കാരായ ചില ഹിന്ദിഭാഷാപ്രേമികളും, അധികാരവും ചുമതലയുമില്ലാത്ത ചില അനൌദ്യോഗികസമിതികളും, തങ്ങൾക്കു തോന്നിയപോലെ ഈ വഴിയ്ക്കു സേവനം നടത്തിപ്പോരുന്നുണ്ട്. പക്ഷെ അനുകരണഭ്രാന്തമായ ഇന്നത്തെ സാംസ്കാരികാന്തരീക്ഷത്തിൽ തങ്ങൾ ചെയ്യുന്നതു വൃഥായത്നമാണെന്നുള്ള ബോധം അവക്കുതന്നെയും ഉള്ളതുപോലെയാണ് കാണുന്നത്.

നമ്മുടെ രാഷ്ട്രകാര്യവിചാരങ്ങളിലും നിമ്മാണയത്നങ്ങളിലും രാജ്യത്തെ പൊതുവിൽ സ്പശിയ്ക്കുന്ന സകല സംരംഭങ്ങളിലും ഭാരതീയസംസ്കാരത്തിൻെറ ഭാസുരചരായ കലത്തുവാൻ ഭരണമണ്ഡലം ശ്രദ്ധിയ്ക്കേണ്ടതു് അത്യാവശ്യമായിരിയ്ക്കുന്നു. വദ്ധമാനമായ തോതിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിയ്ക്കുന്ന പരദേശിച്ചുവ മാററുവാൻ ഇതല്ലാതെ മററു മാൎഗ്ഗമില്ല. നമ്മുടെ ജനസഞ്ചയത്തെ ഭരണകൂടവുമായി പൊരുത്തപ്പെടുത്തുന്നതിനും അവരെക്കൊണ്ടു സ്വതന്ത്രഭാരതത്തിൻെറ ഹൃദയസ്പന്ദനങ്ങൾ അനുഭവിപ്പിയ്ക്കുന്നതിനും ഉള്ള ഉപായം ഇതാകുന്നു. ഭാഷയുടെ ഉപാധി

Digitized by Kerala Sahitya Akademi

യിലൂടെ മാത്രമേ സ്പൃഹണീയമായ ഈ പരിവത്തനം കൈവരുത്തുവാൻ കഴിവുള്ളു. അമൃതനിഷ്യന്ദിയായ സംസ്കൃതഭാഷയുടെ അക്ഷയഭണ്ഡാഗാരത്തിന് അവകാശികളായ നാം ഈ മഹോദ്യമത്തിനു മുമ്പിൽ പരുങ്ങുന്നതെന്തിന്? വേണമെങ്കിൽ കൈരളിയെക്കൊണ്ടുതന്നെ സാധിയ്ക്കാവുന്ന ഒരു കാര്യമാണിതെന്നു ഞാൻ കരുതുന്നു. പ്രാദേശികഭാഷകളെ പരസ്പരം അടുപ്പിയ്ക്കുന്നതിനും, അതാതു സംസ്ഥാനങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ അവയ്ക്ക് ആദ്യസ്ഥാനം നല്കുന്നതിനും, വിദ്യാഭ്യാസം മുഴവനും മാതൃഭാഷയിലൂടെ നടത്തുന്നതിനും ഇതോടൊപ്പം ശ്രമിയ്ക്കേണ്ടിയിരിയ്ക്കുന്നു. അതിപ്രധാനമായ ഈ പരിവത്തനങ്ങൾ കൈവരുത്തുന്നതിൽ അഞ്ചു കൊല്ലത്തെ അവധിവെച്ചുള്ള ഒരു പരിപാടി ഉടനെ രൂപവല്കരിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഈ ആശയമാണ് ഭാഷാപഞ്ചവത്സരി എന്ന പദംകൊണ്ടു് ഇവിടെ വിവക്ഷിച്ചിരിയ്ക്കുന്നത്. ഭാഷാഭിമാനവും സംസ്കാരബോധവും ഇന്നു ഭാരതത്തിലെ അഭിജ്ഞമണ്ഡലങ്ങളിൽ അപരാധങ്ങളായി കരുതപ്പെട്ടുവരുന്നുണ്ടു്. ഈ അഭിപ്രായഗതി ഒരു പരിഭ്രാന്തിയുടെ ഫലമാണ്. ഇംഗ്ലീഷിൻെറ പ്രാധാന്യം കുറയുമെന്നും, തങ്ങളുടെ പ്രാമാണ്യം പോയ്പോകുമെന്നും ഉള്ള ഭീതിയിൽനിന്നാണ് അതു ജനിയ്ക്കുന്നത്. ഈ ഭയത്തെയും അഭിപ്രായഗതിയെയും നിർമ്മാജ്ജനംചെയ്യുവാനുള്ള സപ്താക്ഷരമന്ത്രമാണ് ഭാഷാപഞ്ചവത്സരി. ഇംഗ്ലീഷുഭാഷ ഈ രാജ്യത്തു വരുന്നതിനു മുമ്പും ഇവിടെ മനുഷ്യർ ജീവിച്ചിരുന്നു എന്നും, വിദ്യാഭ്യാസം ചെയ്തിരുന്നു എന്നും, തമിഴനും മലയാളിയും തെലുങ്കനും ഗുജറാത്തിയും ബംഗാളിയും പഞ്ചാബിയും പരസ്പരം ആശയവിനിമയം ചെയ്തിരുന്നു എന്നും, ഇവിടെ വഴക്കുകളും യുദ്ധങ്ങളും ഉണ്ടായിരുന്നെങ്കിൽ അവ ഒരിയ്ക്കലും ഭാഷയുടെ പേരിൽ ആയിരുന്നില്ലെന്നും നാം ഓക്കേണ്ടു

Digitized by Kerala Sahitya Akademi

താണ്. ഇന്നുപോലും നൂറു ഭാരതീയരിൽ ഒരാറംക്കമാത്രമേ സായിപ്പിൻെറ ഭാഷ മനസ്സിലാവുകയുള്ളു. അഭിജ്ഞന്മാരെന്നു ഭാവിച്ച് ഇംഗ്ലീഷിനുവേണ്ടി വാദിയ്ക്കുന്നവർ സംസാരിയ്ക്കുന്നതും എഴുതുന്നതും ഇന്ത്യൻ ഇംഗ്ലീഷെന്നു പറയുന്ന ഒരു തരം നികൃഷ്ടഭാഷയാണെന്നു പുച്ഛിയ്ക്കപ്പെടുകയും ചെയ്യുന്നു. ബാക്കിയുള്ള ബഹുഭൂരിപക്ഷം ജനങ്ങളും ഇംഗ്ലീഷിൻെറ സഹായമില്ലാതെയാണ് ജീവിയ്ക്കുന്നത്. വാസ്തവത്തിൽ ഇംഗ്ലീഷുഭാഷയെ ഇങ്ങിനെ പൂജിച്ചുവാഴിയ്ക്കുന്നതുകൊണ്ടാണ് നാട്ടുഭാഷകരം പഠിയ്ക്കുന്നതിൽ നാം വൈമുഖ്യം കാണിയ്ക്കുന്നത്. ഇംഗ്ലണ്ടിലെ വെറും ഏഴാം തരം എഴുത്തുകാരനെപ്പോലും അഭ്യസ്തവിദ്യനെന്നഭിമാനിയ്ക്കുന്ന ഭാരതിയനു് പരിചയമുണ്ട്. പക്ഷെ തിരുവള്ളുവരുടെ നാമം അയാറം കേട്ടിട്ടുപോലുമില്ല. എന്തു പറയുന്നു? വിദ്യയും അഭ്യാസവും ഭംഗിയായില്ലെ?

ഭാഷാഭിമാനികളും സാഹിത്യപ്രേമികളുമായ നേതാക്കന്മാരുടെ അഭാവം സ്വാതന്ത്ര്യത്തിൻെറ ഈ പുലർവേളയിൽ അനുഭവിയ്ക്കേണ്ടിവന്നതു ഭാരതഭൂമിയുടെ ഭാഗ്യദോഷമാണ്. ചരിത്രപരമായ കാരണങ്ങളാലാണെങ്കിലും, ഒരു വിദേശഭാഷയുടെ ആരാധകന്മാരെയാണ് നമുക്ക് അധികാരസ്ഥാനങ്ങളിൽ അവരോധിയ്ക്കേണ്ടിവന്നത്. ഇങ്ങിനെയുള്ള ഒരു ദശാസന്ധിയിൽ, ഇപ്പറഞ്ഞ മാതൃകയിൽനിന്നു വ്യത്യസ്തനായി, ദേശീയവും സാവ്ദേശീയവുമായ സുപ്രധാനരംഗങ്ങളിൽ ഉന്നതസ്ഥാനങ്ങളെ അലങ്കരിച്ചു പ്രശസ്തനായി, എല്ലാവരാലും ബഹുമാനിയ്ക്കപ്പെട്ടു, രാജ്യസേവനസമുത്സുകനായി നില്ക്കുന്ന ഒരു വ്യക്തിയെ—ഒരു കേരളീയനെ—അഭിവാദനം ചെയ്യുന്നതിൽ അത്യധികമായ സന്തോഷം തോന്നുന്നു. സർദാർ പണിക്കർ സ്വഭാഷാഭിമാനിയും സാഹിത്യോപാസകനുമാണ്. ആംഗലഭാഷയോടും പാശ്ചാത്യ സംസ്കാരത്തോടും അദ്ദേ

Digitized by Kerala Sahitya Akademi

ഹത്തിനു ഗാഢമായ വേഴ്ച്ചയുണ്ട്. എന്നാൽ അത് തൻെറ മാതൃഭാഷയുടെ മധുരസ്വരങ്ങളുടെ നേക്ക അദ്ദേഹത്തെ ബധിരനാക്കിയിട്ടില്ല. അവയിലൂടെ ലഭിക്കുന്ന ആത്മാനുഭൂതികൾ അദ്ദേഹത്തിനു ഇന്നും അനർഘങ്ങളും അപേക്ഷണീയങ്ങളുമായിത്തന്നെ ശേഷിക്കുന്നു. ഈയൊരു വസ്തുതയാണ് അദ്ദേഹത്തെ സമശീഷ്മാരായ മററു ഭാരതീയരിൽനിന്ന് വേർതിരിച്ച്, സഹൃദയ ലോകത്തോട് അടുപ്പിച്ചു നിർത്തുന്നത്. ഇവിടെ പ്രകടിപ്പിക്കപ്പെട്ട അഭിപ്രായങ്ങളോടും അഭിലാഷങ്ങളോടും അദ്ദേഹം യോജിക്കുമെന്നുള്ള വിചാരത്തിലല്ല ഇതെഴുതുന്നത്. ഈ വിഷയങ്ങളിൽ അദ്ദേഹത്തിൻെറ ചിന്താഗതി എന്തെന്ന് ഇനിയും അറിയേണ്ടതായി ഇരിക്കുന്നതേയുള്ളു. അതു ഈ സന്ദർഭത്തിൽ ചിന്തനീയമല്ല. ഈ അഭിപ്രായങ്ങളോട് അദ്ദേഹം യോജിച്ചാലും ഇല്ലെങ്കിലും, ഇവയ്ക്കു പിന്നിലുള്ള ചേതോവികാരങ്ങൾ അദ്ദേഹം സഹാനുഭൂതിയോടെ മനസ്സിലാക്കുമെന്നുള്ളതു തീർച്ചയാണ്. ഈ ചാരിതാർത്ഥ്യത്തോടുകൂടി, കേരളീയരെ സവിശേഷം സന്തോഷിപ്പിക്കുന്ന ഈ ഷഷ്ട്യബ്ദപൂർത്തിയിൽ ഞാൻ അദ്ദേഹത്തെ ആത്മാർത്ഥമായി അനുമോദിക്കുകയും, അദ്ദേഹത്തിനു ദീർഘായുരാരോഗ്യങ്ങളും, രാജ്യസേവനത്തിലും ഭാഷാസേവനത്തിലും തുടർച്ചയായുള്ള വിജയങ്ങളും ആശംസിക്കുകയും ചെയ്തുകൊള്ളുന്നു.

Digitized by Kerala Sahitya Akademi

7

# മരുന്നും മോക്ഷവും

**മെ**ക്സിക്കോ രാജ്യത്തും അമേരിക്കൻ ഐക്യനാടുകളുടെ തെക്കുപടിഞ്ഞാറു ഭാഗങ്ങളിലും ജീവിക്കുന്ന പ്രാചീന വർഗ്ഗക്കാർ അവിടത്തെ മരുഭൂമികളിൽ വളരുന്ന ഒരു തരം കള്ളിച്ചെടിയെ, ഒരു ദേവതയെപ്പോലെ, ഇന്നും ആരാധിച്ചുപോരുന്നു. അതിൽ ദേവാംശസംഭവത്വം അധ്യാരോപിക്കുന്ന പുരാണകഥകളോ, വരൾച്ചയിലും വേദനയിലുംകൂടി എത്രയോ നൂററാണ്ടുകളായി നിലനിന്നുപോരുന്ന ഈ ജനസമുദായത്തിൻെറ ദാരുണചരിത്രത്തിന് അതു നല്കുന്ന പ്രതിരൂപമോ, ഒന്നുമല്ല ഈ ആചാരത്തിൻെറ ആസ്പദം.. വൃക്ഷങ്ങളെയും ചെടികളെയും ആരാധിക്കുന്ന സമ്പ്രദായം വളരെ പഴക്കമുള്ളതും ലോകത്തിൻെറ പല ഭാഗങ്ങളിലും അറിയപ്പെട്ടിട്ടുള്ളതും ആണെങ്കിലും മദ്ധ്യഅമേരിക്കയിലെ പൂർവ്വനിവാസികളുടെ ഇടയ്ക്ക് അത്തരത്തിലുള്ള ഒരു മതവിശ്വാസത്തിനു പ്രചാരം സിദ്ധിച്ചിരുന്നുവോ എന്നു സംശയമാണ്. കൊളംബസ്സ് അമേരിക്കയിൽ ചെന്നെത്തിയ കാലത്തു മെക്സിക്കൻ പീഠഭൂമിയിൽ അധിരാജത്വമാർന്നിരുന്ന ആസ്ടെക്കവർഗ്ഗക്കാർ ആരാധിച്ചിരുന്നതു ഭൂരുഹരൂപം പൂണ്ട ദേവതകളെയല്ല; നിരന്തരവും വൻതോതിലുള്ളതുമായ നരബലികൊണ്ടു പ്രീതിപ്പെടുത്തേണ്ട ഭീകര ദൈവങ്ങളെയാണ്. അവയ്ക്കു വേണ്ടിയുള്ള അതിഗംഭീരങ്ങളായ ക്ഷേത്രങ്ങളും വിഗ്രഹപ്രതിഷ്ഠകളും അവിടെ ഉണ്ടായിരുന്നു. കള്ളിച്ചെടിക്കു

Digitized by Kerala Sahitya Akademi

ണ്ടായ പ്രാധാന്യം ഇമ്മാതിരി സങ്കല്പങ്ങളെ ആശ്രയി ച്ചുള്ളതല്ല. അതിൽ അത്യത്ഭുതശക്തിയുള്ള ഒരു ഔഷ ധാംശം ഉണ്ടെന്നുള്ള അനുഭവജ്ഞാനമാണ് ഈ വിരൂപ സസ്യത്തെ ആരാധിക്കുവാൻ അവിടത്തെ ജനങ്ങളെ പ്രേ രിപ്പിച്ചത്. അതിൻെറ വേര് അതിപ്രാചീനകാലം മുതല്ക്കുതന്നെ അവർ തിന്നുവന്നിരുന്നു. സാധാരണ മനു ഷ്യർ ആഹാരമോ ഔഷധങ്ങളോ കഴിക്കുന്നതുപോലെ യല്ല; ഒരു മതകർമ്മത്തിൻെറ പവിത്രതയോടും സങ്കീർണ്ണ ങ്ങളായ ചടങ്ങുകളോടുംകൂടി. മററു ജനവർഗ്ഗങ്ങളും മതക ർമ്മങ്ങളിൽ നിവേദ്യം ഭുജിക്കാറുണ്ട്. ചിലർക്കെങ്കിലും ഇത്തരം പൂജാഭോജ്യങ്ങൾ ആരാധനാമൂർത്തിയുടെ അംശമാ ണെന്നുള്ള സങ്കല്പവുമുണ്ട്. പക്ഷേ അമേരിക്കൻ ഇന്ത്യൻ വർഗ്ഗക്കാർക്ക് കള്ളിച്ചെടിയുടെ കഷണങ്ങൾ നിവേദ്യമോ, പൂജാദ്രവ്യമോ, സങ്കല്പമോ, സങ്കേതമോ ഒന്നുമല്ല. ദിവ്യ ത്വത്തിൻെറ ഉച്ഛിഷ്ടമായിട്ടുമല്ല. ദിവ്യത്വം പ്രാപിക്കു വാനുള്ള ഒരു ഉപായമായിട്ടാണ് അവർ അതിനെ കരുതു ന്നതു്; തികച്ചും ഭൗതികമായ ഒരു ഉപായം—ഉപകരണം. ആദ്ധ്യാത്മികതയിലേക്കുള്ള ഈ അഭിഗമനമാർഗ്ഗത്തെസ്സം ബന്ധിച്ച അനുഭവജ്ഞാനം വെള്ളക്കാർ അമേരിക്കയി ലെത്തിയതിനു എത്രയോ മുമ്പുതന്നെ അവർ നേടിയി രുന്നതായിട്ടാണ് കാണുന്നത്. യൂറോപ്യൻ അധിനിവേശ ത്തിൻെറ ഫലമായി അമേരിക്കൻ ആദിവാസികളുടെ സംസ്കാരവും ആചാരങ്ങളും എല്ലാം നാമാവശേഷമായെ ങ്കിലും ഗൂഢമായ ഈ മതകർമ്മം ഇന്നും നിലനില്ക്കുന്നു. ചില സ്ഥലങ്ങളിൽ ഇന്ത്യന്മാർ ക്രിസ്തുമതത്തെക്കൂടെ അതിൽ കലർത്തിയിട്ടുണ്ടെന്നു വരികിലും പ്രസ്തുത കർമ്മ ത്തിൻെറ നേർക്ക് അവർക്ക് പണ്ടുപണ്ടേയുള്ള മനോഭാവ ത്തിനു യാതൊരു മാററവും വന്നിട്ടില്ല. ഇന്ത്യൻ വർഗ്ഗ ക്കാർക്കായി വേർതിരിച്ചു കൊടുത്ത ചില സ്ഥലങ്ങളിൽ

Digitized by Kerala Sahitya Akademi

പില്ക്കാലത്ത് എണ്ണക്ഖനികരം കണ്ടെത്തുകയും, തൽഫലമായി അവക്ക് ധാരാളമായ ധനലാഭം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ കാഡിലാക്ക് കാറുകളിൽ സവാരിചെയ്തു കുബേരപദവിയിൽ പരിഷ്കാരികളായി ജീവിക്കുന്ന ഇന്ത്യന്മാരും ഇപ്പറഞ്ഞ മതകമ്മത്തിൽ പതിവായി ഏപ്പെടാറുണ്ട്.

ചീനക്കാർ കറുപ്പും, ഭാരതീയരും അറബികളും കഞ്ചാവും (ഭാംഗ്) വെള്ളക്കാർ മദ്യവും കഴിക്കുന്നതുപോലെ സത്വശുദ്ധിയുള്ളവർ വജ്ജിക്കുകയും അതില്ലാത്തവർ ആത്തിയോടെ ആഗിരണം ചെയ്യുകയും, ചെയ്യുംതോറും കൂടുതൽ കൂടുതൽ ആത്തിയുള്ളവരായിത്തീരുകയും, ചെയ്യുന്ന നിഷിദ്ധമായ ഒരുതരം ലഹരിപദാത്ഥത്തോടുള്ള പരാധീനതയാണിതെന്നാണ് ആദ്യകാലങ്ങളിൽ അഭിജ്ഞന്മാർ വിചാരിച്ചത്. ഈ ആചാരത്തെ നിയമമുണ്ടാക്കി നിരോധിക്കണമെന്നുപോലും ചിലർ വാദിക്കുകയുണ്ടായി. എങ്കിലും ഇപ്പറഞ്ഞ തീരുവച്ചരക്കുകരം കഴിക്കുന്നവക്കുണ്ടാകാറുള്ള വൈഷമ്യങ്ങളൊന്നും കള്ളിച്ചെടിയുടെ വേരുതിന്നുന്ന ഉപാസകന്മാരിൽ കണ്ടില്ലെന്നുള്ളത് ശ്രദ്ധേയമായ ഒരു സംഗതിയായിരുന്നു. ആരോഗ്യഹാനിയോ, മതിഭ്രമമോ, വൈഷമ്യമോ, ഉന്മാദമോ, ദുഷ്ക്രിയാ വാസനയോ അല്ല അവരിൽ പ്രത്യക്ഷപ്പെട്ടത്. കറപ്പു കിട്ടിയില്ലെങ്കിൽ മരിക്കും എന്ന മട്ടിലുള്ള ദീനഭാവങ്ങളും കണ്ടില്ല. നേരെമറിച്ച് അലോകസാധാരണമായ ശാന്തതയും സൗമനസ്യവും അദ്ധ്യാത്മഭാവങ്ങളുടെ ആവിഷ്കരണവും അവരിൽ ദൃശ്യമായി. ഈ സിദ്ധികരം ക്ഷണികങ്ങളായിരുന്നുമില്ല. മരുന്നു സേവിക്കാതെ എത്രകാലം വേണമെങ്കിലും സാധാരണ മനുഷ്യരെപ്പോലെ കഴിയുവാനും ഈ ഉപാസകന്മാക്കു പ്രയാസം തോന്നിയില്ല.

അത്ഭുതകരമായ ഈ ഔഷധസസ്യത്തെ പരിഷ്കൃത

Digitized by Kerala Sahitya Akademi

ലോകം ആദ്യമായി കൈകാര്യം ചെയ്തത് രസതന്ത്രത്തിലൂടെയാണ്. അതിലുള്ള ഔഷധാംശത്തെ ശാസ്ത്രജ്ഞന്മാർ വേർതിരിച്ചെടുത്തു. ഇതാണ് മെസ്കാലിൻ എന്നറിയപ്പെടുന്ന രാസവസ്തു. കള്ളിച്ചെടിയെ (അതിനെ ഇന്ത്യന്മാർ പീയോട്ട് എന്നാണു വിളിക്കുന്നത്.) ആശ്രയിക്കാതെ ധാതുദ്രവ്യങ്ങൾ കൂട്ടിച്ചേർത്ത് ഈ പദാർത്ഥത്തെ രസതന്ത്രശാലയിൽത്തന്നെ നിർമ്മിക്കുവാനും സാധിച്ചിട്ടുണ്ട്. ഈ ഔഷധം തലച്ചോറിനെ ബാധിക്കുന്നതെങ്ങിനെയെന്നുള്ളതും ഏറെക്കുറെ വെളിപ്പെട്ടുകഴിഞ്ഞു. മെസ്കാലിൻഗവേഷണം മറെറാരു പ്രധാനസംഗതിയിലേക്കും ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയെ ആകർഷിച്ചു. മെസ്കാലിൻ ശരീരത്തിൽ കടക്കുന്നതുമൂലം സിരാചക്രത്തിലുണ്ടാകുന്ന പരിവർത്തനങ്ങൾ ശരീരത്തിനുള്ളിൽ ചിലപ്പോൾ താനെയുണ്ടാകുന്ന ചില പദാർത്ഥങ്ങൾക്കും വരുത്താവുന്നതാണ്; വരുത്താറുള്ളതാണ്. ചുരുക്കത്തിൽ ബാഹ്യപ്രേരണകൊണ്ടു മാത്രമല്ല, ആഭ്യന്തരശക്തികൾമൂലവും മുൻപറഞ്ഞ സിദ്ധികൾ ഉണ്ടാകുവാൻ വഴിയുണ്ട്.

ഈ ഗവേഷണങ്ങൾ വിലയേറിയവതന്നെയെങ്കിലും, വിഷയത്തിന്റെ ഒരംശത്തെ മാത്രമെ സ്പർശിക്കുന്നുള്ള—അതിന്റെ വസ്തുമാത്രമായ ഭാവം. മദ്യത്തിന്റെ രസതന്ത്രപരമായ വിവരങ്ങൾ ഗ്രഹിച്ചതുകൊണ്ടു മദ്യപാനം നല്കുന്ന അനുഭവങ്ങൾ മനസ്സിലാവുകയില്ല. നീന്തലിനെക്കുറിച്ചുള്ള ഒരു വിവരണം കേട്ടതുകൊണ്ടു നീന്തലെന്തെന്നു നാം അറിയുന്നില്ല. ഈ അറിവ് അനുഭൂതിയാണ്. അതു ലഭിക്കണമെങ്കിൽ വെള്ളത്തിലിറങ്ങി നീന്തുകതന്നെവേണം. മെസ്കാലിൻഗവേഷണത്തിന്റെ കഥയും ഇതുതന്നെയാണ്. പ്രാചീനവർഗ്ഗക്കാരെ നികൃഷ്ടജീവികളായും, അവരുടെ ആചാരങ്ങളെ നീചകർമ്മങ്ങളായും കരുതുന്ന കാലത്തോളം ഇമ്മാതിരി വിഷയങ്ങ

Digitized by Kerala Sahitya Akademi

ളിലുള്ള ഗവേഷണം കരസ്ഥനിന്നു നീന്തലു പഠിക്കുന്ന തുപോലെ ശേഷിക്കുകയേ ഉള്ളു. ഈ മനോഭാവം കൈ വെടിയുവാനും, പറഞ്ഞു കേട്ടാൽ മനസ്സിലാകാത്തത് അകത്തേക്കു കടന്ന് അനുഭവിച്ചറിയുവാനുമുള്ള സന്നദ്ധ തയും ധീരതയും ഇന്ന് അഭിജ്ഞലോകം അല്പാല്പമായി കാണിച്ചുതുടങ്ങിയിട്ടുണ്ട്. അദ്ധ്യാത്മജ്ഞാനത്തിൽ ആ ക്കും കുത്തകയില്ല. ശ്രീകൃഷ്ണൻെറയും ഗൗതമബുദ്ധൻെറ യും യേശുക്രിസ്തുവിൻെറയും അനുയായികൾക്കെന്നപോ ലെ മോണ്ടേസുമയുടെ വംശക്കാരായ ആസ്ടെക്കകൾ ക്കും അതു നേടുവാൻ സാധിച്ചിട്ടുണ്ട്. ആധുനികപരി ഷ്കാരം, നിർഭാഗ്യവശാൽ, ഭൗതികാഭിവൃദ്ധിയിൽ മാത്രം ബദ്ധലക്ഷ്യമായിത്തീരുകയാൽ കഴിഞ്ഞ നാലഞ്ചു നൂ റ്റാണ്ടു കാലമായി പാശ്ചാത്യദേശക്കാർ പൊതുവെ ഇക്കാര്യത്തിൽ ദരിദ്രരായിപ്പോയെന്നേയുള്ളു. അതിനു മുമ്പ് അവരുടെ ഇടയ്ക്കും ഈ അനുഭവജ്ഞാനം സുലഭമാ യിരുന്നു. ജാജ്വല്യമാനമായ ഇന്നത്തെ ഭൗതികസംസ്കാരം കണ്ടു കണ്ണഞ്ചിയ പൗരസ്ത്യജനങ്ങളും ആവേശപൂർവ്വം അ തിനെ പിൻതുടരുവാൻ തുടങ്ങിയിരിക്കുകയാണെങ്കിലും അവക്ക് ഇനിയും ഇക്കാര്യത്തിൽ ദാരിദ്ര്യം ഉണ്ടായി ക്കഴിഞ്ഞിട്ടില്ല. ''വെളിച്ചം കിഴക്കുനിന്നു വരുന്നു'' എന്ന മാക്സ്മുള്ളറുടെ മുദ്രാവാക്യം ഇന്നും പരമാർത്ഥമായി ത്തന്നെയിരിക്കുന്നു.

മദ്ധ്യഅമേരിക്കയിലെ ''പരമ്പരാപ്രാപ്ത''മായ അ ദ്ധ്യാത്മവിദ്യയെ അനുഭൂതിയിലൂടെ മനസ്സിലാക്കുവാ നുള്ള ധീരമായ ഒരു പരീക്ഷണം സുപ്രസിദ്ധഗ്രന്ഥകാര നായ ആൾഡസ് ഹക്സിലി 1953—ൽ നടത്തുകയുണ്ടാ യി. തൻെറ അനുഭവങ്ങളെപ്പററി രസകരമായ ഒരു ചെറുഗ്രന്ഥവും അദ്ദേഹം ഈയിടെ പ്രസിദ്ധപ്പെടുത്തിയി

Digitized by Kerala Sahitya Akademi

ട്ടുണ്ട്.* ഒരു മനശ്ശാസ്ത്രജ്ഞൻെറ മേൽനോട്ടത്തിലാണ് അദ്ദേഹം മെസ്കാലിൻ കഴിച്ചത്. കൂടെയുണ്ടായിരുന്നവർ ചോദിച്ച ചോദ്യങ്ങൾക്ക് അദ്ദേഹം പരീക്ഷണത്തിനിടയ്ക്കു നല്കിയ ഉത്തരങ്ങൾ സ്വനഗ്രാഹിയന്ത്രങ്ങളിൽ രേഖപ്പെടുത്തിയിരുന്നു. തനിയ്ക്കുണ്ടായ അനുഭൂതികൾ അത്യത്ഭുതകരമായിരുന്നു എന്നാണ് ഹക്സ്ലി പറയുന്നത്. മരുന്നു സേവിച്ച് ഒന്നര മണിക്കൂറു കഴിഞ്ഞപ്പോൾ അതിൻെറ ഫലം അനുഭവപ്പെട്ടു. ബാഹ്യലോകം ആകപ്പാടെ രൂപാന്തരപ്പെട്ടതായിട്ടാണ് അദ്ദേഹം കണ്ടത്. മേശപ്പുറത്തിരുന്ന പുഷ്പങ്ങളും, അലമാരിയിൽ കണ്ട പുസ്തകങ്ങളും താൻ ധരിച്ചിരുന്ന വസ്ത്രങ്ങൾപോലും തീക്ഷ്ണമായ ഒരു പുതുവെളിച്ചത്തിൽ ജ്വലിയ്ക്കുവാൻ തുടങ്ങി. ''ഇങ്ങനെയാണ് നാം വാസ്തവത്തിൽ കാണേണ്ടത്.'' എന്ന് അദ്ദേഹം കൂടക്കൂടെ പറഞ്ഞുവത്രെ. വസ്തുക്കളിൽ അന്തർലീനമായ ചൈതന്യം അതിൻെറ അന്യൂനമായ തീക്ഷ്ണതയോടെ പ്രത്യക്ഷപ്പെട്ടു. അസ്തിത്വം എന്നതിൻെറ അർത്ഥം അദ്ദേഹത്തിന്നു മനസ്സിലായി; അതായത് അനുഭവിച്ചു. എന്ത്? സാക്ഷാൽ സച്ചിദാനന്ദം. (ഈ വാക്കുതന്നെയാണ് ഹക്സ്ലി ഉപയോഗിച്ചിരിയ്ക്കുന്നത്). അത്യത്ഭുതകരമായ ഈ അനുഭൂതിയെ അദ്ദേഹം വിശകലനം ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ട്. ബോധത്തിലേയ്ക്കുള്ള അഭിഗമനമാർഗ്ഗങ്ങൾ—ഇന്ദ്രിയദ്വാരങ്ങൾ—ശുദ്ധീകൃതങ്ങളായെന്നാണ് അദ്ദേഹം പറയുന്നത്. ഗ്രന്ഥത്തിൻെറ പേരുതന്നെ ഈ ഉപജ്ഞാനത്തെ ഉൾക്കൊള്ളുന്നതാണ്; ''ഇന്ദ്രിയബോധത്തിൻെറ വാതിലുകൾ.'' ഇവയെ ശുദ്ധീകരിച്ചാൽ സകല വസ്തുക്കളും യഥാർത്ഥഭാവത്തിൽ, അനന്തമായി, പ്രത്യക്ഷപ്പെടുമെന്നുള്ള ആംഗ

* ALDOUS HUXLEY: The Doors of Perception; Chatto & Windus London, 1954.

Digitized by Kerala Sahitya Akademi

ലകവി ബ്ലേക്കിൻെറ കാവ്യശകലം ഗ്രന്ഥമുഖത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. ഇങ്ങനെയൊരു ശുദ്ധീകരണത്തെപ്പററി അദ്ധ്യാത്മജ്ഞാനികരം കൂടെക്കൂടെ പറയുന്നതായി കാണാം

ധൂമേനാവ്രിയതേ വഹ്നിര്യഥാദശോ മലേന ച
യഥോൽബേനാവൃതോ ഗർഭസ്തഥാ തേനേദമാവൃതം.

എന്ന ഗീതാശ്ലോകം ഓർമ്മയിൽ വരുന്നു. ഇഷ്ടദേവതയുടെ പാദരേണുക്കരം ബോധമുകുരത്തെ സ്വച്ഛമാക്കണമെന്നുള്ള പ്രാർത്ഥന ഭാരതീയക്കു സുപരിചിതമാണ്.

തേന ജ്ഞാനഫലം പ്രാപ്തം യോഗാഭ്യാസഫലം തഥാ
തൃപ്തസ്വച്ഛേന്ദ്രിയോ നിത്യമേകാകീ രമതേ തു യഃ

എന്ന് അഷ്ടാവക്രസംഹിതയിൽ പറയുന്നു. ഈ സ്വച്ഛേന്ദ്രിയത്വത്തെയും തന്മൂലമുണ്ടായ സംതൃപ്തിയെയും ജ്ഞാനഫലപ്രാപ്തിയെയും ആണ് ഹക്സ്‌ലി വാഴ്ത്തുന്നത്. ഏകാകീ രമതേ എന്നതിനെപ്പററി അദ്ദേഹം വിലപിയ്ക്കുന്നുമുണ്ട്. എന്തു ചെയ്യാം? അനുഭവിയ്ക്കുവാനല്ലാതെ, അറിയിയ്ക്കുവാനും പങ്കിടുവാനും കഴിയാത്ത ആനന്ദമാണിത്!

ബർഗ്‌സൻ എന്ന തത്ത്വജ്ഞാനി, ഓരോ വ്യക്തിയുടേയും മനസ്സ് പ്രപഞ്ചത്തിൻേറ സത്താസമ്പത്തു സമസ്തവും ഗ്രഹിയ്ക്കാൻ കഴിവുള്ളതാണെന്നും, മസ്തിഷ്കവും നാഡീപടലവും ഇന്ദ്രിയങ്ങളും യഥാർത്ഥത്തിൽ ബോധത്തിൻെറ മുഖത്തു മൂടുപടമിടുകയും ചെറിയ ചെറിയ കിളിവാതിലുകളുണ്ടാക്കി ദൈനന്ദിനജീവിതത്തിൻെറ അത്യാവശ്യങ്ങരംക്കുപകരിയ്ക്കുന്ന ജ്ഞാനശകലങ്ങരം മാത്രം കടത്തിവിടുകയും ആണ് ചെയ്യുന്നതെന്നും വാദിച്ചിട്ടുണ്ട്. നിർദ്ധാരണം ('ബഹൂനാം മധ്യേ കേഷാംചിത് സ്വീകരണം)—അതാണ് അവ നിർവ്വഹിയ്ക്കുന്നത്. ജീവിതമത്സരത്തിൽ വിജയം നേടുന്നതിന് ഇത് ഉപകരിയ്ക്കുന്നുണ്ടെങ്കിലും, അസ്തിത്വത്തിൻെറ അനന്തസൗന്ദര്യവും അപ

Digitized by Kerala Sahitya Akademi

രിമിതമായ ആനന്ദവും അനുഭവിയ്ക്കുവാൻ അതു വിഘാതമായി നില്ക്കുന്നു. ബ്രഹ്മജ്ഞാനത്തിൻെറ മഹാപ്രവാഹത്തെ തടഞ്ഞുനിത്തുന്ന അണക്കെട്ട തല്ക്കാലത്തേയ്ക്കെങ്കിലും തകക്കുവാനാണ് മെസ്കാലിൻ സഹായിയ്ക്കുന്നത്.

ലോകപ്രസിദ്ധരായ പല ചിത്രകാരന്മാരുടേയും കൃതികഠം ഈ പരീക്ഷണത്തിനിടയ്ക്കു ഹക്സ്‌ലി പരിശോധിയ്ക്കുകയുണ്ടായി. അവയ്ക്കെല്ലാം മുമ്പ് അറിഞ്ഞിട്ടില്ലാത്ത അത്ഥവ്യാപ്തിയും അവയിൽ മുമ്പു കണ്ടിട്ടില്ലാത്ത സൌന്ദര്യാഗാധതകളും ഉണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. ചൈനയിലേയും ജപ്പാനിലേയും കലാകാരന്മാക്കു പ്രകൃതിദൃശ്യങ്ങഠം ചിത്രീകരിയ്ക്കുന്നത്, ഒരു മതകമ്മം ചെയ്യുന്നതുപോലെയുള്ള കൃത്യമായിരുന്നു. ചിത്രകലയെ എത്രയോ നൂററാണ്ടുകഠംക്കുമുമ്പുതന്നെ അവർ ഈ നിലയിൽ എത്തിയ്ക്കുകയുണ്ടായി. ബ്രഹ്മജ്ഞാനത്തിൻെറ അനുഭൂതിയാണ് അവർ വണ്ണങ്ങളിലും വരികളിലുംകൂടി പകത്തുവാൻ ശ്രമിയ്ക്കുന്നത്. ശുദ്ധീകൃതങ്ങളായ, സ്വച്ഛമായ, ഇന്ദ്രിയങ്ങളിലൂടെ മാത്രമേ അവരുടെ സന്ദേശം അതിൻെറ പൂണ്ണതയിൽ നമുക്കു ലഭിയ്ക്കുകയുള്ളു. ഇലയിലും പൂവിലും കിളിയിലും പുഴയിലും കല്ലിലും മുള്ളിലും കാട്ടുചെടിയിലും എല്ലാം അവർ ബുദ്ധൻെറ ധമ്മകായത്തെ, 'തഥാത'യെ, കണ്ടു. നമുക്കും കാണാം, സ്വച്ഛേന്ദ്രിയത്വം, ക്രാന്തദശിത്വം, ലഭിച്ചാൽ, സമാജ്ജിച്ചാൽ.

മരുന്നുകൊണ്ടോ, മന്ത്രംകൊണ്ടോ, മററുതരം സാധനകഠംകൊണ്ടോ ലഭിയ്ക്കുന്ന അത്യത്ഭുതകരമായ ഈ അനുഭൂതിയും ദൈനന്ദിനജീവിതവും തമ്മിൽ ഒരു വൈരുദ്ധ്യമുണ്ടെന്നുള്ളതു നിസ്സക്മൊണ്. വിശേഷിച്ചും, സങ്കീണ്ണമായ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ, ബോധ

Digitized by Kerala Sahitya Akademi

ത്തിലേയ്ക്കു നാലുപാടുംനിന്നു മലവെള്ളംപോലെ പെരു കിവരുന്ന അദ്ധ്യാത്മജ്ഞാനത്തെ അണകെട്ടിത്തടുത്ത്, ചെറിയ ചെറിയ കൈത്തോടുകരം വഴി അത്യാവശ്യത്തി നുമാത്രം തിരിച്ചുവിടുവാൻ നാം നിർബ്ബന്ധിതരായിരി യ്ക്കുന്നു. നമ്മുടെ ബോധത്തിനും ചേതനയ്ക്കും അടിയ്ക്കടി ഉണ്ടായിക്കൊണ്ടിരിയ്ക്കുന്ന ഈ നിരോധങ്ങളും പരിമിതി കളും നാം അറിയുന്നില്ല. ബ്രഹ്മവിദ്യയുടെ മണ്ഡല ത്തിൽനിന്ന് താഴോട്ടിറങ്ങി സാധാരണ ജീവിതത്തെ പരിശോധിച്ചാലും ഇതു മനസ്സിലാകുന്നതാണ്. സംസ്കാ രത്തിൻെറ പ്രാതസ്സന്ധ്യയിൽ പ്രകൃതിയുടെ മടിത്തട്ടിൽ ജീവിച്ച ജനങ്ങളുടെയും ആധുനികമനുഷ്യൻെറയും ബോധ ങ്ങറംക്കു തമ്മിലുള്ള വ്യത്യാസം ആലോചിച്ചുനോക്കുക. അന്നു പൊതുവേയുണ്ടായിരുന്ന ഹൃദയസാരള്യവും മാന സോല്ലാസവും ആർദ്രതയും ആസ്തിക്യവും എല്ലാം ഇന്നു ക്ഷയിച്ചിരിയ്ക്കുകയാണ്. ഋഗ്വേദത്തിലും യവനസംസ്കാ രത്തിൻെറ ആദ്യാദ്ധ്യായങ്ങളിലും പരക്കെ കാണുന്ന കൂലംകഷമായ ആ സഹൃദയത്വം ഇന്നു കാണ്മാനില്ല. ബോധദർപ്പണം അന്നു സദാ സ്വച്ഛമായിരുന്നു. അതിന് ഒരു ചെറിയ മങ്ങലുപോലും അന്നു സംഭവിച്ചതായി നമു ക്കു തോന്നുന്നില്ല. ഭൂരിപക്ഷം മനുഷ്യരും കവികളായി രുന്നു, ഋഷികളായിരുന്നു. (ഈ വാക്കുകളെ തുല്യാത്ഥങ്ങ ളായിട്ടാണ് ഉപയോഗിച്ചുവന്നത്.) ക്രമേണ, സാർവ്വ ത്രികമായിരുന്ന ഈ ഉണർവ്വിനു മങ്ങലു തട്ടി. സകല മനുഷ്യർക്കും സഹജവും ക്ഷിപ്രലഭ്യവുമായിരുന്ന സഹൃദ യത്വം അന്വേഷിച്ചും ശ്രമപ്പെട്ടും സമ്പാദിയ്ക്കേണ്ട ഒരു അസുലഭാനുഗ്രഹമായിത്തീന്നു. നാടും നഗരവും ഉപേ ക്ഷിയ്ക്കുവാനും വനതലങ്ങളിൽ ആശ്രമജീവിതം നയിച്ചു കൈവിട്ടുപോയ അനുഭൂതികളെ വീണ്ടെടുക്കുവാനും പല രും ശ്രമിച്ചു. സാമൂഹ്യജീവിതത്തിൻെറ കറപിടിച്ചു

Digitized by Kerala Sahitya Akademi

മങ്ങിത്തുടങ്ങിയ മനോദർപ്പണത്തെ പൂമ്പൊടിയും മാൻ തോലും ഉപയോഗിച്ച് അവർ സ്വച്ഛമാക്കി, അവികല മായ ആനന്ദം വീണ്ടും അനുഭവിച്ചു. പില്ക്കാലത്ത് ഈ നിലയും മാറിപ്പോയി. എന്തെങ്കിലും നഷ്ടപ്പെടുന്നു എന്ന വിചാരംപോലും ഇല്ലാതായി. പ്രപഞ്ചത്തിൻെറ അന്തി മസീമകളെ ആലിംഗനം ചെയ്തുനിന്ന ബോധചക്രവാളം ചുരുങ്ങിച്ചുരുങ്ങി ഇന്ന് ഈ ഉരുണ്ട തലയുടെ ചുററിലും പററിനില്ക്കുകയാണ്. സംസ്കാരത്തിൻെറ ചരിത്രം വാ സ്തവത്തിൽ ബോധമണ്ഡലത്തിൻെറ സങ്കോചചരിത്രമാ കുന്നു. ഉഷസ്സിനെയും നഭശ്ചരങ്ങളെയും ദിവ്യലോകങ്ങ ളുടെ അനന്തസൗന്ദര്യങ്ങളെയും പ്രതിഫലിപ്പിച്ചു നമ്മുടെ കണ്ണാടി വെറും കാരീയപ്പലകയായി മാറിപ്പോയി.

വനഭൂവിൽ നിജാശ്രമത്തില—
ഗ്ഘനഗർഭാതുരയെൻ മൃഗാംഗന
തനതക്ഷിപഥത്തിൽ നില്ക്കവേ
നനയും മൽ പ്രിയനാശ്രു കണ്ടു ഞാൻ.
അതികോമളമാകുമമ്മനഃ—
സ്ഥിതി കാട്ടിൽത്തളിർപോലുദിപ്പതാം
ക്ഷിതിപാലകപട്ടബദ്ധമാം
മതിയോ ചമ്മകഠോരമെന്നുമാം.

എന്ന് മഹാകവി കുമാരനാശാൻ സീതയെക്കൊണ്ടു വില പിപ്പിക്കുന്നതു നോക്കുക. ക്ഷിതിപാലകർക്കു മാത്രമല്ല, ജനസാമാന്യത്തിനു മുഴുവനും ആ കോമള മനസ്ഥിതി ഇന്നു നഷ്ടപ്പെട്ടിരിക്കുകയാണ്. നാട്ടിൻപുറങ്ങളിലും വനഭൂമികളിലും സഞ്ചരിക്കുമ്പോൾ ഒരു പുതിയ ജന്മം കൈവന്നതുപോലെ നാമനുഭവിക്കുന്ന ആഹ്ലാദത്തിൻെറ രഹസ്യം ഇതാകുന്നു.

ആധുനികമനുഷ്യൻെറ അന്തരംഗത്തെ ആവരണം

Digitized by Kerala Sahitya Akademi

ചെയ്യുന്ന, അതിൻെറ നിസ്സീമശക്തികളെ നിരുദ്ധമാക്കുന്ന, കഠോരചർമ്മത്തെ പൊളിച്ചുകളയുവാൻ, സാക്ഷാൽ സ്വാതന്ത്ര്യവും സച്ചിദാനന്ദവും അനുഭവിക്കുവാൻ, അതിനുണ്ടായിരുന്ന കഴിവിനെ വീണ്ടെടുക്കുവാൻ, എന്തുപായമാണ് സ്വീകരിക്കേണ്ടത്? അദ്ധ്യാത്മവിദ്യതന്നെ, സംശയമില്ല. ഈ പ്രതിവിധി, രക്ഷാമാർഗ്ഗം, ഭാഗ്യവശാൽ മനുഷ്യരാശിക്ക് ഇന്നും അടുത്തുതന്നെ കിട്ടാനുണ്ട്. അങ്ങിങ്ങായി ചിലരെങ്കിലും അതിനെ സ്വീകരിക്കുന്നുമുണ്ട്. എങ്കിലും, അവരുടെ കാര്യത്തിൽ പ്രത്യേകിച്ചും, ആദ്യം പറഞ്ഞ ആ വൈരുദ്ധ്യം മുഴച്ചുനില്ക്കുന്നു.

തന്നാലുയരേറേണ്ടവരെത്രപേരോ
താഴത്തു പാഴ്ച്ചേറിലമന്നിരിക്കേ,
താനൊററയിൽ ബ്രഹ്മപദം കൊതിക്കും
തപോനിധിക്കെന്തൊരു ചാരിതാർത്ഥ്യം?

ദൈനന്ദിനജീവിതത്തിൻെറ അന്ധതാമിസ്രങ്ങളിൽ നിന്നു മരുന്നിലൂടെയോ മററു വഴിക്കോ അദ്ധ്യാത്മലോകത്തിലേക്കു പലായനംചെയ്യുന്നതു മററുള്ളവരോടും തന്നോടുതന്നെയും ഉള്ള കടമകളിൽനിന്നുള്ള പിൻവാങ്ങലാണ്. ഇതു ശരിയല്ല. കാപട്യമെന്നും ആത്മവഞ്ചനയെന്നുപോലും പറയാവുന്നതുമാണ്. സങ്കീർണ്ണമായ ഇന്നത്തെ സമുദായസ്ഥിതിയിൽ, അവതമസലീനമായ ആധുനികജീവിതത്തിൽ, കദനവും കഷ്ടപ്പാടും നടമാടുന്ന ചുററുപാടുകളിൽ, ഓരോ മനുഷ്യനും സമസൃഷ്ടരോട് അവശ്യം നിർവ്വഹിക്കേണ്ട അനേകം കർത്തവ്യങ്ങളുണ്ട്. മനുഷ്യത്വമെന്നോ, ജീവിതധർമ്മമെന്നോ, സദ്ധർമ്മമെന്നോ, സംക്ഷേപിച്ചു ധർമ്മമെന്നു മാത്രമോ, പരാർത്ഥമായ ഈ കർത്തവ്യനിർവ്വഹണത്തെ നിർവ്വചിക്കാവുന്നതാണ്. മദമാത്സര്യങ്ങൾ കൊടുംപിരിക്കൊണ്ടിരിക്കുന്ന ഇക്കാലത്തുപോലും

Digitized by Kerala Sahitya Akademi

ആരും ഇതിനെ, സിദ്ധാന്തപരമായി, നിഷേധിച്ചിട്ടില്ല. ജീവിതത്തിൻെറ അതിപ്രധാനമായ ഈ ലക്ഷ്യവും അ ദ്ധ്യാത്മവിദ്യയും തമ്മിലുള്ള പൊരുത്തക്കേടാണ് നമ്മുടെ ചിന്താവിഷയം. ചുരുക്കിപ്പറഞ്ഞാൽ മുക്തിനേടുകയും വേണം, ധമ്മം ആചരിയ്ക്കുകയും വേണം; എന്താണു വഴി? മെസ്കാലിൻ തിന്നതുകൊണ്ട് ഈ വൈഷമ്യം നീങ്ങുക യില്ല; അതു വദ്ധിയ്ക്കുകയേ ഉള്ളൂ. അദ്ധ്യാത്മലോകത്തെ പ്പററി അജ്ഞനായ മനുഷ്യനിൽ അതുണ്ടെന്നുള്ള അനുഭവ ബോധം ജനിപ്പിയ്ക്കുകയാണ് പ്രസ്തുത ഔഷധം ചെയ്യു ന്നത്. ബഹളത്തിൽനിന്നെല്ലാം ഒഴിഞ്ഞുമാറി, തല്ക്കാ ലത്തേയ്ക്കു കിട്ടിയ മോക്ഷസുഖം സ്വകാര്യമായി ആസ്വ ദിച്ചുകൊണ്ട് ഒതുങ്ങിക്കഴിയുവാനാണ് അതു പ്രേരിപ്പി യ്ക്കുന്നത്. എന്നുവരികിലും ഈ ഉപായം ഉപയോഗശൂ ന്യമല്ല. കഠോരചമ്മനിബദ്ധമായ ദൈനന്ദിനജീവിത ത്തിനപ്പുറത്തു മൃണാളകോമളമായ മറെറാരു ജീവിതമുണ്ടെ ന്നു അതു നമ്മെ അനുഭവപ്പെടുത്തുന്നു: നമ്മുടെ ചേതനയെ അതിൻെറ നേക്കു തിരിയ്ക്കുന്നു. ഇന്നു ലോകത്തിൽ ബഹു ഭൂരിപക്ഷം ജനങ്ങളും ജീവിതത്തിൻെറ ഈ മറുപുറത്തെ പ്പററി തികച്ചും അജ്ഞരാണ്. വിവരണമോ, ഉപദേശ മോ, ഉൽബോധനമോകൊണ്ട് അവർ അതറിയുകയോ അങ്ങോട്ടു തിരിയുകയോ ഇല്ല. ഇത്തരക്കാക്കാണ് മെ സ്കാലിൻ കൊടുക്കേണ്ടത്. താല്ക്കാലികമായെങ്കിലും അവക്ക് ''ബോധമുള്ളിൽ ജ്വലിയ്ക്കു''ട്ടെ; ആ കൂരിരുട്ടിൽ ഒരു മിന്നാമിനുങ്ങെങ്കിലും പറക്കട്ടെ. മരുന്നു കഴിച്ചുണ്ടാ യ ബോധോദയം അദ്ധ്യാത്മ സാക്ഷാല്ക്കാരമായി ഹക്സ്ലി തെററിദ്ധരിച്ചിട്ടില്ല. താൻ അത്രയ്ക്കു മൂഢനല്ലെന്ന് അദ്ദേ ഹം വ്യക്തമാക്കിയിട്ടുണ്ട്. സാക്ഷാൽക്കാരം അതിൻെറ പൂണ്ണതയിലെത്തിയാൽ മുക്തിയും ധമ്മവും തമ്മിലുള്ള വൈരുദ്ധ്യം നീങ്ങിപ്പോകുമെന്നും, മഹാത്മാക്കളായ പല

Digitized by Kerala Sahitya Akademi

രും അത്ര നോക്കിയിട്ടുണ്ടെന്നും അദ്ദേഹം പറയുന്നു. ശരിയായ ലോകവീക്ഷണവും കർമ്മപദ്ധതികളും സ്വീകരിച്ച ദൈനന്ദിനജീവിതത്തിൽ മുഴകിനിന്ന്, ധർമ്മമാർഗ്ഗത്തിൽ സഞ്ചരിച്ച ലോകസംഗ്രഹാർത്ഥം ജീവിയ്ക്കാനും അതോടൊപ്പംതന്നെ അഭംഗുരമായ അദ്ധ്യാത്മസാക്ഷാല്ക്കാരം അനസ്യൂതമായി അനുഭവിയ്ക്കാനും അവർക്കു സാധിയ്ക്കുന്നു. ഇവരാണ് സർവ്വഭൂതഹിതേരതന്മാരായ ജീവന്മുക്തന്മാർ. ബാഹ്യവ്യവഹാരങ്ങളിൽ ഏർപ്പെടുവാൻ മടിയില്ലാതെ, ആരോടും ദ്വേഷമില്ലാതെ, മൈത്രിയും കരുണയും വഴിഞ്ഞൊഴുകുന്ന ഹൃദയത്തോടെ, ഞാനെന്നും എൻേറതെന്നും ഉള്ള വിചാരമില്ലാതെ, ദുഃഖസഹിഷ്ണുക്കളും സുഖവിമുഖരും ആത്മതുഷ്ടരുമായി ജീവിയ്ക്കുന്ന ലോകോദ്ധാരകന്മാർ. മഹായാനബുദ്ധമതത്തിലെ ബോധിസത്വനെയും, കലയുടെ സാമ്രാജ്യത്തിൽ, നിത്യഭാസുരമായ സ്വർഗ്ഗഭൂമിയിലെന്നപോലെ സാധാരണ ജീവിതത്തിൻേറ ഇരുളടഞ്ഞ തെരുവീഥികളിലും വിഹരിയ്ക്കുന്ന റെംബ്രാൻറിനെയും ആണ് ഹക്സ്ലി ഉദാഹരണങ്ങളായി എടുത്തുപറയുന്നത്.

Digitized by Kerala Sahitya Akademi

8

# കോൺ-ടിക്കി

**പ**സിഫിക് മഹാസമുദ്രത്തിൻെറ തെക്കഭാഗത്തു പോളിനേഷ്യ എന്ന പേരിൽ അറിയപ്പെടുന്ന കുറേ ചെറിയ ദ്വീപുകളുണ്ട്. ഇവയെ അധിവസിക്കുന്ന പ്രാചീന വർഗ്ഗക്കാർ ഏതു ഭൂഖണ്ഡത്തിൽനിന്നു വന്നവരാണെന്നുള്ളത് ഇന്നും തീർച്ചയാകാതെ കിടക്കുന്ന വിഷയമാണ്. തെക്കുകിഴക്കൻ ഏഷ്യയിൽനിന്നായിരിക്കണമെന്നാണ് പലരും ആദ്യംമുതല്ക്കേ ഊഹിച്ചത്. ദ്വീപുകളുടെ പേരുതന്നെയും അങ്ങിനെയുള്ള വിശ്വാസത്തിൽനിന്ന് ഉണ്ടായതാണ്. പക്ഷേ അവിടെയുള്ള ജനങ്ങളുടെ മുഖപ്രകൃതിയും ശരീരലക്ഷണങ്ങളും ഈ അഭ്യൂഹത്തിനു ബാധകമാണെന്നു നേരത്തെതന്നെ ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. അവർ സാമാന്യം വെളുത്ത നിറമുള്ളവരാണ്, കണ്ണിൻെറയും മൂക്കിൻെറയും ആകൃതിയും തെക്കുകിഴക്കൻ ഏഷ്യയിലുള്ളവരുടേതിൽനിന്നു ഭിന്നമാണ്. അവരുടെ ഇടയ്ക്കു പ്രചരിച്ചിട്ടുള്ള പുരാണകഥകളും മറെറാരു ഉത്ഭവസ്ഥാനത്തെക്കുറിച്ചാണ് പറയുന്നത്. തങ്ങളുടെ പൂർവ്വികന്മാർ സൂര്യൻ ഉദിക്കുന്ന ദിക്കിൽനിന്നു വന്നവരാണെന്ന് ഈ ജനങ്ങൾ വിശ്വസിച്ചുപോരുന്നു. പോളിനേഷ്യയ്ക്കു നേരെ കിഴക്കുള്ളതു തെക്കേ അമേരിക്കൻ ഭൂഖണ്ഡമാണ്. രണ്ടിനും ഇടയ്ക്കു നാലായിരം നാഴിക വിസ്താരത്തിൽ കിടക്കുന്ന പസിഫിക് മഹാസമുദ്രമല്ലാതെ ഒരു ചെറുദ്വീപുപോലുമില്ല. തെക്കേ അമേരി

Digitized by Kerala Sahitya Akademi

സ്കയിൽ പണ്ടു സംസ്കാരസമ്പന്നമായ ജനസമുദായങ്ങരം ഉണ്ടായിരുന്നെങ്കിലും അവക്ക് ഈ കടലെല്ലാം കടന്നു വരുവാനുള്ള കഴിവ് ഉണ്ടായിരുന്നതായി വിവരമുള്ളവ രാരും സമ്മതിയ്ക്കുകയില്ല. ഇങ്ങനെ പോളിനേഷ്യന്മാരുടെ ഉത്ഭവം ഒരു അത്ഭുതംതന്നെ എന്ന് എല്ലാവരും കരുതിയിരുന്ന കാലത്താണ് നോർവേ രാജ്യക്കാരനായ തോർ ഹെയർദാൽ എന്ന നിരീക്ഷകൻ വിപ്ലവകരമായ ഒരു വാദവുംകൊണ്ടു മുന്നോട്ടു വന്നത്.



കോൺ–ടിക്കിയുടെ മുഖം. ഒരു പ്രാചീനശില്പത്തിൽനിന്ന്

അമേരിയ്ക്കയിലെ പ്രാചീനസംസ്കാരങ്ങളെക്കുറിച്ചുള്ള പഠനത്തിന്റെ ഫലമായി അവിടെ പണ്ടുണ്ടായിരുന്ന ജനങ്ങരംക്കു ദീർഘമായ സമുദ്രയാത്ര ചെയ്യുവാൻ കഴിഞ്ഞിരുന്നുവെന്ന് അദ്ദേഹത്തിനു ബോധ്യമായി. അവരുടെ പൂർവ്വചരിത്രവും സാംസ്കാരികമായ ഉൽക്കർഷവും ഇതരഭൂഖണ്ഡങ്ങളിലെ ജനങ്ങളുടെ നേട്ടങ്ങളോടു കിടപിടിയ്ക്കത്തക്കവയാണെന്ന വസ്തുത ആധുനികകാലത്തെ ഗവേഷണങ്ങരം വ്യക്തമാക്കിയിട്ടുള്ളതാണ്.* കൊളംബസ്സ്, കോഴിമുട്ട കുത്തിനിർത്തുന്നതുപോലുള്ള വിദ്യ പ്രയോഗിച്ച്, അമേരിയ്ക്ക ''കണ്ടുപിടിയ്ക്കുക''യും, അങ്ങിനെ യൂറോപ്യൻ ജനതയ്ക്കു ജനപ്പെരുപ്പത്തിലും തജ്ജന്യമായ ദാരിദ്ര്യത്തിലുംനിന്നു മോചനം ലഭിയ്ക്കുകയും ചെയ്തതിന് എത്രയോ

* ''കലയും കാലവും'' എന്ന എന്റെ പുസ്തകത്തിൽ ഇതേക്കുറിച്ചു സാമാന്യം ദീർഘമായി പ്രതിപാദിച്ചിട്ടുണ്ട്.

Digitized by Kerala Sahitya Akademi

നൂററാണ്ടുകൾക്കു മുമ്പുതന്നെ പ്രസ്തുതഭൂഖണ്ഡങ്ങളിലെ ജനങ്ങൾക്കു കൃഷിയും കൈത്തൊഴിലും ശില്പകലയും വാസ്തുവിദ്യയും സമുദ്രവേധവും എല്ലാം അഭിമാനകരമായ രീതിയിൽത്തന്നെ അറിഞ്ഞിരുന്നു. അവരെ ദ്രോഹിച്ചു കീഴടക്കിയ അക്രമികൾ വളരെ നാളത്തേയ്ക്കു് ഈ സംഗതികൾ അംഗീകരിയ്ക്കുകയോ അവയെക്കുറിച്ചു് അന്വേഷിയ്ക്കുകയോ ചെയ്തില്ലെന്നേയുള്ളു. യൂറോപ്യന്മാർ തെക്കേ അമേരിയ്ക്കയിൽ ചെന്ന കാലത്തു് അവിടെ, ഇന്നു പെറു എന്നു വിളിയ്ക്കുന്ന ഭൂവിഭാഗത്തു്, ഇങ്കാസംസ്കാരം എന്ന പേരിൽ അറിയപ്പെടുന്ന ഒരു സംസ്കാരമാണു് നിലവിലിരുന്നതു്. ക്രിസ്തുവർഷം ആയിരാമാണ്ടിടയ്ക്കാണു് ഇതിന്റെ ഉത്ഭവം. അതിനു മുമ്പുണ്ടായിരുന്ന ചില സംസ്കാരങ്ങളുടെ അതിവിശിഷ്ടമായ അവശിഷ്ടങ്ങളും ലഭിച്ചിട്ടുണ്ടു്. ഇങ്കാസംസ്കാരത്തിന്റെ ജനയിതാക്കൾ പൂർവ്വസംസ്കാരങ്ങളെ കീഴടക്കി പ്രാബല്യം നേടിയെന്നാണു് ഗവേഷകന്മാർ ഊഹിയ്ക്കുന്നതു്. ക്രിസ്തുവർഷം ആയിരാമാണ്ടിനുമുമ്പും ഇതുപോലെയുള്ള ബലപരീക്ഷകൾ ഉണ്ടായിരുന്നിരിയ്ക്കാം. പുരാവസ്തുഗവേഷകന്മാർ ഈ പൂർവ്വചരിത്രങ്ങളിലേയ്ക്കുള്ള ഉത്ഖനനങ്ങൾ തുടർന്നുകൊണ്ടിരിയ്ക്കുകയാണു്. സുവ്യക്തങ്ങളായ അദ്ധ്യായങ്ങളായിട്ടാണു് പെറുവിലെ പ്രാചീനജനതയുടെ സംസ്കാരചരിത്രം വിന്യസിയ്ക്കപ്പെട്ടിരിയ്ക്കുന്നതു്. ഒരു മാതൃകയിലുള്ള ശില്പങ്ങളും മൺപാത്രങ്ങളും തുണിത്തരങ്ങളും കുറേക്കാലം നിലനില്ക്കുകയും പെട്ടെന്നു് അവ ഇല്ലാതായി തൽസ്ഥാനത്തു മററു മാതൃകകൾ ആവിർഭവിയ്ക്കുകയും ചെയ്യുന്നതായി കാണുന്നു. ക്രമേണയുള്ള അഭിവൃദ്ധിയും പരിവർത്തനങ്ങളും അല്ല, വിപ്ലവകരമായ മാററങ്ങളാണു് ദൃശ്യമാകുന്നതു്. ഒരോ തവണയും പുറത്തെവിടെയോനിന്നു വന്ന ജനങ്ങൾ അവിടെ ഉണ്ടായിരുന്നവരെ തള്ളിനീക്കി ആധിപത്യം സ്ഥാപിച്ചതുപോലെ

Digitized by Kerala Sahitya Akademi


തോന്നും, ഇങ്ങിനെ പരാജിതരായ പെറുവിയന്മാരാണ് പോളിനേഷ്യൻ ദ്വീപുകളിൽ കുടിയേറിപ്പാർത്തതെന്നു ഹെയർദാൽ വാദിച്ചു.

ക്രിസ്തുവർഷം 500—ാമാണ്ടിനു മുമ്പു ദക്ഷിണപസിഫിക് ദ്വീപുകളിൽ ആൾപ്പാർപ്പില്ലായിരുന്നുവെന്നു വിചാരിക്കുവാൻ ന്യായമുണ്ട്. പൂർവ്വികന്മാരെ ആരാധിക്കുന്ന ജനങ്ങളായതുകൊണ്ട് അവരുടെ ഐതിഹ്യങ്ങളിലും പുരാണകഥകളിലും നിന്നു കഴിഞ്ഞുപോയ തലമുറകളെക്കുറിച്ചുള്ള കാലഗണന സാധ്യമാണ്. ഈ വഴിക്കു കണക്കു കൂട്ടിയപ്പോൾ അഞ്ഞൂറാമാണ്ടിലും ആയിരാമാണ്ടിലും സുപ്രധാനമായ രണ്ടു കുടിയേററങ്ങൾ ഉണ്ടായിരിക്കണമെന്നു ഹെയർദാൽ അനുമാനിച്ചു. ആചാരം, ഭാഷ, നിത്യോപയോഗത്തിലുള്ള സാധനങ്ങൾ, എന്നിവയിലുള്ള സാദൃശ്യങ്ങളും അദ്ദേഹത്തിൻെറ ശ്രദ്ധയെ ആകർഷിച്ചു. ഇങ്കാസാമ്രാജ്യത്തിലെ ജനങ്ങൾ ഉപയോഗിച്ചിരുന്ന യാനപാത്രങ്ങളെപ്പററിയുള്ള പൂർണ്ണവിവരങ്ങളും അദ്ദേഹം ശേഖരിച്ചു. ബാൽസാ എന്നു പറയുന്ന ഒരു ജാതി തടികൊണ്ടുണ്ടാക്കിയ ചങ്ങാടങ്ങളാണ് അവർ സമുദ്രയാത്രയ്ക്ക് ഉപയോഗിച്ചിരുന്നത്. കനക്കുറവിനു പ്രസിദ്ധിപെററ തടിയാണിത്. ആൻഡീസ്പർവ്വതപംക്തിയുടെ അധിത്യകകളിൽ അത് ഇന്നും ധാരാളമായി വളരുന്നുണ്ട്. നീളവും വണ്ണവുമുള്ള തടികൾ കൂട്ടിക്കെട്ടി വലിയ ചങ്ങാടങ്ങളുണ്ടാക്കി കടലൊഴുക്കിൻെറയും കാററിൻേറയും സഹായത്തോടെ പെറുവിയൻജനങ്ങൾക്കു നാലായിരം നാഴിക അകലെയുള്ള പോളിനേഷ്യയിൽ ചെന്നെത്തുവാൻ കഴിഞ്ഞു എന്നായിരുന്നു ഹെയർദാൽ വാദിച്ചത്.

ഇത് ആരും വിശ്വസിച്ചില്ല. നരവംശശാസ്ത്രജ്ഞന്മാർ അതു കേട്ടു പൊട്ടിച്ചിരിച്ചു. ചിലർ അദ്ദേഹത്തെ

Digitized by Kerala Sahitya Akademi

കളിയാക്കി. ആകാശവിമാനവും ആവിക്കപ്പലും ഉള്ള ഇക്കാലത്തുപോലും പോളിനേഷ്യൻ ദ്വീപുകൾ ഏറക്കുറെ അപ്രാപ്യങ്ങളെന്നു തന്നെയാണു കരുതപ്പെടുന്നത്. അങ്ങിനെയിരിയ്ക്കെ ആയിരത്തഞ്ഞൂറു കൊല്ലംമുമ്പ് ഇരുമ്പിന്റെ ഉപയോഗംപോലും അറിയാത്ത ഒരു കൂട്ടം



ചങ്ങാടം

ആളുകൾ തടിച്ചങ്ങാടങ്ങളിൽ കയറി പെറുവിൽനിന്ന് അവിടെയെത്തി എന്നു പറഞ്ഞപ്പോൾ ആളുകൾ ചിരിച്ചതിൽ അത്ഭുതമില്ല. എന്നാൽ അതൊന്നു പരീക്ഷിയ്ക്കുകതന്നെ എന്നു ഹെയർദാർ നിശ്ചയിച്ചു. അതിപ്രാചീന കാലത്തുതന്നെ സമുദ്രയാത്രയ്ക്കു പേരുകേട്ട ജനങ്ങളാണ് നോർവേക്കാർ. വൈക്കിങ്ങുകളെന്നാണ് അവരെ അന്നൊക്കെ വിളിച്ചുവന്നത്. നാവികവിദ്യയിൽ അവരെക്കാൾ സാമർത്ഥ്യം നേടിയ ആളുകൾ

Digitized by Kerala Sahitya Akademi

ഇല്ലെന്നുതന്നെ പറയാം. ശാസ്ത്രീയനിരീക്ഷണത്തിലുള്ള താല്പര്യത്തോടൊപ്പം തൻെറ ധമനികളിൽ പായുന്ന വൈക്കിങ്ങ് രക്തത്തിൻെറ ഉത്സാഹവായ്പും അദ്ദേഹത്തെ ഈ സാഹസയാത്രയ്ക്കു പ്രേരിപ്പിച്ചിരിയ്ക്കാം. അതിസമർത്ഥന്മാരായ അഞ്ചു കൂട്ടുകാരെ അദ്ദേഹം തേടിപ്പിടിച്ചു. ഇവരിൽ നാലു പേർ നോർവേക്കാരും ഒരാറം സ്വീഡൻകാരനുമായിരുന്നു. അവർ പോളിനേഷ്യയിൽ ചെന്നെത്തുമെന്നോ തിരിച്ചു വരുമെന്നു പോലുമോ ആരും പ്രതീക്ഷിച്ചില്ല. പ്രമാണികളായ പല നാവികവിദഗ്ദ്ധന്മാരും അവർക്കുണ്ടാകുവാൻ പോകുന്ന അത്യാപത്തുകളോർത്ത് പ്രസ്തുത സാഹസത്തിൽ നിന്ന് അവരെ പിൻതിരിപ്പിയ്ക്കുവാൻ ശ്രമിച്ചു. മററു ചിലർ അവരുടെ മാതാപിതാക്കന്മാരെയോർത്തു പരിതപിച്ചു.

''തിതീർഷുർദുസ്തരം മോഹാ
ദുഡുപേനാസ്മി സാഗരം.''

എന്നു ക്രാന്തദശിയായ കാളിദാസൻപോലും വിലപിച്ചതാണല്ലോ.


ആധുനികകാലത്തു മററാക്കും ചിന്തിയ്ക്കുവാൻപോലും കഴിയാത്ത ഈ സാഹസയാത്രയാണ് ''കോൺ—ടിക്കി പര്യടനം'' എന്ന പേരിൽ ലോകപ്രസിദ്ധമായിത്തീന്നത്. ഇക്വഡോറിലെ വനങ്ങളിൽനിന്ന് വെട്ടിയിറക്കിയ ഒൻപതു ബാൽസാതടികരം അവർ പുഴകളിൽ ഒഴുക്കിയും ചരക്കു കപ്പലിൽ കയററിയും പെറുവിലെ നാവികസേനയുടെ താവളമായ കലാവോ തുറമുഖത്തു കൊണ്ടുവന്നു. പണ്ടത്തെ പെറുവിയന്മാക്കു ലഭിച്ചിരുന്ന സാധനങ്ങരം മാത്രം ഉപയോഗിച്ചാണ് ചങ്ങാടം ഉണ്ടാക്കിയത്. തടിയും മുളയും ചണംകൊണ്ടു പിരിച്ച കയറുമല്ലാ

Digitized by Kerala Sahitya Akademi

തെ ഒരു ആണിപോലും ഉപയോഗിച്ചില്ല. അമേരിക്കൻ ഐക്യനാടുകരം, പെറു, നോവ്വേ എന്നീ രാജ്യങ്ങളിലെ ഗവമ്മേണ്ടുകരം അവക്ക് ആവശ്യമുള്ള എല്ലാ സഹായ ങ്ങളും ചെയ്തുകൊടുത്തു. ഒരു തടിച്ചങ്ങാടവും അതിൻെറ മുകളിൽ മുളകൊണ്ടുണ്ടാക്കിയ ഒരു കൊച്ചു കടിലും മാത്ര മായിരുന്നു അവരുടെ യാനപാത്രം. അതിനു നല്കിയ പേരാണ് 'കോൺ—ടിക്കി'. പോളിനേഷ്യയിലും പെറു വിലും എന്തെന്നില്ലാത്ത ഭക്തിയോടെ ആരാധിക്കപ്പെ ടുന്ന പുരാണപുരുഷനാണ് ടിക്കി. സൂര്യസംഭവനെന്നു വിശ്വസിക്കപ്പെടുന്നതുകൊണ്ടു കോൺ—ടിക്കി എന്നു വി ളിക്കുന്നു. ഈ മഹാത്മാവാണ് തങ്ങളെ പോളിനേഷ്യ യിൽ കൊണ്ടുവന്നതെന്ന് അവിടെയുള്ള ജനങ്ങരം എത്ര യോ തലമുറകളായി വിശ്വസിച്ചുപോരുന്നു. ഇതിനേ ക്കാരം ശ്രേഷ്ഠമായ ഒരു നാമം അവരുടെ യാനപാത്രത്തിനു നല്കുവാൻ സാധ്യമല്ല. ചങ്ങാടത്തിൽ ഒരു തേങ്ങയുടച്ച് നാമകരണക്രിയ നിവ്വഹിച്ചതോടെ ആ പര്യടനത്തിനു ലഭിക്കുവാനുള്ള അനുഗ്രഹാശിസ്സുകരം പൂണ്ണമായി.

തുറമുഖത്തു നിന്ന് ഒരു യന്ത്രക്കപ്പലാണ് ചങ്ങാട ത്തെ വലിച്ചു നടുക്കടലിൽ കൊണ്ടുവിട്ടത്. പുറപ്പെട്ട ന്ന മാത്രയിൽത്തന്നെ, കരക്കു വന്നടിക്കുന്ന ഭയങ്കരമായ തിരമാലകളിൽ പെട്ട് ഉഡുപം തവിടുപൊടിയാകേണ്ട ന്ന് അവർ കരുതിയിരിക്കാം. യന്ത്രക്കപ്പലിൻെറ ബ ന്ധം വേർപെടുത്തി കോൺ—ടിക്കിയുടെ ഉത്തമാംഗചി ത്രത്താൽ അലംകൃതമായ കാററുപായ ഉയത്തിയതോടെ, 1947—ൽ നടന്ന ആയിരത്തഞ്ഞൂറു കൊല്ലത്തെ പഴക്ക മുള്ള ആ അത്ഭുതയാത്ര ആരംഭിച്ചു. സമുദ്രനിരപ്പിൽ നിന്ന് ഒന്നരയടി മാത്രം പൊക്കത്തിലാണ് ആ വി ചിത്രനാവികന്മാർ ജീവിച്ചത്. അവരുടെ ലോകം എട്ടു പത്തടി ചതുരത്തിലേക്കു ചുരുങ്ങി. 1947 ഏപ്രിൽ

Digitized by Kerala Sahitya Akademi




പര്യടനമാർഗ്ഗം

Digitized by Kerala Sahitya Akademi

മാസം 28–ാംനു- അവർ ആറുപേരും ദൂരദൾനക്യശങ്ങളായ ആൻഡീസ് പവ്വതനിരയിലെ കൊടുമുടികളോടുപോലും യാത്ര പറഞ്ഞ് തങ്ങളുടെ ധീരചിത്തതയിൽ മാത്രം ഉറച്ചു നിന്നുകൊണ്ടു പശ്ചിമദിങ്മുഖം ലക്ഷ്യമാക്കി നടുക്കടലിൽ ഒഴുകിത്തുടങ്ങി. ദക്ഷിണ ധ്രുവപ്രാന്തത്തിൽ നിന്നുത്ഭവിച്ച് തെക്കേ അമേരിക്കയുടെ പശ്ചിമതീരത്തെ സ്പശിച്ച് വടക്കോട്ടു വന്നു ഭൂമദ്ധ്യരേഖയ്ക്ക് അല്പം തെക്കു മാറി പടിഞ്ഞാറോട്ടു പോകുന്ന കടലൊഴുക്കിനെയാണ് അവർ ശരണം പ്രാപിച്ചത്. ഇതിൻെറ ആയം പോളിനേഷ്യ വരെ ചെന്നെത്തുന്നുണ്ട്.

ശാന്തസമുദ്രമെന്നാണ് പേരെങ്കിലും അത് അത്ര വളരെ ശാന്തപ്രകൃതിയല്ലെന്ന് അവക്കു ക്ഷണേന വ്യക്തമായി. മലനിരകറംപോലെ പൊങ്ങി വരുന്ന തിരമാലകളിൽ ആ പൊങ്ങുതടികളും അവയ്ക്കുമേൽ തടവിലാക്കപ്പെട്ട മനുഷ്യരും എത്രമേൽ നിസ്സഹായരായിരുന്നെന്നു പറയേണ്ടതില്ല. മലവെള്ളത്തിൽ ഒഴുകി വരുന്ന ഓലത്തുരുമ്പുകളുടേയും അവയ്ക്കുമേൽ വട്ടത്തിലോടുന്ന ഉറുമ്പുകളുടേയും ചിത്രമാണ് ഈ കഥ വായിച്ചപ്പോറം എനിയ്ക്ക് ഓമ്മ വന്നത്. വെള്ളത്തിൽ തൊട്ടാൽ മരവിയ്ക്കും; അത്ര തണുപ്പാണ്. അതിൻെറ പച്ച നിറവും കാറു നിറഞ്ഞ ആകാശവും കൂരിരുട്ടും കൂടിയായപ്പോറം അവരുടെ ജീവിതത്തിൻെറ സ്വഭാവം ആകപ്പാടെ മാറിപ്പോയി. വെള്ളത്തിൻെറ പാത്തിയിൽ വീഴാതെ തിരമാലകറംക്കു കുറുകെ നയിച്ചാൽ ചങ്ങാടം മുങ്ങുകയോ മറിയുകയോ ചെയ്യുകയില്ലെന്ന് അവക്കു ബോധ്യമായി. പുറകെ വരുന്ന തിരമാലകറം പതഞ്ഞു പൊങ്ങി ചുരുണ്ടുമറിഞ്ഞു കടലിലെ വെള്ളം മുഴവനുംകൂടി ചങ്ങാടത്തിന്മേൽ കോരിയൊഴിച്ചാൽപോലും യാതൊരാപത്തുമില്ല. അതെല്ലാം ക്ഷണേന ചോന്നു പോകും. ''തലയ്ക്കു മീതെ വെള്ളം

Digitized by Kerala Sahitya Akademi

വന്നാൽ അതുകൂ മീതെ തോണി'' അത്ര തന്നെ. ചങ്ങാടം ആടിയാടി എപ്പോഴും മുകളിൽ കിടക്കും.

അമരം പിടിയ്ക്കുന്നതിലാണ് അവക്കു പ്രയാസമുണ്ടായതു്. പിന്നിലേയ്ക്കു നീണ്ടു നില്ക്കുന്ന ഒരു പങ്കായം ചങ്ങാടത്തിൽ ഘടിപ്പിച്ചിരുന്നു. കടലു കോപിയ്ക്കുമ്പോഠം അതുകൊണ്ടു ചങ്ങാടത്തിൻെറ ഗതി നിയന്ത്രിയ്ക്കുവാൻ അവക്കു ഭഗീരഥപ്രയത്നംതന്നെ ചെയ്യേണ്ടിവന്നു. അമരക്കാർ ഒഴുകിപ്പോകാതെ അരയിൽ കയറു കെട്ടിക്കൊണ്ടാണ് ഇരുന്നതു്. അദ്ധ്വാനത്തിൻെറ കാഠിന്യംകൊണ്ടു് അരമണിക്കൂർ ഇടവിട്ട് ആഠം മാറേണ്ടതായി വന്നു. ചങ്ങാടത്തിൻെറ അമരം പിടിയ്ക്കേണ്ടതു പങ്കായം കൊണ്ടല്ലെന്നു വളരെ കഴിഞ്ഞാണ് അവർ മനസ്സിലാക്കിയതു്. ആവിക്കപ്പലുകളുടെ കാലമായപ്പോഴേയ്ക്കു പണ്ടത്തെ നാവികവിദ്യകളെല്ലാം വിസ്മൃതമായിപ്പോയി. പൊങ്ങുതടികളുടെ ഇടക്കുകൂടി അടിയിലേയ്ക്കു് അടിച്ചിറക്കുന്ന പലകക്കഷണങ്ങളുടെ സ്ഥാനവും നീളവും ചില കണക്കുകളനുസരിച്ചു മാററുകയാണെങ്കിൽ ഏതു കാററിലും കോളിലും കടലൊഴുക്കിലും ചങ്ങാടത്തെ വേണ്ട വഴിയ്ക്കു നയിയ്ക്കുവാൻ സാധിയ്ക്കും. ഇതു് ആകസ്മികമായിട്ടാണ് അവർ കണ്ടുപിടിച്ചതു്.

ആദ്യത്തെ കഷ്ടപ്പാടുകഠംക്കു ശേഷം അവരുടെ യാത്ര ഏറിയ കുറും ശാന്തമായ മട്ടിലായിരുന്നു. ചങ്ങാടത്തിൽ നിന്നിറങ്ങി നീന്തുവാനും വൃത്താകാരമായ റബ്ബർബോട്ടിൽ കയറി തുഴഞ്ഞു കളിയ്ക്കുവാനും മററും അവക്കു സാധിച്ചു. കര കാണാത്ത മഹാസമുദ്രത്തിൻെറ നേക്ക് അനുഭവൈകവേദ്യമായ വിശ്വാസവും എന്തെന്നില്ലാത്ത ഭക്ത്യാദരങ്ങളും അവരിൽ വളന്നു വന്നു. സായാഹ്നവേളകളിലും നിലാവുള്ള രാത്രികളിലും ഭൂമിയിൽ ഒരിട

Digitized by Kerala Sahitya Akademi

ത്തും ലഭിയ്ക്കാത്ത ശാന്തിയും സന്തോഷവും അവർ അനുഭ വിച്ചു. കാന്തസൂചികളും കമ്പിയില്ലാക്കമ്പിയും ദിങ് നിർണ്ണയോപകരണങ്ങളും എല്ലാം കരുതിയിരുന്നെങ്കിലും നക്ഷത്രങ്ങളെ ആശ്രയിച്ചുതന്നെ വഴിയറിഞ്ഞു യാത്ര ചെയ്യുവാൻ അവക്കു കഴിഞ്ഞു. 1500 വഷം മുമ്പ് ആ വഴിയ്ക്കു യാത്ര ചെയ്ത പെരുവിയന്മാരുടെ പള്ളിയോട ങ്ങൾക്കും നിത്യഭാസുരങ്ങളായ ആ നഭശ്ചരങ്ങൾതന്നെ യാണല്ലോ വഴി കാട്ടിയത്. ഒരു പക്ഷേ നൂറും ഇരു നൂറും ചങ്ങാടങ്ങൾ ഒരുമിച്ചായിരിയ്ക്കാം ആ യാത്ര നിവ്വ ഹിച്ചത്. ആപൽഭീതിയില്ലാത്ത ആത്മവിശ്വാസത്തി ൻേറയും ആനന്ദമയമായ പ്രതീക്ഷകളുടേയും പൂനിലാ വിൽ അവർ ആടുകയും പാടുകയും കൂടി ചെയ്തില്ലെന്ന് ആരറിഞ്ഞു! അത്യത്ഭുതകരമായ ആ ദീർഘയാത്രക ളിൽ നക്ഷത്രകോടികൾ കണ്മിഴിച്ചു നിരന്നിരിയ്ക്കുന്ന നീലാഭമായ നൃത്തരംഗത്തു കടൽക്കയങ്ങളുടെ കരൾത്തുടി പ്പുകളും തിരമാലകളുടെ കരലാളനങ്ങളും അവരുടെ രക്ത ത്തിൽ അലിഞ്ഞു ചേന്നു. ആ അനശ്വരസംഗീതത്തി ൻെറ മാറെറാലി തെക്കൻ പസിഫിക്കിലെ ദ്വീപവാ സികളുടെ ജീവിതത്തിൽ ഇന്നും കേൾക്കാവുന്നതാണ്. അവരുടെ നൃത്തവിശേഷങ്ങളും മധുരഗാനങ്ങളും ലോക പ്രസിദ്ധി നേടിയിട്ടുണ്ട്.

അമരാവതിയുടെ ചമയം നിറഞ്ഞ ഭീമാകാരങ്ങളായ ആവിക്കപ്പലുകളിലും മേഘമാഗ്ഗത്തിനും മീതെ പറക്കുന്ന വിമാനങ്ങളിലും കയറി വിദേശസഞ്ചാരം ചെയ്യുന്ന ആധുനികമനുഷ്യൻെറ അനുഭൂതിയിൽ സമുദ്രം ഒരു അധോ ലോകമാണ്. വല്ലവിധേനയും അതിൻെറ മറുകര പററ ണമെന്നല്ലാതെ മറെറാന്നും ആ ഉപ്പുവെള്ളക്കിടങ്ങിനെ പ്പററി അവനു പറയാനില്ല. അതിൻെറ നേക്കു ഭക്തി യോ സ്നേഹമോ പരവശഭാവങ്ങളോ ഒന്നും അവനു തോ

Digitized by Kerala Sahitya Akademi

ന്നാറില്ല. കപ്പലിൻെറ മുകറംത്തട്ടിൽ കമ്പിവേലിയിൽ കൈ ഊന്നിനിന്നു കീഴോട്ടു നോക്കുമ്പോരം ഒരു ജേതാവിൻെറ അഹങ്കാരപൂർണ്ണമായ അഭിമാനമാണ് അവൻെറ കണ്ണുകോണിൽ സ്ഫുരിക്കുന്നത്. വിമാനത്തിൻെറ വൃത്താകാരമായ കണ്ണാടിജന്നലിൽക്കൂടി നോക്കുമ്പോരം അകം നിറഞ്ഞ പുച്ഛവും. മെഡിറററേനിയൻ കടൽ തൻെറ കളിപ്പൊയ്കയാണെന്നു മുസ്സോളിനി ഒരിക്കൽ പറയുകയുണ്ടായി. അററ്ലാൻറിക് സമുദ്രത്തെ ആംഗ്ലോ--അമേരിക്കൻകോയ്മകരം വെറും കുളമ്പുചാൽപോലെയാണ് കരുതിവരുന്നത്. ആധുനിക മനുഷ്യൻെറ ഈ അഹങ്കാരവാസ്യം പ്രാചീനവർഗ്ഗങ്ങളുടെ ഭക്ത്യാദരങ്ങളും എതിർധ്രുവങ്ങളിൽ നില്ക്കുന്നു. പസിഫിക് മഹാസമുദ്രത്തിൻെറ അടിത്തട്ടിൽ ചാഞ്ചാടിയാടുന്ന പൊങ്ങുതടിച്ചങ്ങാടത്തിൽ ജലസ്പർശമേററു ദീർഘയാത്ര ചെയ്ത പണ്ടത്തെ പെറൂവിയൻജനങ്ങരംക്കു പെരുംകടൽ അഭയവും അഭീഷ്ടങ്ങളും നല്കുന്ന അമ്മയായിരുന്നു. സൂര്യസംഭവനായ കോൺ—ടിക്കിയുടെ ധീരനേതൃത്വത്തിൽ വിദൂരമേഖലകളിൽ ചെന്നെത്തിയ ആ പ്രാചീനവർഗ്ഗക്കാരുടെ ആത്മീയാനുഭൂതികരം ഹെയർദാലിൻെറ വിവരണങ്ങളിൽ കലർന്നു കാണുന്നു. സ്രാവുകളേയും മകരമത്സ്യങ്ങളേയും തിമിംഗലങ്ങളേയും മുഖത്തോടു മുഖം കണ്ടുകൊണ്ടാണ് അവർ യാത്ര ചെയ്തത്. ആഹാരം കരുതിയിരുന്നില്ലെങ്കിൽക്കൂടി അതിനു പ്രയാസമുണ്ടാകുമെന്ന് അവക്കു തോന്നിയില്ല. ശുദ്ധജലം അവർ വേണ്ടുവോളം കൊണ്ടുപോയിരുന്നു. പക്ഷേ കുറേനാരം കഴിഞ്ഞപ്പോഴേയ്ക്കു് അതിനു രുചിഭേദം വന്നതായി അവർ കണ്ടു. പണ്ടുള്ളവർ മുളംകുഴലിലായിരിക്കണം ശുദ്ധജലം കൊണ്ടുപോയത്. ഇടമുട്ടുകരം തട്ടിക്കളഞ്ഞ വൻമുളകരം വെള്ളം നിറച്ചു കൂട്ടിക്കെട്ടി ചങ്ങാടത്തിൻെറ അടിവശത്തു ചേർത്തുവെച്ചു കൊണ്ടുപോകുവാൻ

Digitized by Kerala Sahitya Akademi

വിഷമമില്ല. ചില ഔഷധച്ചെടികഠം ചവച്ചിറക്കിയ ശേഷം ഉപ്പുവെള്ളംതന്നെ കടിച്ചാലും ദാഹം ശമിയ്ക്കുമെന്നും പറയപ്പെടുന്നു. തൊലിപ്പുറത്തു സദാസമയവും ജലസ്സ്പർശമേററുകൊണ്ടിരുന്നാൽ അത്ര വളരെ ദാഹം തോന്നുകയില്ലെന്നും അനുഭവമുണ്ട്. തേങ്ങ, ചുരയ്ക്കാക്കടുക്കകളിൽ നിറച്ച പാനീയങ്ങഠം എന്നിവയും ചങ്ങാടങ്ങളിൽ കൊണ്ടുപോകാൻ വിഷമമില്ല. തെങ്ങുതന്നെയും തെക്കൻ പസിഫിക് ദ്വീപുകളിലെത്തിയത് ഈ വഴിയ്ക്കാണെന്നു ഹെയർദാൽ ഊഹിയ്ക്കുന്നു. തേങ്ങ കടലൊഴുക്കിൽ വീണ് ഇത്ര ദൂരം ചെന്നാൽ കിളുക്കുകയില്ല. അത് എത്രയോ വേഗം ചീഞ്ഞുപോകും. അതു തെക്കേ അമേരിക്കയിൽ നിന്നു പോളിനേഷ്യന്മാരുടെ പിതാമഹന്മാർ ചങ്ങാടങ്ങളിൽ കൊണ്ടുവന്നതായിരിയ്ക്കണം.

അത്ഭുതകരമായ ഈ പര്യടനം 101 ദിവസം നീണ്ടുനിന്നു. അവർ കൂടക്കൂടെ കമ്പിയില്ലാക്കമ്പിമാഗ്ഗം പല ദിക്കിലേയ്ക്കും സന്ദേശങ്ങഠം അയച്ചിരുന്നു. ഒരിയ്ക്കൽ നോർവേരാജ്യത്തിൻെറ തലസ്ഥാനമായ ഓസ്ലോനഗരത്തിലുള്ള ഒരാളുമായിത്തന്നെ സമ്പക്ത്തിലേപ്പെടുവാൻ അവക്കു സാധിച്ചു. അന്ന് അവർ ഹാക്കോൺ രാജാവിനു ജന്മദിനാശംസകഠം അയച്ചു. യാത്ര തുടങ്ങി അല്പദിവസത്തിനുള്ളിൽ അവരുടെ പുറകെ തിരിച്ച ഒരു വിമാനത്തിനു വളരെ നേരം ചുററിത്തിരിഞ്ഞിട്ടും അവരെ കാണുവാൻ കഴിഞ്ഞില്ല. മഹാസമുദ്രത്തിൻെറ വിശാലതകളിൽ അവരുടെ ചങ്ങാടം അത്രയ്ക്കു നിസ്സാരമായ ഒരു വസ്തുവായിരുന്നു. നാലായിരത്തിൽപ്പരം നാഴിക സഞ്ചരിച്ചു തൊണ്ണൂററിയേഴാമത്തെ ദിവസം അവർ ആദ്യമായി ഒരു ദ്വീപിൻെറ പരിസരത്തിൽ എത്തി. ദ്വീപവാസികഠം ചെറുതോണികളിൽ വന്ന് അവരെ എതിരേററെങ്കിലും കടലൊഴുക്കു പ്രതികൂലമായിരുന്നതുകൊണ്ടു ചങ്ങാ

Digitized by Kerala Sahitya Akademi

ടത്തിന് അവിടെ അടുക്കുവാൻ കഴിഞ്ഞില്ല. തോണിയിൽ കയറി കരയ്ക്കിറങ്ങിയ ഒരു കൂട്ടുകാരനു മടങ്ങിയെത്തുവാൻതന്നെ വളരെയധികം വിഷമിക്കേണ്ടി വന്നു. ഏതായാലും ആപത്തില്ലാതെ അയാൾ മടങ്ങി വരുകയും ചങ്ങാടം വീണ്ടും പടിഞ്ഞാട്ടു തന്നെ ഒഴുകുകയും ചെയ്തു.

കലാവോ തുറമുഖത്തുനിന്നു യാത്രതിരിച്ചു 101 ദിവസം കഴിഞ്ഞപ്പോൾ (1947 ആഗസ്റ്റ് 7-ാംനു- പ്രഭാതത്തിൽ) അവർ മറെറാരു ദ്വീപിനെ സമീപിച്ചു. അവിടെ ഒഴുക്ക് അനുകൂലമായിരുന്നു. പക്ഷേ ദ്വീപിനു ചുററും ആപൽക്കരമായ കടൽപ്പാറുകൾ ഒരു കോട്ടപോലെ വളർന്നു നിൽക്കുന്നതാണ് അവർ കണ്ടത്. രണ്ടററവും ചക്രവാളസീമയിൽ തൊട്ടുനില്ക്കുന്ന ഈ കടല്ക്കോട്ടയിൽ തിരമാലകൾ ആഞ്ഞടിച്ചുകൊണ്ടിരുന്നു. വേലിയേററം വന്നാൽ വെള്ളം അതിന്നുമീതെ പൊങ്ങും; ആപത്തില്ലാതെ അപ്പുറം കടക്കുകയും ചെയ്യാം. പക്ഷേ അവർ ചെന്ന സമയത്ത് ഇറക്കമായിരുന്നു. ഏററം വരുന്നതുവരെ ചങ്ങാടത്തെ പിടിച്ചുനിത്തുവാൻ ഉപായം കണ്ടില്ല. എന്തൊക്കെയോ കൂട്ടിക്കെട്ടി ഒരു നങ്കൂരമുണ്ടാക്കി വെള്ളത്തിൽ ഇട്ടു നോക്കി. അടുത്ത തിരവന്നപ്പോൾ അതിൻെറ കയറ് മാറാലനൂലുപോലെ പൊട്ടിപ്പോയി. 4300 നാഴികദൂരം സഞ്ചരിച്ച ശേഷം ആ പ്രഭാതത്തിൽ അടുത്തു കാണുന്ന പച്ചപിടിച്ച ദ്വീപിനു മുമ്പിൽ കടൽപ്പാറുകളിൽ ചെന്നടിച്ചു ചങ്ങാടം തകർന്നുപോകുമെന്നും തങ്ങൾക്കുതന്നെയും മരണമേ ഗതിയുള്ളൂ എന്നും ധീരന്മാരായ ആ നാവികന്മാർ ഭയപ്പെട്ടു. സാമാനങ്ങളെല്ലാം ചങ്ങാടത്തടികളിൽ ചേർത്തു കെട്ടി എന്തു വന്നാലും തങ്ങളെ ഇത്ര ദൂരം കൊണ്ടുവന്ന ആ പൊങ്ങുതടികളിൽ നിന്നു പിടിവിടരുതെന്നുള്ള ദൃഢനിശ്ചയത്തോടെ അവർ ആ സന്നമായ അത്യാഹിതത്തെ അഭിമുഖീകരിക്കുവാൻ തയ്യാ

Digitized by Kerala Sahitya Akademi

റായി. ആപത്തിൽ പെട്ടകയല്ലാതെ മറെറാരു പോംവഴിയും കാണുന്നില്ലെന്നു സന്ദേശങ്ങളും അയച്ചു. 36 മണിക്കൂർ കഴിഞ്ഞിട്ടു തങ്ങളെ വിളിച്ചാൽ കിട്ടിയില്ലെങ്കിൽ 'കോൺ–ടിക്കി' തകന്നുപോയെന്നു നിശ്ചയിച്ചുകൊള്ളേണമെന്നും അറിയിച്ചു.

റയോയിയ എന്ന പേരിൽ അറിയപ്പെടുന്ന ഗംഭീരമായ ഈ കടൽമേടിൻെറ മുമ്പിൽ ആറു നാവികരെയും വഹിച്ചുകൊണ്ടു നില്ക്കുന്ന ആ ചങ്ങാടത്തിൻെറ ചിത്രം മനസ്സിൽനിന്നു മായുകയില്ല. കടലമ്മയുടെ കാരുണ്യവും ദൈവാധീനവുമല്ലാതെ അവക്കു മറെറാരു ആശ്രയമില്ല. മഹാചരിത്രകാരനായ ആർനാൾഡ് ടോയൻബീ മനുഷ്യവർഗ്ഗത്തിൻെറ ഇന്നത്തെ നിലയെ 'കോൺ–ടിക്കീ പര്യടന'ത്തിലെ ഈ പ്രതിസന്ധിഘട്ടത്തോട് ഉപമിച്ചിട്ടുണ്ട്. മാനവസംസ്കാരത്തിൻെറ പടവുകൾ നമ്മെയും വഹിച്ചുകൊണ്ടു കാലത്തിൻെറ കടലൊഴുക്കിലൂടെ ബഹുദൂരം സഞ്ചരിച്ച് ഇന്നിതാ സമൃദ്ധിയുടെ മേചകഭൂമികൾ കൺമുന്നിലെത്തിയ മോഹന പ്രഭാതത്തിൽ ആപല്ക്കരമായ പാറക്കെട്ടുകളിൽ ചെന്നടിച്ചു തകന്നു തരിപ്പണമായി നശിക്കുവാൻ തുടങ്ങുന്നു. മടങ്ങിപ്പോകുവാനോ മാറിപ്പോകുവാനോ നമുക്കു കഴിവില്ല. കടലൊഴുക്കിലെന്നപോലെ കാലത്തിലും ഒരു ചൊവ്വിനു മാത്രമേ സഞ്ചരിക്കുവാൻ സാധിക്കുകയുള്ളു. ദൈവാധീനത്തിൽ വിശ്വസിക്കുകയല്ലാതെ ചരിത്രത്തിലെ ഈ കണ്ടകശ്ശനിയിൽ മനുഷ്യരാശിക്കു മറെറാന്നും കരണീയമായി കാണുന്നില്ലെന്നു ടോയൻബീ പറയുന്നു. സംസ്കാരത്തിൻെറ പൊങ്ങുതടികളെ ആത്മവിശ്വാസത്തിൻെറ പ്രതീകമായി കരുതുക. അവയെ മുറുകെപ്പിടിച്ചുകൊണ്ട് ദൈവം രക്ഷിക്കുമെന്ന ഉറപ്പോടുകൂടി കാത്തിരിക്കുക.

ചങ്ങാടത്തടികളെ കൂട്ടിക്കെട്ടിയ കയറുകൾ കാറ്റും

Digitized by Kerala Sahitya Akademi

കോളും ഇളകിയപ്പോഠം വലിയുകയും മുറുകുകയും ചെയ്യുന്ന ശബ്ദം അവരെ ഞെട്ടിച്ചിട്ടുള്ളതാണ്. തടി ഉപ്പുവെള്ള ത്തിൽ കിടന്നു കുതിരുമ്പോഠം അതിൻെറ ഭാരം കൂടുമെ ന്നും അതു വെള്ളത്തിൽ താണുപോകുമെന്നും യാത്രയുടെ വിവരങ്ങളറിഞ്ഞപ്പോഠം ചിലയാളുകഠം അവരെ താക്കീ തു ചെയ്യതും അവർ ഓർത്തിരുന്നു. വഴിമദ്ധ്യേവെച്ചു മററാരും കാണാതെ ഓരോരുത്തരും തടിക്കഷണങ്ങഠം അടർത്തിയെടുത്ത് വെള്ളത്തിലിട്ടു പരീക്ഷിയ്ക്കുകയുണ്ടാ യി. ആ കഷ്ണങ്ങഠം കല്ലുപോലെ താണുപോകുന്നതുകണ്ട് അവരുടെ കരളുപോലും മരവിച്ചതാണ്. എങ്കിലും കയറു പൊട്ടിയില്ല. ചങ്ങാടത്തടികഠം താഴുകയും ചെ യ്തില്ല. അവയുടെ ഉഠംഭാഗം അപ്പോഴും പച്ചയായിരുന്നു. ഉപ്പുവെള്ളം അകത്തേയ്ക്കു കടന്നതേയില്ല. ചണത്തേക്കാഠം നല്ലതു ചകിരിക്കയറാണെന്നു പോളിനേഷ്യക്കാർ പി ന്നീടു അവരോടു പറയുകയുണ്ടായെങ്കിലും ചണവും ചതി ച്ചില്ല. പക്ഷേ കടൽപ്പുററിൽ ചെന്നടിയ്ക്കുമ്പോഠം എന്താ ണ് സംഭവിച്ചുകൂടാത്തത്? ഏതായാലും മററു പോംവഴി യില്ലാത്തതുകൊണ്ട് അവർ രണ്ടും നിശ്ചയിച്ചു ചങ്ങാട ത്തെത്തന്നെ ശരണമാക്കി. തിരമാലകഠം അതിനെ ഉക്കിയെടുത്തു പുററുകളിൽ ആഞ്ഞടിച്ചു. പായ്മരവും കൂരയും പങ്കായവും എല്ലാം ഛിന്നഭിന്നമായി. പക്ഷേ ചങ്ങാടത്തടികഠം ഒടിഞ്ഞില്ല. വേർപെടുകപോലും ചെ യ്തില്ല. നാവികന്മാർ ആറുപേരും അവയ്ക്കുമേൽ ജലജീ വികളെപ്പോലെ പററിപ്പിടിച്ചു കിടന്നു. അതികഠിന മായ അടിയും ഇടിയും സമ്മർദ്ദവും എല്ലാം അനുഭവിച്ചെ ങ്കിലും ആക്കും പറയത്തക്ക കേടൊന്നും പററിയില്ല. സാമാനങ്ങളിൽ ചിലതെല്ലാം ഒഴുകിപ്പോയി. ചങ്ങാടം പുററിന്നു മുകളിൽ കേറിയുറച്ചു. കൊടുങ്കാററിൽപെട്ട പാഴ്കടിൽപോലെ തകൻ പൊളിഞ്ഞ് അതങ്ങിനെ

Digitized by Kerala Sahitya Akademi

ജലനിരപ്പിനു മുകളിൽ തങ്ങിയിരിയ്ക്കുന്നതു കണ്ടു നാവി കന്മാർ സങ്കടപ്പെട്ടു. എന്നു വരികിലും എല്ലാവരും ജീവനോടെയുണ്ടെന്നു കണ്ടു സന്തോഷിയ്ക്കുകയാണു വേണ്ട തെന്നു കരുതി പുററിൻെറ മറുവശത്തുള്ള ആഴം കുറഞ്ഞ ജലാശയത്തിലൂടെ നീന്തിയും നടന്നും അവർ കരയിലെ ത്തി. ''നരകത്തിൽ വെള്ളം കുറെ കൂടിപ്പോയെങ്കിലും സ്വർഗ്ഗം നാം ഭാവനയിൽ കണ്ടതുപോലെത്തന്നെയിരി യ്ക്കുന്നു'' എന്നു പറഞ്ഞ് അവർ ആറുപേരും ആ പച്ചപ്പട പ്പുകളുടെ തണലിൽ, വെളുത്ത മണലിൽ, മലൎന്നു കിടന്നു.

അങ്ങിനെ അത്ഭുതകരമായ ആ പര്യടനവും അവസാ നിച്ചു. അവരുടെ വരവിനെപ്പററി വിവരം ലഭിച്ച പോളിനേഷ്യന്മാർ അടുത്തുള്ള ദ്വീപുകളിൽനിന്നു തോണി കളിൽ അവിടെ വന്നു ഹൃദയംഗമമായ സ്വാഗതവും സ്വീ കരണങ്ങളും നല്കി. കപ്പൽച്ചേതം വന്ന വിദേശികളായി രിയ്ക്കുമെന്നാണ് ആ സാധുജനങ്ങരം വിചാരിച്ചത്. പക്ഷേ അവതാരപുരുഷനായ കോൺ–ടിക്കിയുടെ കാല ടികളെ പിൻതുടൎന്നു തടിച്ചങ്ങാടത്തിൽ കയറിവന്ന മിത്ര ങ്ങളാണെന്നു മനസ്സിലായപ്പോരം അവൎക്കുണ്ടായ ആനന്ദം അളവററതായിരുന്നു. അവരുടെ വൎഗ്ഗത്തലവൻ ആ പൂൎവ്വ പിതാമഹൻെറ അപദാനങ്ങളെ വാഴ്ത്തി സ്വജനങ്ങളെ ആവേശഭരിതരാക്കി.

Digitized by Kerala Sahitya Akademi

9

# മാനുഷികമൂല്യങ്ങൾ

**ഗ്രേ**ററു ബ്രിട്ടൻ അടുത്തുതന്നെ പസിഫിക്സമുദ്രത്തിലെ ക്രിസ്തുമസ്സ് ദ്വീപുകളിൽ ഏതോ പുതിയതരം ആററംബോമ്പു പൊട്ടിച്ചു പരീക്ഷണങ്ങൾ നടത്തുവാൻ പോവുകയാണ്. ജപ്പാനിലും തെക്കുകിഴക്ക് ഏഷ്യയിൽ പൊതുവെയും ഇതറിഞ്ഞപ്പോൾ മുതൽ പ്രതിഷേധം മുഴങ്ങിക്കൊണ്ടിരിയ്ക്കുന്നു. പക്ഷെ ആരു വകവയ്ക്കുവാനാണ്? ദ്വീപുകൾ ബ്രിട്ടൻെറ വകയാണ്. പരീക്ഷണംകൊണ്ടു യാതൊരാപത്തും ഉണ്ടാവുകയില്ലെന്നും പറയുന്നു. ''എന്നാൽ പിന്നെ പരീക്ഷണം അററ്ലാൻറിക് സമുദ്രത്തിൽ എവിടെയെങ്കിലും നടത്തിക്കൂടെ?'' എന്നു ബ്രിട്ടീഷ് പാർലിമെൻറിൽ ഒരു ബ്രിട്ടീഷുകാരൻതന്നെ (മിസ്റ്റർ ഹാരോൾഡ് ഡേവിസ്) ചോദിയ്ക്കുകയുണ്ടായി. ഈ ചോദ്യത്തിന് ഉത്തമവിശ്വാസത്തോടുകൂടിയ ഉത്തരം നൽകാതെ ഒഴിയുകയാണ് വിദേശകാര്യസെക്രട്ടറി സെൽവിൻ ലോയ്ഡ് ചെയ്യുത്. സൈബീരിയയിൽ നടക്കുന്ന റഷ്യൻ പരീക്ഷണങ്ങളെക്കുറിച്ചു പ്രതിഷേധമൊന്നും കേൾക്കുന്നില്ലല്ലോ എന്നൊരു മറുചോദ്യം ചോദിച്ച് അദ്ദേഹം മാറിക്കളഞ്ഞു.

അന്യരാജ്യക്കാരുടെ നേക്കുള്ള ഈ മനോഭാവം പാശ്ചാത്യക്കു സഹജമാണ്. അതിൽ എന്തെങ്കിലും തെററുള്ളതായി അവക്കു തോന്നുന്നുവോ എന്നുകൂടി സംശയിക്കേണ്ടിയിരിയ്ക്കുന്നു. സൂയസ്സ് തോടിനു കിഴക്കുള്ള ഏററവും

Digitized by Kerala Sahitya Akademi

വലിയ നന്മ അതിനു പടിഞ്ഞാറുള്ള തിന്മയെക്കാളും മോശമാണെന്നു കവിതയെഴുതിയ റഡ്യാർഡ് കിപ്ലിങ്ങ്, ഓരോ പാശ്ചാത്യൻെറയും ഉള്ളിൽ സ്വാഭാവികമായുള്ള വിശ്വാസത്തെ ഒളിയ്ക്കാതെയും മറയ്ക്കാതെയും വളച്ചുകെട്ടാതെയും തുറന്നു പറയുകയാണ് ചെയ്തത്. ഇത് ആധുനികകാലത്ത് ആയുധശക്തിയും രാഷ്ട്രീയപ്രാബല്യവും കൈവന്നതിനുശേഷം ഉണ്ടായ ഒരു മനോഭാവമാണെന്നു തോന്നിയേക്കാം. ഇക്കാര്യങ്ങളിൽ പാശ്ചാത്യരാജ്യക്കാർ പുലർത്തിപ്പോരുന്ന അഹങ്കാരത്തെ അത്യധികം വെറുക്കുന്നവർപോലും, കിപ്ലിങ്ങ് പറഞ്ഞതിൽ കുറച്ചൊരു പരമാർത്ഥം ഇല്ലാതില്ല എന്നു വാദിക്കാറുണ്ട്. ഇങ്ങനെ പാശ്ചാത്യ ജനതയെയും പാശ്ചാത്യ സംസ്കാരത്തെയും പരസ്പരം വേർതിരിച്ചു കാണുവാൻ ശ്രമിയ്ക്കുന്നതു വെറും വ്യാമോഹമാണ്. അതിൽ അല്പമൊരു ആത്മവഞ്ചനയും കലരുന്നുണ്ട്. എങ്കിലും അതിനു ശ്രമിയ്ക്കുക മാത്രമല്ല, അതിൽ വിജയിയ്ക്കുകയും ചെയ്തതായി വിശ്വസിയ്ക്കുന്ന ആളുകൾ ഇന്നു പൗരസ്ത്യദേശങ്ങളിൽ ധാരാളമുണ്ട്. അവരെ അഭ്യസ്തവിദ്യരെന്നും അഭിജ്ഞന്മാരെന്നും വിളിയ്ക്കുകയും ചെയ്തുവരുന്നു.

ഇക്കൂട്ടരുടെ ദൃഷ്ടിയിൽ, പാശ്ചാത്യരുടെ മനോഭാവം എങ്ങിനെയിരുന്നാലും പാശ്ചാത്യസംസ്കാരം നിർദ്ദോഷമെന്നു മാത്രമല്ല മനുഷ്യരാശിക്കു മുഴുവനും മാർഗ്ഗദർശകവും മോക്ഷദായകവും ആകുന്നു. ഇപ്പോൾ പ്രചാരത്തിലിരിയ്ക്കുന്ന ശൈലിയിൽ പറഞ്ഞാൽ ''മാനുഷികമൂല്യ''ങ്ങളുടെ മാഹാത്മ്യമാണ് ഈ ആരാധകന്മാർ പ്രസ്തുത സംസ്കാരത്തിൽ കാണുന്നത്. മനുഷ്യനേയും മനുഷ്യജീവിതത്തെയും ഇത്രമേൽ ബഹുമാനിച്ചിട്ടുള്ള മററൊരു സംസ്കാരവും അറിയപ്പെട്ടിട്ടില്ലെന്ന് അവർ തീർത്തുപറയും. അതി

Digitized by Kerala Sahitya Akademi

ൻെറ ഇന്നോളമുള്ള പുരോഗതിയിലെ നാഴികക്കല്ലുകൾ ഓരോന്നും അവർ ചൂണ്ടിക്കാണിയ്ക്കും:—

യവനസംസ്കാരം—മാനുഷികമൂല്യങ്ങളുടെ പൊൻപുലരി—സർഗ്ഗപ്രതിഭയുടെ സുന്ദരശില്പങ്ങൾ—ചിന്തയുടെ വസന്തോത്സവം—സോക്രട്ടീസ്—പ്ലേറേറാ—അരിസ്റ്റോട്ടിൽ—റോമൻജനത—പൌരധർമ്മം പരമകാഷ്ഠയിലെത്തിയ സുവർണ്ണകാലം—സാമൂഹ്യബോധത്തിലും സ്വരാജ്യസ്നേഹത്തിലും പട്ടുത്തുകെട്ടിയ അത്ഭുതസാമ്രാജ്യം—നിയമബോധം, ആത്മശിക്ഷണം, ത്യാഗസന്നദ്ധത, ആരോഗ്യമഹത്വം—കഷ്ടം! ഭാഗ്യദോഷംകൊണ്ടുണ്ടായ അധഃപതനം—അന്ധവിശ്വാസത്തിൻെറയും മതാധികാരത്തിൻെറയും ആയിരം കൊല്ലത്തെ കൂരിരുട്ട്—വീണ്ടും വെളിച്ചം—മോചനം—നവോത്ഥാനം—ആധുനികയുഗം—അക്ഷീണയത്നംകൊണ്ടുണ്ടായ അഭ്യുദയം—യുക്തിയുടേയും ബുദ്ധിയുടേയും ജാജ്വല്യമാനമായ ദിഗ്‌വിജയം—രാഷ്ട്രീയബോധം—വസ്തുനിഷ്ഠ— ആധുനികശാസ്ത്രം— ഗലീലിയോ—ന്യൂട്ടൺ—ഡാർവിൻ—ഐൻസ്റ്റൈൻ — ചർച്ചിൽ — റൂസ്‌വെൽററ് — ഐസൻഹോവർ — ആററംബോംബ്!! ഒന്നോർത്തുനോക്കു: അത്ഭുതമല്ലെ?

ഈ പുരോഗതി ആരെയാണ് ആകർഷിയ്ക്കാത്തത്. രണ്ടായിരത്തി അഞ്ഞൂറു വർഷത്തെ ഈ അനുസ്യൂതയത്നത്തിൻെറ ഫലമായി മനുഷ്യൻ ഇന്നിതാ അണ്ഡഭാണ്ഡത്തിൻെറ കേന്ദ്രത്തിലുള്ള സിംഹാസനത്തിൽ അവരോധിയ്ക്കപ്പെട്ടിരിയ്ക്കുന്നു. മാന്യതയുടെ പരിവേഷം അവൻെറ ഉത്തമാംഗത്തെ വലയം ചെയ്യുന്നു. മാഹാത്മ്യത്തിൻെറ കിരീടം അവൻെറ മൂർദ്ധാവിനെ അലങ്കരിയ്ക്കുന്നു. ഈ മഹാത്ഭുതങ്ങൾ സാധിച്ച പാശ്ചാത്യസംസ്കാരം ആർക്കുതന്നെ ആരാധ്യമല്ല!

Digitized by Kerala Sahitya Akademi

പാശ്ചാത്യദേശക്കാർ ഇങ്ങിനെ അഭിമാനിയ്ക്കുകയോ, അഹങ്കരിയ്ക്കുകയോ ചെയ്യുന്നതു മനസ്സിലാക്കാം. പക്ഷെ അഭിജ്ഞന്മാരെന്നുപറയുന്ന പൌരസ്ത്യർ അത് ഏററുപാടു മ്പോഴം പരിതപിയ്ക്കാതെ നിവൃത്തിയില്ല. വേട്ടാവെളിയൻ പുഴുവിനെ കൂട്ടിനുള്ളിൽ പിടിച്ചുവെച്ച് ഊതി ഊതി തന്നെപ്പോലെതന്നെയുള്ള മറെറാരു വേട്ടാവെളിയനായി രൂപാന്തരപ്പെടുത്തുമെന്നു മുത്തശ്ശിമാർ പറയാറുണ്ട്. വേട്ടാവെളിയൻെറ കാര്യത്തിൽ ഈ വിശ്വാസം തെററാണെന്നു പ്രകൃതിശാസ്ത്രജ്ഞന്മാർ തെളിയിച്ചിട്ടുണ്ടെങ്കിലും മനുഷ്യരുടെ ഇടയ്ക്ക് ഇങ്ങിനെയൊരു പരിവത്തനം സാദ്ധ്യമാണെന്നാണ് ആധുനികകാലത്തെ അനുഭവം. പാശ്ചാത്യസംസ്കാരത്തിൻെറ ആരാധകന്മാരും വൈതാളികന്മാരുമായ പൌരസ്ത്യനേതാക്കന്മാർ ഈ മട്ടിൽ പരിവത്തനം ചെയ്യപ്പെട്ടവരാണ്. ഊതുന്ന വേട്ടാവെളിയനേക്കാഠം ഊത്ത് ഏററ വേട്ടാവെളിയൻ ഒരു പടികൂടി കടന്നു നില്ക്കുന്നില്ലെ എന്നും സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഹാരോഠം ഡ്ഡേവിസ് ചോദിച്ച ചോദ്യം പൌരസ്ത്യദേശത്തെ അഭിജ്ഞന്മാക്കാക്കും തോന്നിയില്ലല്ലോ. അതു നില്ക്കട്ടെ.

പാശ്ചാത്യസംസ്കാരത്തിൽ അടിസ്ഥാനഭൂതമായി നില്ക്കുന്നു എന്ന് എല്ലാവരും വാഴ്ത്തുന്ന മാനുഷികമൂല്യങ്ങളുടെ കഥയൊന്നു പരിശോധിയ്ക്കാം. ഈയിടെ നമ്മുടെ ഭാഷയിൽത്തന്നെ പ്രത്യക്ഷപ്പെട്ട ഒരു പ്രസ്താവന നോക്കുക:—''പാശ്ചാത്യരാജ്യങ്ങളിൽ ശാസ്ത്രം പുരോഗമിയ്ക്കുവാനും സാമ്പത്തികാഭിവൃദ്ധി ഉണ്ടാവാനും പല കാരണങ്ങളുമുണ്ട്. അവയിൽ പ്രധാനമായത് ഗ്രീസിലേയും റോമിലേയും ചേതോഹരങ്ങളായ സംസ്കാരങ്ങളും മതവിശ്വാസങ്ങളും ജനകീയഭരണസിദ്ധാന്തങ്ങളും പല തലമുറകളിലായി പാശ്ചാത്യരിൽ സ്വാധീനശക്തി ചെലുത്തിയതാണ്.'' സ്വാധീനശക്തി ചെലുത്തി എന്നു പറയു

Digitized by Kerala Sahitya Akademi

ന്നതു തികച്ചും ശരിയാണ്. പക്ഷെ ചേതോഹരങ്ങളായ ആ സംസ്കാരങ്ങൾ, അന്യരാജ്യങ്ങളിൽനിന്നു യുദ്ധത്തിൽ തടവുകാരായി പിടിച്ചുകൊണ്ടുവന്ന അടിമകൾ ചോര നീരാക്കി നനച്ചു വളർത്തിയ സമുദായങ്ങളിൽ വിരിഞ്ഞവയാണെന്ന വസ്തുത പൌരസ്ത്യരായ നാമെങ്കിലും സ്മരിയ്ക്കേണ്ടിയിരിയ്ക്കുന്നു. മാനുഷികമൂല്യങ്ങളുടെ പ്രഭവസ്ഥാനങ്ങളായ സോക്രട്ടീസും പ്ലേറ്റോയും അരിസ്റ്റോട്ടിലും ആരും അതിൽ അപാകമൊന്നും കണ്ടില്ല. അവരുടെ പിൻതുടച്ച്ക്കാരെന്നും അവർ നിർമ്മിച്ച സംസ്കാരത്തെ പരിപോഷിപ്പിച്ച് മനുഷ്യരാശിയ്ക്ക് മാർഗ്ഗദർശനം നല്കുന്നവരെന്നും വാഴ്ത്തപ്പെടുന്ന ഇന്നത്തെ പാശ്ചാത്യജനങ്ങൾക്കും അന്യരാജ്യക്കാരെ ദ്രോഹിയ്ക്കുന്നതിലും ചൂഷണംചെയ്യുന്നതിലും ഖേദമില്ല. തന്മൂലം തങ്ങളുടെ സംസ്കാരത്തിൻെറ മാനുഷികമൂല്യങ്ങൾക്കു കുറവുവരുന്നതായി അവക്കു തോന്നുന്നുമില്ല. അന്യരാജ്യക്കാരെ പിടിച്ചുകൊണ്ടുവന്നു സ്വന്തരാജ്യത്ത് അടിമകളാക്കുന്നില്ല എന്നതിൽ അവരുടെ സംസ്കാരം പുരോഗമിച്ചിട്ടുണ്ടെന്ന് സമ്മതിയ്ക്കണം. കഴിഞ്ഞ നൂറു കൊല്ലത്തിനപ്പുറം ഉണ്ടായിട്ടുള്ള പുരോഗതിയാണിത്. എങ്കിലും അന്യനാട്ടിൽ കയറിച്ചെന്ന് അവിടെയുള്ളവരെ ചതുരുപായങ്ങളും പ്രയോഗിച്ച് പിഴിഞ്ഞെടുത്ത് ആദായമുണ്ടാക്കി, തങ്ങളുടെ സമുദായത്തിൽ ഐശ്വര്യവും സമത്വവും വ്യക്തിസ്വാതന്ത്ര്യവും മാനുഷികമൂല്യങ്ങളും വളർത്തുന്നത് വളരെ സ്വാഭാവികമാണെന്ന് അവർ കരുതിവരുന്നു. ഈ ദ്രോഹം അനുഭവിയ്ക്കുന്ന സമുദായങ്ങളിലെ കണ്ണുതെളിഞ്ഞവർ പോലും പാശ്ചാത്യർ ഇങ്ങനെ പുലർത്തുകയും വളർത്തുകയും ചെയ്യുന്ന സംസ്കാരത്തിൻെറ നേക്ക് എന്തെന്നില്ലാത്ത ബഹുമാനം പ്രദർശിപ്പിയ്ക്കുന്നതായിട്ടാണ് നാം കാണുന്നത്.

Digitized by Kerala Sahitya Akademi

ഇന്ത്യയിലെ ജനങ്ങൾ ദരിദ്രന്മാരും, നീചന്മാരും വിദ്യാഭ്യാസമില്ലാത്തവരും, സമത്വമെന്നതു കണികണ്ടി ട്ടില്ലാത്തവരും മാനുഷികമൂല്യങ്ങളെ ബഹുമാനിക്കാത്ത വരും, അന്യോന്യം കടിച്ചുകീറുന്നവരും ആണെന്നുള്ള ആക്ഷേപം പാശ്ചാത്യസംസ്കാരത്തിൻെറ പ്രതിനിധി കൾ പ്രകടിപ്പിച്ചിട്ടുണ്ട്. ഇവിടെയുള്ളവരിൽ ചിലർ അതു ഏറ്റുപാടിയിട്ടുമുണ്ട്. എങ്കിലും അന്യരാജ്യക്കാരെ ദ്രോഹിച്ചും ചൂഷണംചെയ്തും അഭിവൃദ്ധിനേടി, അയൽപ ക്കക്കാരനോട്ട് സമഭാവനയും സ്വജനങ്ങളുടെ നേക്ക് ഔദാ ര്യവും പൊതുജീവിതത്തിൽ മര്യാദയും മാന്യതയും പരി പാലിച്ചാൽ മാനുഷികമൂല്യങ്ങളിൽ അടിയുറച്ച സംസ്കാ രമാകുമെന്നു ഭാരതീയർ വിശ്വസിച്ചിട്ടില്ല. അവരുടെ ദുഃഖങ്ങൾ ദുസ്സഹങ്ങളാണ്; ദാരിദ്ര്യം ഭയങ്കരമാണ്. സ മുദായത്തിൽ നിലവിലിരിക്കുന്ന നീചത്വങ്ങൾ വർണ്ണി ച്ചാൽ തീരുകയില്ല. എങ്കിലും, ഈ ഭാഗ്യദോഷങ്ങളുടെ അംശമെങ്കിലും അനുഭവിക്കുവാൻ ഇടയായാൽ പാശ്ചാ ത്യരാജ്യക്കാർ എങ്ങിനെ പെരുമാറുമെന്നു ഊഹിക്കുവാൻ വലിയ ഭാവനാശക്തിയൊന്നും വേണമെന്നു തോന്നുന്നി ല്ല. സംസ്കാരവും മാനുഷികമൂല്യങ്ങളും എങ്ങിനെയിരി ക്കുമെന്നും ചിന്തിക്കാവുന്നതാണ്.

ഭാരതീയസംസ്കാരത്തിനു കഴിഞ്ഞ ആയിരമോ രണ്ടാ യിരമോ കൊല്ലത്തിനിടയ്ക്കു ഉണ്ടായിട്ടുള്ള മാർഗ്ഗഭ്രംശം ഭയാനകമാണെന്നു സമ്മതിക്കുവാൻ മടിക്കേണ്ടതില്ല. അതിൻെറ കാരണക്കാരും നമ്മൾതന്നെ. എങ്കിലും നമ്മു ടെ സംസ്കാരം പരദുഃഖത്തിൽ കണ്ണടച്ച ഒരു വ്യവസ്ഥി തിയിൽ ജനിച്ചതോ പരദ്രോഹത്തിൽ നിന്നുളവായ വളമേററു തഴച്ചതോ അല്ലെന്ന് നമുക്കു തീർച്ചയായും അഭി മാനിക്കാം. അതിൻെറ പ്രഭവസ്ഥാനങ്ങൾ പ്ലേറേറായു ടെ വിചിന്തനങ്ങൾ പോലെയോ അരിസ്റ്റോട്ടിലിൻെറ

Digitized by Kerala Sahitya Akademi

നിരീക്ഷണങ്ങൾ പോലെയോ പ്രകീർത്തിക്കപ്പെടുന്നില്ലായിരിക്കാം. പക്ഷെ ഏതു വീക്ഷണത്തിലും നിർദ്ദോഷമായ ചുററുപാടുകൾ മാത്രമെ അവിടെ കാണ്മാനുള്ളു. അടിമകളുടെ കായക്ലേശമോ അന്യരാജ്യക്കാരുടെ കണ്ണുനീരോ ഒന്നുമില്ല. ഫലമൂലാദികൾ ഭുജിച്ചും മരവുരിയുടുത്തും പർണ്ണശാലകളിൽ പാർത്തും ഏകാന്തമായി ധ്യാനിച്ചും തപസ്സുചെയ്തും സ്വപ്നസന്നിഭമായ ഈ ജീവിതത്തിൻെറ പരമമായ അർത്ഥമെന്തെന്നു മനസ്സിലാക്കുവാൻ ശ്രമിച്ച സർവ്വഭൂതഹിതേരതന്മാരായ സജ്ജനങ്ങളാണ് നമ്മുടെ സംസ്കാരത്തിൻെറ ജനയിതാക്കൾ. സമസ്തചരാചരത്തെയും സമഭാവനയോടെ, സഹോദരദൃഷ്ട്യാ, വീക്ഷിച്ച ആ സുകൃതികൾ മാനുഷികമൂല്യങ്ങൾ ഗ്രഹിച്ചില്ലെന്നു പറയുന്നതു മൗഢ്യമാണ്. പൊതുക്കാര്യങ്ങളിൽ ആദർശപരായണത്വവും സ്വകാര്യ ജീവിതത്തിൽ സ്വാർത്ഥപരിഗണനകളും പുലർത്തി ദൈനന്ദിന ജീവിതത്തിൽ വേരുറയ്ക്കാത്ത ഒരു പുസ്തക സംസ്കാരമല്ല അവർ പിൻഗാമികൾക്കു നല്കിയത്. അതൊരു തത്വജ്ഞാനമല്ല, ജീവിതരീതിയാണ്. പ്ലേറേറായുടെ പാരമ്പര്യത്തിനും വ്യാസൻെറ പാരമ്പര്യത്തിനും തമ്മിൽ ഈ ഒരു വ്യത്യാസമുണ്ട്. നമ്മുടെ പ്രാജ്ഞപിതാക്കൾ ജീവിച്ചുകാണിക്കുകയും ധ്യാനിച്ചു കണ്ടെത്തുകയുംചെയ്ത സംസ്കാരമൂല്യങ്ങൾ പില്ക്കാലത്തു ചരിത്രത്തിൻെറയും സ്വാർത്ഥമോഹത്തിൻെറയും വിഗതിവിവിധത്വങ്ങൾക്കടിപെട്ട് ബ്രാഹ്മണമേധാവിത്വമായും അവർണ്ണനീയങ്ങളായ അനാചാരങ്ങളായും അധഃപതിച്ചതു് നമ്മുടെ ഭാഗ്യദോഷമെന്നേ പറയാനുള്ളു. ഇത്തരം അധഃപതനം ഇവിടെ മാത്രമല്ല ഉണ്ടായിട്ടുള്ളതു്. ശുദ്ധമായ ജ്ഞാനത്തിൻെറ ഉപാസകന്മാരായ ഭൗതിക ശാസ്ത്രജ്ഞന്മാർ തപസ്സുപോലെതന്നെ തീക്ഷ്ണവും ദീർഘവുമായ ചിന്തയും ഗവേഷണവുംകൊണ്ടു കണ്ടുപിടിക്കുന്ന പ്രപഞ്ചസത്യങ്ങ

Digitized by Kerala Sahitya Akademi

ളെ ഇന്നത്തെ രാഷ്ട്രീയാധികാരികളും വ്യവസായ പ്രമുഖ ന്മാരും സ്വാർത്ഥലാഭത്തിനുവേണ്ടി കൈയ്യടക്കി വലിയ വലിയ സമുദായങ്ങളെയും രാഷ്ട്രങ്ങളെത്തന്നെയും അപക ടത്തിലാക്കുന്നതായി നാം കാണുന്നുണ്ട്. ആററംബോം ബും ഹൈഡ്രജൻബോംബും സൂയസ്സും ഹംഗറിയും, എല്ലാം ഇങ്ങിനെയുണ്ടായ സംസ്കാരച്യുതിയുടെ പ്രതീകങ്ങളാണ്; ബ്രാഹ്മണമേധാവിത്വവും പുരോഹിതദുരധികാരവും ജാതി വ്യത്യാസത്തിൻെറ നീചത്വങ്ങളും പോലെതന്നെയുള്ള ഭാഗ്യവിപര്യയങ്ങളാണ്.

ഇതൊന്നും കാണാതെ സംസ്കാരങ്ങളുടെ വിലനിണ്ണ യിക്കുന്നതും വിധികല്പിക്കുന്നതും ബാലിശത്വമെന്നല്ലാ തെ എന്തുപറയട്ടെ. ഈ ബാലിശത്വം ഒരു ഭൂഷണമായി ട്ടാണ് ഈ ഇരുപതാംനൂററാണ്ടിൽ ഭാരതത്തിലെ അഭിജ്ഞ ലോകം കരുതുന്നത്. അവക്കു കണ്ണുതെളിയുവാൻ ഇനി യും എത്രകാലം കഴിയണമെന്നു ആരറിഞ്ഞു. പാശ്ചാ ത്യസംസ്കാരത്തിൻെറ മദ്ധ്യാഹ്നപ്രഭകളിൽ മാനുഷികമൂല്യ ങ്ങളെന്ന മൃഗതൃഷ്ണകണ്ട് അവർ പരക്കംപായുകയാണ്. നവോത്ഥാനമുണ്ടായി നാലരനൂററാണ്ടുകഠംക്കുള്ളിൽ; വ്യ വസായവിപ്ലവം സംഭവിച്ച ഒന്നരനൂററാണ്ടുപോലും തി കയുന്നതിനുമുമ്പ്, പാശ്ചാത്യസംസ്കാരം പാശ്ചാത്യജന തയ്ക്കു മാത്രമല്ല മനുഷ്യവർഗ്ഗത്തിനു മുഴവനുംതന്നെ വരുത്തി ക്കൂട്ടിയിരിയ്ക്കുന്ന മഹാവിപത്തുകഠം അവർ കാണുന്നില്ല. കാനൽജലകബളിതരായ ഈ പുസ്തകപ്പുഴുക്കഠം രണ്ടായി രം കൊല്ലത്തെ ഭാഗ്യദോഷത്തിൻെറ ഭാരമേററിട്ടും തിരോ ഭവിക്കാത്ത ഭാരതീയ സംസ്കാരത്തിൻെറ ജീവിതമൂല്യ ങ്ങഠം അയഥാർത്ഥമെന്നു വിധിയെഴുതുകയും ചെയ്യുന്നു. സംസ്കാരത്തിൻെറ സ്വർഗ്ഗാനുഭൂതികഠം മാനത്തുനിന്നു മഴ പൊഴിയുംപോലെ യത്നമില്ലാതെ ലഭിക്കുമെന്നാണ് ഇക്കൂട്ടർ വ്യാമോഹിക്കുന്നത്. അന്യരാജ്യക്കാരെ അടിച്ച

Digitized by Kerala Sahitya Akademi

മത്തി, അവരുടെ വിഭവങ്ങൾ അറിയിച്ചും അറിയിക്കാതെയും കവന്നെടുത്തു, അഭിവൃദ്ധിനേടി, ചരിത്രത്തിൻെറ നാൽക്കവലകളിൽ നിരന്നുനിന്ന് മാനുഷികമൂല്യങ്ങളെയും പൗരധമ്മങ്ങളെയും കുറിച്ച് പ്രഭാഷണംനടത്തുന്ന പാശ്ചാത്യസംസ്കാരത്തിൻെറ അനുഗ്രഹങ്ങൾ അങ്ങിനെ ലഭിക്കുമായിരിക്കാം. എന്നാൽ,

അവനിവനെന്നറിയുന്നതൊക്കെയോത്താ—
ലവനിയിലാദിമമായൊരാത്മരൂപം;
അവരവരാത്മ സുഖത്തിനാചരിക്കു—
ന്നവ,യപരന്നു സുഖത്തിനായ്‌വരേണം.

ഒരുവനുനല്ലതു മന്യനല്ലലും ചേ—
പ്പൊരുതൊഴിലാത്മവിരോധിയോത്തിടേണം;
പരനുപരം പരിതാപമേകിടുന്നോ—
രെരിനരകാബ്ധിയിൽ വീണെരിഞ്ഞിടുന്നു.

അവയവമൊക്കെയമത്തിയാണിയായ് നി—
ന്നവയവിയാവിയെ യാവരിച്ചിടുന്നു;
അവനിവനെന്നതിനാലവൻ നിനസ്സു—
ന്നവശതയാമവിവേക മൊന്നിനാലെ.

(ആത്മോപദേശശതകം)

എന്ന ആദ്ധ്യാത്മികമായ അനുഭൂതിയിൽനിന്നുളവാകുന്ന സംസ്കാരം അത്യധികമായ അദ്ധ്വാനംകൊണ്ടു മാത്രമെ വളരുകയുള്ളു. അതിൽ വിമുഖത തോന്നിയതാണ് ഭാരതീയക്കു പററിയ മഹാശാപം.

(1956—ൽ എഴുതിയത്)

Digitized by Kerala Sahitya Akademi

# 10

# പാശ്ചാത്യപ്രതിഭ

പ്രസിദ്ധ ബ്രിട്ടീഷുശാസ്ത്രജ്ഞനായ പി. എം. എസ്സ്. ബ്ലാക്കററ് 1957 സെപ്ററംബർമാസത്തിൽ അയർലണ്ടിലെ ഡബ്ലിൻനഗരത്തിൽ സമ്മേളിച്ച ബ്രിട്ടീഷ് അസോസിയേഷനിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ ഉദ്ധരിച്ച ചില കണക്കുകളാണ് താഴെ കൊടുക്കുന്നത്:

റഷ്യൻമേഖല ഒഴിച്ചുള്ള യൂറോപ്പ്, വടക്കേ അമേരിക്ക, ആസ്ത്രേലിയ, ന്യൂസിലണ്ട്, എന്നീ രാജ്യങ്ങളിൽ ആകെക്കൂടി 4000 ലക്ഷം ജനങ്ങളുണ്ട്. ഇവക്ക്, ആളൊന്നിന് ആണ്ടുതോറുമുള്ള ശരാശരി ആദായം (1949–ലെ വിലനിരക്കനുസരിച്ച്) 4000 രൂപയാണ്. യൂറോപ്പിലെ ജനങ്ങളുടെ കാര്യം മാത്രം എടുക്കുകയാണെങ്കിൽ ശരാശരി ആദായം 2700 രൂപയേ ഉള്ളു.

മുന്നൂറു വർഷം മുമ്പു യൂറോപ്യൻജനങ്ങളുടെ വർഷംപ്രതിയുള്ള ശരാശരി ആദായം ഇന്നത്തേതിൻെ പത്തിലൊരംശം മാത്രമേ ഉണ്ടായിരുന്നുള്ളു—അതായതു് 270 രൂപ. കഴിഞ്ഞ അര നൂററാണ്ടിനിടയ്ക്കു് അവരുടെ ആദായം വർഷംതോറും 2 ശതമാനം എന്ന കണക്കിൽ വർദ്ധിക്കുകയുണ്ടായി. ഇങ്ങിനെ വർദ്ധിച്ചാൽ ആദായം ഇരട്ടിക്കുന്നതിന്നു നാല്പതു കൊല്ലത്തിൽ കുറഞ്ഞ സമയം മതി. ചരിത്രകാലത്തിൻെറ പശ്ചാത്തലത്തിൽ നോക്കുമ്പോൾ എത്രയോ ശീഘ്രഗതിയിലുള്ളതും, അളവിൽ അതിഭീമവു

Digitized by Kerala Sahitya Akademi

മായ ഈ ആദായവർദ്ധനവ് വളരെ വമ്പിച്ച തോതിലുള്ള ജനപ്പെരുപ്പത്തോടൊപ്പമാണ് ഈ രാജ്യങ്ങൾ നേടിയിട്ടുള്ളത്.

സമ്പൽസമൃദ്ധമെന്നു പറയേണ്ട ഈ പാശ്ചാത്യരാജ്യങ്ങൾക്കെതിരേ ഏഷ്യയിലേയും ആഫ്രിക്കയിലേയും തെക്കേ അമേരിക്കയിലേയും ജനങ്ങളുടെ കഥ എന്തെന്നു നോക്കാം. കമ്യൂണിസ്റ്റ്ചൈനയെ ഉൾപ്പെടുത്താതെ, ഈ രാജ്യങ്ങളിൽ ആകെക്കൂടി 10,000 ലക്ഷം ജനങ്ങളുണ്ട്. ഇവരുടെ ശരാശരി ആദായം, വർഷംപ്രതി, 270 രൂപയാണ്. ഈ ആദായനിരക്ക് കഴിഞ്ഞ മുന്നൂറു കൊല്ലമായി ഒരേനിലയിൽ നില്ക്കുന്നതായിട്ടാണ് കാണുന്നത്. ഇങ്ങിനെ നോക്കിയാൽ പാശ്ചാത്യരും പൌരസ്ത്യരും തമ്മിൽ, ആദായത്തിൻെറ കാര്യത്തിൽ ഒന്നിനു പത്ത് എന്ന തോതിൽ കാണുന്ന അന്തരം അധുനാതനകാലത്ത് ഉണ്ടായിട്ടുള്ളതാണെന്നു കാണാം.

ഈ കണക്കുകൾ ഉദ്ധരിച്ചശേഷം പ്രസ്തുത ശാസ്ത്രജ്ഞൻ ഈ വ്യത്യാസത്തിൻെറ ഉത്ഭവവും അതിൻെറ കാരണങ്ങളും പ്രതിപാദിക്കുന്നു. ഈ വ്യത്യാസം ഇങ്ങിനെ തുടരുന്നതു ശരിയല്ലെന്നും ആപല്ക്കരമാണെന്നും അതു് ഇല്ലാതാക്കുന്നതിനുവേണ്ടി പാശ്ചാത്യരാഷ്ട്രങ്ങൾ പൌരസ്ത്യജനങ്ങൾക്കു വർഷംതോറും 1350 കോടി രൂപ ദാനമായി നല്കണമെന്നും, ഈ തുക വലുതാണെന്നു തോന്നുമെങ്കിലും വാസ്തവത്തിൽ പാശ്ചാത്യരുടെ മൊത്തത്തിലുള്ള വാർഷിക ആദായത്തിൻെറ നൂറിലൊരംശം മാത്രമേയുള്ളു എന്നും അദ്ദേഹം പറയുന്നു.

ടെക്ക്നോളജി, അതായതു് ഭൌതികവിഭവങ്ങൾ നിർമ്മിക്കുന്നതിനു വേണ്ട കൌശലം, ആണ് പാശ്ചാത്യരും പൌരസ്ത്യരും തമ്മിലുള്ള സാമ്പത്തികവ്യത്യാസത്തി

Digitized by Kerala Sahitya Akademi

ൻെറ കാരണം എന്നാണ് ബ്ലാസ്റ്ററിൻെറ അഭിപ്രായം. നവീനമായ നിർമ്മാണകൌശലം ഉപയോഗിച്ചാണ് പാശ്ചാത്യർ സാമ്പത്തികോൽക്കർഷം നേടിയതെന്നും, ഇതു് ഉപയോഗിയ്ക്കുന്നതിനുള്ള മൂലധനം ഇല്ലെന്നുള്ളതാണ് പൌരസ്ത്യജനങ്ങൾക്ക നേരിട്ടിരിയ്ക്കുന്ന ഒരേ ഒരു പ്രയാസമെന്നും അദ്ദേഹം പറയുന്നു. നിർമ്മാണകൌശലം ആരുടേയും അട്ടിപ്പേറല്ല. അതു്, ഇന്നത്തെ പാശ്ചാത്യരാജ്യക്കാർക്ക മാത്രം ലഭിച്ച ഒരു പ്രത്യേകഭാഗ്യവുമല്ല. നാലായിരം വർഷങ്ങൾക്ക മുമ്പുപോലും ഭൂമിയിൽ പലയിടത്തും വലിയ നഗരങ്ങളുണ്ടായിരുന്നു. ഇവ നിർമ്മാണവൈഭവത്തിൻെറ നിദർശനങ്ങളാണല്ലോ. ഈജിപ്റ്റ്, അസ്സിറിയ, സിന്ധുനദീതീരം എന്നീ പ്രദേശങ്ങളിൽനിന്നു പ്രാചീനജനങ്ങളുടെ നിർമ്മാണവൈഭവത്തിൻെറ അത്ഭുതകരമായ അവശിഷ്ടങ്ങൾ ലഭിച്ചിട്ടുണ്ട്. അവരുടെ വാസഗേഹങ്ങളും ആരാധനാകേന്ദ്രങ്ങളും മൃതകുടീരങ്ങളും, വൈപുല്യവും വൈചിത്ര്യവുംകൊണ്ട്, ആരുടെയും ആദരവിനെ അർഹിയ്ക്കുന്നവയാണ്. ഈജിപ്റ്റിലെ പിരമിഡ്ഡുകൾ ഇന്നും ലോകത്തിലെ മഹാത്ഭുതങ്ങളായി ശേഷിയ്ക്കുന്നു. അവിടെനിന്നു കിട്ടിയ നാലായിരത്തി അഞ്ഞൂറു വർഷത്തിനുമേൽ പഴക്കമുള്ള പ്രതിമകൾ ഇന്നത്തെ ഏതു ശില്പിയേയും ലജ്ജിപ്പിയ്ക്കുന്നവയാണ്. തുണി നെയ്യുന്നതിലും, ചായപ്പണികൾ നടത്തുന്നതിലും ലോഹവേല ചെയ്യുന്നതിലും കാണിച്ചിട്ടുള്ള വൈദഗ്ദ്ധ്യം വിസ്മയാവഹമെന്നേ പറയാനുള്ളു.

ചരിത്രത്തിൻെറ ഗതിയിൽ കുറേക്കൂടി മുന്നോട്ടുകടന്നു നോക്കുമ്പോഴും, ഇന്നു ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും മുഴുകിക്കിടക്കുന്ന പല രാജ്യങ്ങളും നിർമ്മാണകൌശലത്തിൽ ഉയന്ന നിലയെ പ്രാപിച്ചിരുന്നതായി കാണാം. ക്രിസ്തുവിനു മുമ്പ് അഞ്ഞൂറാമാണ്ടുമുതല്ക്കു, ക്രിസ്ത്വബ്ദം 1500

Digitized by Kerala Sahitya Akademi

വരെ, ഏഷ്യാഭൂഖണ്ഡത്തിൻെറ തെക്കുകിഴക്കൻ ഭാഗങ്ങളിലും മദ്ധ്യദക്ഷിണ അമേരിക്കയിലും നിലവിലിരുന്ന ഭൗതികസംസ്കാരത്തെ അപേക്ഷിച്ചുനോക്കുമ്പോൾ യൂറോപ്പ് വളരെ പിന്നണിയിലാണ് കിടന്നിരുന്നത്. കോൺസ്റ്റാൻറിനോപ്പിളിൽനിന്നു തുടങ്ങി പീക്കിങ്ങുവരെയുള്ള അതിവിസ്തൃതമായ ഭൂവിഭാഗത്തു പ്രസ്തുത കാലഘട്ടത്തിലെ നിർമ്മാണവൈഭവത്തിൻെറ വിശ്രുതലക്ഷ്യങ്ങൾ ഇന്നും കാണാവുന്നതാണ്. കല്ലിലും മരത്തിലും ഇരുമ്പ് ഉൾപ്പെടെയുള്ള ലോഹങ്ങളിലും നിർമ്മിച്ച ഗംഭീരങ്ങളായ എടുപ്പുകൾ പലതും ഇന്നും കേടു കൂടാതെ നില്ക്കുന്നുണ്ട്. സമർഖണ്ഡ്, ദില്ലി, അജന്ത, എല്ലോറ, സാഞ്ചി, കാശി, ബൊറോബുദൂർ, ആങ്കോർ എന്നീ പേരുകൾ ഓർമ്മിച്ചുനോക്കുക. കുത്തബ്മിനാറും അതിൻെറ സമീപത്ത് എത്രയോ നൂററാണ്ടുകളായി വെയിലും മഞ്ഞും മഴയും ഏററിട്ടും തുരുമ്പിക്കാതെ നില്ക്കുന്ന ഇരുമ്പുതൂണും പൌരസ്ത്യജനങ്ങൾ നേടിയിരുന്ന നിർമ്മാണകൌശലത്തിൻെറ നിസ്തുലസ്മാരകങ്ങളാണ്. അതുപോലെ അററ്ലാന്തിക്, പെസഫിക് എന്നീ മഹാസമുദ്രങ്ങളാൽ മററു വൻകരകളിൽനിന്നു വേർപെടുത്തപ്പെട്ടു കിടന്ന അമേരിക്കയിലെ പൂർവ്വനിവാസികൾ ജാജ്ജ്വല്യമാനമായ ഒരു സംസ്കാരത്തെ സൃഷ്ടിച്ചിരുന്നു. മെക്സിക്കോ, മയാപ്പാൻ, ചിച്ചെൻഇററ്സ, കുസ്കോ എന്നീ പ്രാചീന നഗരങ്ങൾ സ്പാനിഷ്പരാക്രമികളുടെ കൊള്ളയ്ക്ക് ഇരയായി നശിച്ചുപോയെങ്കിലും അത്യത്ഭുതകരങ്ങളായ ഭൗതികസൃഷ്ടികളായിരുന്നു. അവയെ ആദ്യം കണ്ട യൂറോപ്യൻ പടയാളികൾക്കു സ്വന്തം കണ്ണുകളെത്തന്നെ വിശ്വസിക്കാൻ സാധിച്ചില്ല. തങ്ങൾ എന്തോ മാന്ത്രികവിദ്യയ്ക്കു വിധേയരായെന്നും പകൽക്കിനാവു കാണുകയാണെന്നും അവർക്കു തോന്നി. ഇരുമ്പിൻെറയും വെടിമരുന്നിൻേറയും

Digitized by Kerala Sahitya Akademi

ഉപയോഗം അറിയാത്ത ജനങ്ങളാണ് പ്രസ്തുത നഗരങ്ങൾ നിർമ്മിച്ചത്.

നഗരങ്ങളും ദേവാലയങ്ങളും സ്മാരകങ്ങളും നിർമ്മിച്ചു പ്രാചീനജനങ്ങൾ നേടിയിരുന്ന വൈഭവത്തിന്റെ ഒരു ഭാവം മാത്രമാണ്. കൃഷിയിലും ജലസേചനത്തിലും, ഗതാഗതത്തിലും, സമുദ്രയാത്രയിലും, രോഗനിവാരണത്തിലും അവർ ക്രിസ്ത്വബ്ദം 1500—നു മുമ്പ് അദ്വിതീയരായിരുന്നു. യവനറോമാസംസ്കാരങ്ങളുടെ കാലത്തു പത്തഞ്ഞൂറു വർഷത്തേയ്ക്കു യൂറോപ്പിൽ ടെക്നോളജിയ്ക്കു വമ്പിച്ച ഒരു ഉജ്ജീവനം ലഭിച്ചു എങ്കിലും പില്ക്കാലത്ത് അതു ക്ഷയിയ്ക്കുവാനാണ് സംഗതിയായത്. ഈ അധഃപതനം ഒന്നര സഹസ്രാബ്ദത്തിലധികം നീണ്ടുനിന്നു എന്നും, കഴിഞ്ഞ രണ്ടുമൂന്നു നൂററാണ്ടുകൾക്കുള്ളിലാണ് അതു വീണ്ടും പുഷ്ടിപ്പെട്ടത് എന്നും ബ്ലാൿറററ് പറയുന്നു. നിർമ്മാണവൈഭവത്തിന്റെ ഈ പുനരുജ്ജീവനംമൂലം കൈവന്ന സമ്പൽസമൃദ്ധിയാണ് യൂറോപ്പിലെയും അമേരിക്കയിലെയും ജനങ്ങൾ ഇന്ന് അനുഭവിയ്ക്കുന്നത്.

നിർമ്മാണവൈഭവത്തിന്ന് ആധുനികകാലത്തു യൂറോപ്പിലുണ്ടായ പുനരുജ്ജീവനം നവോത്ഥാനംമൂലം കൈവന്ന ആദ്ധ്യാത്മികശക്തിയുടെ ഫലമാണെന്നാണ് ബ്ലാക്കററിന്റെ അഭിപ്രായം. അദ്ദേഹം ആദ്ധ്യാത്മികം എന്നല്ല, ആന്തരശക്തി എന്നാണ് പറയുന്നത്. മതവും അന്ധവിശ്വാസങ്ങളും മനുഷ്യചിത്തത്തിൽ ആരോപിച്ചിരുന്ന നിയന്ത്രണങ്ങൾ നീങ്ങിപ്പോയതും, സമുദായമദ്ധ്യത്തിൽ വ്യാപാരിവർഗ്ഗം പ്രാമാണ്യവും സ്വാധീനവും നേടിയതും അദ്ദേഹം എടുത്തുകാണിയ്ക്കുന്നു. പക്ഷേ ഇതെല്ലാം ഫലങ്ങളാണ്, കാരണങ്ങളല്ല, എന്നാണ് അദ്ദേഹത്തിന്റെ വാദം. നിർമ്മാണകൌശലത്തിന്റെ (അ

Digitized by Kerala Sahitya Akademi

തായതു, ചുരുക്കിപ്പറഞ്ഞാൽ, ശാസ്ത്രത്തിൻെറ) ആധുനികകാലത്തുണ്ടായ പുനരുജ്ജീവനം, പശ്ചിമ യൂറോപ്പിൻെറ പ്രതിഭയിൽ ഏറെക്കുറെ നിരപേക്ഷമായി സംഭവിച്ച ഒരു പ്രതിഭാസമാണെന്ന് അദ്ദേഹം വ്യഞ്ജിപ്പിക്കുന്നതുപോലെ തോന്നുന്നു. യൂറോപ്യൻ ചരിത്രത്തിലെ നവോത്ഥാനം അവിടുത്തെ ജനങ്ങളുടെ അന്തരംഗത്തിൽ ''മലരിൽ നറുമണംപോലെ'' താനേയുണ്ടായ ഒരു അത്ഭുതാനുഭൂതിയാണെന്നാണ് അദ്ദേഹത്തിൻെറ വിവക്ഷയെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ സംസ്കാരത്തിൻെറ ഉല്ക്കർഷത്തെപ്പററി പ്രതിപാദിക്കുമ്പോഠം പാശ്ചാത്യചിന്തകന്മാരിൽ പൊതുവെ കാണുന്ന ഒരു പ്രവണതയാണിത്. തങ്ങഠംക്ക് അന്യഭൂഖണ്ഡങ്ങളിലെ ഹീനജാതികളോട് ഒരു കടപ്പാടുമില്ല; അല്പം വല്ലതുമുണ്ടെങ്കിൽ അതു തങ്ങളുടെ സ്വന്തക്കാരായ ഗ്രീക്കുകാരോടും റോമാക്കാരോടും മാത്രമാണ്. അവരാകട്ടെ, പ്രാചീനലോകത്തെ ആവരണം ചെയ്തിരുന്ന ഭയാനകമായ കൂരിരുട്ടിൽ ആദ്യമായി വിളക്കു കൊളുത്തിയവരുമാണ്. അത്ഭുതകരമായ ആ പ്രാചീനപാരമ്പര്യം ആയിരം കൊല്ലക്കാലം അവതാളത്തിലായതു തന്നെയും ക്രിസ്തുമതത്തിൻെറ രൂപത്തിൽ പൗരസ്ത്യദിക്കിൽനിന്നു വന്ന വിഭിന്ന ചിന്താഗതിയുടെ സങ്കലനംകൊണ്ടാണെന്നും അവരിൽ ചിലർക്ക് അഭിപ്രായമുണ്ട്. ''ജീവിതത്തിൻെറ 'ഗുരുത്വകേന്ദ്രം' വർത്തമാനകാലത്തിൽനിന്നു ഭാവിയിലേക്കു മാററപ്പെട്ടു. രാഷ്ട്രശരീരത്തെ പൊതുവെയുള്ള ഒരു ജീർണ്ണത ബാധിച്ചു. സ്വാർത്ഥചിന്തകഠം മുൻകൈ നേടുകയും, അവ ഒരുതരം കിരാതത്വമായിത്തീരുകയും ചെയ്തു. പൌരന്മാരുടെ സജീവമായ സഹകരണംകൊണ്ടു മാത്രമേ പരിഷ്കാരം സാധ്യമാവുകയുള്ളു. അവർ പൊതുനന്മയ്ക്കുവേണ്ടി സ്വാർത്ഥതാല്പര്യങ്ങളെ ബലി കഴിക്കുവാൻ സന്നദ്ധരാകണം, പക്ഷേ

Digitized by Kerala Sahitya Akademi

അതിനു പകരം, ക്രിസ്തുമതത്തിൻെറ വരവിനെത്തുടന്നുള്ള നൂററാണ്ടുകളിൽ യവനറോമാ സംസ്കാരങ്ങളുടെ പിൻതുടച്ച്ക്കാരായ യൂറോപ്യൻജനങ്ങളുടെ ഇടയ്ക്കു സംഭവിച്ചത് എന്താണ്? മനുഷ്യർ തങ്ങളുടെ രാജ്യത്തെ രക്ഷിയ്ക്കുന്നതിന്നുവേണ്ടി യുദ്ധം ചെയ്യുവാൻ മാത്രമല്ല, സ്വന്തം വംശം പുലത്തുവാൻ പോലും വൈമുഖ്യം പ്രദശിപ്പിച്ചു. വികലമായ ഈ മനോഭാവം ആയിരം കൊല്ലം നിലനിന്നു. മദ്ധ്യമയുഗത്തിൻെറ അവസാനദശയിൽ റോമൻ നിയമസംഹിതയുടേയും, അരിസ്റ്റോട്ടിലിയൻ തത്വജ്ഞാനത്തിൻെറയും, പൌരാണികകലകറം, സാഹിത്യം, എന്നിവയുടേയും പുനരുദ്ധാരണമാണ് യൂറോപ്പിനെ, സ്വകീയമായ ജീവിതാദശ്ങ്ങളിലേയ്ക്കും ധമ്മബോധങ്ങളിലേയ്ക്കും ബുദ്ധിയ്ക്കു ചേന്നതും പൌരുഷം തികഞ്ഞതുമായ ലോകവീക്ഷണത്തിലേയ്ക്കും തിരിച്ചുകൊണ്ടു വന്നത്.'' എന്നു സുപ്രസിദ്ധ സാമൂഹ്യശാസ്ത്രജ്ഞനായ ഫ്രേസർ എഴുതിയിട്ടുള്ളതു നോക്കുക.

മററു ചില ചിന്തകന്മാർ ഇതിൽനിന്നു പാടേ ഭിന്നമായ ഒരു വാദഗതി സ്വീകരിയ്ക്കുന്നെങ്കിലും യൂറോപ്യൻ ജനങ്ങളിൽ സഹജമായുണ്ടായ സവിശേഷവൈഭവങ്ങളാണ് നവോത്ഥാനത്തിലൂടെ പാശ്ചാത്യസംസ്കാരത്തെ ഉൽക്കഷത്തിലേയ്ക്കു നയിച്ചതെന്നുള്ള നിഗമനത്തിൽ തന്നെ ചെന്നെത്തുന്നു. മതം മയക്കുമരുന്നുപോലെ യൂറോപ്യൻ ജീവിതത്തെ വഴി തെററിച്ചു എന്നാണ് ഫ്രേസറുടെ വാദമെങ്കിൽ, പാശ്ച്യാത്യക്കു മാത്രമുള്ള യഥാത്ഥ മതബോധമാണ് യൂറോപ്പിൻെറ ഉല്ക്കഷ്കാരണം എന്നാണ് ബർഗ്സൻ എന്ന തത്വജ്ഞാനിയുടെ അഭിപ്രായം. മററു രാജ്യങ്ങളിൽ മതബോധം അതിൻെറ അത്യുച്ചകോടികളെ പ്രാപിയ്ക്കുമ്പോഠം മനുഷ്യരെ ധ്യാനത്തിലേയ്ക്കും ആത്മജ്ഞാനത്തിലേയ്ക്കും 'സവ്വകമ്മസന്യാസ

Digitized by Kerala Sahitya Akademi

'ത്തിലേയ്ക്കും' സച്ചിദാനന്ദാനുഭൂതിയിലേയ്ക്കും മാത്രമേ നയിയ്ക്കുന്നുള്ളു എന്നും, യൂറോപ്പിലെ മണ്ണിൽ മാത്രമാണ് അത് ലോകസംഗ്രഹത്തിനും സഹാനുഭൂതിയ്ക്കും ശാസ്ത്രത്തിനും ടെക്നോളജിയ്ക്കും വ്യവസായവിപ്ലവത്തിനും ഉള്ള പ്രചോദനം നല്കിയതെന്നും ഈ മഹാചിന്തകൻ വാദിയ്ക്കുന്നു. "The Two Sources of Morality and Religion" എന്ന പേരിൽ തന്റെ ജീവിതസായാഹ്നത്തിൽ എഴുതിയ വിശ്രുതഗ്രന്ഥത്തിലാണ് അദ്ദേഹം ഈ സിദ്ധാന്തം പ്രഖ്യാപിച്ചത്. ഹിന്ദുമതത്തിലോ, ബുദ്ധമതത്തിലോ, ജൈനമതത്തിലോ, യൂറോപ്പിൽ ചെല്ലുന്നതിനു മുമ്പ് ക്രിസ്തുമതത്തിൽ പോലുമോ, അദ്ദേഹം ഇങ്ങിനെയൊരു പ്രവണത കാണുന്നില്ല. മററുള്ളവരുടെ മിസ്റ്റിസിസം (അതാണ് മതത്തിന്റെ സാരസർവ്വസ്വമെന്ന് അദ്ദേഹം സമ്മതിയ്ക്കുന്നു) അപൂർണ്ണമാണ്; പകുതി വഴി മാത്രം ചെന്നു വന്ധ്യമായി നിന്നുപോകുന്നതാണ്. പരമാത്മചൈതന്യവുമായി ഐക്യം പ്രാപിയ്ക്കുവാനുള്ള യത്നത്തിൽ അവരുടെ ആത്മാക്കൾ പരാജയപ്പെടുന്നതായിട്ടാണ് അദ്ദേഹം കരുതുന്നത്. എന്തെന്നാൽ രണ്ടു കർമ്മമണ്ഡലങ്ങളുടെ മദ്ധ്യത്തിൽ, ത്രിശങ്കുവിനെപ്പോലെ, അവ തൂങ്ങിക്കിടക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്—തങ്ങൾ പരിത്യജിച്ച മനുഷ്യജീവിതത്തിന്റെയും പ്രാപിച്ചിട്ടില്ലാത്ത ദിവ്യജീവിതത്തിന്റെയും ഇടയ്ക്കുള്ള ശൂദ്ധശൂന്യതയിൽ! മുമ്പ് ഇല്ലാതിരുന്ന കർമ്മോത്സുകതയിൽ കലാശിയ്ക്കുമ്പോൾ മാത്രമേ, ബർഗ്സന്റെ അഭിപ്രായത്തിൽ, മിസ്റ്റിസിസം സഫലമാവുകയുള്ളു. അത് സൃഷ്ടിപരമായ യത്നമായും സ്നേഹമായും വികസിയ്ക്കണം; പുഷ്പിയ്ക്കണം. മതബോധത്തിന്റെ ഈ പരിണതി, ഫലപ്രാപ്തി, യൂറോപ്പിൽ മാത്രമാണ് ഉണ്ടായത്. തെരിസ, കാതറൈൻ, ഫ്രാൻസിസ്, ജോൺ ഓഫ് ആർക്, എന്നീ

Digitized by Kerala Sahitya Akademi

പുണ്യാത്മാക്കളാണ് യഥാർത്ഥമായ മതാനുഷ്ഠാനത്തിൻെറ പരമോന്നതമാതൃകകരം. ബുദ്ധമതം ഇക്കാര്യം വിഗണിച്ചിട്ടില്ലെന്നു മാത്രമല്ല, അതിശ്രേഷ്ഠമായ ഭാഷയിൽ അനുശാസിയ്ക്കുകയും ചെയ്തിട്ടുണ്ട്. അനുഷ്ഠാനംകൊണ്ട് അനുശാസനത്തെ ബലപ്പെടുത്തുകയും ചെയ്തു. ''എന്നു വരികിലും അതിനൊരു ചൂടില്ല, തിളക്കമില്ല. മനുഷ്യയത്നത്തിൻെറ ഫലദായകത്വത്തിൽ അതിനു വിശ്വാസമില്ല.'' ഇതാണ് ബർഗ്സൻ പ്രഖ്യാപിയ്ക്കുന്ന സിദ്ധാന്തം. ഇരുപത്തിയഞ്ചു വഷത്തെ ആനസ്യൂതനിരീക്ഷണത്തിൻേറയും വിചിന്തനത്തിൻേറയും ഫലമാണ് ഈ നിഗമനമെന്നും അദ്ദേഹം പറയുന്നുണ്ട്. യൂറോപ്പിൽ ജനിച്ച എത്രയോ പുണ്യാത്മാക്കളുടെ ശ്രേഷ്ഠമായ മതാനുഭൂതി പൂർണ്ണതയെ പ്രാപിയ്ക്കുകയും, അതു സ്വന്തരാജ്യത്തു മാത്രമല്ല അന്യഭൂഖണ്ഡങ്ങളിലേയ്ക്കും കവിഞ്ഞൊഴുകുകയും, നവോത്ഥാനത്തിലൂടെയും സംസ്കാരോല്കൃഷ്ത്തിലൂടെയും അനന്തരതലമുറകളെ ധന്യമാക്കുകയും ചെയ്തു എന്നു തീർത്തു പറഞ്ഞ് അദ്ദേഹം ചരിതാർത്ഥനാകുന്നു.

ഫ്രേസർ, ബർഗ്സൻ, ബ്ലാസ്റ്റററ്! സാമൂഹ്യവിജ്ഞാനം, തത്വചിന്ത, ഭൗതികശാസ്ത്രം! എത്ര പ്രശസ്തരായ ചിന്തകന്മാർ! എത്ര ഭിന്നമായ അന്വേഷണമണ്ഡലങ്ങരം! എന്നിട്ടും നിഗമനം ഒന്നുതന്നെ. പാശ്ചാത്യജനതയുടെ സ്വായത്തമായ വൈഭവത്തെക്കുറിച്ചുള്ള ഈ പണ്ഡിതസിദ്ധാന്തം തന്നെയാണ് 'ക്രിയാകേവലമുത്തരം' എന്ന രീതിയിൽ, രാഷ്ട്രീയരൂപത്തിൽ ഇന്ന് തെക്കെ ആഫ്രിയ്ക്കയിൽ നടമാടുന്നത്. ചരിത്രത്തിൻേറയും തത്വജ്ഞാനത്തിൻെറയും, ഇന്നിപ്പോരം ശാസ്ത്രത്തിൻെറയും, സഹായത്തോടെ ലോകത്തിൻെറ മുമ്പിൽ ഒരു പ്രപഞ്ചസത്യം എന്ന മട്ടിൽ കഴിഞ്ഞ ഇരുനൂറു വഷമായി പ്രചരിപ്പിച്ചു വരുന്ന ഈ പാശ്ചാത്യപ്രതിഭാസിദ്ധാന്തത്തെ

Digitized by Kerala Sahitya Akademi

ഇനിയുമെങ്കിലും ചോദ്യം ചെയ്യാതെ വിടുന്നതു ശരിയല്ല. വാദപ്രതിവാദമോ, പ്രബന്ധരചനയോ, പ്രസംഗമോ, പ്രതിഷേധവാക്കുകളോ അല്ല ഇതിന്നുള്ള മറുപടി. പ്രതിക്രിയയാണ്. ഈ വസ്തുത ആദ്യം മനസ്സിലാക്കിയതു് മോഹൻദാസ് ഗാന്ധി എന്ന ഭാരതീയനാണ്. അദ്ദേഹത്തിന് അതിന്നിടയായതു് തെക്കെ ആഫ്രിക്കയിൽ വെച്ചു തന്നെ ആണെന്നുള്ളതു് അതിമാത്രം അത്ഥവത്തായിരിക്കുകയും ചെയ്യുന്നു.

നവോത്ഥാനമെന്നും മതാനുഭൂതിയെന്നും സ്വകീയപ്രതിഭയെന്നും ഉള്ള പ്രഖ്യാപനങ്ങൾ കൊണ്ടൊന്നും പൌരസ്ത്യരായ നമ്മുടെ ദൃഷ്ടിയിൽനിന്നു സത്യത്തെ മറച്ചുവെക്കാൻ സാദ്ധ്യമല്ല. കഴിഞ്ഞ രണ്ടു മൂന്നു നൂററാണ്ടുകാലങ്ങളിൽ പശ്ചിമയൂറോപ്പിനും അതിൻെറ അനുബന്ധമായി വളൎന്നു വന്ന അമേരിക്കയ്ക്കും കൈവന്ന അഭൂതപൂൎവ്വമായ ഐശ്വര്യത്തിൻെറ രഹസ്യം അത്ര വളരെ അജ്ഞാതമോ ദുൎഗ്രഹമോ ഒന്നുമല്ല. ഭൌതികമായ എല്ലാ ഐശ്വര്യങ്ങളുടേയും അടിയിലുള്ള രഹസ്യമേ അതിന്നുമുള്ളു. 'ഒന്നു ചീയുന്നതുകൊണ്ടാണ് മറെറാന്നിന്നു വളം കൂടുന്നത്.' പാശ്ചാത്യരുടെ ഭുവനഭൂതികൾ വൎദ്ധിച്ചത് മററുള്ളവരുടെ ശ്രേയസ്സ് ക്ഷയിച്ചതുകൊണ്ടാണ്. അതു താനെ ക്ഷയിച്ചതുമല്ല. മനപ്പൂൎവ്വം ക്ഷയിപ്പിച്ചതാണ്. ഇതിൻെറ ചുമതല മുഴുവനും പാശ്ചാത്യരുടേതാണുതാനും. ഭൂലോകപര്യടനമെന്നും, ഭൂമിശാസ്ത്രഗവേഷണമെന്നും, മതപ്രചരണമെന്നും മററുമുള്ള ഭംഗിവാക്കുകളാൽ ലളിതവേഷം പൂണ്ടു്, ഏഷ്യയിലും ആഫ്രിക്കയിലും അമേരിക്കയിലും വിളിക്കാതെ ചെന്നു കേറി, ഇങ്ങോട്ടു് ഒരു ദ്രോഹവും ചെയ്യാത്ത അന്യസമുദായങ്ങളെ വഞ്ചിച്ചു്, ദ്രോഹിച്ചു്, കൊള്ളയടിച്ചുകൊണ്ടു വന്ന മൂലധനമാണ് പശ്ചിമയൂറോപ്പിനു പതിനഞ്ചാം നൂററാണ്ടു മുതല്ക്കുണ്ടായ അഭ്യുദയത്തി

Digitized by Kerala Sahitya Akademi

ൻെറ അടിസ്ഥാനം. ബ്ലാസ്റ്ററിൻെറ ഭാഷയിൽ, 'മൂലധനം ഇല്ലാത്തതുകൊണ്ടുമാത്രം ഐശ്വര്യം പ്രാപിക്കുവാൻ കഴിയാതെ കഷ്ടപ്പെടുന്ന' പിൻകിടരാജ്യക്കാരുടെ ജീവരക്തം ഊററിക്കുടിച്ചാണ് പാശ്ചാത്യലോകം വളർന്നത്. പുതിയ പുതിയ ടെക്നോളജികൾ ഉപയോഗപ്പെടുത്തുവാനും, കണ്ടുപിടിക്കുന്നതിനു തന്നെയും എട്ടുപത്തു തലമുറക്കാലം മുമ്പ് പാശ്ചാത്യക്ക് ആവശ്യമായിരുന്ന മൂലധനം ഏഷ്യയിൽനിന്നും ആഫ്രിക്കയിൽനിന്നും അമേരിക്കയിൽനിന്നുമാണ് അവർ ചോർത്തിയെടുത്തത്. ഒരു സമുദായത്തിൻെറ സമ്പദ്‌വ്യവസ്ഥ ഇരുന്ന ഇരിപ്പിൽനിന്ന് ഇളകിക്കിട്ടുവാനാണ് പ്രയാസമെന്നും, ഇളകിക്കിട്ടിയാൽ പിന്നെ അതു പരാശ്രയംകൂടാതെ മുന്നോട്ടു പൊയ്ക്കൊള്ളുമെന്നും അർത്ഥശാസ്ത്രജ്ഞന്മാർ പറയാറുണ്ട്, ഓരോരോ കാലങ്ങളിൽ ഓരോരോ സമുദായങ്ങൾ ഐശ്വര്യത്തിലേക്കു കുതിക്കുന്നതിൻെറ രഹസ്യമെന്തെന്ന് ഇനിയും വ്യക്തമായിട്ടില്ലെന്നും പറയുന്നു. അതോടൊപ്പം തന്നെ, മൂലധനം ഇല്ലാത്തതുകൊണ്ടു മാത്രമാണ് പൌരസ്ത്യരാജ്യങ്ങൾ ക്ഷയിച്ചു കിടക്കുന്നതെന്നും പറയും; പാശ്ചാത്യരുടെ അഭ്യുദയംമാത്രം മൂലധനത്തിൻെറ സഹായമില്ലാതെ, ഇന്ദ്രജാലംകൊണ്ടു സംഭവിച്ചു എന്നാണോ വിവക്ഷയെന്നു മനസ്സിലാകുന്നില്ല. ഏതായാലും സിദ്ധാന്തപരമായ ഈ വാദപ്രതിവാദങ്ങൾ കൊണ്ടൊന്നും സത്യത്തെ മറയ്ക്കുവാൻ സാദ്ധ്യമല്ല. പാശ്ചാത്യരാജ്യക്കാർ പിൻകിടരാജ്യക്കാർക്കു മൂലധനം ഉണ്ടാകുന്നതിനുവേണ്ടി വർഷംതോറും 1350 കോടി രൂപ കൊടുക്കണമെന്നുള്ള ബ്ലാസ്റ്ററിൻെറ നിർദ്ദേശത്തിൽ അതൊരു ദാനമോ, സഹായധനമോ, ഭിക്ഷയോ മറേറാ ആയിട്ടാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നു തോന്നുന്നു. പക്ഷേ വാസ്തവത്തിൽ അതൊരു പ്രായശ്ചിത്തമാണ്.

Digitized by Kerala Sahitya Akademi

ക്രിസ്താബ്ദം 1500 വരെ അന്യരാജ്യക്കാരുടെ നിർമ്മാണകൌശലം മികച്ചു നിന്നിരുന്നു എന്ന് ബ്ലാസ്റ്ററു തന്നെ സമ്മതിയ്ക്കുന്നുണ്ടല്ലോ. അന്നൊക്കെ ഇന്ത്യയിലും ചൈനയിലും മെക്സിക്കോയിലും ആഫ്രിയ്ക്കയിൽപോലും നിലവിലിരുന്ന ചെറുതരം വ്യവസായങ്ങളെയെല്ലാം സന്ദൾകന്മാരും കച്ചവടക്കാരുമായി ചെന്നു കൊള്ളക്കാരും കോളണിഭരണക്കാരും ആയി മാറിയ പാശ്ചാത്യർ നിർദ്ദയം നശിപ്പിച്ചു. അങ്ങിനെ തങ്ങളുടെ രാജ്യത്തുനിന്നു കൊണ്ടുചെന്ന ഉല്പന്നങ്ങൾക്കു വമ്പിച്ച വിപണിയുണ്ടാക്കി. പ്രത്യക്ഷവും പരോക്ഷവും എപ്പോഴും പരമദാരുണവുമായ ഉപായങ്ങൾ പ്രയോഗിച്ചു ആ അന്യരാജ്യക്കാരുടെ സഞ്ചിതസമ്പത്തിൻെറ ഭൂരിഭാഗവും ദൈനന്ദിനവേതനത്തിൻെറ നല്ല ഭാഗവും സ്വന്തം നാട്ടിലേയ്ക്കു കടത്തി. ഡാക്കായിലെ നെയ്ത്തുകാരുടെ വിരലുകൾ മുറിച്ചുകളഞ്ഞതും, ബീഹാറിലെ നീലകൃഷിയെ നശിപ്പിച്ചതും, പെറുരാജ്യത്തെ മുഴവനും മുടിച്ചതും, അവിടെയുണ്ടായിരുന്ന സ്വർണ്ണമെല്ലാം യൂറോപ്പിലേക്കയച്ചതും, എല്ലാം ചരിത്രപ്രസിദ്ധമായ വസ്തുതകളാണ്. 1500–ാമാണ്ടിനുശേഷം പശ്ചിമയൂറോപ്പിൻെറ അഭിവൃദ്ധിയ്ക്കു വേണ്ട മൂലധനം ഉണ്ടാക്കിയത് ഇങ്ങിനെയാണ്. ഇതെല്ലാം നിഷ്പക്ഷമതികളെന്നും വസ്തുനിഷ്ഠയുള്ളവരെന്നും വാഴ്ത്തപ്പെടുന്ന ശാസ്ത്രജ്ഞന്മാർപോലും വിസ്മരിച്ചുകളയുന്നതു വിചിത്രമായിരിയ്ക്കുന്നു.

രാഷ്ട്രങ്ങളുടെ അഭ്യുദയത്തിലും അധഃപതനത്തിലും അന്തർഭവിച്ചിട്ടുള്ള ദാരുണമായ ഈ ചരിത്രസത്യം പരിപൂർണ്ണമായി മനസ്സിലാക്കിയതിൻെറ ഫലമായിട്ടാണ് ഗാന്ധിജി തൻെറ പ്രതിക്രിയാപദ്ധതികൾ ആസൂത്രണം ചെയ്തത്. അന്യസമുദായങ്ങളെ ദ്രോഹിച്ചും ചൂഷണം ചെയ്തും ഐശ്വര്യം നേടാമെന്നുള്ള പാശ്ചാത്യസിദ്ധാന്ത

Digitized by Kerala Sahitya Akademi

ത്തെ അദ്ദേഹം പരിത്യജിച്ചു. അമ്മാതിരിയുള്ള അഭ്യുദയം തന്റെ ജനങ്ങൾക്ക് ആവശ്യമില്ലെന്ന് അദ്ദേഹം തീർത്തുപറഞ്ഞു. പാശ്ചാത്യരാഷ്ട്രങ്ങളുടെ ഐശ്വര്യത്തിന്നു വളം വെയ്ക്കുവാൻ ഉദ്ദേശിയ്ക്കപ്പെട്ടിട്ടുള്ള രാഷ്ട്രീയസാമ്പത്തികപരിപാടികളോടു രാജിയില്ലാത്ത നിസ്സഹകരണം പ്രഖ്യാപിച്ചു; വിജയപൂർവ്വം അനുഷ്ഠിച്ചു. യൂറോപ്പിന്റെ പ്രതിഭയെന്നും, പാശ്ചാത്യസംസ്കാരമെന്നും നിർമ്മാണകൌശലത്തിന്റെ പുരോഗതിയെന്നും, മററുമുള്ള ഭംഗിയുള്ള പേരുകളിൽ പൊതിഞ്ഞു വെച്ചിരിയ്ക്കുന്ന പരചൂഷണസിദ്ധാന്തത്തിന്റെ നേർക്കു, നാന്നൂറു വർഷത്തെ കഷ്ടപ്പാടുകൾക്കുശേഷം, പൗരസ്ത്യജനങ്ങളിൽ തിളച്ചു പൊങ്ങിയ പ്രതിഷേധത്തെയാണ് അദ്ദേഹം പ്രതിനിധാനം ചെയ്യുന്നത്. ചരിത്രത്തിന്റെ ഗതിയിൽ, വളരെ അധികം വാഴ്ത്തപ്പെടുന്ന യൂറോപ്യൻ നവോത്ഥാനത്തേക്കാൾ അർത്ഥവത്തായ ഒരു സംഭവമാണിത്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള പരിപൂർണ്ണസമത്വവും, നിർദ്ദോഷവും കേവലഭാവത്തിലുള്ളതുമായ സന്തുഷ്ടിയുടെ സ്വഭാവവും, പരചൂഷണസിദ്ധാന്തത്തിന്റെ നിഷേധവും ഉയർത്തിപ്പിടിയ്ക്കുന്ന ഒരു ജീവിതവീക്ഷണം അതിൽ അന്തർഭവിച്ചിരിയ്ക്കുന്നു. ഉത്തുംഗവും, നൂറു ശതമാനം പൗരസ്ത്യവുമായ ഈ ജീവിതവീക്ഷണം തന്നെയല്ലേ ഗാന്ധിജിയ്ക്ക് ഏററവും പ്രിയതരമായിരുന്ന ഈശാവാസ്യോപനിഷത്തിലെ ആദിസൂക്തം ഉൾക്കൊള്ളുന്നത്?

> ഈശാവസ്യമിദം സർവ്വം യൽ കിഞ്ച ജഗത്യാം ജഗൽ
> തേന ത്യക്തേന ഭുഞ്ജീഥാ മാഗൃധഃ കസ്യ സ്വിദ്ധനം.
> (ഈശൻ ജഗത്തിലെല്ലാമാവസിയ്ക്കുന്നതു കൊണ്ടു നീ
> ചരിക്ക മുക്തനായാശിക്കരുതാരുടെയും ധനം,

ശ്രീനാരായണഗുരുദേവന്റെ തർജ്ജമ) ഗാന്ധിജി മരി

Digitized by Kerala Sahitya Akademi

ച്ചിട്ടു പത്തു കൊല്ലം കഴിഞ്ഞതേയുള്ളു. അതിനിടയ്ക്കു തന്നെ നാം ഈ വീക്ഷണഗതി കൈവെടിഞ്ഞിരിയ്ക്കുന്നു. സ്നേഹത്തിൽ സമീപിച്ചും, നല്ല വാക്കു പറഞ്ഞും, യാചിച്ചും, അന്യരുടെ ധനം (ഫോറിൻ എയ്ഡ് എന്നു പറയുന്നത് ഇതല്ലാതെ മറെറന്താണ്?) വാങ്ങിച്ച് അഭ്യുന്നതി നേടാമെന്നു വ്യാമോഹിയ്ക്കുകയും ചെയ്യുന്നു. കാലം (അഞ്ചു കൊല്ലക്കണക്കിലല്ല, തലമുറക്കണക്കിലുള്ളത്) തെളിയിക്കട്ടെ!

Digitized by Kerala Sahitya Akademi

11

# കുറവൻ ചുമച്ചപോലെ

കുറവൻ ചുമച്ചപോലെ പെരുമാറേണ്ട സന്ദർഭങ്ങരം ജീവിതത്തിൽ ആക്കും വരാവുന്നതാണ്. അതുകൊണ്ട് ആ കഥ പറയാമെന്നു കരുതുന്നു.

വെളുത്തേടൻെറ വീട്ടിൽ കല്യാണമാണ്. അല 'ക്കൊഴിഞ്ഞിട്ടു രാമേശ്വരത്തു പോകാൻ കാത്തിരുന്നിട്ടു പററിയില്ല. എന്നെങ്കിലും ഒരു വാവിന് അങ്ങു പോവുകയേ നിവൃത്തിയുള്ളു എന്നു കരുതി അക്കാര്യം മാററിവെച്ചു. പക്ഷെ കല്യാണക്കാര്യം അങ്ങിനെ നീട്ടിവെയ്ക്കാൻ നിവൃത്തിയില്ലല്ലോ. അതുകൊണ്ട് അലക്കു നിറുത്തി ഒരുക്കം തുടങ്ങി. പന്തലിട്ടു; വെള്ളപിടിച്ചു; അലങ്കരിച്ചു. അലക്കുള്ള വീടുകളിൽനിന്നെല്ലാം മററ് അവകാശങ്ങളുടെ കൂടെ ഒന്നും രണ്ടും വാഴക്കുലയും കിട്ടി. തളിരടപ്പുരോഗം വാഴക്കൃഷിയെ നശിപ്പിച്ചുതുടങ്ങുന്നതിനു വളരെ മുമ്പാണിത്. കുലയെല്ലാം പഴുക്കവെച്ചു കല്യാണത്തിൻനാരം പന്തലിൽ വരിവരിയായി കെട്ടിത്തൂക്കി. കാണാൻ എന്ത് ഐശ്വര്യമാണ്! തനിപ്പൊന്നിൻെറ നിറത്തിലുള്ള പഴക്കുലകരം; വെളുവെളെ വെളുത്ത വസ്ത്രങ്ങരം! വിരുന്നുകാരെല്ലാം വന്നു, പന്തലിൽ ആകപ്പാടെ വലിയ തിരക്കാണ്. ഈ സമയത്താണ് കുറവൻ അതുവഴി വന്നത്. ആരംത്തിരക്കുകണ്ട് അവൻ അങ്ങോട്ടു നോക്കി. എല്ലാവരും പന്തലിനകത്താണ്. പെട്ടെന്നു പഴക്കുലയിൽ അവൻെറ കണ്ണുപെട്ടു. കുറവനു വി

Digitized by Kerala Sahitya Akademi

ശ്വസിയ്ക്കാൻ കഴിഞ്ഞില്ല. ഇത്ര വളരെ പഴക്കുലയോ? വീണ്ടും സൂക്ഷിച്ചുനോക്കി. മായമല്ല; കണ്ടതു ശരിയാണ്. എല്ലാം പഴക്കുലതന്നെ. അവൻെറ നാക്കിൽ വെള്ളമൂറി. വളരെനേരം അവൻ അങ്ങനെ വെള്ളമിറക്കിക്കൊണ്ട് അവിടെ നിന്നു. പക്ഷെ ആരും പുറത്തേയ്ക്കു വരുന്നില്ല. അവൻെറ നേക്കു നോക്കുന്നുപോലുമില്ല. ഒടുവിൽ കൊതിപൊറുക്കാഞ്ഞ് അവൻ ഒരു ചുമചുമച്ചു. അതു കേട്ടു ആരോ തിരിഞ്ഞുനോക്കി. കുറവൻ ധൈര്യമവലംബിച്ചു മുന്നോട്ടുചെന്നു. അവനെ നോക്കിയ ആരം ഇറങ്ങിവന്ന് ''എന്തോ വേണമെടാ'' എന്നു ചോദിച്ചു. കഷ്ടം! ഭാവനാശൂന്യനായ വെളുത്തേടനുണ്ടോ കുറവൻെറ ആവശ്യം മനസ്സിലാകുന്നു! അങ്ങിനെ വേണ്ടതെന്തെന്നു പറയണമെന്ന നിലയായി. കുറവൻ വിട്ടില്ല.

''ഇച്ചിരത്തീവേണേ'' എന്നു പറഞ്ഞു.

വെളുത്തേടൻെറ മുഖം വീർത്തു. മുണ്ടുകൊടയ്ക്കു മുഹൂർത്തമടുത്തപ്പോഴാണ് ഈ കുറവൻ തീയ്ക്കു വന്നിരിയ്ക്കുന്നതു്! ശല്യംതന്നെ. എന്നാലും ശകലം തീയല്ലേ ചോദിച്ചുള്ളു. അതു കൊടുത്തില്ലെങ്കിൽ കഷ്ടമല്ലേ. ഈ തിരക്കിനിടയ്ക്ക് ഇങ്ങനെ ഒരാവശ്യവുംകൊണ്ടുവന്നതു കുറവൻെറ കഥയില്ലായ്മ. എന്നിങ്ങനെ പലതും ചിന്തിച്ചുകൊണ്ടു വെളുത്തേടൻ അടുക്കളപ്പന്തലിലേയ്ക്കോടി, വല്ലവിധത്തിലും കുറവനെ പറഞ്ഞയയ്ക്കണമല്ലൊ. അവിടെ ചെന്ന് ഒരു എരികൊള്ളിതന്നെ അടുപ്പിൽനിന്നു വലിച്ചെടുത്തു. തീപിരിക്കരുതെന്നു ദേഹണ്ണക്കാരൻ വിലക്കി. പക്ഷെ നമ്മുടെ വെളുത്തേടൻ അതൊന്നും കേറാക്കാൻ നിന്നില്ല. അവൻ നേരെ കൊള്ളിയുംകൊണ്ടു കുറവൻെറ അടുക്കലേക്കു ചെന്നു.

കുറവൻെറ മുഖം അപ്പോഠം കാണേണ്ടതുതന്നെ ആയി

Digitized by Kerala Sahitya Akademi

രുന്നു. അവൻെറ കണ്ണുകറം തീക്കൊള്ളിപോലെ ജ്വലി ച്ചു. ശരീരം മുഴുവൻ കോപത്താൽ വിറയ്ക്കുന്നതുപോലെ തോന്നി. അവൻെറ ഭാവഭേദംകണ്ടു വെളുത്തേടൻ അന്തു തപ്പെട്ടു. ഈ ബഹളത്തിനിടയ്ക്കു, ദേഹണ്ണക്കാരൻെറ ചീ ത്തയും കേട്ടു, താൻ ചെയ്ത ഉപകാരം ഇങ്ങനെയാണല്ലോ ഈ നന്ദികെട്ടവൻ സ്വീകരിയ്ക്കുന്നത്! വെളുത്തേടൻ കൊ ള്ളിയുംകൊണ്ടു് അടുത്തെത്തിയപ്പോറം കോപവും നിരാ ശയും സഹിക്കാതെ കുറവൻ അട്ടഹസിച്ചു.

''ഹും! ഇച്ചിരത്തീയെന്നു പറഞ്ഞാൽ രണ്ടു പയമെ ന്നറിയാൻ വയ്യായോ.''

ഇതാണു് കുറവൻ ചുമച്ച കഥ. സന്ദർഭങ്ങളുടെ പ്ര ത്യേകതയാൽ ചിലപ്പോറം നമുക്കു ചോദിക്കാൻ മുട്ടിയി രിയ്ക്കുന്നതു ചോദിയ്ക്കാൻ നിവൃത്തിയില്ലാതെ വരും. പറ യേണ്ടതു പറയാൻ വയ്യാതെവരും. ചെയ്യേണ്ടതു ചെ യ്യാൻ കഴിയാതെവരും. അങ്ങിനെ വരുമ്പോറം കുറവൻ ചുമച്ചപോലെ പെരുമാറുവാൻ ആരാണു് പ്രേരിതരാകാ ത്തത്! നമുക്കു കിട്ടുവാൻ വൈകിയിരിയ്ക്കുന്നതു നല്കുവാൻ കഴിവുള്ളയാറം കഥയിലെ വെളുത്തേടനെപ്പോലെ ഭാവ നയും സഹതാപവും ഇല്ലാത്തവനുംകൂടിയാണെങ്കിൽ കുറ വൻെറ അടവുകറം മുഴുവനും എടുത്തുപോകും. ഈ രംഗം ഒന്നാലോചിച്ചു നേക്കുക.

വിഷു പിറന്ന പുലർവേള. പിശുക്കനും സ്വാർത്ഥ ലോലുപനുമായ വലിയമ്മാവൻ തറവാട്ടിലെ മുൻതളപ്പ ടിയിൽ കച്ചമുണ്ടും മടക്കിച്ചാരി മുറുക്കുവാനുള്ള ഒരുക്ക മെന്ന ഭാവത്തിൽ മുഖവും കനിച്ചു് ഇരിയ്ക്കുകയാണു്. അങ്ങോട്ടുമിങ്ങോട്ടും നോക്കുന്നില്ല. തെരഞ്ഞിട്ടും തെര ഞ്ഞിട്ടും നല്ല വെററില കിട്ടുന്നില്ല. അതിനിടയ്ക്കു് അട യ്ക്കാക്കഷ്ണം നല്ലതൊന്നും ഇല്ലെന്നൊരു സംശയം. ഇ

Digitized by Kerala Sahitya Akademi

ങ്ങനെ വളരെനേരം കഴിഞ്ഞു. അടുത്തുചെന്ന പഞ്ചപു ഛമടക്കിനില്ക്കുന്ന അനന്തരവന്ന കാത്തുനിന്ന ക്ഷമകെട്ടു. ഒരുക്കംകണ്ടാൽ അന്ന് അസ്തമിച്ചാലും അമ്മാവൻ മുറു ക്കിത്തീരുമെന്ന തോന്നിയില്ല. ചെല്ലത്തിൽനിന്ന ക ണ്ണെടുക്കുന്നുമില്ല. വരുന്നതുവരട്ടെ, എന്ന നിശ്ചയിച്ച് അനന്തരവൻ ചുമച്ചു. കുറച്ചൊരു നീരസത്തോടെ അ മ്മാവൻ തിരിഞ്ഞുനോക്കി. ഈ സന്ദർഭത്തിൽ കാരണ വർ കാര്യം മനസ്സിലാക്കാത്തതുപോലെ ''ഉം, കുഞ്ഞു രാമനോ, എന്തുവേണം?'' എന്ന ചോദിച്ചാൽ, ധർമ്മസങ്ക ടത്തിൽപ്പെട്ട കുഞ്ഞുരാമൻ ''വെറുതെയാണേ'' എന്ന ല്ലാതെ എന്തുത്തരമാണ് പറയുക? ആ ''വെറുതെ'' കുറ വൻെറ തീയാണ്. അതിൻെറ അർത്ഥം ''രണ്ടുപയ'' മെന്നും.

അല്പസ്വല്പം വ്യത്യാസം കാണുമെങ്കിലും സാരാംശ ത്തിൽ ഇതിനോടു തുല്യമായ സന്ദർഭങ്ങൾ ജീവിതത്തി ൻെറ ഏതു മണ്ഡലത്തിലും ഉണ്ടാകാറുണ്ട്. അധികാര സ്ഥാനങ്ങളിൽ പുതിയ വ്യക്തികൾ പ്രവേശിക്കുമ്പോൾ അവരെ സന്ദർശിക്കുവാൻ ചെല്ലുന്ന കീഴ്സിൽബന്തിക ളുടെ ശല്യം ദുസ്സഹമാണ്. ഇവിടെ ചുമയുടെ സ്ഥാനം വിസിററിങ്ങ്കാർഡിനു കിട്ടും, സംസാരിച്ചു സംസാ രിച്ചു സഹികെടുമ്പോൾ മേലധികാരി 'പിന്നെ വിശേ ഷിച്ചെന്താവന്നത്?' എന്ന ചോദിച്ചുപോകും. ഇതി നുള്ള ഉത്തരം കുറവൻെറ രീതിയിലായിരിക്കുമെന്ന തീർച്ച യാണ്.

"Simply to pay my respects." എന്നുവെച്ചാൽ, കുറവ ൻെറ നിഘണ്ടുവിൽ "Of course, to curry favour" എ ന്നർത്ഥം.

പണ്ടു ജനപ്പെരുപ്പം സഹിക്കവയ്യാഞ്ഞു ഹിററ്ലർ

Digitized by Kerala Sahitya Akademi

ആസ്ത്രിയരാജ്യം പിടിച്ചടക്കി. മഹച്ഛക്തികഠം മുറുമുറുത്തു. ഒരു മഹായുദ്ധത്തിനുവേണ്ട സജ്ജീകരണങ്ങഠം പൂത്തിയായിട്ടില്ലായിരുന്നതുകൊണ്ടു ഹിററ്ലർ പറഞ്ഞു: ''ഇത് ഒടുവിലത്തേതാണ്. ഇനിയൊന്നും ഞാൻ പിടിച്ചടക്കുകയില്ല.'' പക്ഷെ അധികം താമസിയാതെ ചെക്കോസ്ലാവാക്കിയ പിടിച്ചു. അപ്പോഠം, അന്നത്തെ വാഗ്ദാനത്തിൻെറ അത്ഥമെന്തായിരുന്നു എന്നു ലോകം ചോദിച്ചു. വാഗ്ദാനമോ? അതു വാഗ്ദാനമായിരുന്നോ? ലോകരാഷ്ട്രങ്ങളെ! നിങ്ങഠംക്ക് ഇത്രയ്ക്കു ബുദ്ധിയില്ലേ? ''ഇച്ചിരത്തീയെന്നു പറഞ്ഞാൽ രണ്ടുപയമെന്നല്ലെ അത്ഥം?'' 1947—ൽ ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കൈവന്ന ആ പാതിരാത്രിയിൽ ജനപ്രതിനിധിസഭയിലെ അവിസ്മരണീയരായ ചടങ്ങുകഠംക്കിടയിൽ മുസ്ലിംലീഗ്ഗുനേതാവായ ചൗധുമിഖാലിക്കുസ്സമാൻ ഇന്ത്യക്കാരനായി ജീവിയ്ക്കാമെന്നും ഇന്ത്യയെ സേവിക്കാമെന്നും സത്യപ്രതിജ്ഞചെയ്തു. പ്രതിജ്ഞയുടെ ഗൗരവത്തെപ്പററി ഉറുദുഭാഷയിൽ ഉജ്ജ്വലമായ ഒരു പ്രസംഗവും നടത്തി. അതിനുശേഷം അല്പകാലം കഴിഞ്ഞപ്പോഠം അദ്ദേഹം പാക്കിസ്ഥാനിൽപോയി താമസമുറപ്പിച്ചു. ഇതുകണ്ട് ആളുകഠം അമ്പരന്നുപോയി. അവർ ചോദിച്ചു. ''അന്നത്തെ പ്രതിജ്ഞ!'' അതെ, അന്നത്തെ പ്രതിജ്ഞതന്നെ. അതിനെന്തുവേണം; ഇച്ചിരത്തീയെന്നു പറഞ്ഞതു ശരിതന്നെ. അതിൻെറ അത്ഥമെന്തെന്നു മററുള്ളവക്കു മനസ്സിലാക്കാൻകഴിഞ്ഞില്ലെങ്കിൽ ഖാലിക്കുസ്സമാൻ സാഹിബ്ബോ പിഴച്ചത്?

ഐക്യരാഷ്ട്രരക്ഷാസമിതിയിൽ ഇന്ത്യയുടെ പരാതിക്കെതിരായി, ഒരു ഫെഡറൽ കോടതിജഡ്ജിയായിരുന്ന സഫറുള്ളാഖാൻ അഞ്ചു മണിക്കൂർ നീണ്ടുനിന്ന ഒരു പ്രസംഗംചെയ്തു. ആ പ്രസംഗം ഒരു യന്ത്രപ്രവത്തനം പോലെയാണ് നടന്നതെന്ന് അമേരിക്കയിലെ ''ടൈം''

Digitized by Kerala Sahitya Akademi

എന്ന വാരിക എഴുതുകയുണ്ടായി. അടുത്തിരുന്ന അസി സ്റ്റൻറന്മാർ ഒന്നിനു പുറകെ ഒന്നായി അദ്ദേഹത്തിൻെറ മുന്നിലേക്കു കുറിപ്പുകളും രേഖകളും നീക്കിനീക്കികൊടുക്കു കയും സഫറുള്ളാഖാൻ അവയെ ആസ്പദമാക്കി ഇടതട വില്ലാതെ പ്രസംഗിച്ചുകൊണ്ടിരിയ്ക്കുകയുംചെയ്തു. അന്ന് അദ്ദേഹം അഞ്ചു മണിക്കൂറുകൊണ്ടു പറഞ്ഞതു പാക്കി സ്ഥാൻ കാശ്മീരിൽ യുദ്ധം ചെയ്യുന്നില്ല എന്നായിരുന്നു. അതിത്തിവർഗ്ഗക്കാരാണ് അവിടെ പോരടിക്കുന്നത്. അ വരെ കടത്തിവിടാതെ ഒരു കോട്ടകെട്ടുവാൻ പാക്കി സ്ഥാൻഗവമ്മെൻറിനു സാദ്ധ്യമല്ല, എന്നും അദ്ദേഹം പറഞ്ഞു. അത് അന്നായിരുന്നു. ഇന്നിതാ രക്ഷാസമി തി അയച്ച കമ്മീഷൻമുമ്പാകെ പാക്കിസ്ഥാൻതന്നെ പറയുന്നു, കാശ്മീരിൽ തങ്ങളുടെ സേനകറം യുദ്ധംചെയ്യു ന്നുണ്ടെന്ന്. ഇതിൻെറയൊക്കെ അത്ഥമെന്തെന്നു നാം വിസ്മയിയ്ക്കുന്നുണ്ടാവും. ഒന്നുമില്ല. കുറവൻെറ നിഘണ്ടു വിൽ ഇതിനെല്ലാം അത്ഥമുണ്ട്.

തന്നതില്ല പരനുള്ളുകാട്ടുവാൻ
    ഒന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയതപൂണ്ണ്ണ,മായതിൽ
    വന്നുപോം പിഴയുമത്ഥശങ്കയാൽ.

അന്തഗ്ഗതങ്ങളെ വേണ്ടവണ്ണം അറിയിയ്ക്കുവാൻ വാക്കുകറം ക്കു പ്രകൃത്യാ ഉള്ള അശക്തി അതങ്ങിനെ കിടക്കുന്നു. അതേപ്പററി പലരും വിലപിച്ചിട്ടുണ്ട്. പക്ഷെ വാക്കു കറംകൊണ്ടു പറഞ്ഞറിയിക്കാവുന്ന അന്തഗ്ഗതങ്ങറം സന്ദ ർഭവിശേഷത്താൽ വിട്ടുപറയാൻ നിവൃത്തിയില്ലാതെ വരു ന്നതുമൂലമുള്ള പരമസങ്കടത്തെക്കുറിച്ച് ആത്മാപഹാരക മായ ഒരു മഹാകാവ്യം എഴുതിയതു നമ്മുടെ കുറവനാണ്.

Digitized by Kerala Sahitya Akademi

## 12

# ശാസ്ത്രവും ഭാഷയും

ഇന്ദ്രിയഗോചരമായ ഈ അത്ഭുതപ്രപഞ്ചത്തെക്കുറിച്ചുള്ള ജിജ്ഞാസയാണ് ശാസ്ത്രം. ഈ ജിജ്ഞാസയ്ക്കു മനുഷ്യവർഗ്ഗത്തോളംതന്നെ പഴക്കമുണ്ട്. എങ്കിലും ശാസ്ത്രം എന്ന പദംകൊണ്ട് ഇക്കാലത്ത് എല്ലാവരും മനസ്സിലാക്കുന്നതു 15–ാം നൂററാണ്ടിലെ നവോത്ഥാനത്തിനുശേഷം യൂറോപ്പിലുണ്ടായ നൂതനവിജ്ഞാനം എന്നാണ്. അന്നാണ് പശ്ചിമയൂറോപ്പ് ഏകദേശം ആയിരം കൊല്ലത്തോളം നീണ്ടുനിന്ന കൂരിരുട്ടിൽനിന്ന് ഉണർന്നത്. അതിന്നുമുമ്പു മെഡിറററേനിയൻതീരത്തു പരിലസിച്ചിരുന്ന യവന റോമാസംസ്കാരങ്ങളുടെ നേട്ടങ്ങൾ യൂറോപ്യൻ ജനത അന്നു വീണ്ടെടുത്തു. അരിസ്റ്റോട്ടിലിൻെറ യുക്തിയും റോമൻ നിയമസംഹിതയും സാമൂഹ്യബോധവും അവർ ജീവിതാദർശങ്ങളായി സ്വീകരിച്ചു. ഇതിൻെറ ഫലമായി യൂറോപ്പിനുണ്ടായ അഭ്യുദയം അത്ഭുതകരമാണ്. ശാസ്ത്രീയഗവേഷണത്തിൻെറ പരിണതഫലമായി 19–ാം നൂററാണ്ടിലുണ്ടായ വ്യവസായവിപ്ലവംകൂടി ആയപ്പോൾ പാശ്ചാത്യർക്ക് ലോകമേധാവിത്വവും കൈവന്നു. ഭൂതലം മുഴുവനും അവർ വ്യാപാരസൗകര്യത്തിനായി വീതിച്ചെടുത്തു. ഇതേത്തുടർന്ന് അവരുടെ ഇടയ്ക്കുതന്നെ ചില മത്സരങ്ങളും സമരങ്ങളും എല്ലാം ഉണ്ടായെങ്കിലും ശാസ്ത്രമാണ് തങ്ങളുടെ അഭ്യുദയത്തിൻെറയും രാഷ്ട്രീയശക്തിയുടെയും ആണിക്കല്ലെന്ന വസ്തുത അവർ ഒരിയ്ക്കലും വിസ്മരിച്ചില്ല. ഇന്നിപ്പോൾ അവരുടെ അസ്തിത്വംതന്നെ

Digitized by Kerala Sahitya Akademi

ശാസ്ത്രീയഗവേഷണത്തിൻെറ അനുനിമിഷമുള്ള പുരോഗതിയെ ആശ്രയിച്ചാണ് നില്ക്കുന്നത്.

ശാസ്ത്രം എന്നു പറയുമ്പോഠം ഈ ചരിത്രവസ്തുതകളൊന്നും ആരും ഓർമ്മിക്കാറില്ല. ശുദ്ധമായ ജ്ഞാനം എന്ന നിലയിൽ അതിനുണ്ടായിട്ടുള്ള മഹാവിജയങ്ങളെയും, പാശ്ചാത്യ ജനതക്ക് അതു നേടിക്കൊടുത്ത ഐശ്വര്യപ്രതാപങ്ങളെയും കുറിച്ചു മാത്രമേ എല്ലാവരും ചിന്തിക്കാറുള്ളു. കഷ്ടപ്പാടിലും ദാരിദ്ര്യത്തിലും ആണ്ടുകിടക്കുന്ന പൗരസ്ത്യജനങ്ങളെ ഇതിൽ രണ്ടാമതു പറഞ്ഞ ഭാവം കൊതിപ്പിക്കുകയും ആവേശംകൊള്ളിക്കുകയും ചെയ്യുന്നു. തങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവും എന്നുവേണ്ട എല്ലാ മോക്ഷങ്ങളും ശാസ്ത്രത്തിലൂടെ ലഭിക്കുമെന്നും, അതിലൂടെമാത്രമേ ലഭിക്കുകയുള്ളു എന്നും അവർ വിശ്വസിക്കുന്നു. ശാസ്ത്രത്തിലും ശാസ്ത്രത്തിൻെറ പ്രായോഗികവിദ്യകളിലും ഇന്നു പൗരസ്ത്യജനങ്ങഠം പ്രദശിപ്പിക്കുന്ന അദമ്യമായ താൽപര്യം ഇതിൻെറ ഫലമാണ്. ശാസ്ത്രം അഭ്യസിക്കുകയും. അതിൻെറ പ്രയോജനങ്ങഠം കൈവരുത്തുകയും ചെയ്യാതിരുന്നാൽ ജീവിതം വ്യർഥമായി എന്ന വിചാരം പരക്കെയുണ്ട്.

ഈ ആഗ്രഹങ്ങളുടെ സഫലീകരണത്തിന് ഏററവും വലിയ പ്രതിബന്ധമെന്ന് എല്ലാവരും പഴിക്കുന്നതു പൗരസ്ത്യഭാഷകളെയാണ്. ഇവയുടെ നേക്ക് എന്തെന്നില്ലാത്ത അക്ഷമയും പ്രകടിപ്പിച്ചുവരുന്നു. വഴിമുടക്കിക്കിടക്കുന്ന ഈ 'മുളിക്കരങ്ങി'നെയെല്ലാം തൊഴിച്ചുമാററി മുന്നോട്ടു കടക്കുകയാണു വേണ്ടതെന്നുകൂടി ചിലക്ക് അഭിപ്രായമുണ്ട്. ഈ അക്ഷമയും അമർഷവും മനസ്സിലാക്കാവുന്നതാണ്. അന്യൻെറ ഉല്ക്കർഷംപോലെ മനസ്സിനെ ഭ്രമിപ്പിക്കുന്ന മറെറാരു സംഗതിയില്ല. പാശ്ചാത്യരാ

Digitized by Kerala Sahitya Akademi

ജ്യക്കാർ സയൻസ് പഠിച്ചതുകൊണ്ടാണ് അസൂയാവഹമായ ഈ ഉല്ക്കൎഷമെല്ലാം നേടിയത്. നമുക്കും അതുകൊണ്ടു സയൻസ് പഠിയ്ക്കുകതന്നെ.

ഈ മനോഭാവത്തിലും ചിന്താഗതിയിലും ഒന്നുരണ്ടു തെററിദ്ധാരണകഠം അന്തൎഭവിച്ചിട്ടുണ്ട്. അടിസ്ഥാനഭൂതമെന്ന് എനിയ്ക്കു് തോന്നുന്ന ഈ വസ്തുതയിലേയ്ക്കു നിങ്ങളുടെ ശ്രദ്ധയെ ക്ഷണിയ്ക്കണമെന്ന് ഞാൻ വിചാരിയ്ക്കുന്നു. ഒന്നാമത്തെ തെററിദ്ധാരണ ശാസ്ത്രം പാശ്ചാത്യരെ ഉല്ക്കൎഷത്തിലെത്തിച്ചു എന്നുള്ളതാണ്. ശാസ്ത്രം എന്നു പറഞ്ഞാൽ ശുദ്ധമായ ജ്ഞാനം എന്നാണ് അൎത്ഥമെന്നു സൂചിപ്പിച്ചുവല്ലൊ. ഇതു പ്രപഞ്ചരൂപമായ ഈ പ്രഹേളികയെ വ്യാഖ്യാനിച്ചു ചിത്തസംതൃപ്തിയും ആത്മശാന്തിയും കൈവരുത്തുന്നതിനുവേണ്ടിയുള്ള ഒരു യത്നമാണ്. അത്യുത്പ്രതിഭന്മാരും മഹോദ്യമന്മാരുമായ ശാസ്ത്രജ്ഞന്മാരെ, മാനസികമായ ഭഗീരഥപ്രയത്നങ്ങഠംക്കു പ്രേരിപ്പിയ്ക്കുന്ന ലക്ഷ്യവും ഇതുതന്നെയാകുന്നു. അവക്കു പ്രകൃതിയെ കീഴടക്കണമെന്നോ അന്യരാജ്യക്കാരെ കുതിരകയറണമെന്നോ ആഗ്രഹമില്ല, ''ജ്ഞാനം ശക്തിയാണ്'' (Knowledge is Power) എന്ന വ്യാമോഹവുമില്ല. ജ്ഞാനം സുഖമാണ്, സംതൃപ്തിയാണ്, എന്ന വിശ്വാസമാണ് അവരെ ഗവേഷണത്തിനു പ്രേരിപ്പിയ്ക്കുന്നത്. പരിപാവനവും സനാതനവുമായ ഈ ആദൎശത്തെ സ്വാൎത്ഥലാഭത്തിനും രാഷ്ട്രീയോല്ക്കൎഷത്തിനുംവേണ്ടി പാശ്ചാത്യരാഷ്ട്രങ്ങഠം വിസ്മരിച്ചു; വ്യതിചലിപ്പിച്ചു. അവക്കുണ്ടായ ഉല്ക്കൎഷത്തിൻെറ യഥാൎത്ഥകാരണം ഇതാകുന്നു. ജ്ഞാനതൃഷ്ണയും തത്വജിജ്ഞാസയും ആരുടേയും കുത്തകയല്ല. പക്ഷേ, ജ്ഞാനത്തെ പരചൂഷണത്തിനും സ്വാൎത്ഥലാഭത്തിനുംവേണ്ടി ഉപയോഗിക്കാം, ഉപയോഗിയ്ക്കണം, എന്ന വിചാരം ഒരു അടിസ്ഥാനപ്രമാണമായിത്തീൎന്നു പാശ്ചാത്യസംസ്കാര

Digitized by Kerala Sahitya Akademi

ത്തിൽമാത്രമാണ്. അന്യരാജ്യങ്ങളിൽ പോയി യുദ്ധം ചെയ്ത തടവുകാരെ പിടിച്ചുകൊണ്ടുവന്ന് അടിമകളാക്കി കഠിനാദ്ധ്വാനം ചെയ്യിച്ച മേന്മനേടിയ യവനന്മാരുടെ യും, യൂറോപ്പിലും ആഫ്രിക്കയിലും ഏഷ്യയിലും ബഹു ദൂരം വ്യാപിച്ച ഒരു നിഷ്ഠുരസാമ്രാജ്യം സ്ഥാപിച്ച റോ മാക്കാരുടെയും പാരമ്പര്യമാണിത്. ആയിരം കൊല്ല ത്തെ സുഷുപ്തിക്കുശേഷം പശ്ചിമയൂറോപ്യൻരാഷ്ട്രങ്ങൾ 15–ാം നൂററാണ്ടിൽ ഈ പാരമ്പര്യത്തെ വീണ്ടും ആശ്ലേ ഷിച്ചു. പീരങ്കിയും വെടിയുണ്ടയുംകൊണ്ട് അവർ അന്യ രാജ്യങ്ങളിൽ കച്ചവടക്കാരായും കൊള്ളക്കാരായും കയ റിച്ചെന്ന് അവിടെയുള്ളവരെ മഹാദുഃഖങ്ങൾ അനുഭവി പ്പിച്ച് ആദായമുണ്ടാക്കി. ഈ പരദ്രോഹത്തിനും പര ചൂഷണത്തിനും വേണ്ട ആയുധശക്തി ശാസ്ത്രജ്ഞാനത്തിൽ നിന്നാണ് അവർ ഉണ്ടാക്കിയത്. ഇതാണു പാശ്ചാത്യ രുടെ രാഷ്ട്രീയോല്ക്കർഷത്തിന്റെയും ഭൗതികമായ ഐശ്വ ര്യത്തിന്റെയും രഹസ്യം. ഇന്നും മദ്ധ്യപൗരസ്ത്യദേശത്തു, ശാസ്ത്രവിദ്യകൾ ഉപയോഗിച്ചുകൊണ്ടുള്ള ഈ പരദ്രോ ഹം നടന്നുകൊണ്ടിരിക്കുകയാണ്.

രണ്ടാമത്തെ തെററിദ്ധാരണ ശാസ്ത്രജ്ഞാനവും ഭാഷ യും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ്. ഭാഷ ശാസ്ത്ര ത്തിന്റെ പുറംചട്ടയോ വാഹനമോ മാത്രമാണെന്നും, അതു വഹിക്കുന്ന ആശയവും അർത്ഥവും, എല്ലാ മനുഷ്യ ർക്കും തുല്യമാണെന്നും കരുതിപ്പോരുന്നു. നവോത്ഥാന കാലത്തും അതിനുശേഷവും കച്ചവടത്തിനും കവർച്ചയ്ക്കും രാഷ്ട്രീയമേധാവിത്വത്തിനുംവേണ്ടി അന്യഭൂഖണ്ഡങ്ങളി ലേക്കു സാഹസയാത്ര പുറപ്പെട്ട യൂറോപ്യൻ ജനങ്ങൾക്ക് ഇക്കാര്യത്തിൽ യാതൊരു സംശയവും ഇല്ലായിരുന്നു. തങ്ങളുടെ ആശയവും മനോഗതങ്ങളും ഇന്ത്യക്കാർക്കും ചൈ നക്കാർക്കും, അമേരിക്കയിലെ ആദിമവർഗ്ഗങ്ങൾക്കും, എന്നു

Digitized by Kerala Sahitya Akademi

വേണ്ട ആക്കം, പരിഭാഷയിലൂടെ മനസ്സിലാകമെന്ന് അവക്ക് ഉറപ്പുണ്ടായിരുന്നു. ഭൗതികമായ ഐശ്വര്യവും രാഷ്ട്രീയോല്ക്കർഷവും നേടുവാൻവേണ്ടി ശാസ്ത്രജ്ഞാനം കൊതിയ്ക്കുന്ന പൗരസ്ത്യജനങ്ങൾക്കും ഇക്കാര്യത്തിൽ എന്തെങ്കിലും സംശയമുണ്ടെന്ന തോന്നുന്നില്ല. വ്യാകരണത്തിലും വാചകഘടനയിലും മററും ഇൻഡോയൂറോപ്യൻ ഗോത്രത്തിൽപ്പെട്ട ഭാഷകൾക്ക തമ്മിലുള്ള സാദൃശ്യങ്ങളെ മുൻനിർത്തി, എല്ലാ ഭാഷകളും സമാനസ്വഭാവങ്ങളാണെന്നും, എല്ലാ മനുഷ്യരും ഒരുപോലെയാണ ചിന്തിയ്ക്കുന്നതെന്നും നാം വിശ്വസിയ്ക്കുന്നു. പക്ഷേ, വിഗോത്രജങ്ങളായ ഭാഷകളുമായി താരതമ്യപ്പെടുത്തുമ്പോഴാണ് ഈ വിശ്വാസം എത്ര അബദ്ധമാണെന്ന മനസ്സിലാകുന്നത്. വാക്കകളുടെ അർത്ഥത്തിലും വാചകങ്ങളുടെ ഘടനയിലും മാത്രമല്ല, വ്യാകരണത്തിന്റെ അടിസ്ഥാനനിയമങ്ങളിലും ശബ്ദങ്ങളുടെ പ്രയോഗത്തിലും അവയ്ക്കുനല്കുന്ന മൂല്യത്തിലും എല്ലാ ഭാഷകൾക്ക തമ്മിലുള്ള വ്യത്യാസം ഓർത്തുനോക്കിയാൽ അമ്പരന്നുപോകും. ചീനഭാഷയുടെ വിഗോത്രജമായ വൈചിത്ര്യങ്ങൾമൂലം കമ്മ്യൂണിസത്തിനുതന്നെ ആ രാജ്യത്തു സാരമായ വ്യത്യാസങ്ങൾ വന്നിട്ടുണ്ടെന്നു നമ്മുടെ പ്രധാനമന്ത്രി ഇയ്യിടെ പറയുകയുണ്ടായി. റഷ്യയിലും യൂറോപ്പിലും പ്രചരിയ്ക്കുന്ന ആശയങ്ങൾ അതേപടി ചീനഭാഷയിൽ പകർത്തുവാൻ സാദ്ധ്യമല്ല. ചൈനയിലെ നേതാക്കന്മാരിൽ പലക്കും സ്വന്തം ഭാഷയല്ലാതെ മറെറാന്നും അറിഞ്ഞുകൂടാ. ഇക്കാരണത്താൽ റഷ്യൻ കമ്മ്യൂണിസത്തിന്റെ അനുഭൂതികളല്ല അവക്ക കിട്ടിയിട്ടുള്ളതെന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. ഈ വൈഷമ്യം ശാസ്ത്രജ്ഞാനത്തിന്റെ കാര്യത്തിലും ഉണ്ടാകുന്നുണ്ട്.

എല്ലാ മനുഷ്യരുടെയും ഇന്ദ്രിയങ്ങൾക്ക ഗോചരീഭ

Digitized by Kerala Sahitya Akademi

വിഷ്ക്കുന്ന പ്രപഞ്ചം ഒന്നുതന്നെ ആണെന്നാണ് നമ്മുടെ വിശ്വാസം; ആയിരിക്കാം. പക്ഷേ, ഈ പ്രപഞ്ചത്തെ വാക്കുകളിലൂടെ ഓരോ മനുഷ്യസമുദായവും മനസ്സിലാക്കുന്നത് ഓരോ വിധത്തിലാണ്. വാചകഘടനയുടെയും വ്യാകരണത്തിൻെറയും സവിശേഷതകളാകട്ടെ, സമുദായങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന തത്ത്വജ്ഞാനങ്ങൾക്കു മുഴുവനും അടിസ്ഥാനഭൂതമായി നില്ക്കുകയും ചെയ്യുന്നു. ആരും അറിയാതെ നടക്കുന്നതും വമ്പിച്ച ജനസമൂഹങ്ങളെ ഒന്നടങ്കം ബാധിക്കുന്നതുമായ ഒരുതരം ചിന്താനിയന്ത്രണമാണിത്. വാസ്തവത്തിൽ, ഓരോ ഭാഷക്കാരുടെയും അനുഭൂതിമണ്ഡലം, സത്താചിത്രം, പ്രപഞ്ചബോധം, ഓരോന്നാണ്.

ഓരോ ഭാഷയും ഓരോ പ്രപഞ്ചചിത്രത്തെ നിർമ്മിക്കുന്നു. ഈ ചിത്രം പ്രസ്തുത ഭാഷ സംസാരിക്കുന്നവരുടെ ചിത്തസത്വത്തിൽ മായാതെ പതിയുകയും ചെയ്യുന്നു. പരമ്പരാഗതമായി, എത്രയോ തലമുറകളിലൂടെ സംഭവിക്കുന്ന ഒരു പ്രതിഭാസമാണിത്. ഈ ചിന്താനിയന്ത്രണം ശൈശവംമുതല്ക്കുതന്നെ ആരംഭിക്കുന്നു. തനിക്കും, ചുററുപാടും ഉള്ളവക്കും, ചിരപരിചിതമായ ചിത്രമായതുകൊണ്ട് അതാണ് ശരിയായിട്ടുള്ളതെന്നു നാം വിശ്വസിക്കുകയും ചെയ്യുന്നു. നൂതനമായ അനുഭൂതികളെ മനസ്സിലുള്ള മൂശയിൽ ഞെരുക്കിക്കൊള്ളിക്കുവാനോ ഉരുക്കി ഒഴിക്കുവാനോ ആണു നാം ശ്രമിക്കുന്നത്. ഈ ശ്രമത്തിൽ വിജയം ലഭിച്ചാൽ കാര്യം മനസ്സിലായി എന്നു പറഞ്ഞു നാം തൃപ്തിപ്പെടുന്നു. സാധാരണ ചിന്തയും ദൈനന്ദിനാനുഭൂതികളും മാത്രമല്ല, പ്രസിദ്ധമായ തത്ത്വമീമാംസകരും പോലും, യഥാർത്ഥത്തിൽ, ഭാഷയിലും വ്യാകരണത്തിലും ഓരോ സമുദായവും പണ്ടുപണ്ടേ പൂഴ്ത്തിവച്ചിട്ടുള്ള കൃത്രിമ

Digitized by Kerala Sahitya Akademi

മായ പ്രപഞ്ചചിത്രങ്ങളെ വീണ്ടെടുക്കുകമാത്രമാണ ചെയ്യുന്നത്.

നിഷ്പക്ഷമെന്നും വസ്തുനിഷ്ഠമെന്നും നിരീക്ഷകനെ ആശ്രയിക്കാത്തതെന്നും പറയുന്ന ശാസ്ത്രജ്ഞാനത്തിൽപ്പോലും ഇങ്ങനെയൊരു പരാധീനതയുണ്ട്. ഭാഷയെ അത്ര വളരെ ഒന്നും ആശ്രയിക്കാതെ സ്വന്തമായ സങ്കേതങ്ങളു പയോഗിച്ചു നിരീക്ഷണങ്ങൾ നടത്തുന്ന ഗണിതവിദ്യയിലൂടെ ലഭിക്കുന്ന ഉപദർശനങ്ങൾപോലും സർവ്വപ്രപഞ്ചത്തെയും കുറിച്ചുള്ളതല്ലെന്നും നിരീക്ഷകൻെറ സംസ്കാരശീലങ്ങളെ മാത്രമേ തെളിയിക്കുന്നുള്ളു എന്നും പറയപ്പെടുന്നു. ആധുനികശാസ്ത്രത്തിൻെറ ഏററവും വലിയ ഉപദർശനങ്ങളിലൊന്നാണല്ലൊ ഐൻസ്റ്റൈൻ പ്രഖ്യാപിച്ച ആപേക്ഷികത്വം (Relativity). $E=mc^2$ എന്ന പ്രസിദ്ധമായ ഒരു ഗണിതസൂത്രത്തിലൂടെയാണ് ഇത് ആഖ്യാനം ചെയ്യപ്പെട്ടത്. ഇതിൽ E ഊർജ്ജം, M പിണ്ഡം, C വെളിച്ചത്തിൻെറ വേഗം, എന്നാണ സങ്കല്പം. ഈ ഗണിതസൂത്രത്തിൽ അടങ്ങിയിരിക്കുന്നത് ഒരു പ്രപഞ്ചസത്യമല്ലെന്നും യൂറോപ്യൻഭാഷകളുടെ വ്യാകരണസങ്കല്പങ്ങൾ മാത്രമാണെന്നും ഒരു വിമർശകൻ പറഞ്ഞതോക്കുന്നു. പ്രപഞ്ചത്തെ ഒരു ക്രിയ (Verb) ആയും, ആ ക്രിയയെ ഒരു നാമത്തിൻെറയും ക്രിയാവിശേഷണത്തിൻെറയും ഗുണനഫലമായും വീക്ഷിക്കുകയാണ് അതിൽ ചെയ്തിരിക്കുന്നതത്രെ. ചൈനാക്കാരനോ എസ്കിമോജാതിക്കാരനോ ആയ മറെറാരു ഐൻസ്റ്റൈൻ, തൻെറ ഭാഷാശീലങ്ങൾക്കു യോജിച്ച രീതിയിൽ, ഇതിൽനിന്നു പാടെ ഭിന്നമായ ഉപദർശനങ്ങളിൽ ചെന്നെത്തുമെന്നും തദനുരൂപമായ ഗണിതസൂത്രങ്ങൾ കണ്ടുപിടിക്കുമെന്നും പറയപ്പെടുന്നു.

എനിക്കു് അല്പം അടുത്തു പരിചയിക്കുവാൻ ഇടയാ

Digitized by Kerala Sahitya Akademi

യിട്ടുള്ള ഭ്രൂണശാസ്ത്രഗവേഷണത്തിലും ഇതുപോലെയുള്ള പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ശാസ്ത്രത്തിലെ ഏററവും പ്രധാനമായ ഉപദർശനങ്ങൾ ഉണ്ടായതു ജർമ്മനിയിലാണ്. കഴിഞ്ഞ നൂററാണ്ടിൻെറ ഒടുവിലും ഈ നൂററാണ്ടിൻെറ ആരംഭകാലത്തും ജർമ്മൻ ശാസ്ത്രജ്ഞന്മാർ ഈ വിഷയത്തിൽ അത്ഭുതകരങ്ങളായ കണ്ടുപിടുത്തങ്ങൾ നടത്തുകയുണ്ടായി. അതിനുശേഷം ഇംഗ്ലണ്ടിലും അമേരിക്കയിലും ആ വഴിക്കുതന്നെ വളരെയധികം ഗവേഷണയത്നം നടന്നു. എങ്കിലും പറയത്തക്ക ഒരു പ്രയോജനവും ഉണ്ടായില്ല. അടിസ്ഥാനഭൂതമായ ഒരു തത്ത്വവും ആവിഷ്കൃതമാവുകയും ചെയ്തില്ല. ഇതു ജർമ്മൻഭാഷയുടെ സവിശേഷതകൾ ഇംഗ്ലീഷിന് ഇല്ലാത്തതുകൊണ്ടാണെന്നാണ് പറയുന്നതു്. നാമങ്ങളെ എത്ര വേണമെങ്കിലും കൂട്ടിചേർത്തു സമസ്തപദങ്ങളുണ്ടാക്കുവാൻ ജർമ്മൻഭാഷയ്ക്കു കഴിവുണ്ട്. ഇത്തരം വാക്കുകൾക്കു ഘടകങ്ങളുടെ അർത്ഥത്തിൻെറ ആകെത്തുകയെക്കാൾ അധികമായ അർത്ഥവും കൈവരുന്നു. ഇതു് ഇംഗ്ലീഷിൽ സാദ്ധ്യമല്ല. ചുരുക്കത്തിൽ ജർമ്മൻ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ച ഭ്രൂണശാസ്ത്രതത്ത്വങ്ങൾ ഭ്രൂണത്തിൻെറ തത്ത്വങ്ങളല്ല ജർമ്മൻഭാഷയുടെ തത്ത്വങ്ങളാണെന്നർത്ഥം.

വാഗർത്ഥങ്ങൾ സംപൃക്തങ്ങളാണെന്ന കാളിദാസവചനത്തിൻെറ പ്രസക്തി ഇത്രത്തോളം എത്തുമെന്ന് ആരും കരുതിയിരിക്കുകയില്ല. ഭാഷയുടെ പിടിയിൽനിന്നു തത്ത്വജ്ഞാനവും ശാസ്ത്രജ്ഞാനവും ഒന്നും, ഒരിക്കലും, ഒരു തലത്തിലും, മുക്തമല്ലെന്നാണു് കാണുന്നത്. പാശ്ചാത്യശാസ്ത്രത്തിൻെറ ലക്ഷണങ്ങളും പ്രവണതകളും യഥാർത്ഥത്തിൽ പാശ്ചാത്യഭാഷകളുടെ ലക്ഷണങ്ങളും പ്രവണതകളുമാണ്. അതിൻെറ ആയുധമെന്നു പറയുന്ന യുക്തിപോലും ഒരു ഭാഷാധർമ്മം മാത്രമാണത്രെ. പ്രസ്തുത

Digitized by Kerala Sahitya Akademi

ഭാഷകളിൽ ക്രിയാപദങ്ങൾക്കുള്ള പ്രാധാന്യവും നാമങ്ങൾക്കും ക്രിയകൾക്കും തമ്മിലുള്ള ബന്ധവും ആണ് പരീക്ഷണോത്സുകതയായും കാര്യകാരണബന്ധമായും 'ശാസ്ത്രത്തിൽ കടന്നുകൂടിയിരിക്കുന്നത്'. പ്രപഞ്ചത്തെ കാര്യകാരണബന്ധത്തിന്റെ ചട്ടക്കൂട്ടിൽ കാണുവാനുള്ള പ്രവണത പാശ്ചാത്യരുടെ ഭാഷാശീലത്തിൽനിന്നുണ്ടാകുന്നതാണ്. തുടർന്നുവരുന്ന രണ്ടു സംഭവങ്ങളിൽ ആദ്യത്തേതു രണ്ടാമത്തേതിന്റെ കാരണമാണെന്ന സങ്കല്പം പ്രപഞ്ചത്തിന്റെ പ്രവർത്തനരീതിയെയല്ല യൂറോപ്യൻഭാഷകളുടെ വ്യാകരണക്രമത്തെയാണ് ആവിഷ്കരിക്കുന്നത്. ഷൊനി എന്ന ഗോത്രത്തിൽപ്പെട്ട അമേരിക്കൻ ഇന്ത്യന്മാരുടെ പല പ്രസ്താവനകളും ആപഗ്രഥിച്ചുനോക്കിയാൽ ഒരു ക്രിയാപദം കണ്ടുകിട്ടുകയില്ലെന്നു പറയുന്നു. പക്ഷേ അവരും അന്തർഗതങ്ങൾ പരസ്പരം അറിയിക്കുകയും ഏറെക്കുറെ സുഖമായിട്ടുതന്നെ ജീവിതം നയിക്കുകയും ചെയ്യുന്നു. അവരുടെ പ്രപഞ്ചചിത്രവും ശാസ്ത്രീയനിരീക്ഷണവും എങ്ങനെയിരിക്കുമെന്നു നമുക്ക് ഊഹിക്കുവാൻപോലും സാദ്ധ്യമല്ല.

ശാസ്ത്രസാഹിത്യം എന്നു പറയുമ്പോൾ നാം വിവക്ഷിക്കുന്നതു പാശ്ചാത്യഭാഷകളിലെഴുതിയ ശാസ്ത്രഗ്രന്ഥങ്ങളുടെ വിവർത്തനം മാത്രമാണെങ്കിൽപ്പോലും അടിസ്ഥാനപരമായ ഈ വസ്തുതകൾ ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. The time differential of the electric displacement is the rotation of the magnetic force multiplied by the velocity of light എന്ന ഇംഗ്ലീഷുവാചകത്തെ 'ആലക്തികസ്ഥാനാന്തരത്തിന്റെ കാലവിഭേദകം കാന്തശക്തിയുടെ ഭ്രമണത്തെ വെളിച്ചത്തിന്റെ വേഗംകൊണ്ടു ഗുണിച്ചതാകുന്നു' എന്നു വിവർത്തനം ചെയ്താലും, 'ഇലക്ട്രിക് ഡിസ്പ്ലേസ്മെൻറിന്റെ ടൈം ഡിഫെറെൻഷ്യൽ മാഗ്

നെററിക്ക്ഫോഴ്സിൻെറ റൊട്ടേഷനെ ലൈററിൻെറ വെലോസിററികൊണ്ടു മൾട്ടിപ്ലൈ ചെയ്യതാണ്, എന്നാക്കിയാലും, എൻെറ അഭിപ്രായത്തിൽ, ഫലം തുല്യമാണ്. അതായത്, മനസ്സിലായില്ല എന്ന്. ഭാരതത്തിൽ ഇന്നു നിലവിലിരിയ്ക്കുന്ന സാംസ്കാരികാന്തരീക്ഷത്തിൽ ഇത്രയ്ക്കൊന്നും ആലോചിയ്ക്കേണ്ട ആവശ്യമില്ലെന്നു തോന്നിയേക്കാം. സാമ്പത്തികവികസനം എന്ന ഒരേ ഒരു ആദശ്മാണ് നമ്മെ ഇന്നു നയിച്ചുകൊണ്ടിരിയ്ക്കുന്നത്. അതിന്നു വേണ്ടത് എന്താണ്? അത് എളുപ്പം കൈവരുത്തുന്ന ഉപായം ഏതാണ്? എന്നുമാത്രമേ ആലോചനയുള്ളു. വേണ്ടിടത്തോളം എഞ്ചിനീയറന്മാരെയും ഡോക്ടറന്മാരെയും, വ്യവസായവിദഗ്ദ്ധന്മാരെയും നിർമ്മിയ്ക്കുവാനുള്ള എളുപ്പവഴികരം നോക്കുന്നതിനിടയ്ക്ക്, ഈ രാജ്യത്തെ 3,700 ലക്ഷം ജനങ്ങളുടെ സാംസ്കാരികഭാവിയെക്കുറിച്ചുകൂടി ചിന്തിയ്ക്കുണമെന്നാണ് ഞാൻ അപേക്ഷിയ്ക്കുന്നത്. ജീവിതത്തിൻെറ സനാതനഭാവങ്ങളെ കൈകാര്യം ചെയ്യുന്ന സാഹിത്യകാരന്മാക്കെങ്കിലും ഇതിൽ ശ്രദ്ധയുണ്ടാകുമെന്നു ഞാൻ വിശ്വസിയ്ക്കുന്നു. നമ്മുടെ ജനങ്ങരംക്കു മനസ്സിലാകുന്ന ഒരു പ്രപഞ്ചചിത്രം നല്കുവാനുള്ള കടമ ഗ്രന്ഥകാരന്മാക്കും സാഹിതീഭക്തന്മാക്കും ഇല്ലെ? പഞ്ചവത്സരപദ്ധതികളുടെ സഫലീകരണം മാത്രമാണോ നമ്മുടെ വിദ്യാഭ്യാസത്തിൻെറയും സാഹിത്യനിർമ്മാണത്തിൻെറയും ലക്ഷ്യമെന്നു ചോദിയ്ക്കേണ്ടിയിരിയ്ക്കുന്നു. പാശ്ചാത്യഭാഷകളുടെ ഘടനാവിശേഷങ്ങരംക്കു വഴങ്ങിവരുന്ന അനുഭൂതികളെ ശാസ്ത്രജ്ഞാനം എന്ന പേരിൽ നമ്മുടെ ജനങ്ങരംക്കു പകൻകൊടുക്കുവാൻ ശ്രമിയ്ക്കുന്നതു നിഷ്ഫലമാണെന്ന് എനിയ്ക്കു തോന്നുന്നു. പാശ്ചാത്യസംസ്കാരവുമായി നമുക്കു രണ്ടു നൂററാണ്ടുകാലത്തെ സമ്പക്കം ഉണ്ടായിട്ടുണ്ടെങ്കിലും എണ്ണത്തിൽ നിഗ്ഗ്ണ്യമായ ഒരു ന്യൂ

Digitized by Kerala Sahitya Akademi

നപക്ഷം മാത്രമേ അതിൻെറ മൂല്യങ്ങളും വീക്ഷണഗതിയും സ്വീകരിച്ചതായി അഭിമാനിയ്ക്കുന്നുള്ളു. ഇക്കൂട്ടരാണ് ഇന്നു സമുദായത്തിൻെറ നേതൃത്വം വഹിയ്ക്കുന്നത്. പക്ഷേ അവക്ക് മനസ്സിലാകുമെന്നും നല്ലതെന്നും തോന്നുന്ന കാര്യങ്ങാം ബാക്കിയുള്ള മുവായിരത്തി അറുനൂറിൽ ചില്വാനം ലക്ഷത്തിനും മനസ്സിലാകുമെന്നും, നല്ലതാകുമെന്നും, അനുക്തസിദ്ധമെന്നപോലെ, വാദിയ്ക്കുന്നത് അപകടമാണ്.

ഇന്ത്യാക്കാരെ മുഴുവനും യൂറോപ്പിൻെറ ഭാഷാശീലങ്ങളും സംസ്കാരപാരമ്പര്യങ്ങളും പഠിപ്പിയ്ക്കാമെങ്കിൽ, ഒരു പക്ഷേ, ഈ രാജ്യത്തു ഒരു ശാസ്ത്രീയയുഗം ആവിർഭവിച്ചെന്നുവരാം. പക്ഷേ, എങ്ങിനെ പഠിപ്പിയ്ക്കാനാണ്? ഇരുനൂറു കൊല്ലത്തെ യത്നത്തിനുശേഷവും, ഓക്സ്ഫോഡിലെയും കേംബ്രിഡ്ജിലെയും പരിശീലനം കഴിഞ്ഞിട്ടുപോലും, ഇന്നാട്ടിലെ അഭിജ്ഞന്മാർ സംസാരിയ്ക്കുന്നത് ഇന്ത്യൻ ഇംഗ്ലീഷാണെന്നും അവക്ക് ശാസ്ത്രീയമനോഭാവം കൈവന്നിട്ടില്ലെന്നും പാശ്ചാത്യനിരീക്ഷകന്മാക്ക് ആക്ഷേപമുണ്ട്. അതുകൊണ്ട് എങ്ങനെയാണ് ഇത്ര വളരെ ആളുകാംക്ക് ശാസ്ത്രജ്ഞാനം നല്കുന്നതെന്നുള്ളത് ഒരു ഭയങ്കരപ്രശ്നമാണ്. ഇംഗ്ലീഷിലോ നാട്ടുഭാഷയിലോ രണ്ടും കൂട്ടിക്കലത്തിയ പുതിയ മണിപ്രവാളത്തിലോ കൂടി, വിദ്യാലയങ്ങാംവഴിക്കോ ശാസ്ത്രസാഹിത്യഗ്രന്ഥങ്ങാംവഴിക്കോ, അതു നല്കാമെന്നു സങ്കല്പിച്ചാൽത്തന്നെയും എന്തിനാണ് എന്ന പ്രശ്നം പിന്നെയും ശേഷിയ്ക്കും. പാശ്ചാത്യരാഷ്ട്രങ്ങാംക്ക് നാലഞ്ചു നൂററാണ്ടുകാംക്കുള്ളിൽ മററുള്ളവരെ ചൂഷണംചെയ്തുകൊണ്ടുണ്ടായ ഉൽക്കർഷത്തിൽ ഭ്രമിച്ച് നിശ്ചയിയ്ക്കേണ്ട ഒരു കാര്യമല്ലിത്. ശാസ്ത്രവും ഭാഷയും വാഗൎത്ഥങ്ങാംപോലെതന്നെ സംപൃക്തങ്ങ

Digitized by Kerala Sahitya Akademi

ളാണ്. ഭാഷ സംസ്കാരപാരമ്പര്യങ്ങളുടെ ബഹിസ്സുരണവുമാകുന്നു. അതുകൊണ്ട് ഇന്നു നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നം പാശ്ചാത്യശാസ്ത്രം ഏതു ഭാഷയിൽ പഠിക്കണമെന്നതല്ല. ഏതു സംസ്കാരമാണ് നാം പുലർത്തുവാനും പുഷ്ടിപ്പെടുത്തുവാനും ഉദ്ദേശിക്കുന്നതു് എന്നുള്ളതാണ്. ഇക്കാര്യത്തിൽ ഭാരതീയർക്ക് രണ്ട് ഉത്തരങ്ങൾ നല്കുവാനുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല.

(1957 ഒക്ടോബർ 3—ാംനു- കോട്ടയത്തു സമസ്തകേരള സാഹിത്യ പരിഷത്തിൻെറ ശാസ്ത്രസാഹിത്യസമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷ പ്രസംഗം.)

Digitized by Kerala Sahitya Akademi

13

# രക്ഷാമാർഗ്ഗം

**അ**മിതമായ പരിഷ്കരണം ആപല്ക്കരമാണെന്നാണ് ജന്തുലോകത്തിന്റെ പൂർവ്വചരിത്രം തെളിയിക്കുന്നത്. അനുകൂലമായ പരിതസ്ഥിതികൾക്ക് അനുസരണമായി ശരീരത്തിന്റെ ഘടനയും ജീവിതരീതിയും പരിഷ്കരിച്ച് ഇതരജന്തുക്കളേക്കാൾ സമർത്ഥങ്ങളായി ഭൂമുഖത്ത് അഭ്രുത പൂർവ്വമായ പ്രാമാണ്യം നേടിയ എത്രയോ ജന്തുവർഗ്ഗങ്ങൾ കാലം മാറുകയും പരിതസ്ഥിതികൾക്കു വമ്പിച്ച വ്യത്യാസങ്ങൾ സംഭവിക്കുകയും ചെയ്തപ്പോൾ വംശം പുലർത്തുവാൻ കഴിയാതെ, വളരെവേഗം നശിച്ചുപോയതായി കാണുന്നു. ജീവജാലത്തിന്റെ ദീർഘചരിത്രം ഇങ്ങനെയുണ്ടായ വംശച്ഛേദങ്ങളാൽ നിറയപ്പെട്ടതാണ്. ഭൂമുഖത്തു ജന്തുവർഗ്ഗങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന ചുററുപാടുകൾ എന്നും ഒരേ തരത്തിൽ നില്ക്കുന്നവയല്ല. ഭൗമവും അഭൗമവുമായ കാരണങ്ങളാൽ അവയ്ക്ക് അടിക്കടി മാററങ്ങളുണ്ടാകുന്നു. സ്ഥലജലങ്ങളുടെ കിടപ്പും ശീതോഷ്ണസ്ഥിതികളും എല്ലാം മാറിപ്പോകുന്നു. ഋതുക്കൾതോറുമോ, വർഷങ്ങൾതോറുമോ, ശതവർഷങ്ങൾതോറുമോ ഉണ്ടാകാറുള്ള മാററങ്ങളെക്കുറിച്ചല്ല പറയുന്നത്. അനേകലക്ഷം വർഷങ്ങൾകൊണ്ടു വന്നുകൂടുന്ന വൻപിച്ച മാററങ്ങളെക്കുറിച്ചാണ്. ഇവയാണ് ജീവജാലത്തിന്റെ ചരിത്രത്തിൽ പ്രാധാന്യമർഹിക്കുന്നത്. അതിദീർഘമായ ചരിത്രം പരിശോധിക്കുമ്പോൾ പത്തുലക്ഷം സംവത്സരമെന്ന

Digitized by Kerala Sahitya Akademi

അളവുകോലാണ് ശാസ്ത്രജ്ഞന്മാർ സ്വീകരിക്കുന്നത്. ഈ വീക്ഷണകോടിയിൽനിന്നു നോക്കുമ്പോൾ, സുസ്ഥിരങ്ങളെന്നും അചലങ്ങളെന്നും പറയപ്പെടുന്ന പർവ്വതപംക്തികൾപോലും അതീവ ചഞ്ചലങ്ങളായിത്തീരുന്നു. അവ കടൽപ്പുറത്തെ മണൽക്കുന്നുകൾപോലെ 'ക്ഷണേന' പൊങ്ങിവരുകയും ഇല്ലാതാവുകയും, ചെയ്യുന്നു. വലിയ ഭൂഖണ്ഡങ്ങൾതന്നെ കടലിൽ താണുപോകുന്നു. കടൽ വററി അതിവിശാലമായ സ്ഥലവിഭാഗങ്ങൾ നികന്നുവരുന്നു. സുഖോഷ്ണളമായിരുന്ന കാലാവസ്ഥ സമസ്തചരാചരങ്ങളെയും മരവിപ്പിക്കുന്ന കൊടുംതണുപ്പായി മാറുന്നു. ഇത്തരം മാററങ്ങളാണ് ജന്തുവർഗ്ഗങ്ങളുടെ ഭാഗധേയത്തെ ഗാഢമായി ബാധിക്കുന്നതു്.

അനുകൂലമായ ചുററുപാടുകളിൽ അതിസമർത്ഥമായി ജീവിതം നയിക്കുന്ന ഒരു ജന്തുവർഗ്ഗം ഇപ്പറഞ്ഞതുപോലെയുള്ള സ്ഥിതിവിപര്യയങ്ങളെ അഭിമുഖീകരിക്കുമ്പോൾ വിഷമിച്ചുപോകുമെന്നുള്ളതു തീർച്ചയാണ്. ചൂടുള്ള ചുററുപാടുകളിൽ സമർത്ഥമായി ജീവിക്കുന്നതിനുവേണ്ടി രൂപവൽകൃതമായ ശരീരഘടനയോടുകൂടിയ ജന്തുവർഗ്ഗം കൊടുംതണുപ്പിൽ മരവിച്ചുപോകും. നെടുനാളത്തെ ശ്രമംകൊണ്ടു, എണ്ണമററ തലമുറകൾക്കുശേഷം, ശരീരഘടനകൾ അഴിച്ചുപണിയാൻ ജന്തുവർഗ്ഗങ്ങൾക്കു കഴിയാറുണ്ട്. ഈ കഴിവിൻെറ ഫലമായുണ്ടാകുന്ന പ്രതിഭാസംതന്നെയാണ് പരിണാമം. പക്ഷേ അത്യധികം പരിഷ്കരിക്കപ്പെട്ടുപോയ ശരീരങ്ങൾ അഴിച്ചുപണിയുന്നത് അസാദ്ധ്യമാണ്. പക്ഷികളുടെ കാര്യം നോക്കുക. ആകാശസഞ്ചാരത്തിനുവേണ്ടി അത്യധികം പരിഷ്കരിക്കപ്പെട്ട ശരീരഘടനയോടുകൂടിയ ഒരു ജന്തുവർഗ്ഗമാണവ. പറന്നുനടക്കുന്ന ജീവിതരീതിക്കു് അവയെക്കാൾ സമർത്ഥങ്ങളായ ജന്തുക്കളുമില്ല. പക്ഷെ ചുററുപാടുകൾക്കു മാററമു

Digitized by Kerala Sahitya Akademi

ണ്ടായി, പറന്നുനടക്കുന്നതു പന്തിയല്ലെന്ന നിലവന്നാൽ അവയുടെ ഗതിയെന്താകുമെന്ന് ആലോചിച്ചുനോക്കുക. ഇടതടവില്ലാതെ മഞ്ഞു പൊഴിയുകയും മഴ പെയ്യുകയും ചെയ്യുന്ന ഒരു കാലാവസ്ഥ വന്നുകൂടെന്നില്ല. ഭൂമിയുടെ ചരിത്രത്തിൽ അങ്ങിനെയുള്ള കാലഘട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതു സംഭവിച്ചാൽ പക്ഷികളുടെ കാര്യം കഷ്ടത്തിലാകും. ആഹാരം സമ്പാദിയ്ക്കുവാനും, ശത്രുക്കളിൽനിന്നു രക്ഷ നേടുവാനും, മുട്ടവിരിയ്ക്കുവാനും ഒന്നും അവയ്ക്കു കഴിയാതെ വരും. മററു ജന്തുക്കളെപ്പോലെ മണ്ണിന്നടിയിലും ഗുഹകൾക്കകത്തും അഭയം തേടി പാടെ വിഭിന്നമായ ജീവിതരീതികൾ സ്വീകരിയ്ക്കുവാൻതക്കവണ്ണം രൂപപരിവർത്തനം സാധിയ്ക്കുവാൻ അവയ്ക്കു കഴിവുണ്ടാകുമെന്നു പ്രതീക്ഷിയ്ക്കുവാൻ പ്രയാസമാണ്. മുൻകാലുകൾ രണ്ടും മറെറാന്നിനും കൊള്ളാത്ത ചിറകായി രൂപാന്തരപ്പെട്ടുപോയി. തലയ്ക്കും തലച്ചോറിനും അസ്ഥികൂടത്തിനും പ്രത്യൽപാദന സമ്പ്രദായത്തിനും എല്ലാം ഇന്നത്തെ ജീവിതരീതിയ്ക്കു് അനുരൂപമായ വിധത്തിൽ അമിതമായ പരിഷ്കരണങ്ങളും വന്നുകഴിഞ്ഞു. ഇതെല്ലാം ഉപേക്ഷിച്ചു, ജീവിതത്തിൻെറ അലകും പിടിയും മാറി, പുതിയ ഒരു ചുററുപാടിൽ, ഹരിഃ ശ്രീ എന്നു വീണ്ടും തുടങ്ങുന്നതു് അസാധ്യമായ കാര്യമാണ്. അമിതമായ പരിഷ്കരണത്തിൻെറയും അതിസാമർത്ഥ്യത്തിൻെറയും ഇരുണ്ട വശം ഇതാകുന്നു. പരിണാമത്തിൻെറ ദീർഘകാലസാധ്യതകൾക്കും സംഭാവ്യതകൾക്കും എതിരേ നോക്കുമ്പോൾ അതിസാമർത്ഥ്യങ്ങളും ശീഘ്രവിജയങ്ങളും ആപല്ക്കരങ്ങളാണ്. കാലം മാറുമ്പോൾ അവ ജന്തുവർഗ്ഗങ്ങളെ നാശത്തിൽ പെടുത്തുന്നു.

അത്യധികമായ രൂപപരിഷ്കരണങ്ങൾ അടഞ്ഞ മാർഗ്ഗങ്ങളാണെന്നാണ് പരിണാമശാസ്ത്രജ്ഞന്മാർ കരുതുന്ന

Digitized by Kerala Sahitya Akademi

ത്. ശരീരത്തിൻെറ അടിസ്ഥാനശില്പത്തിൽ സാരമായ പരിവൎത്തനങ്ങൾക്കൊന്നും വഴിപ്പെടാതെ, ശീഘ്രവിജയത്തിൻെറ പ്രലോഭനങ്ങളാൽ കബളിതമാകാതെ, കഴിയുന്ന ജന്തുവൎഗ്ഗങ്ങൾക്കു മാത്രമേ പരിണാമസരണിയിൽ രക്ഷയുള്ളു എന്ന് അവർ വാദിക്കുന്നു. പരിഷ്കൃതവൎഗ്ഗങ്ങൾ, പരിണാമദൃഷ്ട്യാ, ശപിക്കപ്പെട്ടവയാണെന്നും, അകപ്പെട്ടു പോയ അടഞ്ഞ മാൎഗ്ഗങ്ങളിൽനിന്ന് അവയ്ക്കു മോചനം സാധ്യമല്ലെന്നും ഉള്ള ഈ അഭിപ്രായം ജീവശാസ്ത്രത്തിൽ പൊതുവെ അംഗീകരിച്ചതുമാണ്. എങ്കിലും അടുത്തകാലത്തു, ചില ശാസ്ത്രജ്ഞന്മാർ ജന്തുവൎഗ്ഗങ്ങൾക്കുണ്ടാകുന്ന ഈ ദുർഘടത്തിൽനിന്നു രക്ഷ നേടാനുള്ള ഒരു ഉപായം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിതാണ്: ശൈശവദശയെ വലിച്ചുനീട്ടി, ആ നിലയിൽത്തന്നെ സന്താനോല്പാദനത്തിനു ശക്തിനേടി, പ്രായപൂൎത്തിയിൽ വന്നുകൂടുന്ന രൂപപരിഷ്കൃതികൾ ഉപേക്ഷിച്ച്, ഒരു ജന്തുവൎഗ്ഗം മറെറാന്നായി പരിണമിക്കാറുണ്ട്. മെക്സിക്കോ രാജ്യത്തുള്ളതും തവളയുടെ വൎഗ്ഗത്തിൽപെട്ടതുമായ ഒരു ജന്തു ഈ പ്രതിഭാസത്തിനു് ഉദാഹരണമാണ്. അന്യരാജ്യങ്ങളിലുള്ള അതിൻെറ ബന്ധുക്കൾ വളൎച്ച പൂൎത്തിയാകുമ്പോൾ കരയ്ക്കാണ് ജീവിക്കുന്നത്. തവളയുടെ സമ്പ്രദായവും അതാണല്ലോ. ശൈശവദശയിൽ ഒരു ജലജന്തുവായി ജീവിച്ചശേഷം ഒടുവിൽ അതു കരയ്ക്കു കയറുന്നു. എന്നാൽ മെക്സിക്കോയിൽ കാണുന്ന പ്രസ്തുത ജന്തു ജലജീവിതം ഉപേക്ഷിക്കുന്നില്ല. അതു ഒരു ജലജന്തുവായിത്തന്നെ—അതായത് ശൈശവരൂപത്തിൽതന്നെ—ആയുഷ്കാലം പൂൎത്തിയാക്കുകയും സന്താനോല്പാദനം നടത്തുകയുംചെയ്യുന്നു. പണ്ട് ആ രാജ്യത്തുണ്ടായിരുന്ന ആസ്ടെക്കുവൎഗ്ഗക്കാർ നല്കിയ പേരിനാൽതന്നെയാണ് ഈ വിചിത്രജന്തു ഇന്നും അറിയപ്പെടുന്നത്—ആക്സോലോട്ടൽ. അത് ഉദാഹരിക്കുന്ന

Digitized by Kerala Sahitya Akademi

ഉപായം അമിതമായ പരിഷ്കരണത്തിൽനിന്നുള്ള പോംവഴിയാണ്. പ്രധാനപ്പെട്ട പല ജന്തുവർഗ്ഗങ്ങളും, പൂർവ്വകാലത്ത്, ഈ വഴിയ്ക്കാണ് ആവിർഭവിച്ചതെന്ന് ഈ ശാസ്ത്രജ്ഞന്മാർ അഭ്യൂഹിയ്ക്കുന്നു. കുരങ്ങുകളുടെ തായ്‌വഴിയിൽനിന്ന് മനുഷ്യൻ ഉണ്ടായതും ഈ വിധത്തിലാണെന്നു വിചാരിയ്ക്കുവാൻ ന്യായമുണ്ട്. മനുഷ്യനും കുരങ്ങിനും തമ്മിലുള്ള സാദൃശ്യം എല്ലാവർക്കും അറിയാവുന്നതാണ്. പരിണാമം എന്ന ആശയത്തെ വെറുക്കുന്നവർപോലും കുരങ്ങിനെക്കാണുമ്പോൾ സംശയാലുക്കളാകുന്നു. കുരങ്ങിന്റെ ഭ്രൂണത്തിനും മനുഷ്യനും തമ്മിലുള്ള സാദൃശ്യം ഇതിനെക്കാൾ എത്രയോ കൂടുതലാണ്. അവയവങ്ങളുടെ അനുപാതം, മുഖത്തിന്റെ ആകൃതി, ശരീരത്തിന്റെ രോമഹീനത എന്നിങ്ങനെ പല കാര്യങ്ങളിലും അവയ്ക്കുതമ്മിൽ അത്ഭുതകരമായ അടുപ്പമുണ്ട്. ഈ വസ്തുതകളെ ആസ്പദമാക്കി, ഭ്രൂണലക്ഷണങ്ങൾ കൈവിടാതെ ആയുഷ്പരിധിയെത്തുകയും, ആക്സോലോട്ടലിനെപ്പോലെ ആ നിലയിൽത്തന്നെ സന്താനോല്പാദനം നടത്തുകയുംചെയ്യുന്ന കുരങ്ങുതന്നെയാണ് മനുഷ്യൻ എന്നു ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഈ പ്രതിഭാസത്തിനു ഭ്രൂണീകരണം എന്നാണ് പേർ പറയുന്നത്. ഇതുമൂലം പണ്ടുകാലത്തു, വാനരവംശത്തിന്റെ ഒരു ശാഖയ്ക്കു പ്രായപൂർത്തിയിലുണ്ടാകുന്ന മർക്കടസ്വഭാവങ്ങൾ കൈവെടിയാനും മനുഷ്യൻ എന്ന ഒരു പുതിയ വർഗ്ഗമായി പരിണമിയ്ക്കുവാനും സാധിച്ചു. ചുററുപാടുകളുടെ പ്രത്യേകതകൾമൂലം താനേ ഉണ്ടായ ഒരു പരിവർത്തനമാണിത്. മനുഷ്യനെസംബന്ധിച്ചേടത്തോളം പരിണാമത്തിന്റെ അടുത്ത പടിയും ഈ വിധത്തിൽ സംഭവിച്ചുകൂടെന്നില്ല. അതു പക്ഷെ മനഃപൂർവ്വം വരുത്തേണ്ട മാററമാണ്. എന്തെന്നാൽ ജന്തുക്കളുടെ ഇടയ്ക്കു പരിണാമത്തിന് ഇടയാക്കുന്ന ഉപാധിക

Digitized by Kerala Sahitya Akademi

ളെയെല്ലാം മനുഷ്യൻ നിയന്ത്രണാധീനമാക്കിക്കഴിഞ്ഞു. മനുഷ്യവർഗ്ഗത്തിൻെറ സവിശേഷതകഠം മാനസികങ്ങളാകയാൽ ഈ ആഭ്യന്തരമണ്ഡലത്തിൽ മാത്രമേ കാര്യമായ പുതുമസ്സു വകയുമുള്ളു. അവിടെ വരുത്തേണ്ട പരിവത്തനങ്ങളെക്കുറിച്ചു ഉപദേഷ്ടാക്കളുടെ ഇടയ്ക്കു് ഏകാഭിപ്രായമില്ല. നീററ്ഷയെപ്പോലുള്ള ചിന്തകന്മാർ പ്രതാപശാലിയായ ഒരു അതിമാനുഷവർഗ്ഗത്തിൻെറ ആവിർഭാവത്തിനുവേണ്ടി യത്നിയ്ക്കണമെന്നാണ് നിർദ്ദേശിച്ചത്. ലോകാചാര്യന്മാരായി ആരാധിയ്ക്കപ്പെടുന്ന മഹാപുരുഷന്മാരാകട്ടെ, ആദ്ധ്യാത്മികമായ ഉൽഗതിയ്ക്കുവേണ്ടി ശ്രമിയ്ക്കണമെന്ന് ഉപദേശിയ്ക്കുന്നു. ഇതിൽ ഏതാണ് കാമ്യമെന്നു മനുഷ്യവർഗ്ഗത്തിനു ഇനിയും തീർച്ചയായിട്ടില്ല. ഏതായാലും ഒരു കാര്യം അത്ഭുതകരമാണ്. താൻ പ്രവചിച്ച ലക്ഷ്യത്തെ പ്രാപിയ്ക്കുവാനുള്ള ഉപായങ്ങളെപ്പററി പറഞ്ഞ കൂട്ടത്തിൽ ക്രിസ്തുഭഗവാൻ ജീവശാസ്ത്രപരമായ ഈ നൂതനതത്വത്തെക്കുറിച്ചുള്ള ഉപദർശനവും ഉഠക്കൊള്ളിച്ചതുപോലെ തോന്നിപ്പോകുന്നു.

''നിങ്ങഠം ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങഠംക്കു ദൈവരാജ്യത്തിൽ പ്രവേശനമില്ല.''

Digitized by Kerala Sahitya Akademi

14

# ഉയന്നതും താണതും

ജീവജാലത്തെപ്പററി പ്രതിപാദിയ്ക്കുമ്പോഠം പല പ്പോഴും ഉയന്ന ജന്തുക്കളെന്നും താണ ജന്തുക്കളെന്നും ഉള്ള വിശേഷണങ്ങഠം ശാസ്ത്രജ്ഞന്മാർ ഉപയോഗിക്കാറുണ്ട്. മനുഷ്യനും കുരങ്ങും അവയെപ്പോലെ കുഞ്ഞുങ്ങളെ ജീവ നോടെ പ്രസവിച്ച് മുലകൊടുത്തു വളത്തുന്ന മററു ജന്തു ക്കളും ഉയന്ന വഗ്ഗങ്ങളാണ്. ഇഴജന്തുക്കളും തവളയും മത്സ്യങ്ങളും എല്ലാം താണവയാണ്; എന്നൊക്കെ പറയു മ്പോഠം അതിനു ശരിയായ ശാസ്ത്രീയാസ്പദം ഉണ്ടോ എന്നു പലരും സംശയിക്കാറുണ്ട്. മനുഷ്യൻെറ മേന്മയെപ്പററി യുള്ള മിഥ്യാഭിമാനം മാത്രമാണ് ഇത്തരം സൂചനകഠംക്കു പിന്നിലുള്ളതെന്നും, എല്ലാ ജന്തുക്കളും യഥാസുഖം ജീവി യ്ക്കുന്നു, അല്ലെങ്കിൽ ജീവിയ്ക്കാൻ ശ്രമിയ്ക്കുന്നു, എന്നല്ലാതെ ഒന്ന് മറെറാന്നിനേക്കാഠം മേന്മയുള്ളതാണെന്നും മററും പറയുവാൻ ന്യായമില്ലെന്നും തോന്നാവുന്നതാണ്. ജീവി കളുടെ ഭൂതകാലചരിത്രം ഉദ്ധരിച്ചതുകൊണ്ടോ പരിണാ മത്തിൻെറ ഫലമായി അവയ്ക്കു സിദ്ധിച്ചിട്ടുള്ള പുതുമ കഠം വിവരിച്ചതുകൊണ്ടോ ഒന്നും ഇന്നുള്ള ജന്തുവഗ്ഗങ്ങ ളുടെ ഉച്ചനീചത്വങ്ങഠം സ്ഥാപിയ്ക്കുവാൻ സാധ്യമല്ലെന്നും ചില വിമൾശകന്മാർ വാദിയ്ക്കുന്നു. പൂവ്വചരിത്രം എന്താ യാലും മനുഷ്യനോടൊപ്പം മത്സ്യവും ജീവിയ്ക്കുന്നില്ലേ എന്നാണ് അവർ ചോദിയ്ക്കുന്നത്. രണ്ടുതരം ജന്തുക്കളും താന്താങ്ങളുടെ ചുററുപാടുകളായി പൊരുത്തപ്പെട്ടു, ഭിന്ന

Digitized by Kerala Sahitya Akademi

ങ്ങളായ ജീവിതരീതികൾക്ക് അനുയോജ്യമായ ശരീരങ്ങളോടെ ജീവിക്കുന്നു. ഇതിൽ ''മേലുകീഴെ''വിടെ?

ഈ സംശയങ്ങൾ ഉണ്ടാകുന്നതിൽ അതിശയിക്കാനില്ല. എങ്കിലും ദുരഭിമാനമോ മിഥ്യാസങ്കല്പങ്ങളോ മൂലമല്ല ശാസ്ത്രജ്ഞൻ ഇങ്ങിനെയുള്ള ഉച്ചനീചത്വങ്ങൾ കല്പിക്കുന്നത്. ഈ നിർവ്വചനങ്ങൾക്കു ശാസ്ത്രീയമായ അടിസ്ഥാനങ്ങളുണ്ട്. അവയിൽ ഒന്നുമാത്രം ഇവിടെ വിവരിക്കാം.

മനുഷ്യനോടൊപ്പം മററുള്ള ജന്തുക്കളും ജീവിക്കുന്നു എന്നു പറഞ്ഞുവല്ലോ. എങ്ങിനെയാണ് ജീവിക്കുന്നത്? ''ജീവിക്കലി''ൻെറ മുഖ്യവൃത്തിയെന്താണ്? അതിനെ സ്ഥൂലമായിട്ടെങ്കിലും അളക്കുവാൻ സാധിക്കുമോ? എന്നു നോക്കാം. ജന്തുക്കളുടെ ആദ്യത്തെ ആവശ്യം ആഹാരമാണ്. വളച്ച്യ്ക്കും ശരീരചേഷ്ടയ്ക്കും വേണ്ട വസ്തുവും ശക്തിയും ആഹാരത്തിൽ നിന്നാണ് അവയ്ക്കു ലഭിക്കുന്നത്. ആഹാരം ബാഹ്യലോകത്തിൽ നിന്നു കിട്ടുന്ന വസ്തുക്കളാണ്. ഇതിൽ ഒരംശം ജന്തുശരീരത്തിൽ ജീവവസ്തുവായി ഉരുകിച്ചേരുന്നു. കാണുവാൻപോലും കഴിയാത്ത ഭ്രൂണാവസ്ഥയിൽനിന്നു പൂർണ്ണരൂപം പ്രാപിക്കുന്നതുവരെയുള്ള കാലത്തു, ഇങ്ങനെ ബാഹ്യവസ്തുക്കൾ ജീവശരീരമായിത്തീരുന്ന പരിവർത്തനം, മററുള്ളപ്പോഴത്തെക്കാൾ, അധികമായ തോതിൽ നടക്കുന്നുണ്ട്. ''നീ മണ്ണാണ്; മണ്ണിൽ ലയിക്കുകയും ചെയ്യും'' എന്ന ചൊല്ലു അടിസ്ഥാനഭൂതമായ ഒരു ജീവശാസ്ത്രപരമാർത്ഥമാണ്. ഭൂമുഖത്തു കാണുന്ന സകല ജീവികളും ഇങ്ങനെ ബാഹ്യവസ്തുക്കളെ ജീവവസ്തുവായി രൂപാന്തരപ്പെടുത്തിയിട്ടുള്ളവയും പെടുത്തിക്കൊണ്ടിരിക്കുന്നവയും ആയ അത്ഭുത യന്ത്രങ്ങളാകുന്നു. ഇതാണ് ''ജീവിക്കലി''ൻെറ മുഖ്യവൃത്തി. ഓരോ ജന്തു

Digitized by Kerala Sahitya Akademi

വിലും ചെടിയിലും നമുക്കിതു അതിസൂക്ഷ്മമായി അളക്കു വാനും സാധിയ്ക്കും. പക്ഷേ നാമിവിടെ ജന്തുവ്യക്തിക ളെയല്ല ജന്തുവർഗ്ഗങ്ങളെയാണ് പരിഗണിയ്ക്കുന്നത്. വർഗ്ഗ ങ്ങളെ ഉയർന്നവയെന്നും താണവയെന്നും ഗണിയ്ക്കുവാൻ എന്തെങ്കിലും ആധാരമുണ്ടോ എന്നാണ് അന്വേഷിയ്ക്കു ന്നത്. ജീവികളുടെ മററു ലക്ഷണങ്ങളും സ്വഭാവങ്ങളും വൈഭവങ്ങളും നിൽക്കട്ടെ. അതെല്ലാം ഇപ്പറഞ്ഞ മൗലി കമായ ജീവിതവൃത്തിയെ ആശ്രയിച്ചു നില്ക്കുന്നവയാ ണ്; ആനുഷംഗികങ്ങളാണ്. അവയ്ക്കു തമ്മിൽ തമ്മിൽ വളരെ വ്യത്യാസം കാണും. മത്സ്യത്തിനു വെള്ളത്തിലേ ജീവിയ്ക്കാവൂ; മനുഷ്യൻ കരയ്ക്കു ജീവിയ്ക്കുന്നു; പക്ഷി ആ കാശത്തിൽ പറക്കുന്നു. പട്ടിയുടെ കണ്ണുകൾക്കു കറുപ്പും വെളുപ്പും മാത്രമേ തിരിച്ചറിയാൻ കഴിവുള്ളു. മനുഷ്യനു എല്ലാ നിറങ്ങളും കാണാം. മനുഷ്യനു കേൾക്കാൻ കഴി യാത്ത ശബ്ദങ്ങൾ വാവലിന് കേൾക്കാം. ഇങ്ങിനെ യുള്ള ജീവിതഭാവങ്ങളിൽ ഒന്നു മറെറാന്നിനേക്കാൾ മെച്ച മെന്നോ മോശമെന്നോ പറയുന്നതു വളരെ സൂക്ഷിച്ചു വേണ്ടിയിരിയ്ക്കുന്നു. അതുകൊണ്ടാണ് അങ്ങിനെയുള്ള കാര്യങ്ങൾ നില്ക്കട്ടെ എന്നു പറഞ്ഞത്.

മൗലികമായ ജീവിതവ്യാപാരത്തിൻെറ കാര്യത്തിൽ ജന്തുവിഭാഗങ്ങൾക്കു തമ്മിൽ വളരെ വ്യത്യാസം കാണു ന്നുണ്ട്. ഏതെങ്കിലും ഒരു ജന്തുവർഗ്ഗത്തിൽ ആകെയുള്ള വ്യക്തികളുടെ മൊത്തത്തിലുള്ള തൂക്കം അതിൻെറ ഈ ജീവിതവൃത്തിയുടെ അളവായി കണക്കാക്കാം. മനുഷ്യ ൻെറ മാതൃകയിലുള്ള ജീവയന്ത്രത്തിന് എന്തു മാത്രം ബാഹ്യവസ്തുവിനെ ജീവവസ്തുവായി രൂപാന്തരപ്പെടുത്താ മെന്നാണു ഭൂമുഖത്തു മൊത്തത്തിലുള്ള മനുഷ്യമാംസത്തി ൻെറ പരിമാണം കാണിക്കുന്നത്. ഇതുപോലെയുള്ള അളവു മററു ജന്തുവിഭാഗങ്ങളെക്കുറിച്ചും കണക്കാക്കി

Digitized by Kerala Sahitya Akademi

യെടുത്തു താരതമ്യപ്പെടുത്തിയാൽ ഏതു മാതൃകയിലുള്ള ജീവയന്ത്രമാണു കൂടുതൽ സമത്ഥമായി പ്രവത്തിക്കുന്നതെന്നു കണ്ടുപിടിക്കാം. പ്രാഥമികമായ ജീവിതവൃത്തിയിലുള്ള കൂടുതൽ കുറവുകളാം മേന്മയും താഴ്മയും ആസ്പദമായി സ്വീകരിക്കാവുന്നതാണ്. ആരുമാരും തെരഞ്ഞെടുക്കാതെ കിട്ടിയ ഒരേ രംഗഭൂവിൽ ആരാണ് കൂടുതൽ സാമത്ഥ്യം പ്രദശിപ്പിക്കുന്നതെന്നുള്ള ഈ പരീക്ഷണത്തിൽ അനീതിയൊന്നും അന്തർഭവിക്കുന്നില്ല. എല്ലാവരെയും തുല്യനിലയിലാണു പരീക്ഷിക്കുന്നത്.

ഫിഷർ എന്ന ശാസ്ത്രജ്ഞൻ ഈ വഴിക്കു നടത്തിയ ഒരു നിരീക്ഷണത്തിൻെറ ഫലം വിവരിക്കാം. അദ്ദേഹം പക്ഷികളെയും മുലപ്പാലുള്ള ജന്തുവിഭാഗത്തെയും (സസ്തനികളാം) ആണ് താരതമ്യപ്പെടുത്തിയത്. ജന്തുശാസ്ത്രത്തിൻെറ ദൃഷ്ടിയിൽ പക്ഷിയും, സസ്തനിയും ഭിന്നമാതൃകയിലുള്ള രണ്ടു ജീവയന്ത്രങ്ങളാണ്. ഇവയിൽ പക്ഷി മററതിനെ അപേക്ഷിച്ച്, താണ വഗ്ഗമായിട്ടാണ് ഗണിക്കപ്പെടുന്നത്. പരിണാമത്തിൻെറ വീക്ഷണഗതിയിൽ നിന്നും, ശരീരഘടനയുടെയും ധമ്മങ്ങളുടെയും വൈചിത്ര്യത്തെ ആസ്പദമാക്കിയും, ഉള്ള അനുമാനമാണിത്. ഈ അനുമാനത്തെയാണ് ഫിഷർ മേൽപറഞ്ഞ രീതിയിൽ പരിശോധിച്ചത്. പക്ഷികളുടെ ജനസംഖ്യ എടുക്കുന്നതു് എളുപ്പമല്ല. എങ്കിലും പല സ്ഥലങ്ങളിലുംനിന്നു ലഭിച്ച ശരാശരി സംഖ്യയെ ആസ്പദമാക്കി ഭൂമുഖത്തു ആകെ പതിനായിരം കോടി (10000,00,00,000) പക്ഷികളുണ്ടെന്ന് അദ്ദേഹം കണക്കാക്കി. ഇതൊരു ഊഹമാണ്. എങ്കിലും ഒരു അൻപതു ശതമാനത്തിൽ കൂടുതൽ തെററു വരാനിടയില്ല. വളരെ വലിയ ഒരു സംഖ്യയാണിത്. എങ്കിലും പക്ഷിജീവിതത്തിൻെറ മൊത്തത്തിലുള്ള ഭൗതികഫലം ഇതാകുന്നു. ഇതു ഭൂമിയിൽ ആകെയുള്ള ഇരുന്നൂ

Digitized by Kerala Sahitya Akademi

റുകോടി (200,00,00,000) മനുഷ്യരുടെ ജീവിതവ്യാപാര ഫലത്തിൽനിന്നു വളരെയൊന്നും വ്യത്യസ്തമല്ല. ഭൂമിയിൽ ആകെയുള്ള പക്ഷിമാംസത്തിൻെറ തൂക്കവും മനുഷ്യമാംസത്തിൻെറ തൂക്കവും ഏകദേശം തുല്യമാണെന്നു പറയാം. വലുതും ചെറുതുമായ പക്ഷികളുടെ ശരാശരി എടുത്താൽ ഒരു പക്ഷിയ്ക്കു് ഒരു മനുഷ്യൻെറ അൻപതിലൊരംശം തൂക്കമേ കാണുകയുള്ളു. അങ്ങിനെ പതിനായിരം കോടി പക്ഷികളും ഇരുനൂറുകോടി മനുഷ്യരും പ്രാഥമികമായ ജീവിതവൃത്തിയിൽ തുല്യരാണ്. പക്ഷേ മനുഷ്യൻ സസ്തനികളിൽ ഒരു ജാതി മാത്രമാണ്. മററു സസ്തനിജാതികൾ ആയിരക്കണക്കിലുണ്ടു്—ആനയും തിമിംഗലവും കന്നുകാലികളും പട്ടിയും പൂച്ചയും എലിയും മുയലും കരടിയും പന്നിയും എല്ലാം സസ്തനികളാണ്. ഇവയുടെയൊന്നും കണക്ക് ഇവിടെ കൂട്ടിയിട്ടില്ല. ആറോ ഏഴോ ആയിരം ജാതി സസ്തനികളുള്ളതിൽ ഒന്നു മാത്രമായ മനുഷ്യൻെറ കാര്യം മാത്രമേ പരിഗണിച്ചുള്ളു. അതാണ് സമസ്തജാതി പക്ഷികൾക്കും തുല്യമാണെന്നു കണ്ടത്. അതുകൊണ്ടു സസ്തനികൾ പക്ഷികളെക്കാൾ കൂടുതൽ സമർത്ഥമായ—ഉയർന്ന—ജന്തുക്കളാണെന്നു പറയുന്നതിൽ തെററില്ല; അവയ്ക്കു പക്ഷികളെക്കാൾ എത്രയോ അധികമായ തോതിൽ ബാഹ്യലോകത്തിലെ വസ്തുക്കളെ ജീവവസ്തുവായി രൂപാന്തരപ്പെടുത്തുവാൻ കഴിയുന്നുണ്ടു്. സസ്തനിയുടെ മാതൃകയിലുള്ളതാണ് കൂടുതൽ സമർത്ഥമായ യന്ത്രം.

പ്രകൃതി തൻെറ ശില്പശാലയിൽനിന്നു ചെറുതു, വലുതു, നീന്തുന്നതു, നടക്കുന്നതു, പറക്കുന്നതു, നട്ടെല്ലുള്ളതു, ഇല്ലാത്തതു, കണ്ണില്ലാത്തതു, കണ്ണുള്ളതു, ബുദ്ധിയുള്ളതു, ഇല്ലാത്തതു എന്നിങ്ങനെ പല മാതൃകയിലുള്ള ജീവയന്ത്രങ്ങൾ നിർമ്മിച്ചുവിടുന്നു. ഇവയെല്ലാം സംഖ്യാ

Digitized by Kerala Sahitya Akademi

വദ്ധനവിനുള്ള കഴിവുണ്ട്. മിക്കപ്പോഴും അവസ്ഥ് തമ്മിൽത്തമ്മിൽ ഇടയേണ്ടതായും വരും. കാലമാകുന്ന പന്തയക്കളത്തിൽ ലക്ഷക്കണക്കിലുള്ള ഈ യന്ത്രമാതൃകകരം മത്സരിക്കുകയാണ്. ചിലതു കുറച്ചുദൂരം ഓടിയിട്ട് നശിക്കുന്നു. മററു ചിലതു നാം ഇരിക്കുന്ന വത്തമാനകാലം എന്നു പറയുന്ന സ്ഥാനംവരെ ഓടിയെത്തുന്നു. ഇവിടെയിരുന്നു നോക്കുമ്പോരം പത്തു ലക്ഷത്തോളം ജന്തുമാതൃകകളും രണ്ടു മൂന്നു ലക്ഷം സസ്യമാതൃകകളും നാം കാണുന്നുണ്ട്. ഇവയിൽ ഏതാണു ഭേദം എന്ന് അന്വേഷിക്കുവാനുള്ള മാർഗ്ഗമാണ് മുകളിൽ വിവരിച്ചത്.

Digitized by Kerala Sahitya Akademi

15

# ജന്തുശരീരത്തിലെ രാസയോഗങ്ങൾ

ജന്തുശരീരം ഒരുതരം യന്ത്രമാണ്. നാം ഓരോരോ ഉപയോഗങ്ങൾക്കായി നിർമ്മിക്കുന്ന കൃത്രിമയന്ത്രങ്ങളെപ്പോലെ അതും രസതന്ത്രപരമായ നിയമങ്ങൾക്കു വിധേയമായിരിക്കുന്നു. നമുക്ക് ഏററവും പരിചയമുള്ള ജന്തുശരീരം നമ്മുടേതുതന്നെ ആയതുകൊണ്ട് അതിനെ ആസ്പദമാക്കി ആലോചിച്ചുനോക്കാം. നമ്മുടെ ദൈനന്ദിന ജീവിതത്തിനുതന്നെ എന്തെന്നില്ലാത്ത ഒരു യാന്ത്രികത്വമുണ്ടെന്നു സ്വല്പമൊന്നാലോചിച്ചാൽ മനസ്സിലാകുന്നതാണ്. ഓരോ മനുഷ്യൻെറയും താല്പര്യങ്ങളും ഉദ്യമങ്ങളും ഓരോതരത്തിലാണെങ്കിലും എല്ലാവരും ഒന്നുപോലെ അനുഷ്ഠിക്കേണ്ടതും അനുഷ്ഠിക്കുന്നതും ആയ ചില നിത്യവൃത്തികളുണ്ട്. ഇതിൽ ഏററവും പ്രധാനമായുള്ളത് ആഹാരമാകുന്നു. കുലീനനും കൂലിക്കാരനും കവിക്കും ഗൃഹസ്ഥനും എന്നുവേണ്ട സകലക്കും ഒഴിച്ചുകൂടാൻവയ്യാത്ത ഒരാവശ്യമാണത്. ആഹാരത്തിൻെറ തുടരെയുള്ള ഈ ആവശ്യത്തിൻെറ രഹസ്യമെന്താണ്? എന്തുകൊണ്ടാണ് ജന്തുശരീരത്തിന്ന് ആഹാരം ഇങ്ങനെ അത്യന്താപേക്ഷിതമായിരിക്കുന്നത്.

നമ്മുടെ ശരീരം ചൂടുള്ളതാണെന്ന് അറിയാമല്ലോ. ചൂടു ശക്തിയുടെ ഒരു വകഭേദമാണ്. ചൂടുള്ള ഒരു സാധനം ചൂടുകുറഞ്ഞ പരിസരത്തിൽ ഇരുന്നാൽ ക്രമേണ അതിൻെറ ചൂട് ആറുന്നതായും, കുറേക്കഴിയുമ്പോൾ അതു

Digitized by Kerala Sahitya Akademi

പരിസരത്തിനു തുല്യമായ സ്ഥിതിയിൽ എത്തുന്നതായും നാം കാണുന്നു. പക്ഷെ മനുഷ്യശരീരത്തിന്ന് ഇതു സംഭവിയ്ക്കുന്നില്ല. സജീവമായിരിയ്ക്കുന്നേടത്തോളംകാലം അതിൻെറ ചൂട് ആറുന്നില്ല. ഉത്തരധ്രുവത്തിലെ കൊടും തണുപ്പിൽപോലും അതു തണുത്തുപോകുന്നില്ല. ഇതിന്നുള്ള കാരണം അവൻെറ ശരീരത്തിൽനിന്നു ചൂടു പുറത്തേയ്ക്കുപോകാത്തതല്ല. മനുഷ്യശരീരത്തിനു, മററു ചൂടുള്ള സാധനങ്ങളെപ്പോലെതന്നെ, ചൂടു നഷ്ടപ്പെടുന്നുണ്ട്. പക്ഷെ ഈ നഷ്ടത്തെ പരിഹരിയ്ക്കുവാൻ അതിനു കഴിവുള്ളതുകൊണ്ടാണ് അതു തണുത്തുപോകാത്തത്. നഷ്ടപ്പെടുന്നതിനുതുല്യമായ ചൂടിനെ അതു നിരന്തരമായി ജനിപ്പിച്ചുകൊണ്ടിരിയ്ക്കുന്നു. ഇങ്ങനെ ചൂടിൻെറ നഷ്ടം പരിഹരിയ്ക്കുന്നതിനുമാത്രമല്ല നമുക്കു ശക്തി അല്ലെങ്കിൽ ഊർജം ആവശ്യമുള്ളത്. സജീവമായ ഒരു ശരീരം ഒരിയ്ക്കലും നിശ്ചലമല്ല. ഗാഢനിദ്രയിൽപോലും നമ്മുടെ ഹൃദയം സ്പന്ദിയ്ക്കുകയും നെഞ്ച് താഴുകയും പൊങ്ങുകയും ചെയ്യുന്നു. അല്ലാത്തുള്ളസമയത്തു മററ് അവയവങ്ങളെപ്പോലും നിശ്ചലമാക്കിവെയ്ക്കുന്നതു പ്രയാസമുള്ള ഒരഭ്യാസമാണ്.

ഈ ചലനങ്ങഠംക്കെല്ലാം ശക്തി ആവശ്യമാണ്. ഈ ശക്തിയെ മുഴുവനും ശരീരം ജനിപ്പിയ്ക്കേണ്ടിയിരിയ്ക്കുന്നു. ഉള്ളിലേയ്ക്കുചെല്ലുന്ന ആഹാരത്തിൽനിന്നാണ് ഇതുണ്ടാകുന്നത്; പെട്രോഠം വായുവുമായി കലന്നു തീകത്തുമ്പോഠം മോട്ടോർ ഓടുന്നതിനുള്ള ശക്തി ഉളവാകുന്നതുപോലെ, ആഹാരം ജന്തുശരീരത്തിൽ, പ്രാണവായുവുമായി കലന്നു കത്തുകയും, ജീവിതചേഷ്ടകഠംക്കുവേണ്ട ശക്തിയെ ജനിപ്പിയ്ക്കുകയുംചെയ്യുന്നു. ഇതു പരീക്ഷിച്ചുനോക്കാവുന്നതാണ്. ഒരു മനുഷ്യൻ ഒരു ക്ലിപ്തകാലത്തിനുള്ളിൽ കഴിയ്ക്കുന്ന ആഹാരം എത്രയെന്നും, അത്രയും സമ

Digitized by Kerala Sahitya Akademi

യംകൊണ്ടു് അവൻ ജനിപ്പിക്കുന്ന ശക്തിയുടെ അളവു് എന്തെന്നും കണക്കാക്കുവാൻ സാധിക്കും. പിന്നീടു്, അവൻ കഴിച്ചതരത്തിലും അളവിലുംതന്നെയുള്ള ആഹാരം ഒരു പരീക്ഷണശാലയിൽവെച്ചു ദഹിപ്പിച്ചാൽ കിട്ടുന്ന ശക്തിയുടെ അളവുകണ്ടുപിടിച്ചു്, ഫലം രണ്ടും തുല്യമാണെങ്കിൽ, ശരീരം ഒരു രാസയന്ത്രമാണെന്നു സമർത്ഥിക്കാം. ഇങ്ങനെയുള്ള പരീക്ഷണങ്ങൾ ധാരാളമായി നടത്തപ്പെട്ടിട്ടുണ്ടു്. ആററ്വാട്ടർ എന്ന ശാസ്ത്രജ്ഞൻ നടത്തിയ പരീക്ഷണങ്ങളുടെ ഫലം പറയാം. അദ്ദേഹം 24 മണിക്കൂർ വീതം നീണ്ടുനിന്ന 19 പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. ശരാശരി ഫലംനോക്കിയപ്പോൾ പരീക്ഷണത്തിനുവിധേയമായ മനുഷ്യശരീരം 24 മണിക്കൂറിൽ 2682 കാലൊറി ശക്തി ജനപ്പിച്ചു എന്നു കണ്ടു. കാലൊറി ശക്തിയുടെ ഒരളവാണു്. പരീക്ഷ്യൻ ഓരോ തവണയും കഴിച്ചതുപോലെയുള്ള ആഹാരത്തെ കൃത്രിമമായി ദഹിപ്പിച്ചു നോക്കിയപ്പോൾ അതു് 2688 കാലൊറി ശക്തി ജനിപ്പിക്കുന്നതായി തെളിഞ്ഞു. പരീക്ഷണഫലങ്ങൾക്കു തമ്മിലുള്ള സാമ്യം അത്ഭുതാവഹമായിരിക്കുന്നു. 2682—ം 2688—ം; ഇവക്കു തമ്മിൽ കാൽ ശതമാനത്തിന്റെ വ്യത്യാസമേയുള്ളു. ഇതു് ഇമ്മാതിരി പരീക്ഷണങ്ങളിൽ സംഭവിക്കാവുന്നതിന്റെ പരിധിക്കുള്ളിലാകയാൽ നിർഗണ്യമാണു്. മററു പല ശാസ്ത്രജ്ഞന്മാരും ഇത്തരം പരീക്ഷണങ്ങൾ പല രാജ്യങ്ങളിലും നടത്തിയിട്ടുണ്ടു്. അവയുടെ ഫലങ്ങളും ഇങ്ങനെ തന്നെ ആദ്യത്തെ സിദ്ധാന്തത്തിനു് ഉപോൽബലകങ്ങളാണു്. അതുകൊണ്ടു ശക്തി ജനിപ്പിക്കുന്ന കാര്യത്തിൽ ജന്തുശരീരം, ഒരു രാസയന്ത്രമാണെന്നുള്ള അനുമാനം തികച്ചും ശരിയാണു്.

മജ്ജയും മാംസവുംകൊണ്ടു നിർമ്മിതമായ അത്യത്ഭുതകരമായ ഈ യന്ത്രശാലയിൽ നടക്കുന്ന രാസയോഗങ്ങ

Digitized by Kerala Sahitya Akademi

ളുടെ സൂക്ഷ്മവിവരങ്ങാം ശാസ്ത്രം മനസ്സിലാക്കിത്തുടങ്ങി യിട്ടേയുള്ളു. ആഹാരത്തിൽനിന്നാണു ശരീരം ശക്തിയെ ജനിപ്പിയ്ക്കുന്നതെന്നു പറഞ്ഞുവല്ലോ. പക്ഷേ ഈ രാസവി ദ്യ നാം നമ്മുടെ കൃത്രിമ യന്ത്രങ്ങളിൽ നടത്തുന്നതുപോലെ യല്ല ശരീരം നടത്തുന്നത്. ആഹാരത്തെ ഏററവും പ്ര യോജനകരമായ രൂപത്തിലുള്ള ശക്തിയായിട്ടാണ് അതു രൂപാന്തരപ്പെടുത്തുന്നത്. നമ്മുടെ കൃത്രിമയന്ത്രങ്ങാം ജനി പ്പിയ്ക്കുന്ന ശക്തിയിൽ ഭൂരിഭാഗവും ചൂടായിട്ടാണ് തീരു ന്നത്. വ്യവസായശാലകാം വമിയ്ക്കുന്ന ചൂടും പുകയും വാസ്തവത്തിൽ, മനുഷ്യനിർമ്മിതങ്ങളായ യന്ത്രങ്ങളുടെ കാര്യക്ഷമതക്കുറവിനെയാണ് കാണിയ്ക്കുന്നത്. ചൂടും പുകയും ഉണ്ടാക്കുവാൻ വേണ്ടിയല്ല ഈ യന്ത്രങ്ങാം പ്രവ ർത്തിയ്ക്കുന്നത്. ചക്രങ്ങാം തിരിയ്ക്കുന്നതിനും, അതുപോ ലെയുള്ള മററു ജോലികാം ചെയ്യുന്നതിനും വേണ്ടിയാണ്. പക്ഷെ അത്യധികമായ അളവിൽ ചൂടു ജനിപ്പിക്കാതെ ഈ കൃത്രിമയന്ത്രങ്ങാംക്കൊന്നും ഇപ്പറഞ്ഞ പ്രവൃത്തികാം ചെയ്യാൻ സാദ്ധ്യമല്ല. ഈ ഒരു കാര്യത്തിൽ ജന്തുശരീര ങ്ങാംക്കുള്ള കാര്യക്ഷമത വിസ്മയാവഹമാണ്. ആഹാര ത്തിൽനിന്നു ജനിയ്ക്കുന്ന ശക്തിയുടെ എത്രയോ തുച്ഛമായ ഒരംശം മാത്രമേ ചൂടായിട്ടു പ്രത്യക്ഷപ്പെടുന്നുള്ളു. ഭൂരിഭാ ഗവും ഓരോരോ ജോലികാംക്കു നൽകുന്ന ശക്തിയായിട്ടാ ണു തീരുന്നത്.

ഈ അടുത്ത കാലത്തു റഷ്യയിലും ഹംഗറിയിലുമുള്ള ചില ശാസ്ത്രജ്ഞന്മാർ ജന്തുശരീരത്തിൽ മാംസപേശികാം ചുരുങ്ങുന്നതിലന്തർഭവിച്ചിട്ടുള്ള രാസയോഗങ്ങളെക്കുറി ച്ച് അതിപ്രധാനമായ ചില ഗവേഷണങ്ങാം നടത്തുക യുണ്ടായി. ആഹാരത്തിൽ നിന്നു കിട്ടുന്ന ശക്തിയെ നിരുപയോഗമായ ചൂടായിട്ടു രൂപാന്തരപ്പെടുത്താതെ മുഴു വനുംതന്നെ ശരീരചേഷ്ടകാംക്ക് ആവശ്യമായ പ്രവർത്തന

Digitized by Kerala Sahitya Akademi

ശക്തിയാക്കിത്തീക്കുകയാണ് മാംസപേശികറം ചെയ്യുന്നതെന്ന് അവർ കണ്ടുപിടിച്ചു. പരീക്ഷണശാലയിൽവെച്ച് ഇതേ പ്രവർത്തനം നടത്തുകയാണെങ്കിൽ ചൂടാണ് അധികമുണ്ടാകുന്നത്. ചൂടുണ്ടാകാതെ നടക്കുന്ന അത്ഭുതകരമായ ഈ രാസവിദ്യകറംക്കു കാരണഭൂതമായ പദാൎത്ഥവിശേഷങ്ങറം വേർതിരിച്ചെടുക്കപ്പെട്ടിട്ടുണ്ട്. ഇവ ആഹാരപദാൎത്ഥങ്ങളെ ആഗിരണം ചെയ്തു സ്വയം ചുരുങ്ങുകയും നീളുകയും ചെയ്യുന്നതു് രസകരമായ കാഴ്ചയാണ്. ഈ പദാൎത്ഥങ്ങളെയും അവയുടെ പ്രവൎത്തന രഹസ്യങ്ങളേയും കുറിച്ചുള്ള അറിവു വൎദ്ധിയ്ക്കുമ്പോറം നമുക്കു വിറകും പുകയും ആവിയും ചൂടും ഒന്നുമില്ലാതെ യന്ത്രങ്ങറം തിരിയ്ക്കുന്ന പുതിയ തരം വ്യവസായശാലകറം ഉണ്ടാകുന്നതു കാണാം.

ജന്തുക്കളുടെ വ്യക്തിത്വവും സ്വഭാവവിശേഷങ്ങളുമെല്ലാം അവയുടെ ശരീരത്തിനുള്ളിൽ നടക്കുന്ന വിചിത്രങ്ങളായ രാസയോഗങ്ങളുടെ ഫലങ്ങളാണ്. മദ്യം അകത്തു ചെല്ലുമ്പോറം മനുഷ്യരുടെ പെരുമാററത്തിനു മാററം വരുന്നതു നാം കണ്ടിട്ടുള്ളതാണല്ലോ. ഇതു താൽക്കാലികമായ ഒരു രാസയോഗമാണ്. അതിൻെറ അധിപ്രസരം തീരുമ്പോറം ശരീരം പൂൎവ്വസ്ഥിതിയെ പ്രാപിയ്ക്കുന്നു. ജന്തുശരീരങ്ങറംക്കു സ്ഥിരമായ മാററമുണ്ടാക്കുന്ന രാസയോഗങ്ങളുണ്ട്. ഒരു ഉദാഹരണം പറയാം. മെക്സിക്കോ രാജ്യത്തു ആക്സോലോട്ടൽ എന്നൊരു ജന്തുവുണ്ട്. ഇതു തവളവൎഗ്ഗത്തിൽ പെട്ടതാണ്. പക്ഷെ തവളക്കുഞ്ഞുങ്ങളെപ്പോലെ അത് എന്നും വെള്ളത്തിലാണു ജീവിയ്ക്കുന്നത്. കരയ്ക്കെടുത്തിട്ടാൽ അതു ക്ഷണേന ചത്തുപോകും. വെള്ളത്തിൽ അലിഞ്ഞു ചേൎന്നിരിയ്ക്കുന്ന വായുവല്ലാതെ അന്തരീക്ഷവായു ശ്വസിയ്ക്കുവാൻ അതിനു കഴിവില്ല. പക്ഷെ തൈറോക്സിൻ എന്നു പറയുന്ന രാസവസ്തു

Digitized by Kerala Sahitya Akademi

ഒരു പണമിടയോളം അതിൻെറ ശരീരത്തിൽ കുത്തിവെച്ചാൽ ഈ ജന്തുവിൻെറ മട്ടൊക്കെ മാറുന്നതു കാണാം. അതു അതിവേഗം ജലജീവിതം ഉപേക്ഷിയ്ക്കുകയും, കരയ്ക്കുകയറി പ്രായപൂർത്തിവന്ന തവളയെപ്പോലെ ജീവിയ്ക്കുകയും ചെയ്യുന്നു. എന്തൊരു അത്ഭുതമാണെന്ന് ആലോചിച്ചുനോക്കുക. എത്രയോ സഹസ്രം വർഷങ്ങളായി മത്സ്യത്തെപ്പോലെ വെള്ളത്തിൽ ജീവിയ്ക്കുന്ന ഒരു ജന്തുജാതിയെ, ഈ ചെറിയ രാസവിദ്യാപ്രയോഗം വെള്ളത്തിൽ ജീവിയ്ക്കുവാൻ കഴിയാത്ത വിധത്തിൽ മാററിക്കളയുന്നു. അതിൻെറ ശരീര പ്രകൃതി ആകപ്പാടെ മാറിപ്പോകുന്നു. ജന്തുശരീരങ്ങൾ ഉള്ളിൽ നടക്കുന്ന രാസയോഗങ്ങൾക്കു എത്രമേൽ അടിമപ്പെട്ടിരിയ്ക്കുന്നു എന്ന് അതു തെളിയിയ്ക്കുന്നു.

ഒരു ഉദാഹരണംകൂടിപ്പറയാം. സ്ത്രീപുരുഷഭേദം ആത്യന്തികമാണെന്നാണല്ലൊ സാധാരണ ധാരണ. ഒരു ആൺജന്തു എന്നും ആണായിത്തന്നെയിരിയ്ക്കും. പെണ്ണ് പെണ്ണായുമിരിയ്ക്കും; പിറവിയിലേ നിശ്ചയിയ്ക്കപ്പെടുന്ന ഈ വ്യത്യാസത്തിനു നീക്കുപോക്കില്ലെന്നു ലോകം വിശ്വസിയ്ക്കുന്നു. ഈ ധാരണ തെററാണ്. ഈ വ്യത്യാസമെല്ലാം ഉള്ളിൽ നടക്കുന്ന ചില രാസയോഗങ്ങളെ ആശ്രയിച്ചാണിരിയ്ക്കുന്നത്. ഇവയെ അവതാളത്തിലാക്കിയാൽ ആണ് പെണ്ണായും, നേരെ തിരിച്ചും, മാറുന്നതും പെരുമാറുന്നതും കാണാം. പരീക്ഷണശാലയിൽവെച്ച് ഇമ്മാതിരി പരിവർത്തനങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഇത്തരം പരീക്ഷണങ്ങൾ സാധാരണയായി എലികളിലും മററുമാണ് നടത്താറുള്ളത്. ആണായിപ്പിറന്ന ഒരെലിയിൽ നിസ്സാരമായ ഒരു ശസ്ത്രക്രിയ ചെയ്ത് ഒരു പെണ്ണെലിയുടെ അണ്ഡകോശത്തിൻെറ ഒരു ചെറിയ അംശം ഒട്ടിച്ചുചേർത്താൽ, അതിനു പെണ്ണിൻെറ മിക്ക ലക്ഷണ

Digitized by Kerala Sahitya Akademi

ങ്ങളും സ്വഭാവങ്ങളും ഉണ്ടാകുന്നതു കാണാം. ശരീരത്തിന്റെ ഏതോ ഒരു ഭാഗത്തു പററിയിരിയ്ക്കുന്ന പദാത്ഥശകലം അതിന്റെ വ്യക്തിത്വത്തെ ആകപ്പാടെ മാററിക്കളയുന്നു. ഒട്ടിച്ചുചേത്ത അണ്ഡകോശാംശത്തിൽനിന്നുണ്ടായി രക്തത്തിൽ അലിഞ്ഞുചേരുന്ന രാസവസ്തുക്കളാണ് ഈ മാററമെല്ലാം വരുത്തിക്കൂട്ടുന്നത്. ഈ വസ്തുക്കളുടെ അളവു ക്രമപ്പെടുത്തി പ്രയോഗിച്ചാൽ ആണിന്റെയും പെണ്ണിന്റെയും ലക്ഷണങ്ങരം കലന്ന ജന്തുക്കളെ വളത്തിയെടുക്കാൻ കഴിയുന്നതാണ്. ചിലപ്പോരം പ്രകൃതിയിൽതന്നെ ഇമ്മാതിരി പരീക്ഷണങ്ങരം ഉണ്ടാകാറുണ്ട്. ഇരട്ടപിറന്ന കാലിക്കിടാങ്ങളിൽ ഒന്ന് ആണും മററത് പെണ്ണുമാണെങ്കിൽ, പെണ്ണ് വളന്നുവരുന്തോറും ആണിന്റെ ലക്ഷണങ്ങരം പ്രദശിപ്പിയ്ക്കുന്നതു കാണാം. ഗഭത്തിൽവെച്ച്, ആണിന്റെ ശരീരത്തിൽനിന്നുത്ഭവിച്ചു, ഭ്രൂണച്ഛദങ്ങരം വഴി, പെണ്ണിന്റെ ശരീരത്തിൽ വ്യാപിച്ചുപോയ ചില രാസവസ്തുക്കളാണ് ഇതിന്നു കാരണം.

ജന്തുക്കളുടെ ലക്ഷണങ്ങരംക്കും സ്വഭാവങ്ങരംക്കും കാരണഭൂതമായ രാസവസ്തുക്കളെയും അവയുടെ ക്രിയാരീതികളെയും കുറിച്ചു വളരെയധികം ഗവേഷണം ഇന്നു നടത്തപ്പെടുന്നുണ്ട്. മഹാബുദ്ധിമാനായ ഒരു മനുഷ്യനും ഒരു മൂഢനും തമ്മിൽ രസതന്ത്രപരമായുള്ള വ്യത്യാസമെന്തെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞാൽ മൂഢനെ ബുദ്ധിമാനാക്കുവാൻ നമുക്കു കഴിയുന്നതാണ്. ഇതുപോലെ സ്പൃഹണീയങ്ങളായ പലതും ഈ ഗവേഷണങ്ങരംമൂലം തുറന്നുകിട്ടുമെന്നു നമുക്കു പ്രത്യാശിക്കാം.

Digitized by Kerala Sahitya Akademi

# 16

# ന്യൂക്ലിയസ്സ്

ന്യൂക്ലിയസ്സ് എന്ന പദത്തിന് എന്തെന്നില്ലാത്ത പ്രാധാന്യം ലഭിച്ചിട്ടുള്ള കാലമാണിതു്. എല്ലാവരും ഭയപ്പെടുന്ന ആററംബോംബ്, ഹൈഡ്രജൻബോംബ്, എന്നീ മാരകായുധങ്ങളിലും വ്യവസായവിദഗ്ദ്ധന്മാർ കൊതിയോടെ കാത്തിരിക്കുന്ന ആററംശക്തിയിലും ന്യൂക്ലിയസ്സ് അന്തർഭവിക്കുന്നുണ്ട്. എന്നുമാത്രമല്ല ഈയ്യിടെയായി അറേറാമിക് എനർജി (ആററംശക്തി) എന്നു പറയുന്നതിനേക്കാഠം ന്യൂക്ലിയാർ എനർജി എന്നു പറയുവാനാണ് ശാസ്ത്രജ്ഞന്മാർക്കു കൂടുതൽ ഇഷ്ടം. അതുപോലെ ഹൈഡ്രജൻബോംബ് എന്നതിനു പകരം തെർമോ ന്യൂക്ലിയാർ റിയാക്ഷൻ എന്നാണ് ഇപ്പോഠം പറയാറുള്ളതു്. ന്യൂക്ലിയാർ എന്നു പറഞ്ഞാൽ ന്യൂക്ലിയസ്സിനെസ്സംബന്ധിച്ചതു് എന്നർത്ഥം. എന്താണ് ഈ ന്യൂക്ലിയസ്സ് എന്നു നോക്കാം.

ന്യൂക്ലിയസ്സ് എന്ന പദത്തിനു പണ്ടേയുള്ള അർത്ഥം ഒരു സമൂഹത്തിൻെറ നടുവിലുള്ള വസ്തു എന്നാണ്. നമ്മുടെ ഭാഷയിലാണെങ്കിൽ കേന്ദ്രബിന്ദു എന്നോ, കേന്ദ്രം എന്നു മാത്രമോ, പറയാം. ഇന്നത്തെ ശാസ്ത്രജ്ഞന്മാർ പരിച്ഛിന്നമായ അർത്ഥത്തിലാണ് ഈ വാക്ക് ഉപയോഗിക്കുന്നതു്. ആററംബോംബിൻെറയും മററും കാര്യങ്ങഠം പ്രതിപാദിക്കുന്നവർ, ന്യൂക്ലിയസ്സ് എന്നു പറയുമ്പോഠം, ഭൗതിക പദാർത്ഥത്തിൻെറ സൂക്ഷ്മഘടക

Digitized by Kerala Sahitya Akademi

മായ ആററത്തിൻെറ മദ്ധ്യത്തിലുള്ള കഠിനബിന്ദുവിനെയാണ് വിവക്ഷിക്കുന്നത്. ആററം അവിഭാജ്യമെന്ന് ആദ്യകാലത്തൊക്കെ വിചാരിച്ചിരുന്നെങ്കിലും ആ സങ്കല്പം തെററാണെന്നു പത്തൊൻപതാം നൂററാണ്ടിൻെറ ഒടുവിൽ ശാസ്ത്രജ്ഞന്മാർ പരീക്ഷണങ്ങൾകൊണ്ടു തെളിയിച്ച വസ്തുത സുവിദിതമാണല്ലൊ. ആററത്തിനകത്ത് അതിസൂക്ഷ്മങ്ങളായ പരമാണുക്കളുണ്ടെന്നും അവ ഏറക്കുറെ സൗരയൂഥത്തിൻെറ മാതൃകയിലാണ് സംവിധാനം ചെയ്യപ്പെട്ടിരിക്കുന്നതെന്നും വെളിപ്പെട്ടു. സൗരയൂഥത്തിൻെറ നടുവിൽ സൂര്യൻ എന്നതുപോലെ ആററത്തിൻെറ നടുവിൽ ഉള്ള ഘടകമാണ് ഭൗതികശാസ്ത്രജ്ഞന്മാരുടെ ന്യൂക്ലിയസ്സ്. ഇതു കഠിനവും അഭേദ്യവും എന്നു കരുതിയതും തെററാണെന്നു പില്ക്കാലത്തു തെളിയുകയുണ്ടായി. ഈ ഉപദർശനമാണ് ആററംബോംബിൻെറ നിർമ്മാണത്തിനു വഴിതെളിച്ചത്. യുറേനിയം എന്ന ധാതുവസ്തുവിൻെറ ആററത്തിനകത്തുള്ള ന്യൂക്ലിയസ്സ്, വലിയ തോതിൽ, ആവശ്യമുള്ളപ്പോൾ, പൊട്ടിക്കുന്നതിനുള്ള ഒരു ഉപകരണമാണ് പ്രസ്തുത ആയുധം. ന്യൂക്ലിയസ്സ് പൊട്ടുമ്പോൾ ഭീമമായ അളവിൽ ശക്തി (ഊർജ്ജം) ഉണ്ടാകുന്നു. എത്രയോ കോടി ആററം ന്യൂക്ലിയസ്സുകൾ ഒന്നിച്ചു പൊട്ടുന്നതുകൊണ്ടാണ് ബോംബ് ആപല്ക്കരമായിരിക്കുന്നത്. ഇവ ഒന്നിച്ചു പൊട്ടാതെ, പതുക്കെപ്പതുക്കെ, നിയന്ത്രണാധീനമായി പൊട്ടുകയാണെങ്കിൽ, തജ്ജന്യമായ ശക്തി, മനുഷ്യനെ കൊല്ലുക എന്നതിനേക്കാൾ മാന്യമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാം. ഈ വിദ്യ ഇന്നു സാധിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇങ്ങിനെ കിട്ടുന്ന ശക്തിക്കാണ് ആററംശക്തി എന്നു പറയുന്നത്. ഇതു ചൂടായിട്ട് വെളിയിൽ വരുന്നു; ചൂടുകൊണ്ടു വെള്ളം തിളപ്പിച്ച് ആവിയുണ്ടാക്കി, അതു

Digitized by Kerala Sahitya Akademi

പായിച്ചു യന്ത്രങ്ങൾ തിരിച്ചു വിദ്യുച്ഛക്തി ജനിപ്പിക്കുന്നു. ഇംഗ്ലണ്ടിലും റഷ്യയിലും അമേരിക്കയിലും ഈവിധത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന വിദ്യുച്ഛക്തി ജനങ്ങളുടെ ഉപയോഗത്തിനു ലഭിച്ചുതുടങ്ങിയിട്ടുണ്ട്. കല്ക്കരിയും മണ്ണെണ്ണയും ഒന്നും കത്തിക്കാതെ ലഭിക്കുന്ന ശക്തിയാണിത്. അതിൻെറ ഉത്ഭവം ആററത്തിൻെറ ന്യൂക്ലിയസ്സിൽനിന്നാണ്. അതുകൊണ്ടാണ് അതിന് ന്യൂക്ലിയാർ എനർജി എന്നുകൂടി പേരു കിട്ടിയത്.

ഹൈഡ്രജൻബോംബിൻെറ തത്വം ഇതിൽനിന്നു ഭിന്നമാണ്. പക്ഷെ അതും ന്യൂക്ലിയസ്സിനെസ്സംബന്ധിച്ചതുതന്നെ. യൂറേനിയം ആററത്തിൻെറ ന്യൂക്ലിയസ്സു പൊട്ടുമ്പോൾ ശക്തിയുണ്ടാകും എന്നു പറഞ്ഞുവല്ലൊ. ഹൈഡ്രജൻ എന്ന വാതകത്തിൻെറ രണ്ടു ന്യൂക്ലിയസ്സുകൾ കൂട്ടിച്ചേർത്താലും ഇതുപോലെതന്നെ ശക്തി ജനിക്കും. ഈ സംയോജനം ഭീമമായ തോതിൽ ഒന്നിച്ചു നടത്തിയാൽ അതും ഒരു ബോംബാകും. അത്യുഗ്രമായ ചൂടുകൊണ്ടു മാത്രമെ ഈ സംയോജനം സാധിക്കുകയുള്ളു. ഇതിന്നായി ആദ്യം ഒരു യൂറേനിയം ബോംബ് പൊട്ടിക്കുന്നു. അതിൻെറ ചൂടുകൊണ്ട് ഹൈഡ്രജൻ ന്യൂക്ലിയസ്സുകൾ കൂടിച്ചേരുകയും, ക്ഷണംകൊണ്ടു നടക്കുന്ന ഈ പ്രക്രിയയിൽനിന്ന് എത്രയോ കൂടുതൽ ശക്തിയുള്ള ഒരു വിക്ഷോഭം സംഭവിക്കുകയും ചെയ്യുന്നു. ഇതാണ് ഹൈഡ്രജൻബോംബ്. ഇതിൻെറ ശക്തിയെ മെരുക്കി എടുക്കുവാനുള്ള തീവ്രയത്നം നടന്നുകൊണ്ടിരിക്കുകയാണ്. അത്യുഗ്രമായ ചൂടുകൊണ്ട് ന്യൂക്ലിയസ്സിനുണ്ടാകുന്ന സംയോജനം ആകയാലാണ് ഈ പ്രക്രിയക്കു തെർമോന്യൂക്ലിയാർ റിയാക്ഷൻ എന്നു പേരു വന്നതു്. (തെർമോ എന്നാൽ ചൂടിനെ സംബന്ധിച്ചതു് എന്നർത്ഥം.)

Digitized by Kerala Sahitya Akademi

ഇതാണ് ഊജ്ജതന്ത്രത്തിലെ ന്യൂക്ലിയസ്സിൻെറ കഥ. പക്ഷെ ഇവിടെ അല്പം വിസ്തരിച്ചു പ്രതിപാദിക്കുവാൻ ഉദ്ദേശിക്കുന്നതു മററൊരുതരം ന്യൂക്ലിയസ്സിൻെറ കാര്യമാണ്. അതിൻെറ ആസ്ഥാനം ജീവശരീരമാകയാൽ നമുക്കു ജീവശാസ്ത്രത്തിലേക്കു കടക്കാം.

ജീവശാസ്ത്രത്തിലെ ന്യൂക്ലിയസ്സ് അത്രവളരെ സൂക്ഷ്മമല്ല. അതിനെ ഭൂതക്കണ്ണാടിയിലൂടെയെങ്കിലും കാണാൻ കഴിയും. ജീവശരീരങ്ങളുടെ ഘടകങ്ങളായ സെല്ലുകളുടെ നടുവിലാണ് അത് ഇരിക്കുന്നത്. ഒരു കെട്ടിടത്തിൻെറ ഘടനയിൽ ഇഷ്ടികകൾക്കോ, ഒരു സൈന്യത്തിൽ ഭടന്മാക്കോ ഉള്ള സ്ഥാനമാണ് ജീവശരീരത്തിൽ സെല്ലുകൾക്കുള്ളത്. ഓരോ സെല്ലും സജീവമാണ്. പ്രോട്ടോപ്ലാസം എന്നു പറയുന്ന ജീവവസ്തുകൊണ്ടാണ് അതു നിമ്മിക്കപ്പെട്ടിരിക്കുന്നത്. നാം ചെടിയെന്നും മൃഗമെന്നും ഒക്കെ പറയുന്നതു കോടിക്കണക്കിലുള്ള സെല്ലിൻകൂട്ടത്തെയാണ്. അവ ഒത്തിണങ്ങി അടക്കും മുറയും അനുസരിച്ചു പ്രവത്തിക്കുന്നു. രൂപത്തിലും ധമ്മത്തിലും സെല്ലുകൾക്ക് വളരെ വ്യത്യാസമുണ്ട്. എങ്കിലും ആഭ്യന്തരഘടനയിൽ അവക്കു് അടിസ്ഥാനഭൂതമായ ചില സാദൃശ്യങ്ങൾ കാണാം. ഇവയിൽ ഏററവും പ്രധാനമായുള്ളത്, ഓരോ സെല്ലിൻെറയും മദ്ധ്യത്തിൽ ഗോളാകൃതിയായ ഒരു അവയവം ഉണ്ടെന്നുള്ളതാണ്. ഈ അവയവത്തെയാണ് ജീവശാസ്ത്രജ്ഞന്മാർ ന്യൂക്ലിയസ്സ് എന്നു വിളിക്കുന്നത്. ഇതാണ് സെല്ലിൻെറ ഏററവും പ്രധാനമായ ഭാഗം. അതു സെല്ലിൻെറയും, തദ്വാരാ ജീവശരീരത്തിൻെറയും, ചേഷ്ടകളെയെല്ലാം നിയന്ത്രിക്കുന്നു. ന്യൂക്ലിയസ്സോടുകൂടിയ സെല്ലിന്, ജീവശരീരത്തിൽ നിന്നു വേർപെടുത്തിയാലും, ചിലപ്പോൾ ജീവിക്കുവാൻ കഴിയുമെങ്കിലും ന്യൂക്ലിയസ്സ് മാററിക്കളഞ്ഞാൽ സെല്ല്

Digitized by Kerala Sahitya Akademi

നിർജ്ജീവമാകും. സെല്ലുകളെയും അവയുടെ മർമ്മഭാഗമായ ന്യൂക്ലിയസ്സിനെയും കുറിച്ചുള്ള പഠനം ജീവശാസ്ത്രത്തിൻെറ അതിപ്രധാനമായ ഒരു ശാഖയാകുന്നു.

ജീവശാസ്ത്രജ്ഞന്മാർ സെല്ലിനുള്ളിലെ ന്യൂക്ലിയസ്സു കണ്ടുപിടിച്ചത് നൂററിമുപ്പതോളം വർഷങ്ങൾക്കുമുമ്പാണ്. അവർ ഉപയോഗിക്കുന്ന ഭൂതക്കണ്ണാടിയുടെ ബൃഹത്കരണ ശക്തി വർദ്ധിച്ചതോടൊപ്പം അവർക്ക് ന്യൂക്ലിയസ്സിനെക്കുറിച്ചുള്ള അറിവും വർദ്ധിച്ചുവന്നു. ആദ്യമൊക്കെ, ചുററുമുള്ള പ്രോട്ടോപ്ലാസത്തിൽനിന്നു ഭിന്നമായി കാണപ്പെടുന്നതും ഗോളാകൃതിയുമായ ഒരു പ്രോട്ടോപ്ലാസപിണ്ഡം എന്നുമാത്രമേ അവർ അതിനെക്കുറിച്ചു വിചാരിച്ചുള്ളു. പക്ഷെ അതിൻെറ ഉള്ളിലും സവിശേഷലക്ഷണങ്ങളോടുകൂടിയ ഘടകങ്ങളുണ്ടെന്നു പില്ക്കാലത്തു വെളിപ്പെട്ടു. ഇക്കൂട്ടത്തിൽ, ചെറിയ ചരടിൻകഷണങ്ങൾപോലെ കാണപ്പെട്ട ചില വസ്തുക്കളാണ് അവരുടെ ശ്രദ്ധയെ ഏററവും കൂടുതൽ ആകർഷിച്ചത്. സെല്ലിനെ ജീവനോടെ പരിശോധിച്ചാലും, നിർജ്ജീവമാക്കിയശേഷം ചായത്തിൽ മുക്കി പരിശോധിച്ചാലും ഇവയെ കാണുവാൻ സാധിക്കും. ചിലതരം ചായങ്ങൾ ഗ്രഹിക്കുവാനുള്ള സവിശേഷശക്തിയെ ആസ്പദമാക്കി, ന്യൂക്ലിയസ്സിൻെറ ഈ അവയവങ്ങളെ ക്രോമസങ്ങൾ എന്നു വിളിക്കുന്നു. (ക്രോം എന്ന ധാതുവിനു വർണ്ണം അല്ലെങ്കിൽ നിറം എന്നർത്ഥം.)

ഓരോ ജാതി ജീവിയുടെയും ശരീരത്തിലെ സെല്ലുകൾ ഓരോന്നിലും ക്രോമസങ്ങളുടെ എണ്ണം പരിക്ലിപ്തമാണ്. അതു എല്ലാ സെല്ലുകളിലും തുല്യമായിരിക്കുകയും ചെയ്യുന്നു. മനുഷ്യൻെറ സെല്ലുകളിൽ 46 ക്രോമസങ്ങളുണ്ട്. അവൻെറ വയററിലുള്ള വിരയുടെ സെല്ലുകളിൽ അവ രണ്ടെണ്ണം വീതമേയുള്ളു. ചിലജാതി ഞണ്ടു

Digitized by Kerala Sahitya Akademi

കളിൽ അവ അഞ്ഞൂറും അറുനൂറും വീതം കാണും. നമ്മുടെ നാട്ടിലുള്ള ഒരു തരം പന്നച്ചെടിയുടെ സെല്ലുകളിൽ 1200 ക്രോമസങ്ങളുണ്ട്. ഇന്നുവരെ അറിയപ്പെട്ടതിൽ വെച്ച് ഏററവും കൂടുതൽ ക്രോമസങ്ങളുള്ള ജീവി ഇതാകുന്നു (ചെടികളും ജീവികളാണെന്നു ഓർമ്മിയ്ക്കണം). ക്രോമസങ്ങളുടെ എണ്ണത്തിൽ കണ്ട ഈ പരിക്ലിപ്തി ശാസ്ത്രജ്ഞന്മാരെ അത്യധികം ആകർഷിച്ചു. ഓരോ ശരീരത്തിലും ലക്ഷക്കണക്കിലോ കോടിക്കണക്കിലോ കാണുന്ന സെല്ലുകളിലെല്ലാം ഈ ഘടകങ്ങൾ എണ്ണത്തിലും ആകൃതിയിലും തുല്യമായിരിയ്ക്കുന്നു. ഇത് എങ്ങിനെ സംഭവിയ്ക്കുന്നു എന്നു നോക്കാം.

ഓരോ ശരീരവും ഒരൊററ സെല്ലിൽനിന്നാണ് ജീവിതം ആരംഭിയ്ക്കുന്നത്. ഈ ആദ്യത്തെ സെല്ലാണ് മുട്ട അല്ലെങ്കിൽ അണ്ഡം. അതിൽ നാലു ക്രോമസങ്ങളുണ്ടെന്നു സങ്കല്പിയ്ക്കുക. വളച്ച് തുടങ്ങുമ്പോൾ ഈ ആദ്യസെല്ല് നടുവേ മുറിഞ്ഞു രണ്ടു സെല്ലുകളാകുന്നു. വിഭജനം ന്യൂക്ലിയസ്സിനെയാണ് ആദ്യം ബാധിയ്ക്കുന്നത്. അതു രണ്ടായിത്തീർന്നതിനുശേഷമേ സെല്ലിൻെറ ബാക്കി ഭാഗം മുറിയുന്നുള്ളു. ഇങ്ങിനെയുണ്ടായ രണ്ടു സെല്ലുകളിൽ ഓരോന്നും അല്പം കഴിഞ്ഞു നടുവേ മുറിയും; ആകെ നാലു സെല്ലുകളുണ്ടാകും. ഇവ പിന്നെ വിഭജനംകൊണ്ട് എട്ടാകും. പിന്നെ പതിനാറ്, മുപ്പത്തിരണ്ട്, അറുപത്തിനാല് എന്ന ക്രമത്തിന് അവയുടെ എണ്ണം വർദ്ധിയ്ക്കും. ഇങ്ങിനെയാണ് ഒരൊററ സെല്ലുമാത്രമായി ജീവിതം ആരംഭിയ്ക്കുന്ന ചെടിയും മൃഗവും വെരയും മുട്ടയും എല്ലാം വളർന്ന് അസംഖ്യം സെല്ലുകളുള്ള പൂർണ്ണശരീരത്തെ പ്രാപിയ്ക്കുന്നത്. തുടരെ നടക്കുന്ന ഈ വിഭജനങ്ങളുടെ നേതൃത്വം വഹിയ്ക്കുന്നത് ഓരോ സെല്ലിലുമുള്ള ന്യൂക്ലിയസ്സാണ്. ഓരോ ന്യൂക്ലിയസ്സും ചേമ്പിലയിലെ വെള്ളത്തുള്ളി മുറിയുന്നതു

Digitized by Kerala Sahitya Akademi

പോലെ വെറുതെയങ്ങു വേർതിരിയുകയല്ല ചെയ്യുന്നത്. അതിൻെറ വിഭജനം സങ്കീർണ്ണമായ ഒരു പ്രക്രിയയാണ്. അതിൻെറ ഉള്ളിൽ നാലു ക്രോമസങ്ങളുണ്ടെന്നാണല്ലോ നാം സങ്കല്പിച്ചത്. ഇവ നാലും ഈർക്കിലി കീറുന്നതു പോലെ സ്വയം പിളരുന്നു. ഓരോ പിളപ്പും ഓരോ പുതിയ ക്രോമസമാണ്. ആദ്യമുണ്ടായിരുന്ന ക്രോമസങ്ങൾക്ക് എ., ബി., സി., ഡി. എന്നു പേരു കൊടുക്കാം. ന്യൂക്ലിയസ്സിൻെറ വിഭജനത്തിൽ എ.യുടെ ഒരു പിളപ്പ് ഒരു വശത്തേയ്ക്കും മറേറപ്പിളപ്പ് എതിർവശത്തേയ്ക്കും നീങ്ങുന്നു. ബി. സി. ഡി. എന്നവയുടെ കാര്യത്തിലും ഇങ്ങിനെ സംഭവിയ്ക്കുന്നു. തന്മൂലം പുതിയതായുണ്ടാകുന്ന രണ്ടു ന്യൂക്ലിയസ്സുകൾ ഓരോന്നിനും എ. ബി. സി. ഡി. എന്ന ക്രോമസങ്ങൾ നാലും ലഭിയ്ക്കുന്നതു കാണാം. സെല്ലുകൾ മറിഞ്ഞു പെരുകുന്നതിൽ അന്തർഭവിച്ചിരിയ്ക്കുന്ന അതിപ്രധാനമായ പ്രതിഭാസം ഇതാകുന്നു.

അതിസൂക്ഷ്മങ്ങളായ ഈ ക്രോമസങ്ങൾ ഓരോന്നും ഇങ്ങിനെ കൃത്യമായി നെടുകെ പിളരുന്നതിൻെറ രഹസ്യമെന്തെന്നു നോക്കാം. ന്യൂക്ലിയസ്സാണ് സെല്ലിൻെറ ധർമ്മങ്ങളെ നിയന്ത്രിയ്ക്കുന്നതെന്നു പറഞ്ഞല്ലൊ. എന്തൊക്കെയാണ് സെല്ലിൻെറ ധർമ്മങ്ങൾ? വാസ്തവമാലോചിച്ചാൽ ജീവശരീരത്തിൻെറ ധർമ്മങ്ങളെല്ലാം സെല്ലുകളുടെ ധർമ്മങ്ങളാണെന്നു കാണാം. ഒററ നോട്ടത്തിൽ ഒരുപോലെയിരിയ്ക്കുന്ന അണ്ഡങ്ങളിൽ ഒന്നു പൂച്ചയായും മറെറാന്നു പൂമ്പാററയായും തീരുന്നതു സെല്ലുകളുടെ പ്രവർത്തനവിശേഷംമൂലമാണ്. ഈ പ്രവർത്തനങ്ങളുടെ നിയന്ത്രണമാണ് ന്യൂക്ലിയസ്സിൻെറ ജോലി. ന്യൂക്ലിയസ്സിൻെറ ഏററവും പ്രധാനമായ ഘടകങ്ങളാണ് ക്രോമസങ്ങൾ. ഇങ്ങിനെ നോക്കിയാൽ അതിസൂക്ഷ്മങ്ങളായ ഈ ക്രോമസങ്ങളിലാണ് ജീവശരീരങ്ങളുടെ ലക്ഷണങ്ങളുടേയും ചേഷ്ടകളുടേ

Digitized by Kerala Sahitya Akademi

യും അടിസ്ഥാനരഹസ്യം സ്ഥിതിചെയ്യുന്നതെന്നു കാണാം. പിതാവിലും മാതാവിലുംനിന്നു ജനിക്കുന്ന ബീജങ്ങൾ സംയോജിച്ചാണ് ഓരോ ജീവിയുടേയും ആദ്യ സെല്ല് ഉണ്ടാകുന്നത്. ഇതിൽ നാലു ക്രോമസങ്ങളാണ് കാണുന്നതെങ്കിൽ, അവയിൽ രണ്ടെണ്ണം പിതാവിലും ബാക്കി രണ്ട് മാതാവിലുംനിന്നു ലഭിച്ചവയാണ്. ഇരുനൂറു ക്രോമസങ്ങളുണ്ടെങ്കിൽ നൂറ് പിതാവിലും ബാക്കി നൂറ് മാതാവിലുംനിന്നു വന്നവയായിരിക്കും. ബീജങ്ങൾവഴി ലഭിക്കുന്ന ഈ ക്രോമസങ്ങളാണ് പിതൃപുത്ര പരമ്പരകൾക്ക തമ്മിലുള്ള ഭൗതികബന്ധം. പൂച്ചയുടെ സന്താനം പൂച്ചയായിത്തീരുന്നതും, പൂമ്പാററയുടെ സന്താനം പൂമ്പാററയാകുന്നതും അവയുടെ പ്രവത്തനംമൂലമാകുന്നു.

ഇത്രയും പറഞ്ഞതിൽനിന്ന് അതിസൂക്ഷ്മങ്ങളായ ചരടിൻകഷണങ്ങൾപോലെയുള്ള ഈ ക്രോമസങ്ങളിൽ ജീവശാസ്ത്രജ്ഞന്മാക്ക് എന്തുമാത്രം താൽപര്യമുണ്ടെന്ന് ഊഹിക്കാമല്ലൊ. അവയുടെ ഘടനയെന്തെന്നും എങ്ങിനെയാണ് അവയുടെ അത്ഭുതശക്തികൾ ജീവികളിൽ ആവിഷ്കൃതമാകുന്നതെന്നും മററുമുള്ള കാര്യങ്ങളെക്കുറിച്ചു വിപുലമായ ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഓരോ ക്രോമസത്തിലും, മാലയിൽ മണികളെന്നപോലെ, ഒരേ വരിയിൽ അടുക്കിവെച്ചിരിക്കുന്ന ചെറിയ ചെറിയ ഘടകങ്ങളുണ്ടെന്നും, ഇവയാണ് ജീവശരീരത്തിൽ കാണുന്ന ഓരോരോ ലക്ഷണങ്ങളുടേയും ധമ്മങ്ങളുടേയും ചുമതല വഹിക്കുന്ന വസ്തുക്കളെന്നും തെളിഞ്ഞിട്ടുണ്ട്. ഒരു ചെടിയുടെ പൂവിനു ചുമപ്പുനിറം ഉണ്ടാകുന്നത് അതിൻെറ സെല്ലുകളുടെ ന്യൂക്ലിയസ്സിലുള്ള ഏതോ ക്രോമസത്തിൽ ഒരു പ്രത്യേകസ്ഥാനത്തു പ്രസ്തുത ലക്ഷണത്തിൻെറ ചുമതല വഹിക്കുന്ന ഘടകം ഉള്ളതുകൊണ്ടാണ്. കസ്തൂരിമൃഗത്തിൻെറ ശരീരത്തിൽ കസ്തൂരിയും മൂർ

Digitized by Kerala Sahitya Akademi

ഖൻപാമ്പിന്റെ ശരീരത്തിൽ വിഷവും ഉണ്ടാകുന്നതിനും കാരണക്കാരായ ഘടകങ്ങൾ അവയുടെ ശരീരത്തിലെ ക്രോമസങ്ങളിൽ ഉണ്ട്. ഇങ്ങിനെ ജീവികളുടെ ലക്ഷണങ്ങൾക്ക കാരണഭൂതങ്ങളായി അവയുടെ ക്രോമസങ്ങളിൽ സ്ഥിതിചെയ്യുന്ന ഘടകങ്ങൾക്ക ജീനുകളെന്നാണ് പേർ കൊടുത്തിരിയ്ക്കുന്നത്. സാധാരണ ഗതിയിൽ ഇവയ്ക്ക് ഒരു മാററവും ഉണ്ടാകുന്നില്ല. ആദ്യസെല്ല് നടുവേ മുറിഞ്ഞു രണ്ടു സെല്ലുകൾ ഉണ്ടാകുമ്പോൾ അവയ്ക്കുള്ളിൽ ഓരോ ജീനിന്റെയും ശരിപ്പകപ്പുകൾ ഉണ്ടാകുന്നു. സെല്ലുകളുടെ തുടരെത്തുടരെയുള്ള വിഭജനങ്ങളിൽ എല്ലാം ജീനുകളുടെ ശരിപ്പകപ്പുകൾ നിർമ്മിയ്ക്കപ്പെടുന്നുണ്ട്. ക്രോമസങ്ങൾ നെടുകെ കീറുന്നതിന്റെ ഉദ്ദേശം ഇതാകുന്നു.

ഒരു ജീവിയിൽനിന്നു മറെറാരെണ്ണം (സന്താനം) ഉണ്ടാകുമ്പോഴും ജീനുകൾക്ക മാററം വരുന്നില്ല. എത്ര കൈമറിഞ്ഞാലും നശിയ്ക്കുകയോ മാറുകയോ ചെയ്യാത്ത നാണയങ്ങൾപോലെയാണ് അവ പെരുമാറുന്നത്. അഖണ്ഡങ്ങളും സ്ഥിരരൂപങ്ങളുമായ ഘടകങ്ങളായി അവ ഒരു തലമുറയിൽനിന്ന് അടുത്തതിലേയ്ക്കു കടന്ന് ആദ്യസെല്ലിൽ സ്ഥലം പിടിയ്ക്കുന്നു.

[പക്ഷെ ആദ്യസെല്ലുതന്നെ സ്ത്രീ പുരുഷ ബീജങ്ങൾ സംയോജിച്ച് ഉണ്ടാകുന്നതായാൽ പ്രസ്തുത സന്ദർഭത്തിൽ ഒരു വ്യത്യാസം ഉണ്ടാകുന്നുണ്ട്. അതെന്തെന്നു പറയാം. മാതാവിന്റെ ശരീരത്തിൽ നിന്ന് വേർപെട്ടുപോരുന്ന ഒരൊററ സെല്ലാണ് സ്ത്രീബീജം. പിതാവിന്റെ ശരീരത്തിൽ നിന്നു വരുന്ന സെല്ലാണ് പുരുഷബീജം. നാലു ക്രോമസങ്ങളുള്ള ഒരു ജീവിയെയാണ് നാം പരിഗണിയ്ക്കുന്നതെങ്കിൽ, മാതാവിന്റെയും പിതാവിന്റെയും ശരീരത്തിലെ എല്ലാ സെല്ലുകളിലും നന്നാലു ക്രോമസങ്ങളു

Digitized by Kerala Sahitya Akademi

ണ്ടാവും. പക്ഷെ അവയിൽനിന്നു ജനിയ്ക്കുന്ന ബീജങ്ങളിൽ ക്രോമസങ്ങഠം ഈരണ്ടെണ്ണമേ കാണുകയുള്ളൂ. ഈ ബീജങ്ങഠം യോജിച്ച് ആദ്യസെല്ല് ഉണ്ടാകുമ്പോഠം അതിനുള്ളിലെ ക്രോമസങ്ങഠം, രണ്ടും രണ്ടും നാല് എന്ന് പഴയ കണക്കിലെത്തുന്നു. ഈ ആദ്യസെല്ല് മുറിഞ്ഞും പെരുകിയും വളൎന്ന ഒരു ആൺസന്താനമോ പെൺസന്താനമോ ആയിത്തീരും. അതു് പ്രൌഢദശയെ പ്രാപിച്ച് ബീജങ്ങഠം ജനിപ്പിയ്ക്കുമ്പോഠം ക്രോമസങ്ങളുടെ എണ്ണം വീണ്ടും നേർപകുതിയാകുന്നു. ഇങ്ങനെ ബീജോൽപത്തിയിൽ ക്രോമസങ്ങളുടെ എണ്ണം കുറയുമ്പോഠം ജീനുകളുടെ എണ്ണവും നേർപകുതിയാകുമെന്ന് പറയേണ്ടതില്ലല്ലൊ. ഈ കുറവു ബീജസംയോഗം മൂലമാണ് പരിഹരിക്കപ്പെടുന്നത്. ഒരേ ജാതിയിൽ പെട്ടവയെങ്കിലും വ്യക്തിഗതങ്ങളായ വ്യത്യാസങ്ങളോടു കൂടിയ രണ്ടു ജീവികളിൽ നിന്ന് ബീജങ്ങഠം വഴി വരുന്ന ജീനുകഠം ഇങ്ങിനെ കൂടിക്കലരുമ്പോഠം സന്താനത്തിൻെറ ശരീരത്തിൽ പുതിയ ലക്ഷണങ്ങഠം ഉണ്ടാകുവാൻ ഇടയാകുന്നു. പക്ഷെ ഈ പുതുമകഠം ഒരിക്കലും തികച്ചും പുതിയതാകുവാൻ തരമില്ല. മുൻതലമുറകളിൽ ഉണ്ടായിരുന്ന ലക്ഷണങ്ങളുടെ (ജീനുകളുടെ) ഭിന്നരീതിയിലുള്ള സംവിധാനം മാത്രമേ സംഭവിയ്ക്കുന്നുള്ളൂ. വ്യക്തിഗതങ്ങളായ വ്യത്യാസങ്ങളുണ്ടെങ്കിലും പൂച്ചയുടെ സന്താനം പൂച്ചയായും പൂമ്പാററയുടെ സന്താനം പൂമ്പാററയായും തന്നെ കാണപ്പെടുന്നത് ഇതുകൊണ്ടാണ്.]

സാധാരണയായി ജീനുകഠംക്കു തലമുറകളിലൂടെയുള്ള ഗതിയിൽ മാററമൊന്നും വരുന്നില്ലെങ്കിലും, അപൂൎവ്വമായി അവയിൽ ചിലതു് പാടേ മാറിപ്പോകുന്നതായി കാണുന്നു. പ്രകൃതിയിൽ താനെയുണ്ടാകുന്ന ഈ ജീൻമാററങ്ങളുടെ ഫലമായിട്ടാണ് ജീവികളിൽ മുൻപില്ലാ

Digitized by Kerala Sahitya Akademi

തിരുന്ന ലക്ഷണങ്ങരം ഉണ്ടാകുന്നതു്. ഈ പുതുമകരം ഏതെങ്കിലും ചില വ്യക്തികളിൽ പ്രത്യക്ഷപ്പെട്ടു് അവയുടെ മരണത്തോടുകൂടി മാഞ്ഞുപോവുകയല്ല ചെയ്യുന്നതു്. അവ പിൻതലമുറകരംക്കും ലഭിയ്ക്കുന്ന പാരമ്പര്യ ലക്ഷണങ്ങളാണ്. ഇതിൻെറ അത്ഥം പ്രസ്തുത ലക്ഷണത്തിനു കാരണഭൂതമായ ജീൻ സ്ഥിരമായ പരിവത്തനത്തിനു വിധേയമായി എന്നാകുന്നു. ആദ്യത്തെ ജീവികളിൽ നിന്ന് ഭിന്നരൂപങ്ങളായ ജീവിവഗ്ഗങ്ങരം ഉണ്ടായതു ഇങ്ങിനെയാണെന്നാണു് ശാസ്ത്രജ്ഞന്മാർ അനുമാനിയ്ക്കുന്നത്.

വാഴപ്പഴത്തിൽ വന്നു പററുന്ന ഒരു തരം ചെറിയ ഈച്ചയിലാണ് ക്രോമസങ്ങളെയും ജീനുകളെയും കുറിച്ച് ഏററവും കൂടുതൽ ഗവേഷണം നടത്തിയിട്ടുള്ളത്. ഇതിൻെറ ശരീരത്തിലെ സെല്ലുകളിൽ എട്ടു ക്രോമസങ്ങളും ബീജത്തിൽ നാലു ക്രോമസങ്ങളുമേയുള്ളു. അതു് രണ്ടാഴ്ചയിലൊരിയ്ക്കൽ മുട്ടയിടുന്നതുകൊണ്ടു് അനേകം തലമുറകളെ തുടച്ച്യായി വളത്തി നിരീക്ഷണം നടത്തുവാൻ സൗകര്യമുണ്ടു്. ഈ പ്രാണിയുടെ ക്രോമസങ്ങളിൽ, അതിൻെറ ശാരീരിക ലക്ഷണങ്ങളിൽ എത്രയോ എണ്ണത്തിനു കാരണഭൂതമായ ജീനുകളുടെ സ്ഥാനം നിണ്ണയിയ്ക്കുവാൻ സാധിച്ചിട്ടുണ്ടു്. ഏതു ക്രോമസത്തിൽ എവിടെ സ്ഥിതിചെയ്യുന്ന ജീൻ മാറിയതുകൊണ്ടാണു് ഒരു പുതിയ ലക്ഷണം ആവിർഭവിച്ചതെന്ന് പറയുവാൻ ശാസ്ത്രജ്ഞന്മാക്കു സാധിയ്ക്കും. ഈ ചെറിയ ഈച്ചയെ ലക്ഷക്കണക്കിൽ എത്രയോ തലമുറക്കാലം വളർത്തി, അതിൻെറ ലക്ഷണങ്ങളെയും അവയുടെ പാരമ്പര്യ ക്രമത്തെയും അതിസൂക്ഷ്മമായി വിശകലനം ചെയ്തു്, ഓരോ തലമുറയിലും അപൂവ്വമായി പ്രത്യക്ഷപ്പെടുന്ന പുതുമകളെയെല്ലാം പരിശോധിച്ച് ശേഖരിച്ചതാണ് ഈ വിവരങ്ങരം.

Digitized by Kerala Sahitya Akademi

1926–ൽ ഹെർമാൻ മുള്ളർ എന്ന ശാസ്ത്രജ്ഞൻ ഈ പ്രാണികളിൽ എക്സ്റേ (X-RAYS) പായിച്ചുനോക്കുകയും തൽഫലമായി, അവയുടെ ജീനുകൾക്കു കൃത്രിമമായി മാററം വരുത്താമെന്നു തെളിയിക്കുകയും ചെയ്തു. ശരീരത്തിനുള്ളിലേക്കു തുളച്ചുകയറുന്ന ഈ തേജഃപ്രസരമേററ ഈച്ചയുടെ സന്താനങ്ങളിലാണ് ജീനുകൾക്കുണ്ടായ മാററം പുതിയ ശരീരലക്ഷണങ്ങളായി പ്രത്യക്ഷപ്പെട്ടത്. ഈ ലക്ഷണങ്ങൾ എല്ലാംതന്നെ പല വിധത്തിലുള്ള അംഗഭംഗങ്ങളായിരുന്നു. എങ്കിലും പ്രസ്തുത പരീക്ഷണങ്ങളിൽ നിന്നു ജീനുകളുടെ സ്വഭാവത്തെയും പ്രവർത്തനരീതിയേയുംകുറിച്ച് വളരെയധികം വിവരങ്ങൾ ലഭിക്കുകയുണ്ടായി. ഇതേത്തുടൎന്നു 1940–ൽ മററു ചില ശാസ്ത്രജ്ഞന്മാർ ജീൻ ഗവേഷണത്തിനു മറെറാരു ജീവിയെ തിരഞ്ഞെടുത്തു. ഇതു നനവു തട്ടി പഴകിയ റൊട്ടിയിൽ പ്രത്യക്ഷപ്പെടുന്ന ചുവപ്പുനിറമുള്ള പൂപ്പലാണ്. ലളിതമായ ശരീരഘടനയോടുകൂടിയ ഈ ചെടിയിൽ എക്സ്റേ പായിച്ച് അവർ അതിൻെറ ജീനുകൾക്കു മാററം വരുത്തി. ഈ മാററങ്ങളുടെ ഫലം ചെടിയുടെ ജീവിതവൃത്തികളിലുള്ള വ്യത്യാസമായിട്ടാണ് പ്രത്യക്ഷപ്പെട്ടത്. ഇവയെ രസതന്ത്രപരമായി അപഗ്രഥിച്ചുനോക്കുവാനും, തദ്വാരാ ജീനുകൾ സെല്ലുകളെയും ജീവശരീരങ്ങളെയും നിയന്ത്രിക്കുന്നത് എങ്ങിനെയെന്നു ഊഹിക്കുവാനും അവൎക്കു കഴിഞ്ഞു.

ഈ നിയന്ത്രണം രസതന്ത്രപരമാണെന്നാണ് കാണുന്നത്. സെല്ലിൻെറ ന്യൂക്ലിയസ്സിനകത്ത് ക്രോമസങ്ങളിൽ ഓരോരോ സ്ഥാനത്ത് ഇരുന്നുകൊണ്ട് ജീനുകൾ ചുററും കിടക്കുന്ന പദാൎത്ഥങ്ങളെ തങ്ങളുടെ ആജ്ഞാനുവൎത്തികളാക്കുന്നു. ഈ പദാൎത്ഥങ്ങൾ പലവിധത്തിലുള്ള സങ്കലനങ്ങൾക്കും പരിവൎത്തനങ്ങൾക്കും വിധേയമായി, മാംസപേശികളെന്നും, നാഡികളെന്നും, എല്ലെന്നും പല്ലെ

Digitized by Kerala Sahitya Akademi

ന്നം ചോരയെന്നം, തൂപ്പലെന്നം, ഇലയെന്നം പൂവെന്നം പൂമ്പൊടിയെന്നം മററുമുള്ള രൂപങ്ങളെ പ്രാപിയ്ക്കുന്നത് ജീനുകളിൽനിന്നു ലഭിയ്ക്കുന്ന പ്രചോദനങ്ങളുടെ ഫലമായിട്ടാണു്. ഭിന്നരൂപങ്ങളായ എത്രയോ ജാതി ജന്തുക്കളുടെയും ചെടികളുടെയും എണ്ണമററ ശരീരലക്ഷണങ്ങളെയും ചേഷ്ടകളെയും കൃത്യമായി നിയന്ത്രിയ്ക്കുന്നതിനുള്ള രസതന്ത്രനിർദ്ദേശങ്ങൾ വെറുതെ നോക്കിയാൽ കാണുവാൻപോലും കഴിയാത്ത ക്രോമസങ്ങളിൽ ഉൾക്കൊള്ളിച്ചുവെച്ചിരിയ്ക്കുന്നതു എങ്ങിനെയെന്നുള്ളതും ശാസ്ത്രജ്ഞന്മാർക്കു ചിന്താവിഷയമായിട്ടുണ്ടു്. ക്രോമസവസ്തുവിൻെറ ഘടനയിലാണു് ഇതിൻെറ രഹസ്യം അന്വേഷിയ്ക്കേണ്ടതെന്നാണു് അവരുടെ അഭിപ്രായം. ഇതിനെ മുൻനിർത്തിയുള്ള ഗവേഷണങ്ങൾക്കു് ഇപ്പോൾ വളരെ പ്രാധാന്യം ലഭിച്ചിരിയ്ക്കുകയാണു്.

''ഡിഓക്സിറൈബോന്യൂക്ലിയിക്കാസിഡ്'' എന്ന നീണ്ട പേരിൽ അറിയപ്പെടുന്ന ഒരു പദാർത്ഥമാണു് ക്രോമസങ്ങളുടെ മുഖ്യ ഘടകം. ഇംഗ്ലീഷിൽ ഈ പേര് ചുരുക്കി D N A എന്നാണു് സാധാരണ പറയാറുള്ളത്. ഇതുതന്നെ നമുക്കും മലയാള ലിപികളിൽ പകർത്തി ഉപയോഗിക്കാം—ഡി എൻ ഏ. ഈ പദാർത്ഥത്തിൻെറ സൂക്ഷ്മസ്വരൂപം എന്തെന്നു് അറിയാനുള്ള യത്നമാണു് ഇപ്പോൾ നടന്നുകൊണ്ടിരിയ്ക്കുന്നത്. ഇതു മനസ്സിലാക്കിയാൽ ജീവൻ എന്ന പ്രതിഭാസത്തിൻെറ രഹസ്യംതന്നെ വെളിപ്പെടുത്താമെന്നു ശാസ്ത്രജ്ഞന്മാർ പ്രതീക്ഷിയ്ക്കുന്നു. അനേകായിരം ജീനുകളുടെ ക്രിയാവിശേഷങ്ങൾക്കു വേണ്ട രസതന്ത്രനിർദ്ദേശങ്ങൾ വഹിക്കുന്നതിനു പുറമെ, പ്രസ്തുത നിർദ്ദേശങ്ങൾക്കു കേടു പററാതെ ജീനുകളുടെ ശരിപ്പകർപ്പുകൾ ഉണ്ടാക്കുന്നതിനുള്ള കഴിവും അതിനുണ്ടു്. ഒരു ഭൗതികപദാർത്ഥം ഈ അത്ഭുതകൃത്യങ്ങൾ സാധിക്കുന്നത്

Digitized by Kerala Sahitya Akademi

എങ്ങിനെയെന്ന് അറിയുവാനാണ് ശാസ്ത്രജ്ഞന്മാർ ശ്രമിയ്ക്കുന്നത്. സെല്ല് ഒരു പണിപ്പുരയാണെന്നു സങ്കല്പിച്ചാൽ അതിനുള്ളിൽ നടക്കുന്ന ജോലികളുടെ സൂത്രധാരത്വം വഹിയ്ക്കുന്ന മൂത്താശാരിയാണ് ഡി എൻ ഏ എന്നു പറയാം. സൂത്രധാരത്വം വഹിക്കുക മാത്രമല്ല, പുതിയ പണിപ്പുരകൾ സ്ഥാപിച്ചു നടത്തുന്നതിനുവേണ്ടി, തന്നെപ്പോലെതന്നെയുള്ള പുതിയ മൂത്താശാരിമാരെ അതു സൃഷ്ടിക്കുകയും ചെയ്യുന്നു.

ഡി എൻ ഏ ഒരു സങ്കീർണ്ണ വസ്തുവാണ്—ചെമ്പ്, ഇരുമ്പ്, കരി എന്നിവപോലെയുള്ള മൂലധാതുവല്ല. സങ്കീർണ്ണവസ്തുക്കളുടെ ഏററവും ചെറിയ അംശത്തിനു മോളിക്യൂൾ (തന്മാത്ര) എന്നു പറയുന്നു. അതിനെ പിന്നെയും ഭാഗിച്ചാൽ പ്രസ്തുത പദാർത്ഥത്തിൻെറ സ്വഭാവങ്ങൾ ഇല്ലാതാകും; അതു മൂലധാതുക്കളായി വേർതിരിയും. ഇങ്ങിനെ നോക്കിയാൽ സങ്കീർണ്ണവസ്തുക്കളുടെ സ്വഭാവങ്ങൾ അവയുടെ മോളിക്യൂളിൻെറ സ്വരൂപത്തെ ആശ്രയിച്ചിരിയ്ക്കുന്നു എന്നു കാണാം. ഏതെല്ലാം മൂലധാതുക്കളുടെ അണുക്കൾ (ആററങ്ങൾ) ആണ് അതിൽ ചേർന്നിട്ടുള്ളതെന്നും, എങ്ങിനെയാണ് ചേർത്തിട്ടുള്ളതെന്നും അറിഞ്ഞാൽ അതിൻെറ പ്രവർത്തനരഹസ്യങ്ങൾ മനസ്സിലാക്കാവുന്നതാണ്. സങ്കീർണ്ണപദാർത്ഥങ്ങളിൽ എക്സ്റേ പായിക്കുമ്പോൾ കിട്ടുന്ന ഫോട്ടോ ചിത്രങ്ങളെ അപഗ്രഥിച്ചാണ് അവയുടെ മോളിക്യൂളിൻെറ സ്വരൂപം മനസ്സിലാക്കുന്നത്. ഇങ്ങിനെ നടത്തിയ ഗവേഷണത്തിൻെറ ഫലമായി, 1953—ൽ ലൈനസ്പാളിങ് എന്ന അമേരിക്കൻ ശാസ്ത്രജ്ഞൻ ഡി എൻ ഏ മോളിക്യൂൾ നീണ്ട നൂൽ ചുരുളിൻെറ ആകൃതിയിലുള്ളതാണെന്നു സമർത്ഥിച്ചു. അടുത്ത വർഷം വാട്സൻ എന്നും ക്രിക്ക് എന്നും രണ്ട് ബ്രിട്ടീഷ് ശാസ്ത്രജ്ഞന്മാർ പ്രസ്തുത സിദ്ധാന്തത്തെ കുറേ

Digitized by Kerala Sahitya Akademi

ക്കൂടി പരിഷ്ക്കരിച്ച്, ഡി എൻ ഏ മോളിക്യൂഠം ഒരു ഇരട്ടച്ചുരുളാണെന്നു പ്രഖ്യാപിച്ചു. അവരുടെ അഭിപ്രായത്തിൽ അതിൻെറ സ്വരൂപം ഒരു പിരിയൻ കോണിപ്പടിപോലെയാണ്—അതായത്, സമാന്തരമായ രണ്ടു നീണ്ട ചുരുളുകഠം; ഇടയ്ക്കു രണ്ടിനെയും ബന്ധിച്ചുകൊണ്ടു കുറുകെയുള്ള പടികഠം. ഇതിൻെറ അളവുകളും അവർ സൂചിപ്പിയ്ക്കുകയുണ്ടായി. ഇത്ര ചെറിയ അളവുകഠംക്ക് ആങ്സ്ട്രം എന്ന മാനദണ്ഡമാണ് ശാസ്ത്രജ്ഞന്മാർ ഉപയോഗിക്കുന്നത്. ഒരു മില്ലിമീററററിൻെറ ഒരു കോടിയിലൊരംശമാണ് ഒരു ആങ്സ്ട്രം. ചുരുളുപോലെയുള്ള ഡി എൻ ഏ മോളിക്യൂളിനു 18 ആങ്സ്ട്രം വണ്ണവും 10,000 ആങ്സ്ട്രം നീളവുമുണ്ടെന്നാണ് അവർ വാദിച്ചത്. ഈ ഇരട്ടച്ചുരുളിൻെറ ഓരോ ഭാഗവും ഏതെല്ലാം മൂലധാതുക്കഠംകൊണ്ടാണ് നിമ്മിച്ചിരിക്കുന്നതെന്നും പ്രസ്തുത ശാസ്ത്രജ്ഞന്മാക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. അതിൽ കുറുകെയുള്ള ബന്ധങ്ങഠംക്ക് അത്രവളരെ ബലമില്ല. അവ ഇടയ്ക്കിടയ്ക്കു ചില പ്രത്യേക സ്ഥാനങ്ങളിൽ വെച്ചു മുറിഞ്ഞുപോകാവുന്നതാണ്. ഇങ്ങിനെ സംഭവിച്ചാൽ, തന്മൂലം പകുതിയായിപ്പോയ ചുരുളിന്, ഇല്ലാത്ത പകുതി, പഴയപടി, തെററുപററാതെ, പണിഞ്ഞു ചേക്കുവാൻ കഴിയും. അതിന്നു ലളിതപദാത്ഥങ്ങഠം മാത്രമെ ആവശ്യമുള്ളു. മുറിഞ്ഞുനില്ക്കുന്ന ഓരോ ബന്ധവും ഓരോ പ്രത്യേക പദാർത്ഥത്തെ ആകഷിയ്ക്കുന്നു. അതു മാത്രമെ അവിടെ ചേരുകയുള്ളു. താഴും താക്കോലും പോലെയുള്ള ചേച്ചയാണിത്. വളരെ ചുരുക്കം ഘടകപദാത്ഥങ്ങളെ ഉള്ളു എങ്കിലും അവയുടെ ഭിന്നരീതിയിലുള്ള സംവിധാനംകൊണ്ട്, മോളിക്യൂളുകളിൽ സംഖ്യാതീതമായ വൈവിധ്യം കൈവരുമെന്നു കാണുന്നു. ഇതിൻെറ ഉള്ള

Digitized by Kerala Sahitya Akademi

കളളികഠം കണ്ടുപിടിക്കുന്നതിനു വേണ്ടി വിപുലമായ ഗവേഷണങ്ങഠം നടക്കുകയാണു്.

അടുത്ത കാലത്തു നടത്തിയ പരീക്ഷണങ്ങളിൽ നിന്നു ഡി എൻ ഏ അത്ഭുതശക്തികളുള്ള ഒരു പദാൎത്ഥ മാണെന്നു തെളിഞ്ഞിട്ടുണ്ടു്. അതിനു് അണുജീവികളുടെ ഉള്ളിലേയ്ക്കു തുരന്നിറങ്ങി അവയുടെ ലക്ഷണങ്ങളെയും സ്വഭാവങ്ങളെയും പാടെ മാററുവാൻ കഴിയുന്നതായി കാണുന്നു. മനുഷ്യനിലും മൃഗങ്ങളിലും രോഗങ്ങളുണ്ടാക്കുന്ന ബാക്ടീരിയങ്ങളുടെ കൂട്ടത്തിൽ പെട്ട അണുജീവികളിലാണു് ഈ പരീക്ഷണം നടത്തപ്പെട്ടതു്. ഇവയിൽ ചില ജാതികഠംക്കു മാത്രമെ രോഗജനകശക്തിയുള്ളു. ഇത്തരം ബാക്ടീരിയങ്ങളെ കൊന്നു്, രോഗമുണ്ടാക്കാത്ത ജാതിയുടെകൂടെ കലൎത്തിയാൽ, രണ്ടാമത്തെക്കൂട്ടൎക്കു രോഗജനകശക്തി കൈവരുന്നതായി തെളിഞ്ഞിട്ടുണ്ടു്. ഒരു ജീവജാതി മറെറാന്നായി നമ്മുടെ കൺമുമ്പിൽവെച്ചു മാറുന്ന പ്രതിഭാസമാണിതു്. ജന്തുശരീരത്തിൽ കുത്തിവെച്ചും, പരീക്ഷണശാലയിലെ പാത്രങ്ങഠംക്കുള്ളിൽ വെച്ചുതന്നെയും, ഈ പരിവൎത്തനം കൈവരുത്താവുന്നതാണു്. രോഗജനക ബാക്ടീരിയങ്ങളുടെ മൃതശരീരത്തിൽനിന്നു ഡി എൻ ഏ മറേറ ജാതിയുടെ സജീവശരീരങ്ങളിലേയ്ക്കു കടന്നാണു് ഈ പരിവർത്തനം ഉണ്ടാകുന്നതെന്നു ശാസ്ത്രജ്ഞന്മാർ അനുമാനിയ്ക്കുന്നു.

ഇന്നുവരെ അറിയപ്പെട്ടിട്ടുള്ളതിൽവെച്ചു് ഏററവും ചെറിയ ജീവികളാണു് വൈറസ്സുകഠം. മസൂരി, പൊങ്ങൻപനി, കന്നുകാലികളുടെ കുളമ്പുദീനം എന്നിവയ്ക്കു കാരണം ഇത്തരം ജീവികളാണു്. മനുഷ്യനിലും മൃഗത്തിലും ചെടിയിലും എല്ലാം അവ ജീവിയ്ക്കുന്നുണ്ടു്. ബാക്ടീരിയങ്ങളെക്കാഠം എത്രയോ ചെറിയ ജീവികളാണിവ. ഘടന

Digitized by Kerala Sahitya Akademi

യിൽ, ഓരോ വൈറസ്സും നേൎത്ത ഒരു സഞ്ചിയിൽ അടക്കം ചെയ്ത അല്പം ഡി എൻ ഏ മാത്രമാണെന്നാണു് തെളിഞ്ഞിട്ടുള്ളത്. പുകയിലച്ചെടിയിൽ കാണുന്ന ഒരു ജാതി വൈറസ്സിന്റെ ഉള്ളിലുള്ള ഡി എൻ ഏ വേർതിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ഈ പദാൎത്ഥം അരോഗമായ ഒരു ചെടിയിൽ കുത്തിവെച്ചാൽ അതിനു രോഗം പിടിപെടുന്നു; വൈറസ്സ് ബാധിച്ചതുപോലെയുള്ള ലക്ഷണങ്ങൾ പ്രത്യക്ഷമാകുന്നു. ഇതു കാണുമ്പോൾ ഡി എൻ ഏ ജീവിയോ ജഡപദാൎത്ഥമോ എന്നു് ആരും സംശയിച്ചുപോകും. സജീവമായ വൈറസ്സിന്റെ പ്രവൎത്തനരീതിയെക്കുറിച്ചും ശാസ്ത്രജ്ഞന്മാർ പല വസ്തുതകളും കണ്ടുപിടിച്ചിട്ടുണ്ടു്. വൈറസ്സ് മററു ജീവികളുടെ സെല്ലിന്മേൽ ചെന്നു പററിയാൽ അതിലെ ഡി എൻ ഏ സഞ്ചിയിൽ നിന്നു പുറത്തു വരുകയും സെല്ലിന്നുള്ളിലേയ്ക്കു തുരന്നിറങ്ങുകയും ചെയ്യും. ഉടൻതന്നെ അതു സെല്ലിന്റെ ആഭ്യന്തരഭരണം ഏറെറടുക്കുന്നു. അവിടെ സാധാരണ നടക്കുന്ന ജോലികളെല്ലാം മുടക്കിയിട്ടു തന്റെ കല്പനയനുസരിച്ചുള്ള ജോലികൾ നടത്തിക്കുന്നു. ശരിയ്ക്കുള്ള വിദേശീയാധിപത്യംതന്നെ. വന്നു കയറിയ ഡി എൻ ഏയുടെ കല്പന പലപ്പോഴും തന്നെപ്പോലെയുള്ള വൈറസ്സുകളെ നിൎമ്മിക്കണമെന്നായിരിക്കാം. ആക്രമണത്തിനു വിധേയമായ സെല്ല് അതു് അക്ഷരംപ്രതി അനുസരിയ്ക്കുന്നു. അധികം താമസിയാതെ അതിന്റെ പദാൎത്ഥമെല്ലാം വൈറസ്സുകളായി മാറുകയും സെല്ല് ഇല്ലാതാവുകയും ചെയ്യും. മററു ചിലപ്പോൾ ഡി എൻ ഏയുടെ ആക്രമണംമൂലം സെല്ല് ഒരു നിയന്ത്രണവുമില്ലാതെ വളരുകയും പെരുകുകയും ചെയ്യുന്നതു കാണാം. ഏതായാലും സെല്ലിന്റെ സ്വതേയുള്ള ലക്ഷണങ്ങൾ മാറുന്നു; ചേഷ്ടകൾ മുടങ്ങുന്നു. ജന്തു

Digitized by Kerala Sahitya Akademi

ക്കളിലും സസ്യങ്ങളിലും ഉണ്ടാകുന്ന പല രോഗങ്ങളു ടെയും ഉത്ഭവം ഇങ്ങിനെയാണെന്നാണ് ശാസ്ത്രജ്ഞന്മാർ ഊഹിക്കുന്നത്. ശരീരത്തിലെ ചില സ്ഥാനങ്ങൾ നിയ ന്ത്രണം വിട്ടു വളരുന്നതുമൂലം ഉണ്ടാകുന്ന അർബുദം (Cancer) എന്ന മഹാരോഗത്തിന്റെ കാരണം ഇതായിരി ക്കാമെന്നാണ് ഇപ്പോഴത്തെ സംശയം.

Digitized by Kerala Sahitya Akademi

Digitized by Kerala Sahitya Akademi